253.5
AL

# സ്ത്രീപൗരോഹിത്യം ക്രിസ്തു നിഷേധിച്ചുവോ?

(പഠനം)

വിവ:

ജോസ് പാലാട്ടി, സി.എം.ഐ; എം.ഏ.

DHARMARAM COLLEGE LIBRARY BANGALORE-29

ACHARYA PALACKAL JEEVASS KENDRAM LIBRARY 17702

വിതരണം

ജനത ബുക്ക് സ്റ്റാൾ

തേവര – എറണാകുളം – ആലുവ

വില: 10.00

M/2535
PAL

# സ്ത്രീപൗരോഹിത്യത്തെക്കുറിച്ച്........

കേരളക്രൈസ്തവർ ഇനിയും മടിച്ചുനില്ക്കുന്ന ഒരു മണ്ഡലമാണു ദൈവശാസ്ത്രത്തിന്റേത്. അതിന്റെ വാതായനങ്ങൾ അവർക്കായി തുറക്കാൻ ഇതുവരെ ആരുംതന്നെ ശ്രമിച്ചിട്ടില്ല; ശ്രമിക്കുന്നുമില്ല. ഒരുതരം സംവരണവും അതിർത്തിവരമ്പുകളും കൃത്രിമമായി നിർമ്മിച്ചു ദൈവജനത്തെ അകററിനിറുത്തുന്ന മന:സ്ഥിതിയാണിപ്പോഴും നിലനില്ക്കുക. 'നിങ്ങളെ ഞങ്ങൾ പഠിപ്പിക്കാം, പഠിപ്പിക്കുന്നതുമാത്രം പാടിയാൽ മതി, മറിച്ചൊന്നും ചോദിക്കേണ്ട; ചോദിക്കുന്നതും സംശയിക്കുന്നതും ധിക്കാരമാണ്: വിശ്വാസത്തിന്റെ സംരക്ഷകരും ക്രിസ്തീയജീവന്റെ വിതരണക്കാരും ഞങ്ങളാണ്'' .. തുടങ്ങിയ പുരുഷമേധാവിത്വമേല്പട്ട മന:സ്ഥിതി ഒരുവശത്ത്. 'നമുക്കിതുമതി, ഇതുവരെ നമുക്കെന്തു കുറവുണ്ടായി? നമ്മുടെ പൂർവ്വികന്മാരും മാതാപിതാക്കളും അനുസരണവിധേയത്വമുള്ളവരായി ജീവിച്ചു; നമുക്കിനിയെന്തിനു പുതിയവീക്ഷണങ്ങൾ? പുതിയ ചിന്തകൾ...?' തുടങ്ങിയ അല്പമായ മന:സ്ഥിതി മറുവശത്ത്! ആളുകളാണെങ്കിലും ആടുകളായിത്തന്നെ കഴിയുന്ന നല്ല മനുഷ്യർ! ഇത്തരമൊരു ക്രിസ്തീയജീവിതമാണിപ്പോഴും, സാർവ്വത്രിക സഭയിൽ പൊതുവേയും, കേരളസഭയിൽ പ്രത്യേകിച്ചും കാണുക. തുറന്ന ചർച്ചകളുടെയും വിചിന്തനങ്ങളുടെയും വിലയിരുത്തലുകളുടെയും ചക്രവാളങ്ങൾ ഇനിയും വിദൂരത്തിലാണ്, വളരെ വിദൂരത്തിൽ!

മനുഷ്യൻ ബുദ്ധിജീവിയാണെന്നും അവൻ പ്രതിദിനം പ്രബുദ്ധനായിക്കൊണ്ടിരിക്കയാണെന്നും പലരും വിസ്മരിച്ചുകളയുന്നു. എല്ലാവർക്കും പേടിയാണ്; പേടിപ്പിക്കുന്ന വടിയും മുടക്കുന്ന നിയമങ്ങ

ളുമാണ് എവിടെയും. ക്രിസ്തീയ ആദ്ധ്യാത്മികതയ്ക്ക് ഇന്ന് ജീവനില്ല. ജീവൻ നല്കുന്നത് അരൂപിയാണ്, അരൂപിയെ ആരും ശ്രവിക്കുന്നുമില്ല. ക്രിസ്തീയ വ്യക്തിത്വത്തിന് വികാസമോ വളർച്ചയോയില്ല. ചേരിതിരിഞ്ഞും 'ലെഫ്ററ് റൈററ്' (Right) പിടിച്ചും ക്രൈസ്തവനേതാക്കന്മാർ പരസ്പരം കലഹിച്ചും കലഹിപ്പിച്ചും 'ഭരിച്ചു' മുന്നോട്ടു പോകുന്നു. എല്ലാം അവരവരുടെ വരുതിയിൽ നിറുത്താനാണു ശ്രമം.

ഈ സാഹചര്യത്തിൽ, വളരെ തുറന്ന ചർച്ചയ്ക്കു വിഷയം നല്കുന്ന ഒരു വിശിഷ്ടഗ്രന്ഥമാണ് റവ. ഡോക്ടർ വൈൻ ഗാർഡ്സിൻെറ 'Did Christ Rule Out Women Priests' എന്നത്. അതിൻെറ പരിഭാഷയാണു 'സ്ത്രീ പൗരോഹിത്യം ക്രിസ്തു നിഷേധിച്ചുവോ?' ഇതിലെ പ്രതിപാദ്യം നമ്മുടെ ഇന്നത്തെ ജീവത്പ്രശ്നമാണെന്നു പറയുന്നില്ല. പക്ഷേ, ക്രൈസ്തവജീവിതത്തിൻെറ പല ജീവത്പ്രശ്നങ്ങളിലേക്കും, നിലവിലുള്ള പൊരുത്തമില്ലാത്ത പലചിന്തകളിലേക്കും, നൂററാണ്ടുകളായി വച്ചുപുലർത്തുന്ന നിരവധി സങ്കുചിത മന:സ്ഥിതികളിലേക്കും ഇതു വിരൽ ചൂണ്ടുന്നുണ്ട്. സാഹചര്യങ്ങളേയും മാമൂലുകളേയും തഴുകി താലോലിച്ചു മാത്രം നീങ്ങുന്ന സഭയുടെ പോക്ക് അത്രപന്തിയല്ലെന്നാണിവിടെ പറയുക. ഗ്രന്ഥത്തിലെ പ്രതിപാദ്യങ്ങൾ ആഴപ്പെട്ട ദൈവശാസ്ത്രത്തിൻെറ സംഭാവനകളാണ്; വേദപുസ്തകപാണ്ഡിത്യത്തിൻെറ ഈടുററ ന്യായങ്ങളാണ്; തുറന്ന ചർച്ചയ്ക്കും വിശാലവീക്ഷണത്തിനുമുള്ള ആഹ്വാനമാണ്.

മൊത്തം എട്ട് അദ്ധ്യായങ്ങളാണു ഗ്രന്ഥത്തിലുള്ളത്. താദൃശ ദൈവശാസ്ത്രചർച്ചകളുടെ പ്രസക്തിയെക്കുറിച്ചും, പ്രതിപാദ്യവിഷയം വിവാദപരമായി തുടരേണ്ടതിൻെറ ആവശ്യകതയെക്കുറിച്ചും ആദ്യഭാഗത്തു പരാമർശിക്കുന്നു. ദൈവശാസ്ത്രധർമ്മ

ത്തെയും പ്രത്യേകം എടുത്തുകാണിച്ചിട്ടുണ്ട്. തുടർന്നുള്ള അദ്ധ്യായത്തിൽ 1977-ജനുവരി 27നു പ്രസിദ്ധീകൃതമായ തിരുസംഘത്തിൻെറ 'സ്ത്രീപൗരോഹിത്യം സംബന്ധിച്ച പ്രമാണരേഖ' വിശകലനവിഷയമാക്കുന്നു. അതിലെ ന്യായങ്ങൾ ശരിക്കും നിഷ്പക്ഷമായ വിലയിരുത്തലുകൾക്കു വിധേയമാക്കിയിട്ടുണ്ട്.

സാമൂഹികസങ്കല്പങ്ങൾ മനുഷ്യജീവിതത്തെ എങ്ങനെ സ്വാധീനിക്കുന്നു, മൂല്യങ്ങളുടെ നിർണ്ണയങ്ങൾ തന്നെയും ഈ സ്വാധീനത്താൽ രൂപപ്പെടുന്നതെങ്ങനെ എന്നും മററും ഭംഗിയായി വിശദീകരിച്ചിട്ടുണ്ട്. സമൂഹത്തിലെ സ്ത്രീകളുടെ അധഃകൃതാവസ്ഥയും പുരുഷമേധാവിത്വവും ഈ പശ്ചാത്തലങ്ങളിൽ സുവ്യക്തമാണ്. വൈദികപൗരോഹിത്യം പുരുഷന്മാർക്കായി മാത്രം സംവരണം ചെയ്യപ്പെടാൻ ഇടയായത് ഇക്കാരണത്താൽത്തന്നെയാണ്. യേശുവും താൻ ജനിച്ചുവളർന്ന സാമൂഹികമതസാഹചര്യങ്ങൾ ക്കൊത്തു നീങ്ങുക മാത്രമാണു ചെയ്തത്. പലപ്രകാരത്തിലും പുത്തൻ ആശയങ്ങൾ ആവിഷ്കരിച്ചു വിപ്ലവനാദം മുഴക്കിയെങ്കിലും സാമുദായിക-സാമൂഹിക സങ്കല്പങ്ങളോട് അവിടുന്ന് ഇഴുകിച്ചേരുകയാണു ചെയ്തത്. അതിനാലത്രേ സ്ത്രീപൗരോഹിത്യത്തിൻെറ കാര്യത്തിൽ പ്രകടമായ യാതൊന്നും അവിടുന്നു ചെയ്യാതിരുന്നത്. നേരേമറിച്ച്, വേദപുസ്തകത്തിൻെറ നിഷ്പക്ഷവും ആഴപ്പെട്ടതുമായ പഠനം വ്യക്തമാക്കുന്നു സ്ത്രീപൗരോഹിത്യത്തെ ക്രിസ്തു ഒരിക്കലും നിഷേധിച്ചിട്ടില്ലെന്ന്. ക്രിസ്തുവിൻെറ മനഃസ്ഥിതി മനസ്സിലാക്കിയ സെൻറ് ലൂക്ക് തൻെറ പ്രതിപാദനങ്ങളിൽ, പ്രത്യേകിച്ച്, നടപടിഗ്രന്ഥത്തിൽ, സംശയരഹിതമായി സ്ഥാപിച്ചിട്ടുള്ളതും ഇക്കാര്യം തന്നെയാണ്. അദ്ദേഹത്തിൻെറ സഭായുഗത്തെക്കുറിച്ചുള്ള വീക്ഷണവിശകലനങ്ങളിൽ ഈ ആശയം ആവിഷ്കരിച്ചിട്ടുണ്ട്. ഇന്നത്തെ സഭയുടെ ദൗത്യവും, ആദിസഭയുടെ മനഃസ്ഥിതി വിശേഷത്തോ

ടെ, പ്രവചനാത്മകമായ ചില നീക്കങ്ങൾക്കും വ്യാഖ്യാനങ്ങൾക്കും മുതിരുകയാണ്. യേശുവിൻെറ മനഃസ്ഥിതി കലർപ്പില്ലാത്ത കണ്ണാടിയിലൂടെ നോക്കി കാണാൻ കഴിവുള്ളവർക്കേ ഇതു സാധിക്കൂ. അതിന് അവിടുത്തെ അരൂപി കൈവരണം. ആയിരിക്കുന്നവിധത്തിൽത്തന്നെ തുടരാൻ ആർക്കും എളുപ്പമാണ്. ആയിരിക്കേണ്ട വിധത്തിൽ ആദർശങ്ങളെ മുറുകെപ്പിടിച്ചു മുന്നോട്ടു പോകാനാണു പ്രയാസം. ഈ പ്രയാസ, തീർത്തും ക്രിസ്തീയമാണ്. ക്രിസ്തുവിൻെറ അരൂപിക്കേ ഇക്കാര്യത്തിൽ നമ്മെ സഹായിക്കാനാവൂ.

അതിനാൽ, ഒരു പുനർചിന്തനത്തിനു സഭ നേതൃത്വവും സഭാ,ഗങ്ങളും ഇന്നു തയ്യാറാവണം. ആർക്കൊക്കെ പട്ടം കൊടുക്കണം, എന്നു കൊടുക്കണം എന്നതല്ല മുഖ്യപ്രശ്നം. ആദർശം സ്വീകരിക്കാൻ നാം തയ്യാറാവുന്നുവോ....? പൗരോഹിത്യത്തിൻെറ മുഖമുദ്രയെന്താണ്? അതുകൊണ്ടു യേശു ഉദ്ദേശിച്ചതെന്താണ്..? ഇവയാണു കാര്യപ്പെട്ടത്. സഭയുടെ അധികാരത്തെ ആരും ചോദ്യം ചെയ്യുന്നില്ല. പക്ഷേ, സഭ ചിന്തിക്കേണ്ടവിധം ചിന്തിക്കാനുള്ള, ചെയ്യേണ്ടവിധം ചെയ്യാനുള്ള പ്രബോധന പ്രവാചകപരമായ ഉൾക്കാഴ്ചകൾ നല്കുക ചലനാത്മക ദൈവശാസ്ത്രത്തിൻെറ കടമയാണ്. അതാണീഗ്രന്ഥത്തിൽ ചെയ്തിരിക്കുന്നതും.

അന്തർദ്ദേശീയ പ്രസിദ്ധിയാർജ്ജിച്ചിട്ടുള്ള അംഗീകൃതനായ ഒരു ദൈവശാസ്ത്രജ്ഞനും, വേദപുസ്തക പണ്ഡിതനും, അനുഭവസമ്പന്നനായ അജപാലകനുമാണു മൂലഗ്രന്ഥകാരൻ. വ്യക്തിപരമായ ബോധ്യത്തിൻേറയും മതിപ്പിൻേറയും പേരിലാണ് അദ്ദേഹത്തിൻെറ കൃതി പരിഭാഷിക്കുവാൻ ഞാൻ തയ്യാറായത്. ഇംഗ്ലീഷിൽ പുസ്തകം വായിച്ചവർക്കൊക്കെയുണ്ടായ താദൃശാനുഭവവും ഈ ശ്രമത്തിന് എന്നെ പ്രേരിപ്പിച്ചിട്ടുണ്ട്. ഇതിൽ എന്നെ സഹായിച്ചിട്ടുള്ള, പ്രേരിപ്പിച്ചിട്ടുള്ള എല്ലാവരോടും, വിശിഷ്യാ, ജനത

ബുക്ക്ബാങ്ക് അധികൃതരോടും, കുടുംബദീപം പ
ത്രാധിപർ റവ. ഫാ. ചെറിയാൻ കുനിയന്തോടത്ത്
എം. എ. അവർകളോടും എൽ. എഫ്. ഐ. പ്രസിലെ
സുഹൃത്തുക്കളോടും ഞാൻ നന്ദിയുള്ളവനാണ്.

കർത്താവിൻെറ കാലടികളെ പിന്തു
ടർന്ന എല്ലാ നല്ല സ്ത്രീകളേയും
(ലൂക്ക. 8:1–3) അനുസ്മരിച്ച്,
അവരുടെ ഓർമ്മയ്ക്കായി, അതേ
ജീവിതം ഇന്നു തുടരുകയും നല്ല
പ്രതീക്ഷകൾ ഉള്ളിലൊതുക്കി
യും, അവതരിച്ച വചനത്തെ ഹൃദ
യത്തിൽ സംഗ്രഹിച്ചും കഴിയുക
യും ചെയ്യുന്ന എല്ലാ നല്ല സ്ത്രീ
കൾക്കുമായി ഞാനീപരിഭാഷ സ
മർപ്പിക്കുന്നു.

കൊച്ചി–682011
28–ജൂലൈ' 78.

–ജോസ് പാലാട്ടി

ഒന്ന്

# എന്തിനീ വിവാദം തുടരണം ?

അടുത്ത കാലത്തു പരിശുദ്ധപിതാവു സ്ത്രീ പൗരോഹിത്യം സംബന്ധിച്ച് ഒരു പ്രസ്താവനയിറക്കി. അതിൽ സ്ത്രീകൾക്കു പൗരോഹിത്യം നല്കിക്കൂടെന്ന ധ്വനിയാണുള്ളത്. സ്ത്രീപൗരോഹിത്യ വിഷയത്തിൽ സഭയ്ക്ക് അവളുടെ നിലപാടു മാററാവതല്ലെന്ന് അദ്ദേഹം ഊന്നിപ്പറയുന്നുണ്ട്. കാരണം, ഇതു കത്തോലിക്കാസഭയുടെയും വേദപുസ്തകത്തിന്റെയും പഠനമാണത്രേ! ഏതെങ്കിലും പ്രകാരത്തിൽ സ്ത്രീകളോട് അദ്ദേഹം വിവേചന കാണിക്കാൻ ഉദ്ദേശിക്കുന്നില്ല; പക്ഷേ, തന്റെ കടമയിൽ നിന്നുകൊണ്ടു മാത്രമാണു പോപ്പു സംസാരിക്കുക. വസ്തുതയിങ്ങനെയാണെങ്കിൽ, നാമെന്തിനു തദ്വിഷയത്തിൽ വിവാദം തുടരണം? വനരോദനം ദീർഘിപ്പിക്കണം?

ചുരുക്കത്തിൽ, ഇക്കാലത്തു ദൈവശാസ്ത്രജ്ഞന്മാരാരുംതന്നെ തൃപ്തരല്ല. സഭയെന്തു പറഞ്ഞാലും, എല്ലാം ഇളക്കി മറിക്കാനാണ് അവരുടെ ഭാവം. തീർച്ചയായും പരിശുദ്ധ പിതാവിനു തന്റെ ദൈവശാസ്ത്രാവബോധത്തെക്കുറിച്ചു ശരിയായ ധാരണയുണ്ട്. കാര്യമായ തെളിവുകളില്ലാതെ ഈദൃശ പ്രസ്താവനകളദ്ദേഹം

ചെയ്യാറില്ല. ദൈവശാസ്ത്രജ്ഞന്മാർ തിരുസിംഹാസനത്തിൻെറ നിർദ്ദേശങ്ങളെ വിമർശിക്കുന്നതിനെക്കാൾ, അവയെ സാധൂകരിക്കാൻ ശ്രമിച്ചെങ്കിൽ, പൊതുനന്മ കൂടുതലുണ്ടാകുമായിരുന്നു! സഭയെ വളർത്തുന്നതിനെക്കാൾ സഭാംഗങ്ങളെ അസംതൃപ്തരും, സംശയാലുക്കളുമാക്കുകയാണെങ്കിൽ ദൈവശാസ്ത്ര വിവാദങ്ങളുടെയെല്ലാം ഫലമെന്താണ്?

മുകളിൽ വിവരിച്ചതരം ഒരഭിപ്രായം തീർത്തും വിഷയത്തിൽ നിന്നുള്ള ഒഴിഞ്ഞുമാറലാണ്. ശുദ്ധമനഃസ്സാക്ഷിക്കാരായ ചില ദൈവശാസ്ത്രജ്ഞന്മാരെ സംബന്ധിച്ചിടത്തോളം—അങ്ങനെ കുറെ പേരുണ്ട്, തീർച്ച—ഇപ്പറഞ്ഞ തരത്തിലുള്ള വിവാദങ്ങൾ ചോററിൽ കല്ലുകടിയാണ്. ഇവിടെ ചോദ്യം ചെയ്യപ്പെടുന്നതു മിക്കപ്പോഴും വിഷയം മാത്രമല്ല; മറിച്ച് ദൈവശാസ്ത്ര തപസ്യ തന്നെയാണ്. മറെറാരു വിധത്തിൽ പറഞ്ഞാൽ, ഗവേഷണപഠനത്തിൻെറ സാധ്യത തന്നെയും നിരാകരിക്കപ്പെടുന്നു! തിരുസിംഹാസനത്തിൽ നിന്നു വരുന്ന നിർദ്ദേശങ്ങളെ സാധൂകരിക്കുക, അവയ്ക്കു സമ്മതം മൂളുക എന്നതിൽകവിഞ്ഞൊന്നും ദൈവശാസ്ത്രജ്ഞനു ചെയ്യാനില്ലെന്ന നിലപാടാണിത്.

എന്നിരുന്നാലും മുകളിൽ പറഞ്ഞ അഭിപ്രായം ഗൗരവമായി പരിഗണിക്കുകതന്നെ വേണം. അതിനാൽ നമുക്കിവിടെ, ഇതിൻെറ അടിസ്ഥാനവിഷയങ്ങളെ കാര്യമായി പരിഗണിക്കുക.

ചില ദൈവശാസ്ത്രജ്ഞന്മാർ ചിന്താക്കുഴപ്പമുണ്ടാക്കിയിട്ടുണ്ട്. വളരെയേറെ ദൈവശാസ്ത്രപ്രസിദ്ധീകരണങ്ങൾ നന്മയെക്കാളേറെ തിന്മ വരുത്തിയിട്ടുണ്ട്. ഇതിനാൽ, സാമാന്യജനത്തിൻെറ ഭയപ്പാടു ന്യായീകൃതവുമാണ്. ഏതു ദൈവശാസ്ത്രജ്ഞനും സഭയിൽ ഒരു പൊതുകാര്യമാണു നിർവ്വഹിക്കുന്നത്. ഇതിൻെറ അഭാവത്തിൽ, ഏതു പൊതു സേവ

കന്നെയും പോലെ, തൻെറ നിലപാടിൻെറ–ധർമ്മനിർവ്വഹണത്തിൻെറ–ന്യായീകരണംനല്കുക ആവശ്യമാണ്.

റോം ഒരു തീരുമാനമെടുത്താൽ ദൈവശാസ്ത്രജ്ഞന്മാർ അത് അപ്പാടെ അനുസരിക്കാൻ, അംഗീകരിക്കാൻ കടപ്പെടുന്നുണ്ടോ? ഇതാണു പ്രശ്നം. വ്യക്തമാക്കിപ്പറഞ്ഞാൽ, 1977 ജനുവരി 27–ാം തീയതി സ്ത്രീ പൗരോഹിത്യം സംബന്ധിച്ചു റോം എടുത്ത തീരുമാനത്തിൽ ഇനിയും വിവാദത്തിനു പ്രസക്തിയുണ്ടോ? ഇവയ്ക്കുത്തരം പറയുമ്പോൾ, ദൈവശാസ്ത്രം കൊണ്ടു നാമെന്തു മനസ്സിലാക്കുന്നു, അതിൻെറ ധർമ്മമെന്താണ് എന്നുകൂടി പരിഗണിക്കേണ്ടതുണ്ട്. കേവലം ബൗദ്ധികമായ ഒരു സഹായം നല്കുക മാത്രമാണ് ദൈവശാസ്ത്രത്തിൻെറ ചുമതലയെങ്കിൽ പ്രത്യേകിച്ചൊന്നും പറഞ്ഞിട്ടാവശ്യമില്ല; മറിച്ച്, സത്യാന്വേഷണത്തിൻെറ ധർമ്മമാണെങ്കിൽ കാര്യം പെട്ടെന്നു പറഞ്ഞ് അവസാനിപ്പിക്കാനും പററില്ല.

ദൈവശാസ്ത്രം എപ്പോഴും സത്യത്തിൻെറ സേവികയാണ്. ആവിഷ്കൃതസത്യത്തിൻെറ പ്രകാശനമാണത്,നിർവ്വചിച്ചുപറഞ്ഞാൽ. ഏററവും ഉന്നതമായ വിധത്തിൽ സത്യത്തെ അനാവരണം ചെയ്യാനുള്ള കടപ്പാടാണു ദൈവശാസ്ത്രത്തിനുള്ളത്. ഒന്നാം വത്തിക്കാൻ കൗൺസിൽ (1869–1870) ഈ സത്യം അദ്ധ്യവസാനം ചെയ്യുകയും, ആവിഷ്കൃതസത്യവും, ആർജ്ജിതസത്യവും ഒരുപ്രകാരത്തിലും സംഘട്ടനത്തിൽ ഏർപ്പെടേണ്ട ആവശ്യമില്ലെന്നു തറപ്പിച്ചു പറയുകയും ചെയ്തിട്ടുണ്ട്. കാരണം വ്യക്തമാണ്; ദൈവമാണ് ഏതിനം സത്യത്തിൻെറയും ഉറവിടം. ദൈവത്തിൽത്തന്നെ പരസ്പരസംഘട്ടനം ഉണ്ടായിക്കൂടാ. ഈ വിധത്തിൽ ദൈവവിജ്ഞാനീയം ഒരിക്കലും ദൈവത്തിനോ, ദൈവാവിഷ്കൃത സത്യങ്ങൾക്കോ വിഘാതമല്ല തന്നെ.[1]

തത്ത്വത്തിൽ ഇതു ശരിയാണ്; പ്രായോഗികതലത്തിൽ പലപ്പോഴും ഏററുമുട്ടലുകൾ ഉണ്ടാകുന്നുണ്ട്. മിക്കപ്പോഴും ഗഹനവും ദീർഘവുമായ ചർച്ചകൾക്കു ശേഷമാണു സത്യം വെളിവാകുക. സാന്മാർഗ്ഗി

കവും സൈദ്ധാന്തികവുമായ കാര്യങ്ങളിൽ നേതൃത്വം നല്കുക സഭയുടെ പ്രബോധനാധികാരമാണ്. എന്നാൽ ഈ നേതൃത്വം ദൈവശാസ്ത്രജ്ഞന്മാരുടെ വീക്ഷണത്തിൽ സത്യവുമായി നിരക്കപ്പെടാതാകുമ്പോഴാണു സംഘട്ടനമുണ്ടാവുക. ഈ ഘട്ടത്തിൽ അവർ ഉപരിഗവേഷണപഠനങ്ങൾ നടത്താനും, മന:സാക്ഷിയിൽ ബോധ്യമായാൽ, സഭാനിലപാടിനോടു വിയോജിക്കാനും, വേണ്ടിവന്നാൽ എതിർക്കാനും നിർബന്ധിക്കപ്പെടാം. ഇതും സഭയിലെ ദൈവശാസ്ത്ര ധർമ്മത്തിന്റെ ഭാഗം തന്നെയാണ്.

## സംഘട്ടനം പരിശുദ്ധ പിതാവിനോടോ ?

ഇപ്പറഞ്ഞ രീതിയിലെ ദൈവശാസ്ത്ര വിവാദങ്ങൾ നഭാംഗങ്ങളിൽ ചിലരെയെങ്കിലും ചിന്താക്കുഴപ്പത്തിലാക്കാറുണ്ട്. ചിലരിലത് വിശ്വാസ ഐക്യത്തിന് ഉലച്ചിൽ വരുത്തുമെന്നും കരുതുന്നു. സ്ത്രീ പൗരോഹിത്യത്തെ സംബന്ധക്കുന്നതു പോലുള്ള ഒരു പ്രമാണരേഖ, സ്വാഭാവികമായും, ഉളവാക്കാവുന്ന വിവാദങ്ങൾ ഇവ്വിധം, മാർപ്പാപ്പയ്ക്കെതിരായ നിലപാടായി കരുതുന്ന 'ശുദ്ധഹൃദയ'രും ഇല്ലാതില്ല. ഇവർ പരിശുദ്ധപിതാവിനെ ഒരു ചേരിയിലും വിമർശകദൈവശാസ്ത്രജ്ഞന്മാരെ മറുചേരിയിലുമായി കാണുന്നു. ഏതെങ്കിലും കാരണവശാൽ വിവാദം നീണ്ടുപോയാൽ അത് എതിർപ്പായിട്ടും സഭാപഠനത്തെ നിരാകരിക്കുന്നതായിട്ടും വ്യാഖ്യാനിക്കാൻ തുടങ്ങും. ഈ പുസ്തകം തന്നെയും പരിശുദ്ധപിതാവിനെതിരായ പഠനമായി മുദ്രകുത്താൻ മടിക്കാത്ത 'സത്യവിശ്വാസ സംരക്ഷകരും' കണ്ടേന്നു വരും.

ഈദൃശതെററിധാരണകൾ ഒഴിവാക്കുകതന്നെ വേണം. ഒരു കത്തോലിക്കാ ദൈവശാസ്ത്രജ്ഞൻ എന്ന നിലയിൽ വിവാദവിഷയത്തിലുള്ള നിലപാടു സമ്യക്കായി പ്രതിപാദിക്കുകയാണിവിടെ.

ദൈവശാസ്ത്രധർമ്മം സംബന്ധിച്ച്, രണ്ടാം വത്തിക്കാനിന്റെ പ്രമാണരേഖയിൽ പ്രതിപാദിച്ചിട്ടുണ്ട്. പോപ്പിന്റെ മന:സ്ഥിതിയും അതിൽ പ്രകടമാണ്. അതിപ്രകാരമാണ്:

> "ബുദ്ധിയുടെയും മനസ്സിന്റെയും മതാത്മകമായ ഈ വിധേയത്വം പ്രത്യേകവിധം പ്രകടമാക്കേണ്ടതു റോമാമാർപ്പാപ്പയുടെ ഔദ്യോഗിക അധികാരത്തോടാണ്. പ. പിതാവ് ആധികാരികമായി (ex cathedra) സംസാരിക്കാത്ത സന്ദർഭങ്ങളിൽ പോലും, പരമമായ പ്രബോധനാധികാരം ആദരപൂർവ്വം അംഗീകരിക്കുകയും, അദ്ദേഹത്തിന്റെ ആശയാഗ്രഹങ്ങൾ വ്യക്തമാക്കപ്പെടുന്നതനുസരിച്ച്, ആ തീരുമാനങ്ങൾക്കു വിധേയരാവുകയും ചെയ്യണം. ഈ വിഷയത്തിലുള്ള അദ്ദേഹത്തിന്റെ മനസ്സ് പ്രകടമാകുന്നതു മുഖ്യമായും പ്രമാണ രേഖകളുടെ സ്വഭാവത്തിൽ നിന്നും, ഒരേ പഠനങ്ങളെ കൂടെക്കൂടെ ആവർത്തിക്കുന്നതിൽ നിന്നും പ്രഭാഷണരീതിയിൽ നിന്നുമാണ്". (തിരുസഭ – ഖണ്ഡിക 25.)[2]

ഇനി പ്രശ്നം നൈയാമിക പക്ഷത്തുനിന്നു തന്നെ വിശകലനം ചെയ്യാം. സ്ത്രീപൗരോഹിത്യം സംബന്ധിച്ചുള്ള പ്രമാണരേഖ (Document) വിശ്വാസപഠനത്തിനുവേണ്ടിയുള്ള തിരുസംഘം ഒപ്പുവച്ചു പ്രസിദ്ധീകരിച്ച ഒരു ഡിക്രിയാണ് (Decleration). ഇതിന്, 1976 ഒക്ടോബർ 15-ാം തീയതി നല്കിയ ഒരു സന്ദേശവേളയിലാണു പേപ്പൽ അനുമതി ലഭിച്ചത്. സഭയിലെ, പൊതുവെ അംഗീകൃതമായ വ്യാഖ്യാനപാരമ്പര്യമനുസരിച്ചു തിരുസംഘത്തിന്റെ ഇത്തരം പ്രഖ്യാപനങ്ങൾ ഒരിക്കലും ഉപരിചർച്ചകളെ വിലക്കുന്നില്ല. രണ്ടാം വത്തിക്കാനുമുമ്പ് പ്രസിദ്ധീകൃതങ്ങളായ രണ്ട് ആധികാരിക രേഖകളിലെങ്കിലും ഔ

ദ്യോഗിക തീരുമാനങ്ങൾക്കെതിരായ നിലപാടു സ്വീകരിക്കുന്നതിനെ നിഷേധിച്ചിട്ടില്ല. 1927 ജൂൺ 2–ലെ ഒരു പ്രസ്താവനയിൽ പറയുന്നു: "ശ്രദ്ധാപൂർവ്വമായ പഠനങ്ങൾക്കും പരിചിന്തനങ്ങൾക്കും ശേഷം ഭിന്നമായ ഒരഭിപ്രായം സ്വീകരിക്കുന്നതിൽനിന്നു കത്തോലിക്കരായ എഴുത്തുകാരെ സഭ ഒരിക്കലും തടയുന്നില്ല". 1948 ജനുവരി 16–ലെ മറ്റൊരു രേഖയിൽ പറയുന്നു: "സഭയുടെ തീരുമാനങ്ങൾ ഒരിക്കലും വിവാദപ്രശ്നങ്ങൾ സംബന്ധിച്ചു, ശാസ്ത്രീയപഠനങ്ങൾക്കും ചർച്ചകൾക്കും എതിരല്ലതന്നെ". താദൃശസ്വഭാവമുള്ള ഏതു പ്രമാണരേഖകളോടുമുള്ള സഭയുടെ സമീപനരീതി ഇതാണെന്നു വ്യക്തം.[3]

സ്വതന്ത്രമായ ദൈവശാസ്ത്ര വിവാദങ്ങൾക്കുള്ള സാദ്ധ്യത ഇക്കഴിഞ്ഞ കൗൺസിൽ പ്രസ്താവനകളിൽ കാര്യമായി ഉൾപ്പെടുത്തിയിട്ടുണ്ട്. സ്വതന്ത്രമായ ആശയപ്രകാശനത്തോടുകൂടിയ പൊതുജനാഭിപ്രായം സഭാജീവിതത്തിന്റെ ഒരവിഭാജ്യഘടകമെന്ന നിലയിൽ പൊതുവെ അംഗീകരിച്ചു കഴിഞ്ഞിട്ടുണ്ട്... "അതു സഭയ്ക്കുള്ളിൽ ഡയലോഗ്മന:സ്ഥിതി പരിപോഷിപ്പിക്കുന്നു" എന്നാണു സമ്പർക്കമാദ്ധ്യമങ്ങളെ സംബന്ധിക്കുന്ന പ്രമാണരേഖയിൽ പ്രസ്താവിക്കുന്നത്[4]. "സഭ ആധുനികയുഗത്തിൽ" എന്ന കോൺസ്റ്റിറ്റ്യൂഷനിൽ, ദൈവശാസ്ത്രപരമായ അഭിപ്രായസ്വാതന്ത്ര്യത്തിനു കൂടുതൽ ഉറപ്പുനല്കുന്ന പ്രസ്താവം ഇങ്ങനെയാണ്: "തങ്ങളുടെ ധർമ്മം ശരിയായി നിർവ്വഹിക്കാൻ വൈദികരോ അല്മായരോ ആയ എല്ലാ വിശ്വാസികൾക്കും ഗവേഷണം നടത്താനും ചിന്തിക്കാനും, പ്രാവീണ്യമുള്ള വിഷയങ്ങളിൽ വിനയത്തോടും ധൈര്യത്തോടും കൂടി സ്വാഭിപ്രായം പ്രകടിപ്പിക്കാനുള്ള ന്യായമായ സ്വാതന്ത്ര്യം അംഗീകൃതമാകേണ്ടിയിരിക്കുന്നു".[5] മററു വാക്കുകളിൽ പറഞ്ഞാൽ, സാധാരണയുള്ള പ്രബോധനാധികാരം, ഒരിക്കലും, അഭിപ്രായ സ്വാതന്ത്ര്യത്തെ നിഹനിക്കുന്നില്ല. ഇതു കൗൺസിൽ വ്യക്തമായും അംഗീകരിച്ചുവെന്നു തെ

ളിയിക്കുന്നതാണു ഡ്രാഫ്ററിൽത്തന്നെ വന്ന മാററം. അതായത് 1962 നവംബർ 10–ാം തീയതി അവതരിപ്പിച്ച ഡ്രാഫ്ററിൽ, "ഹുമാനി ജേനെരീസ്" ("Humani Generis" = "മനുഷ്യവംശം") എന്ന വിശ്വലേഖനത്തിൽ നിന്നു കടമെടുത്ത ഒരു വാക്യമുണ്ടായിരുന്നു: "വിവാദത്തിലിരിക്കുന്ന ഒരു വിഷയം സംബന്ധിച്ചു പരമാധികാരിയായ മാർപ്പാപ്പ തൻെറ നിലപാട് അദ്ധ്യവസാനം ചെയ്താൽ, പിന്നെയൊരു ദൈവശാസ്ത്രജ്ഞനും, അതു സംബന്ധിച്ചു പരസ്യമായി ചർച്ച ചെയ്തു കൂടാത്തതാണ്". ഈ വാചകം അവസാന അംഗീകാരത്തിനു സമർപ്പിച്ചപ്പോഠം പൂർണ്ണമായും നീക്കപ്പെട്ടിരുന്നു [6]. ഇതിൻെറ സൂചന വ്യക്തമാണല്ലോ?

സഭയുടെ സാധാരണ പ്രബോധനാധികാരം തൊടുത്തുവിടുന്ന പ്രശ്നങ്ങളെ സവിസ്തരം പ്രതിപാദിക്കുന്നുണ്ട്, 1967 സെപ്ററംബർ 22–ൽ ജർമ്മൻ മെത്രാന്മാർ ഇറക്കിയ സംയുക്ത ഇടയലേഖനത്തിൽ. സഭയുടെ സാധാരണ പ്രബോധനാധികാരവിനിയോഗങ്ങളിൽ തെററു പററുമെന്നും, പററീട്ടുണ്ടെന്നും, ഇടയലേഖനത്തിൽ ഏററുപറയുന്നു. "നിശ്ചിത വ്യവസ്ഥകളിൽ വ്യക്തികഠംക്കു പ്രബോധനാധികാരത്തോടു വിയോജിപ്പുണ്ടാകാം; അതുപോലെ തന്നെ. ചില സാഹചര്യങ്ങളിൽ വിശ്വാസികഠംക്കു 'മജിസ്തേറിയ'ത്തിൻെറ പ്രസ്താവനകഠം അതിൻെറ സ്വഭാവവും, പ്രസക്തിയുമനുസരിച്ചു വിശദീകരിച്ചു കിട്ടാനും സാധിക്കണം". 'നിശ്ചിതവ്യവസ്ഥകഠം' എന്നതുകൊണ്ട് ഇവിടെ അർത്ഥമാക്കുക, വിഷയത്തിൻെറ ഗൗരവം, വിധികല്പിക്കാനുള്ള യോഗ്യത, അജപാലനപ്രസക്തി എന്നിവയാണ് [7].

നൈയാമികവശങ്ങളെ പരാമർശിക്കുന്നതോടൊപ്പം, ദൈവശാസ്ത്രപരമായ അനുസരണത്തിൻെറ 'ചൈതന്യ'ത്തെക്കുറിച്ചും ചിന്തിക്കേണ്ടതായിട്ടുണ്ട്. 'മനസ്സിൻെറയും ബുദ്ധിയുടെയും വിശ്വസ്തമായ വിധേയത്വം' കൊണ്ടു സഭ ഉദ്ദേശിക്കുന്നത് ഒരിക്കലും സ്വന്തം ചിന്തയുടെ ഉപേക്ഷയല്ല, മറിച്ചു വളരെ

ഉന്നതമായ ഒരു സേവനമാണ് അവരം ആവശ്യപ്പെടുന്നത്. അതായത്, സർവ്വബുദ്ധിശക്തിയോടും കൂടി വിശ്വാസത്തെ സേവിക്കുകയെന്നതു തന്നെ. അനുസരണത്തെ സംബന്ധിക്കുന്ന വത്തിക്കാൻെറ കാഴ്ചപ്പാട്, അതൊരു സമ്പൂർണ്ണ സമർപ്പണമെന്ന നിലയിലാണ്. "ആജ്ഞകരം അനുസരിക്കുമ്പോഴും, തങ്ങളെ ഭരമേല്പിച്ചിരിക്കുന്ന ജോലികരം നിർവ്വഹിക്കുമ്പോഴും, ബുദ്ധിയുടെയും മനസ്സിൻെറയും എല്ലാ ദാനങ്ങളും അവർ ഉപയോഗിക്കേണ്ടതാണ്[8]. സത്യത്തോടും, പ്രബോധനാധികാരത്തോടുമുള്ള യഥാർത്ഥമായ വിശ്വസ്തത, ആവശ്യപ്പെടുന്നത്, അവയോടു വിധേയപ്പെടാനുള്ള സന്നദ്ധതയെക്കാരം, അവയെ ചോദ്യം ചെയ്തു വിലയിരുത്താനുള്ള സന്മനസ്സാണ്. ദൈവശാസ്ത്രജ്ഞന്മാരുടെ ഈ നിലപാട് ആദ്യമൊക്കെ എതിർപ്പായി തോന്നാമെങ്കിലും, ക്രമേണ, ക്രിയാത്മകമായ സഹകരണമായി തെളിയിക്കപ്പെടും. തന്മൂലം, മെച്ചമായ ദൈവശാസ്ത്രസിദ്ധാന്തങ്ങരം ഉണ്ടാവുകയും ചെയ്യും. സഭയുടെ നിയതാവശ്യമായ, നിരന്തരമായ നവീകരണത്തിൻെറ പ്രക്രിയയിൽ ഇവർ നിർണ്ണായകമായ പങ്കുവഹിക്കുന്നു. ഈ നവീകരണമാകട്ടെ, സഭാസിദ്ധാന്തങ്ങരം ആവിഷ്കരിക്കുന്ന രീതിയിൽ വന്നിട്ടുള്ള പാകപ്പിഴകളെ യഥാസമയം തിരുത്തി ശരിയായ വിധത്തിൽ പുനഃപ്രകാശനം ചെയ്യുന്നതിലാണ് അടങ്ങിയിരിക്കുന്നത്[9]. ഇവിടെ, സഭയുടെ പ്രബോധനാധികാരവും, അഭിപ്രായ ഭിന്നതയുള്ള ദൈവശാസ്ത്രജ്ഞന്മാരും ഏററുമുട്ടലുകളുണ്ടാക്കുന്ന ഘടകങ്ങളാണെന്നു കരുതാതെ, രണ്ടും സജീവ ഡയലോഗിൻെറ ഘടകങ്ങളായി കാണേണ്ടതാണ്. ഒപ്പം നവീകരണത്തിൻെറ അവിഭാജ്യ ഘടകങ്ങളായും.

പരിശുദ്ധ പിതാവുതന്നെയും, ഈ വിധത്തിലാണു ദൈവശാസ്ത്രപഠനങ്ങളെയും 'മജിസ്തീരിയ'ത്തെയും കാണുക. 1966 ഒക്ടോബർ 1–ാം തീയതി നടന്ന ദൈവശാസ്ത്രജ്ഞന്മാരുടെ ഒരു സമ്മേളന

LIBRARY

ത്തിൽ അദ്ദേഹം പ്രസ്താവിച്ചത്: ദൈവവിജ്ഞാനീയരുടെ ഹൃദയപൂർവ്വമായ സഹകരണത്തിൽനിന്നും അവരുടെ തീക്ഷ്ണതരവും ഉത്സാഹഭരിതവുമായ പഠനങ്ങളിൽനിന്നും സഭയുടെ പ്രബോധനാധികാരത്തിനു (മജിസ്തേരിയം) വളരെയേറെ നന്മകരം സ്വീകരിക്കാൻ സാധിച്ചിട്ടുണ്ട്. ദൈവശാസ്ത്രത്തിന്റെ സഹായം കൂടാതെ തന്നെ, പക്ഷേ, മജിസ്തേരിയത്തിനു സംശയരഹിതമായി പഠിപ്പിക്കാനും, അതിനെ സംരക്ഷിക്കാനും സാധിച്ചേക്കാം. അതേസമയം ഈ പ്രബോധനാധികാരത്തിന് അതിന്റെ കർത്തവ്യനിർവ്വഹണത്തിനാവശ്യമായ ഉന്നതവും പൂർണ്ണവുമായ അറിവു ലഭിക്കുക ശ്രമകരമായ കാര്യമാണെന്നതു ശ്രദ്ധാർഹമാണ്. കാരണം, അതിനു പരിശുദ്ധാത്മാവിന്റെ സഹായമുണ്ടെങ്കിലും, ആവിഷ്കരണമോ നിവേശനവരമോ ഇല്ലതന്നെ[10]. മജിസ്തേരിയവും തിയോളജിയും എങ്ങനെ പരസ്പരം സ്വാധീനിക്കുന്നുവെന്നു ശ്രദ്ധാർഹമായ ഒരു സംഭവത്തിലൂടെ, സുപ്രസിദ്ധ ദൈവശാസ്ത്രജ്ഞനായ ഗ്രിഗരി ബോം വിശദീകരിക്കുന്നുണ്ട്:

> 1966 ജൂലൈ 11–നു റോമിൽ വച്ച് ഒരു ദൈവശാസ്ത്രസമ്മേളനം നടന്നു; വിഷയം, "ജന്മപാപം". സിമ്പോസിയത്തിൽ പങ്കെടുത്തിരുന്നവരെ അഭിസംബോധനചെയ്തുകൊണ്ട്, മാർപ്പാപ്പ പ്രസംഗിക്കുകയുണ്ടായി. പ്രസംഗത്തിൽ ഊന്നിപ്പറഞ്ഞ ഒരാശയം, 'ഓരോ മനുഷ്യനും പിറന്നുവീഴുന്നത് ആദിമനുഷ്യനായ ആദമെന്ന ഒരാളിന്റെ അനുസരണക്കേടു മൂലമുണ്ടായ പാപത്തിലേയ്ക്കാണെന്ന പഠനം കത്തോലിക്കാദൈവശാസ്ത്രജ്ഞന്മാർ മുറുകെ പിടിക്കണമെന്നാണ്; അതുപോലെതന്നെ, എല്ലാ മനുഷ്യരും ഈ ഏകവ്യക്തിയുടെ പിൻഗാമികളാണെന്ന കാര്യം സ്ഥാപിക്കുന്നതിൽ ആരും തന്നെ വൈമുഖ്യംകാണിച്ചുകൂടെന്നും'.

പുറത്തു വന്ന റിപ്പോർട്ടനുസരിച്ചു, സമ്മേള നാനന്തരം, ദൈവശാസ്ത്രജ്ഞന്മാരെല്ലാം മാർപ്പാപ്പയെ നേരിൽ കണ്ടു സംസാരിച്ചു. അവർ പറഞ്ഞു: "പ്രസ്തുത പ്രശ്നം കാര്യമായിത്തന്നെ പഠിച്ചു; പക്ഷേ, കിട്ടിയ തെളിവുകളനുസരിച്ച്, 'ആദിമനുഷ്യൻ ആദമെന്ന വ്യക്തി' എന്നു കട്ടായം പറയുക പ്രയാസമാണെന്നത്രേ! അതിനുശേഷം, ജൂലൈ 15-ാംതീയതി, 'ഒസർവത്തോരെ റൊമാനോ'യിൽ മാർപ്പാപ്പയുടെ പ്രസംഗം പ്രസിദ്ധീകരിച്ചപ്പോൾ, വ്യക്തമായ ചില മാററങ്ങൾ അതിലുണ്ടായിയെന്നതാണു ശ്രദ്ധ പിടിച്ചുപററുന്നത്. അതായത് 'ആദമെന്ന ഏകമനുഷ്യൻ' (Single man Adam) എന്നതിനു പകരം, 'ആദം' എന്ന പദം മാത്രമായി! ആദമെന്ന വ്യക്തി എന്തിനുവേണ്ടി നിലകൊള്ളുന്നു? (ഏകവചനമായോ ബഹുവചനമായോ?) വിപുലമായ ചർച്ചകൾക്കുള്ള ചക്രവാളം തുറക്കുവാൻ വേണ്ടിയായിരുന്നു ,ഈ മാററം.

ഇതു തീർത്തും ഒററപ്പെട്ട സംഭവമാണ്, ഉദാഹരണത്തിനു വേറെയധികമില്ല. ദൈവശാസ്ത്രജ്ഞന്മാരുടെ നിരന്തര ജാഗ്രതയെ നാം അഭിനന്ദിക്കണം. അവരുടെ സേവനത്തെ വിലമതിക്കണം. പരസ്യമായി പ്രസ്താവിച്ചു കഴിഞ്ഞ ഒരു കാര്യത്തെക്കുറിച്ചു, പുനർചിന്തനം നടത്തുകയും അഭിപ്രായം ഭേദപ്പെടുത്തുകയും ചെയ്ത പരിശുദ്ധപിതാവിനോടു നാം നന്ദിയുള്ളവരായിരിക്കണം. പ്രബോധനാധികാരത്തിൻെറ വിനിയോഗത്തിൽ വ്യക്തമായ ഒരു ഡയലോഗ്മന:സ്ഥിതിയുടെ അവതരണമാണു നാമിവിടെ കാണുക. ഈ സംഭവത്തിലെ യാദൃച്ഛരിക സ്വഭാവം വിസ്മയം ജനിപ്പിക്കുന്നു. ഈ ദൈവശാസ്ത്രജ്ഞന്മാർ

തങ്ങളുടെ അഭിപ്രായം തുറന്നു പറയുന്നതിൽ ഭയപ്പെട്ടിരുന്നെങ്കിൽ എന്തായിരുന്നു സംഭവിക്കുക? ഇന്ന് ഒരു കാര്യത്തെക്കുറിച്ചും, ഒരാറം ക്കു തനിയെ പഠിച്ചു വിധി തീർപ്പെഴുതുക അത്ര എളുപ്പമല്ല; അത്രമാത്രം സങ്കീർണ്ണമായിട്ടുണ്ടു ദൈവശാസ്ത്രപരവും സിദ്ധാന്തപരവുമായ കാര്യങ്ങറം[11].

പരിശുദ്ധപിതാവ് ആവശ്യപ്പെട്ടതു പ്രകാരം, ഏതാനും ദൈവശാസ്ത്രപണ്ഡിതന്മാർ തയ്യാറാക്കിയതാണു വനിതകളുടെ ദൈവശുശ്രൂഷ സംബന്ധിച്ച പ്രഖ്യാപനം. ഇക്കാര്യത്തിൽ മാർപ്പാപ്പയുടെ പിന്തുണയും അംഗീകാരവും ഉണ്ടായിരുന്നു; പ്രസിദ്ധീകരിക്കാൻ അദ്ദേഹം നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ഒരു പ്രമാണരേഖ എന്ന നിലയിൽ ഇതിനു തനതായ നേട്ടങ്ങളുണ്ട്. പക്ഷേ, പ്രസ്തുത രേഖയിൽ കാണിച്ചിരിക്കുന്ന വേദപുസ്തകപരവും ദൈവശാസ്ത്രപരവുമായ ന്യായങ്ങറം തീർത്തും അപ്രസക്തങ്ങളും, വ്യക്തിപരമായി വിയോജിപ്പുളളവയുമാണ്. എന്നാലും, ഒരു പ്രകാരത്തിലും പോപ്പിനെ എതിർക്കാനോ അദ്ദേഹത്തിൻെറ അധികാരത്തെ നിസ്സാരമാക്കാനോ ഉദ്ദേശിക്കുന്നില്ല തന്നെ. വിഷയത്തിൻെറ പ്രാധാന്യവും, സഭയിലിതിൻെറ അജപാലനപരവശവും പരിഗണിച്ചാൽ, ഏതൊരു വേദപുസ്തകവിദ്യാർത്ഥിക്കും ഇക്കാര്യത്തിൽ മൗനം അവലംബിക്കാൻ സാധ്യമല്ലെന്നാണു ബോധ്യമാവുക. പ്രമാണരേഖയിലെ ദൈവശാസ്ത്രന്യായങ്ങറം തീർത്തും അസ്വീകാര്യങ്ങളാണ്. അവ സഭയ്ക്കു ദ്രോഹമേ ചെയ്യൂ. അതിനാൽ മകുളിൽ ചൂണ്ടിക്കാണിച്ച 'ബുദ്ധിപരമായ വിശ്വസ്തത'യുടെ ചൈതന്യത്തിൽ ചില വീക്ഷണങ്ങറം ഇവിടെ അവതരിപ്പിക്കാം.

## ഒരു വേദവാക്യവും
## അതിളക്കിവിട്ട കൊടുങ്കാററും

ഇതുവരെ പറഞ്ഞു വന്നത്, മിക്കവാറും, തത്ത്വങ്ങളും പൊതുവായ കാര്യങ്ങളുമാണ്. ശാസ്ത്രാശയങ്ങൾ ഗ്രഹിക്കാൻ പ്രയാസമുള്ളവർക്കു, പക്ഷേ, തോന്നാം. ഈ ആദർശങ്ങളെങ്ങനെയാണു പ്രാവർത്തികമാവുക? ഇവ രണ്ടു കാര്യങ്ങൾ മാത്രം നാം ശ്രദ്ധിക്കുക: ഒന്ന്, തിയോളജി എത്രമാത്രം സങ്കീർണ്ണവും, ചോരയും നീരും പൊടിക്കുന്ന തപസ്യയുമാണ്; രണ്ട്, നിലവിലിരിക്കുന്ന ദൈവശാസ്ത്രചിന്തകളോട് ഒരു കത്തോലിക്കന് എങ്ങനെ വിരുദ്ധമനഃസ്ഥിതി പുലർത്താം? ഇവയൊന്നും അത്ര കാര്യമാക്കാത്തവരുണ്ടാകാം. പക്ഷേ, കാര്യത്തിൽ, ദൈവശാസ്ത്രചരിത്രത്തിൽ, പ്രചണ്ഡമാരുതൻ ഇളക്കിവിട്ട, ദൈവശാസ്ത്രവിപ്ളവത്തിൻെറ നാഴികക്കല്ലായ ഒരു സംഭവമുണ്ട്. ഇത്തരം സംഭവങ്ങൾ അധികമില്ല. ഒരു വേദവാക്യത്തെ പ്രതിയുണ്ടായതാണത്.

1897–ൽ തിരുസംഘം ഒരു പ്രഖ്യാപനംചെയ്തു. വി. യോഹന്നാൻെറ ഒന്നാം ലേഖനം അഞ്ചാമദ്ധ്യായം 7, 8 വാക്യങ്ങൾ (വൾഗേററ് പരിഭാഷ) വേദപുസ്തകത്തിലെ നിവേശിത ഭാഗമാണെന്ന്. പ്രസ്തുതവാക്യം ഇപ്രകാരമാണ്: "സ്വർഗ്ഗത്തിൽ സാക്ഷ്യം നല്കുന്നവർ മൂന്ന്; പിതാവ്, വചനം, പരിശുദ്ധാത്മാവ്. അരൂപി; ജലം, രക്തം—ഇവ മൂന്നും ഒന്നാണ്". മാർപ്പാപ്പ അംഗീകരിച്ച ഈ പ്രഖ്യാപനം, ട്രെൻറു കൗൺസിലിൻെറ പ്രതിപാദനങ്ങളിലെ ഒരു ഭാഗമാണ്. പ്രസ്തുത കൗൺസിൽ ഇങ്ങനെ പ്രഖ്യാപിച്ചു: "ലാററിൻ വൾഗേററ് പ്രത യിൽ കാണുന്ന വേദപുസ്തകത്തിൻെറ എല്ലാ ഭാഗങ്ങളും കാനോനികങ്ങളും നിവേശിതങ്ങളുമാണ്". മുന്നുദ്ധരിച്ച വാക്യം വൾഗേററ് ലാററിൻ പരിഭാഷയിൽ മാത്രം ഉള്ളതാണ്. ഗ്രീക്കു മൂലത്തിൽ അതില്ലായിരുന്നു. സഭ പ്രസ്താവിച്ച കാര്യം വിവാദവിഷയമാക്കിക്കൂടല്ലോ?

തിരുസംഘം ഇങ്ങനെ വാദിച്ചു, 'ഇപ്പറഞ്ഞ വാക്യവും നിവേശിതമാണ്'''[12].

പല 'നല്ല' കത്തോലിക്കരും ഡിക്രിയിലെ നിർദ്ദേശങ്ങൾ വളരെ ഗൗരവമായി സ്വീകരിച്ചു. ഇ. മാൻഗനോട്ട് (E. Mangenot) എഴുതിയതു ശിക്ഷണ സ്വഭാവമുള്ള ഈ പ്രമാണരേഖയോട് എല്ലാ കത്തോലിക്കരും പരിപൂർണ്ണ വിധേയത്വം പ്രകടിപ്പിക്കണമെന്നാണ്. എം. ഹെററ്സെനോറിൻെറ (M. Hetzenauer) അഭിപ്രായത്തിൽ, ഇത്, പ്രബോധനമൂല്യമുള്ളതും, വിശ്വാസത്തിൻെറ സമ്പൂർണ്ണത ഉൾക്കൊള്ളുന്നതുമാണ്. വിവാദ വാക്യത്തിൻെറ ആധികാരികതയേയൊ, സത്യാവസ്ഥയേയൊ സംശയിക്കുന്നവർ, വേദപുസ്തകത്തിൻെറ സംരക്ഷകയും, ന്യായാധിപയുമായ കത്തോലിക്കാസഭയെത്തന്നെ നിഷേധിക്കുന്നതിനു തുല്യമാണെന്നും ചിലർ പറഞ്ഞുവച്ചു![13].

ഈ പ്രസ്താവനകൾ വേദപുസ്തക പണ്ഡിതന്മാരെയൊക്കെ അമ്പരപ്പിച്ചുകളഞ്ഞു! വേദപുസ്തകത്തിൻെറ മൂലഭാഷയായ ഗ്രീക്കിൽ ഇല്ലാതിരുന്നതും ആറാം നൂററാണ്ടുവരെ ലത്തീൻ പരിഭാഷകളിൽ പോലും കേറിപ്പററീട്ടില്ലാത്തതുമായ ഒരു വാക്യത്തെച്ചൊല്ലിയായിരുന്നു ഇപ്പറഞ്ഞ മുടക്കുകളും താക്കീതുകളും എന്നോർക്കണം! ബൈബിളിൽ പ്രത്യേകം പാണ്ഡിത്യം കൂടാതെ തന്നെ ആർക്കുമറിയാമായിരുന്നു, മേൽപ്പറഞ്ഞവാക്യം പില്ക്കാലാനുബന്ധമായിരുന്നെന്ന്. സെൻെറ് ജോൺ തൻെറ ലേഖനം എഴുതി, സുമാർ അഞ്ചു നൂററാണ്ടെങ്കിലും കഴിഞ്ഞിട്ടാണ് അതു കൂട്ടിച്ചേർക്കപ്പെട്ടത്! [14] ആയിടയ്ക്കു പണ്ഡിതന്മാരുടെയിടയിലുണ്ടായ പ്രതികരണങ്ങളുടെ അസൽ മാതൃക. എ. ലോയ്സി (A. Loisy) തൻെറ 'ഓർമ്മക്കുറിപ്പുകളി'ൽ രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം പറയുന്നു:

> "....സത്യം പറഞ്ഞാൽ ഹോളി ഓഫീസിൻെറ ഈ തീരുമാനം, ഏതൊരുത്തനും വിഭാവനം ചെയ്യാവുന്നതിൽവച്ചേററവും വലിയ മണ്ടത്തര

മായിപ്പോയി!...ഫ്രഞ്ചു പണ്ഡിതന്മാർ,വൈദിക വിദ്വേഷങ്ങളുൾപ്പടെ, ഈ ഭോഷത്തത്തിൻെറ ചെലവിൽ വളരെ ആസ്വദിച്ചു... ജർമ്മൻകാരും വേണ്ടത്ര മുതലെടുത്തു; അതിലപ്പുറം ഇംഗ്ളീഷുകാരും! ആയിടയ്ക്കാണ്, ഇംഗ്ളീഷുകാർക്കെതിരായ പേപ്പൽ ബൂള കൊടുങ്കാററായി ആഞ്ഞടിച്ചത്. പക്ഷേ, കാൻററ്ബറി, യോർക്ക് രൂപതകളുടെ അദ്ധ്യക്ഷന്മാർ ബുദ്ധിപൂർവ്വം ചെറുത്തു നിന്നതിനാൽ അതിൻെറ ആഘാതത്തിൽ പെട്ടില്ല. ഇക്കാര്യത്തിൽ തിരുസംഘത്തിൻെറ കണക്കു കൂട്ടലുകൾ അമ്പേ പരാജയപ്പെടുകയാണുണ്ടായത്. അതിൽ ആംഗ്ളേയ ദൈവശാസ്ത്രജ്ഞന്മാർ ജയഭേരി മുഴക്കുകയും ചെയ്തു..."[15]

വേദപുസ്തക പണ്ഡിതന്മാരാരുംതന്നെ, ഇന്ന്, മുൻപറത്ത വാക്യം നിവേശിത ഭാഗമായി അംഗീകരിക്കുന്നില്ല. പിൽക്കാലത്ത് കൂട്ടിച്ചേർക്കപ്പെട്ടത് എന്ന നിഗമനത്തിലാണ് എല്ലാവരും എത്തിച്ചേരുക. "വൾഗേററ് പ്രതിയിലെ എല്ലാ ഭാഗങ്ങളും" എന്ന് ട്രെൻററ് സൂനഹദോസ് അദ്ധ്യവസാനം ചെയ്യുമ്പോഴും, 'സംശയാസ്പദമായ ഭാഗം ഒഴിവാക്കി' യെന്നാണവർ മനസിലാക്കുക.

1897-ലെ പ്രഖ്യാപനത്തിനു പൊതു പിന്തുണയും വിധേയത്വവും നല്കണമെന്ന് പോപ്പ് ആവശ്യപ്പെട്ടെങ്കിലും, ദൈവശാസ്ത്രജ്ഞന്മാർക്കാർക്കും തന്നെ അതിനോട് യോജിപ്പുണ്ടായിരുന്നില്ല. തന്മൂലം സഭയോടുള്ള വിശ്വാസക്കുറവായി കരുതപ്പെടുകയാണുണ്ടായത്. ആ ദിവസങ്ങളിൽ യാദൃച്ഛികമായി, കാർഡിനൽ വോഗൻ (Vaughan) റോമിൽ ചെല്ലാനിടയായി. വസ്തുതകൾ നിരീക്ഷിച്ച് അദ്ദേഹം എഴുതി, സംജാതമായ വിഷമസന്ധിയിൽ റോമിൻെറ പക്ഷത്തുനിന്ന് പുനർചിന്തനമുണ്ടാകുമെന്ന്. "വിശ്വസനീയ ചില കേന്ദ്രങ്ങളിൽ നിന്ന് ലഭിച്ച അറി

വിൻെറ വെളിച്ചത്തിൽ, എനിക്ക് തോന്നുന്നത്, നില വിലിരിക്കുന്ന വിവാദം ഒരിക്കലും നിരോധിക്കണമെന്ന് റോമിനു പ്ലാനില്ല"[16]. ഇതു വെറും ആശ്വസിപ്പിക്കലായിരുന്നു. റോമിൻെറ തീരുമാനത്തിന് എതിരായി സംസാരിക്കുകയും ചിന്തിക്കുകയും ചെയ്തവർക്കൊക്കെ 'സത്പേര്' നഷ്ടപ്പെട്ടു. ചിലർക്കു ജീവിതത്തൊഴിൽപോലും നഷ്ടമായി[17]! ഏതായാലും വർഷങ്ങൾ പിന്നെയും, മുപ്പതു കഴിഞ്ഞ്, 1927–ൽ മാത്രമാണു വത്തിക്കാൻ മനസ്സില്ലാ മനസ്സോടെയെങ്കിലും സമ്മതിച്ചത്, വിവാദത്തിൽ അല്പമൊക്കെ തെററു പററിയിട്ടുണ്ടെന്ന്![18] അപ്പോഴും തെററ് ഏററുപറയുന്ന മനഃസ്ഥിതിയേ ഉണ്ടായിട്ടില്ല. ദീർഘമായ പഠനപരിയത്നങ്ങൾ നടത്തിയ ദൈവശാസ്ത്രജ്ഞന്മാരെ അല്പമെങ്കിലും പ്രശംസിക്കേണ്ട ആവശ്യവും തോന്നിയില്ല[19].

സഭാതത്വങ്ങളെ വളച്ചൊടിക്കാനും, വിശ്വാസത്തെ ദുർബലപ്പെടുത്താനും ശ്രമിച്ചിട്ടുള്ള സഭാവിരോധികളോടു മാർപ്പാപ്പമാരും, മെത്രാന്മാരും, കൗൺസിലുകളും സന്ധിയില്ലാസമരങ്ങളാണു നടത്തിയിട്ടുള്ളത്. നൂററാണ്ടുകളിലൂടെ കടന്നുവന്ന സഭാചരിത്രം അതാണു തെളിയിക്കുക. മൊത്തത്തിൽ വലിയ കാര്യമാണു സഭാനേതാക്കന്മാർ ചെയ്തിട്ടുള്ളത്. ഇക്കഴിഞ്ഞ ഇരുപതു നൂററാണ്ടുകാലമത്രയും ഇവർ സഭയെ 'സംരക്ഷി'ച്ചു കൊണ്ടു പോരികയാണു ചെയ്തിട്ടുള്ളത്. ഒരു കാര്യം സമ്മതിക്കണം. സഭയെ ഇപ്രകാരം, ആയിരിക്കുന്ന വിധത്തിൽ സംരക്ഷിക്കുന്നതിൽ 'ആവൃതി'വലയങ്ങളും 'പ്രതിരോധമേഖലകളും' നിർമ്മിച്ചു സുരക്ഷിതത്വം തേടുന്നതിൽ പരമാവധി, യാഥാസ്ഥിതിക ദൈവശാസ്ത്രത്തെ മാത്രമാണു സഭാപാലകർ അവലംബിച്ചിട്ടുള്ളത്. സർഗ്ഗാത്മകചിന്തയെപ്പോഴും അവർക്ക് 'അലെർജി'യായിരുന്നു. നാമോർക്കണം, പുതിയ പുതിയ സാഹചര്യങ്ങളിൽ, പുതിയ ആവശ്യങ്ങൾ കണ്ടറിഞ്ഞു സഭയെ സഹായിച്ചിട്ടുള്ളത് അതാതു കാലത്തെ സർഗ്ഗാത്മക ചിന്തക

ന്മാർ മാത്രമാണ്. ഇതു പിന്നീടു മാത്രമേ ബോധ്യമാവൂ. അധികാരത്തിലിരിക്കുന്നവരുടെ പരിലാളന അനുഭവിക്കുന്ന യാഥാസ്ഥിതിക ദൈവശാസ്ത്രവും ഏതിനും തുനിഞ്ഞിറങ്ങുന്ന പുരോഗമനവാദികളുടെ ചലനാത്മക ദൈവശാസ്ത്രവും തമ്മിൽ എപ്പോഴും ഏററുമുട്ടിയിട്ടുണ്ട്. അമിതമായ ശ്രദ്ധയും മർമ്മം നോട്ടവും മൂലം ഒന്നും ചെയ്യാതെയും ചെയ്യിക്കാതെയും ഇരിക്കുകയാണു 'സ്ററാററസ് കൃ' (യഥാസ്ഥിതി) പക്ഷവാദികളായ ദൈവവിജ്ഞാനീയരുടെ നയവും കർമ്മപരിപാടികളും!

## അടിമത്തത്തെ താലോലിച്ച ദൈവശാസ്ത്രം

അടിമത്തത്തെ താലോലിച്ച ദൈവശാസ്ത്രത്തിൻെറ പരിണാമവളർച്ചകൾ തീർത്തും രസാവഹമാണ്. മദ്ധ്യശതകങ്ങളിലെ ഫ്യൂഡൽ വ്യവസ്ഥിതിയിൽ അടിമത്തം പൊതുവേ അംഗീകൃതമായിരുന്നു. അക്കാലത്തു മെത്രാന്മാർക്കും സന്യാസ സഭാധിപന്മാർക്കും ആയിരക്കണക്കിന് അടിമകളുണ്ടായിരുന്നു, സ്ത്രീകളും പുരുഷന്മാരും. കൃഷിപ്പണികളും മററു പല വിദഗ്ദ്ധ ജോലികളും അവരാണു ചെയ്തിരുന്നത്. ചില രാജ്യങ്ങളിൽ അവിടത്തെ ഏററവും വലിയ ഭൂവുടമ സഭയായിരുന്നു. കാരണം, അത്രമാത്രം അടിമകളുണ്ടായിരുന്നല്ലോ പണിയെടുക്കാൻ. പാശ്ചാത്യർ പുതിയ രാജ്യങ്ങൾ പിടിച്ചടക്കിയ സ്ഥലങ്ങളിലൊക്കെ അടിമവ്യാപാരവും വ്യാപിച്ചു. 1454–ലെ, പോപ്പ് നിക്കോളാസ് അഞ്ചാമൻെറ "റൊമാനൂസ് പൊന്തിഫെക്സ്" (Romanus Pontifex) എന്ന രേഖയിൽ (Bull) പിടിച്ചടക്കപ്പെട്ട രാജ്യങ്ങളിലെ ജനങ്ങളെ അടിമകളാക്കിത്തീർക്കുന്നതിനെ അംഗീകരിച്ച് ആശീർവ്വദിച്ചിട്ടുണ്ട്. 18–ാം നൂററാണ്ടിൻെറ അന്ത്യംവരെ പേപ്പൽ സംസ്ഥാനങ്ങളിലും അടിമത്തം നിലവിലിരുന്നു. അതുപോലെ 1864 വരെ ചില സഭാസ്ഥാപനങ്ങളിലും അതു പ്രാബല്യത്തിലിരുന്നു[20].

അടിമത്തം ഒരു കാലഘട്ടത്തിൻെറ പ്രതിഭാസമാണ്. അതിനാൽ, ആ പശ്ചാത്തലത്തിൽ വേണമതിനെ വിലയിരുത്താൻ. പക്ഷേ, അതിനുവേണ്ടി ഒരു 'തിയോളജി' ഉണ്ടാക്കുകയും, തിയോളജിയെ സാധൂകരിക്കാൻ വേദപുസ്തകവും പാരമ്പര്യങ്ങളും ഉപയോഗിച്ചു പാടുപെടുകയും ചെയ്യുന്നതാണു വിചിത്രമായിരിക്കുന്നത്. മനുഷ്യൻെറ സ്വാതന്ത്ര്യാഭിവാഞ്ഛ തന്നെ വിനയത്തിൻെറ അഭാവമായി വ്യാഖ്യാനിച്ചിട്ടുണ്ട്; ദൈവികല്പനകളോടുള്ള മറുതലിപ്പായും. സ്വാതന്ത്ര്യമല്ല കാര്യപ്പെട്ടത്, ആത്മകാര്യത്തെക്കുറിച്ചാണ് അടിമകൾ ചിന്തിക്കേണ്ടത് എന്ന് ഉപദേശിച്ചിട്ടുള്ളവരും കുറവല്ല. യേശു പോലും അടിമത്തം സ്വീകരിച്ചെന്നു ബൈബിൾ ഉദ്ധരിച്ചു സ്ഥാപിക്കുന്നു ചിലർ. യജമാനന്മാർക്കു കീഴ്പ്പെട്ടിരിക്കാൻ സെൻറ് പോൾ നല്കുന്ന നിർദ്ദേശവും അടിമത്തത്തെ സ്ഥിരീകരിക്കുന്നുവത്രേ (1 തിമ. 6:1; എഫേ. 6:5–8 etc.)

ദൈവശാസ്ത്രജ്ഞന്മാരിൽ അതികായനായ സെൻറ് തോമസും, മഹാനായ ആൽബർട്ടും, ഡൺസ്കോട്ടസുമൊക്കെ ദൈവശാസ്ത്ര പശ്ചാത്തലത്തിൽത്തന്നെ അടിമത്തത്തെ ന്യായീകരിച്ചിട്ടുള്ളവരാണ്. പതിനേഴാം ശതകത്തിലെ ചില സാന്മാർഗ്ഗിക ദൈവശാസ്ത്രജ്ഞരും അടിമകളെ വച്ചുകൊണ്ടിരിക്കാനുള്ള അവകാശം കത്തോലിക്കാമതതത്വങ്ങളുടെ ഭാഗമായിത്തന്നെ സ്ഥാപിച്ചിട്ടുണ്ട്:

> "ഒരടിമ തൻെറ യജമാനനെ സേവിക്കുക, തീർച്ചയായും നൈയാമികവും നീതിയുക്തവുമാണ്; വിശുദ്ധ ഗ്രന്ഥത്തിൽ മതിയായ തെളിവുകളുണ്ട്. (ഇവിടെ അവർ നിരവധി വേദവാക്യങ്ങൾ ഉദ്ധരിക്കുന്നു. ഉദാ: ലേവ്യ. 25: 39–55; 1 പത്രോ. 2:18; 1 കോറി. 7:20–24 കൊളോ. 3:11,22; 1 തിമോ. 6:1–10 etc.). ബുദ്ധിയുടെ തലത്തിലും അടിമത്തം സ്ഥാപി

ക്കാം. അതായത്, ന്യായമായ യുദ്ധത്തിൽ പിടിച്ചടക്കപ്പെടുന്ന വസ്തുക്കളൊക്കെ ജേതാവിൻെറ അവകാശമായിത്തീരുന്നതുപോലെ, വ്യക്തികളും സന്യായം അയാളുടേതാകുന്നു. എല്ലാ ദൈവശാസ്ത്രജ്ഞരും, ഏകകണ്ഠമായി ഇത് അംഗീകരിച്ചിട്ടുണ്ട്'''[21].

ഈ പൊതുധാരണയ്ക്ക് അപവാദമായി ശബ്ദമുയർത്തിയതു ഡൊമിനിക്കൻ മിഷനറിയായിരുന്ന ബർത്തലോമയോ (Bartholomew De Las Casas) മാത്രമാണ്. അദ്ദേഹം പറഞ്ഞു, ''ആർക്കും ആരുടെയും സ്വാതന്ത്ര്യത്തെ നിഹനിക്കാൻ അവകാശമില്ല''[22]. ഇതിൻെറ ഫലമോ എല്ലാവരും ആ മനുഷ്യനെ പരമാവധി പീഡിപ്പിച്ചു. പിന്നീട്, അദ്ദേഹമൊന്നും മിണ്ടിയിട്ടില്ല. ക്രമേണ, വളരെക്കഴിഞ്ഞ്, അടിമത്തത്തിനെതിരായ പോരാട്ടം സമൂഹത്തിൽ പ്രബലപ്പെടുകയും മനുഷ്യസ്വാതന്ത്ര്യവും സമത്വവും അംഗീകൃതമാവുകയും ചെയ്തതോടെയാണ്, സഭയും ദൈവശാസ്ത്രവുമൊക്കെ പുനർചിന്തനത്തിന് ആരംഭിച്ചത്[23]. ഒരു വിധത്തിൽ പറഞ്ഞാൽ, രണ്ടാം വത്തിക്കാൻ കൗൺസിലോടുകൂടിയാണു മനുഷ്യൻെറ മൗലികമായ സമത്വചിന്ത സ്വാധീനം ചെലുത്താൻ തുടങ്ങിയത്. സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവും വർഗ്ഗീയവുമായ എല്ലാ അടിമത്തങ്ങൾക്കുമെതിരായ സമരകാഹളം മുഴങ്ങിയതു. ഇക്കാലഘട്ടത്തിൽ മാത്രമാണ്[24].

പ്രമാണരേഖകളിൽ ഇത്തരം ആദർശങ്ങൾ ഉൾച്ചേർക്കുന്നതു കൊള്ളാം. പക്ഷേ, ഇതു വലിയ നേട്ടമായി കരുതാനാവുകയില്ല. വ്യക്തമായ സുവിശേഷ പ്രബോധനങ്ങളുള്ളപ്പോഴും നിലവിലിരിക്കുന്ന ദുഷിച്ച വ്യവസ്ഥിതികളെ താലോലിക്കാനുള്ള വ്യഗ്രതയാണു സഭ പലപ്പോഴും കാണിക്കുക. ഇതാണോ സാക്ഷാത്തായ തിയോളജി? അതോ സുവിശേഷചൈതന്യങ്ങൾക്കൊത്തവിധത്തിൽ, മാറിവരുന്ന രാഷ്ട്രീയ സാമൂഹിക ചിന്താഗതികൾക്കതീതമായി ക്രിസ്തു

വിൻെറ പ്രബോധനങ്ങരം ഉയർത്തിക്കാണിക്കുന്ന താണോ?

അടിമത്തത്തെ അനുകൂലിക്കുന്നതും സ്ത്രീവിവേചന പുലർത്തുന്നതും പരസ്പരം ബന്ധപ്പെട്ട കാര്യങ്ങളാണ്. രണ്ടാംവത്തിക്കാൻെറ നിർദ്ദേശങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്, ലിംഗ-വംശ-വർണ്ണതലങ്ങളിലോ, സാമൂഹിക നിലകളുടെ അടിസ്ഥാനങ്ങളിലോ, ഭാഷ, മതം എന്നീ കാരണങ്ങളാലോ, യാതൊരു പ്രകാരത്തിലും സാമൂഹിക സാംസ്കാരിക വിവേചനം കാണിച്ചുകൂടാത്തതാണെന്ന് (സഭ ആധുനികയുഗത്തിൽ-29). ഇവ ദൈവത്തിൻെറ പദ്ധതികരംക്കു കടകവിരുദ്ധമായതിനാൽ പാടേ നിർമ്മാർജ്ജനം ചെയ്യേണ്ടതാണ്. ഇപ്പോഴും പലയിടത്തും, മൗലികാവകാശങ്ങരം നിഷേധിക്കപ്പെട്ടിട്ടുണ്ട്. ഉദാഹരണമായി സ്വതന്ത്രമായ മനസ്സോടെ ജീവിതാന്തസ്സു തിരഞ്ഞെടുക്കാൻ, അഥവാ, അനുയോജ്യനായ വരനെ സ്വതന്ത്രമായി സ്വീകരിക്കുവാൻ ഒരു സ്ത്രീക്കും സാധ്യമല്ലല്ലോ? പുരുഷനെപ്പോലെ തന്നെ വിദ്യാഭ്യാസത്തിനും, സാംസ്കാരികസമത്വത്തിനുമുള്ള അവകാശം ഇന്നും, പലേടങ്ങളിലും, ഉട്ടോപ്പിയൻ ആശയം മാത്രമാണ്. പൗരോഹിത്യ ശുശ്രൂഷയിൽ നിന്നു സ്ത്രീകളെ ഒഴിവാക്കി നിറുത്തുന്നതു കത്തോലിക്കാ സഭ കാണിക്കുന്ന ഏററവും വലിയ വിവേചനയാണ്. ഇതിനുവേണ്ടി നിരത്തിവയ്ക്കുന്ന ന്യായങ്ങളാകട്ടെ "സ്ററാററസ് ക്വാ" (യഥാസ്ഥിതി) നിലനിറുത്താനുള്ള യാഥാസ്ഥിതികരുടെ ഏററവും വലിയ അടവാണെന്നല്ലാതെ മറെറാന്നും പറയാനില്ല. ബൈബിരം ഭാഗങ്ങരം അവസരോചിതം വളച്ചൊടിച്ചു വ്യാഖ്യാനിക്കുന്നതു ദയനീയമാണ്. അതിനാൽ, സത്യം പൂർണ്ണമായി അംഗീകരിച്ചു സ്വീകരിക്കപ്പെടുന്നതു വരെ, സ്ത്രീപൗരോഹിത്യം സംബന്ധിച്ചുള്ള ചർച്ചകളും തുടർന്നുകൊണ്ടേയിരിക്കണം.

## രണ്ട്

# റോം എന്തു പറയുന്നു?

സ്ത്രീപൗരോഹിത്യത്തെ എതിർക്കുന്ന റോമിന്റെ നിലപാടിനു വളരെയേറെ വാർത്താമൂല്യം കിട്ടിക്കഴിഞ്ഞു. എങ്കിലും വാസ്തവത്തിൽ റോം എന്തു പറഞ്ഞുവെന്നത് ആർക്കും ഇനിയുമത്ര വ്യക്തമല്ല. അങ്ങുമിങ്ങുംനിന്നു വല്ലതും കേൾക്കുന്നതു ചിലർ പ്രചരിപ്പിക്കുന്നു എന്നു പറയാനേ തോന്നുള്ളൂ. കാര്യത്തിന്റെ കാതൽ ആരെങ്കിലും ഗ്രഹിച്ചിട്ടുണ്ടോ ആവോ?

ഒരു കാര്യം ശരിയാണ്, പെണ്ണുങ്ങൾക്കു പട്ടം കൊടുക്കാൻ മാർപ്പാപ്പ വിസമ്മതിക്കുന്നു. അതിനുള്ള ന്യായങ്ങൾ ഏവയാണ്? അതു വ്യക്തമല്ല. പുരുഷന്മാർക്കു മാത്രമേ ക്രിസ്തുവിനെ പ്രതിനിധാനം ചെയ്യാൻ സാധിക്കൂവെന്ന് അദ്ദേഹം പറയുന്നുണ്ടോ? എങ്കിൽ അതിനുള്ള അടിസ്ഥാനം വേദപുസ്തകത്തിലുണ്ടോ?

രണ്ടു പ്രമാണരേഖകളെ മുഖ്യമായും ആധാരമാക്കി റോമൻ നിലപാടിനെ നമുക്കു വിശകലനം ചെയ്യാം. ഒന്ന്: 1977 ജനുവരി 27–നു പ്രസിദ്ധീകരിച്ച പ്രമാണരേഖ–"സ്ത്രീകളുടെ പൗരോഹിത്യപ്രശ്നം സംബന്ധിച്ച പ്രഖ്യാപനം". രണ്ട്: ഈ പ്രമാണ

രേഖയെക്കുറിച്ചുള്ള തിരുസംഘത്തിൻെറ ഔദ്യോഗിക വ്യാഖ്യാനം.

ഇന്ന് ലോകമൊട്ടുക്കു സ്ത്രീകളുടെ സ്ഥാനം പുരുഷന്മാരെപ്പോലെ തന്നെ തുല്യമായി അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ട്. സഭയിൽത്തന്നെയും അല്മായ പ്രേഷിതത്വത്തിൽ സ്ത്രീകരം സജീവമായി ഭാഗഭാക്കുകളാണ്, പല മണ്ഡലങ്ങളിലും പ്രവർത്തിച്ചുകൊണ്ട്. തിരുസഭ ഇതിൽ സന്തുഷ്ടയുമാണ്. സ്ത്രീകരംക്കെതിരായ എല്ലാ വിവേചനകളും നിർമ്മാർജ്ജനം ചെയ്യാനുള്ള വ്യവസ്ഥകരം വത്തിക്കാൻ പ്രമാണരേഖകളിൽ ഉണ്ടുതാനും.

ഇങ്ങനെ, മൊത്തത്തിൽ, ആശാവഹങ്ങളും ആശാസ്യങ്ങളുമായ ഒരന്തരീക്ഷത്തിൽ, അമ്പരിപ്പിക്കുന്ന ചില പ്രതികൂല നീക്കങ്ങളും ഉണ്ടെന്നുള്ളതാണു സത്യം. ഇന്നു പലരിലുമുള്ള ഒരു പ്രതീക്ഷ, അനതിവിദൂരമായ ഭാവിയിൽ വനിതകളും വൈദികപദത്തിലേക്ക് ആനീതരാകുമെന്നാണ്. അടുത്തകാലത്തു പ്രൊട്ടസ്ററൻറു സഭകളിൽ, പ്രത്യേകിച്ച്, ആംഗ്ലിക്കൻ വിഭാഗങ്ങളിൽ സ്ത്രീ പൗരോഹിത്യം അംഗീകരിച്ചു കഴിഞ്ഞതോടെ, കത്തോലിക്കരിൽ പ്രസ്തുത പ്രതീക്ഷ വളർന്നു ദൃഢപ്പെട്ടു വരികയാണ്.

വൈദികപൗരോഹിത്യം പുരുഷന്മാർക്കു മാത്രമായി ക്രിസ്തു സംവരണംചെയ്തിരിക്കുന്നതാണെന്നു വേദപുസ്തകത്തിലൊരിടത്തും നിർദ്ദേശമില്ല. അതുകൊണ്ടു സ്ത്രീകരം ഒഴിവാക്കപ്പെട്ടിരിക്കുന്നുവെന്ന് ഒരു നിഗമനം എടുക്കാമോ? റോമിൻെറ പ്രമാണരേഖയിൽനിന്നു നിഷേധാത്മകങ്ങളായ ചില സൂചനകളാണു ലഭിക്കുക. ഇവിടെ പ്രസ്തുത രേഖയിലെ പ്രസക്ത ഭാഗങ്ങരം ആശയം വിടാതെ പ്രതിപാദിക്കാൻ ശ്രമിക്കുകയാണ്.

1. യേശു തൻെറ അപ്പസ്തോലന്മാരായി പുരുഷന്മാരെ മാത്രമാണു തെരഞ്ഞെടുത്ത

ത്. വ്യക്തമായ ഒരു മാനദണ്ഡമെന്നനില യിലാണ് അവിടുന്ന് അങ്ങനെ ചെയ്തത്.

2. തിരുസഭ ഈ മാതൃക എപ്പോഴും അവലം ബിച്ചു പോന്നു. അപ്പസ്തോലകാലത്തും, പി ല്ക്കാല നൂററാണ്ടുകളിലും പുരുഷന്മാർ മാ ത്രമേ പൗരോഹിത്യത്തിലേക്ക് ആനീതരായി ട്ടുള്ളൂ.

3. തിരുക്കർമ്മാനുഷ്ഠാനങ്ങളിലെ ക്രിസ്തു വിൻെറ കൗദാശിക സാന്നിധ്യമാണ് ഒരു പു രോഹിതൻ പുരുഷനു ക്രിസ്തുവിനെ പൂർ ണ്ണമായി പ്രതിനിധാനം ചെയ്യാൻ സാധിക്കും, ക്രിസ്തുവും പുരുഷനായിരുന്നുവെന്ന കാര ണത്താൽ.

ക്രിസ്തുവിൻെറ കാലത്തുതന്നെ പല സ്ത്രീക ളുമുണ്ടായിരുന്നു അവിടുത്തെ അനുഗാമികളുടെ കൂട്ട ത്തിൽ. സമകാലീനയഹൂദമതത്തിൻെറ സാമൂഹ്യാചാ രങ്ങളെ, യേശു ഇതുമൂലം നിഷേധിക്കുകയാണു ചെ യ്തത്. ആ നിലയിൽ അവിടുത്തേക്കു ചിലരെയെ ങ്കിലും ഔദ്യോഗിക ശിഷ്യസമൂഹത്തിലും ചേർക്കാ മായിരുന്നു. എങ്കിലും, അതു ചെയ്യാതിരുന്നതു, ബോ ധപൂർവ്വമായിരുന്നുവെന്നുവേണം നിഗമിക്കുവാൻ.

അപ്പസ്തോലരും ഇതേ പാരമ്പര്യമാണു തുടർ ന്നത്. 'യൂദാസിൻെറ സ്ഥാനത്തു മാർത്തയോ മേ രിയോ അല്ല നിയമിതരായത്; മറിച്ച്, മത്തിയാസാ ണ്. ഓരോ പ്രാദേശിക സഭാസമൂഹങ്ങളുടെയും ശൈ ശവദശയിൽ പലസ്ത്രീകളും സ്ഥാപകനേതൃത്വം നല്കിയിട്ടുണ്ട്; എങ്കിലും, ഒരു സമൂഹത്തിൻെറ യും പൗരോഹിത്യനേതൃത്വം സ്ത്രീകൾക്കു നല്ക പ്പെട്ടിട്ടില്ല'. സെൻറ് പോൾ പറയുന്നുണ്ട്: 'സ്ത്രീ ദേവാലയസംഘങ്ങളിൽ സംസാരിച്ചുകൂടാ' (1 കോറി. 14:34–35; 1 തിമോ. 2:12). മാറി മറിഞ്ഞുവരുന്ന ചില സാമുദായികാചാരങ്ങൾ പോലെയല്ലിത്. (ഉദാ

ഹരണം. ശിരോവസ്ത്രത്തിന്റെ ഉപയോഗം (1 കോറി. 11:2-16). മറിച്ച്, സഭയിലെ സ്ഥിരസ്വഭാവമുള്ള ഒരാചാരം, പുരുഷന്മാർക്കു മാത്രമായി സംവരണം ചെയ്യപ്പെട്ടിട്ടുള്ളത്, എന്നനിലയിലാണു പൗരോഹിത്യത്തെയും കാണേണ്ടത്.

ഇനി, കൗദാശിക പൗരോഹിത്യം പുരുഷന്മാർക്കു മാത്രമായിട്ടാണു ക്രിസ്തു കരുതിയിരുന്നതെങ്കിൽ അതു സംബന്ധിച്ച് ഒരു മാററവും സഭയ്ക്കു ചെയ്യാനാവില്ല. കൂദാശാടയാളങ്ങളുടെ കാതൽ മാററുവാൻ സഭയ്ക്ക് അധികാരമില്ല. ജ്ഞാനസ്നാനകൂദാശയ്ക്കു മുഖ്യ അടയാളമായി അവിടന്നു സ്വീകരിച്ചതു വെള്ളമായിരുന്നു. അതുപോലെ കുർബാനയ്ക്കു വീഞ്ഞും അപ്പവും. ഏതാണ്ട് ഇതുപോലെതന്നെയാവണം പൗരോഹിത്യ കുദാശയ്ക്കു പുരുഷന്മാരെയും അവിടുന്നു തെരഞ്ഞെടുത്തത്. ക്രിസ്തുവിന് ഏതടയാളവും സ്വീകരിക്കാമായിരുന്നു. പക്ഷേ, സ്വീകരിച്ചവയിൽനിന്നു വ്യതിചലിക്കുന്നതു സഭയ്ക്കുചിതമല്ല.

മനുഷ്യാവതാരത്തിലും ഈ നിർണ്ണായകമായ മാനദണ്ഡങ്ങൾ കാണാൻ സാധിക്കും. താത്വികമായിട്ടു പറഞ്ഞാൽ, ദൈവാവതാരം സ്ത്രീരൂപത്തിലാകാമായിരുന്നു. അങ്ങനെയെങ്കിൽ കാര്യമാകെ മാറുമായിരുന്നു. പക്ഷേ, സംഭവിച്ചതു മറിച്ചാണ്; ക്രിസ്തു പുരുഷനായി പ്രത്യക്ഷപ്പെട്ടു. അതിനാൽ, തിരുക്കർമ്മാനുഷ്ഠാന സമൂഹത്തിലും ഒരു പുരുഷൻ അവിടുത്തെ പ്രതിനിധാനം ചെയ്യുകയാണുത്തമം. വേദപുസ്തകത്തിന്റെ പ്രതീകാത്മകങ്ങളായ പ്രതിപാദനങ്ങളുമായി ഈ സത്യം വളരെ ബന്ധപ്പെട്ടു പോകുന്നതാണ്. ക്രിസ്തുവിനെ വരനായും, ആരാധനാസമൂഹത്തെ വധുവായും ആണല്ലോ സാധാരണ ചിത്രീകരിക്കുക.

റോമൻ രേഖയിൽ ഈ ആശയം തറപ്പിച്ചു പറഞ്ഞിട്ടുണ്ട്: "ക്രിസ്തു ഒരു പുരുഷനാണെന്ന വസ്തുത നമുക്കൊരിക്കലും വിസ്മരിക്കാവതല്ല... പൗ

രോഹിത്യസ്വഭാവമുള്ള പ്രവൃത്തികളിലെല്ലാം ക്രിസ്തു 'ഉടമ്പടിയുടെ നാഥനായും' 'സഭയുടെ ശിരസ്സാ'യും മററും പ്രത്യക്ഷപ്പെടുന്നു. രക്ഷാകരകർമ്മങ്ങളിൽ, പ്രത്യേകിച്ച്, ഏററവും ഉന്നതമായ വിധത്തിൽ, രക്ഷയുടെ ചിഹ്നവും അടയാളവുമായ തിരുക്കർമ്മാനുഷ്ഠാനങ്ങളിൽ ക്രിസ്തുവിൻെറ ഭാഗം പുരുഷൻ തന്നെ സ്വീകരിക്കുകയാണുത്തമം''.

**റോം പറയാതെപോയ കാര്യങ്ങൾ**

പരമ്പരാഗത് ചിന്താഗതിക്കാരായ ദൈവശാസ്ത്ര പണ്ഡിതന്മാർ പറഞ്ഞ കാര്യങ്ങളേ പ്രമാണരേഖയിലുള്ളൂ. എന്നിട്ടും, പല കാര്യങ്ങളും വിട്ടുപോയിട്ടുണ്ട്. അവയിൽ ശ്രദ്ധേയങ്ങളായ രണ്ടു കാര്യങ്ങൾ ഇവിടെ എടുത്തുകാണിക്കട്ടെ.

ഒന്ന്: ബൈബിളിൽ ആദ്യന്തം ദൈവത്തെ ഒരു പിതാവായി, പുരുഷനായി ആണു ചിത്രീകരിച്ചിട്ടുള്ളത് (ഉത്പ. 18:1–2; ഏശ. 6:1–3; ദാനി. 7;9). പുരുഷവ്യക്തിരൂപമാണു ദൈവികതയോടു കൂടുതൽ യോജിക്കുന്നതായി പൊതുവെയുള്ള ധാരണ. അതിനാൽ, സ്ത്രീകളെക്കാളധികം പുരുഷന്മാരെയാണു ദൈവത്തിൻെറ പുരുഷേയഭാവപ്രകാശനത്തിനായി തെരഞ്ഞെടുക്കുക.

രണ്ട്: പുരുഷൻ സ്ത്രീയേക്കാൾ ഉന്നതനാണ്. കുടുംബത്തിൻെറ നാഥനും അയാളാണ്. (പ്രഭാ. 25; 13–24; എഫെ. 5:21–23; കൊളൊ. 3:18) സൃഷ്ടിയിൽ ദൈവം തന്നെയാണത്രേ സ്ത്രീയെ പുരുഷനു വിധേയയാക്കിയത്. (ഉത്പ. 3:16; 1 കോറി, 11;3: എഫെ. 5:23). ഇവിടെ, കുടുംബജീവിതത്തിലും, മററു വ്യപാരങ്ങളിലും സ്ത്രീ, പുരുഷനു വിധേയയും അധീനയുമാണെങ്കിൽ, മതകാര്യങ്ങളിൽ, തീർച്ചയായും, പുരുഷന് കീഴായിരിക്കണം. പ്രസ്തുത രേഖയിൽ ഈ രണ്ടാശയങ്ങളും ഉപേക്ഷിക്കപ്പെട്ടത് യാദൃച്ഛികമാണെന്ന് പറഞ്ഞുകൂടാ. കഴിഞ്ഞകാല

ത്തെ സ്ത്രീകൾക്കെതിരായ മുൻവിധികൾ കുററ ബോധത്തോടെ ഏററുപറഞ്ഞിട്ടുണ്ട്: "മുൻകാല പിതാക്കന്മാരുടെ എഴുത്തുകളിലെല്ലാം സ്ത്രീസമത്വത്തിനെതിരായ മുൻവിധികളുടെ സ്വാധീനങ്ങൾ ഉണ്ടായിരുന്നു. ഇത് അനിഷേധ്യമായ സത്യമാണ്." മദ്ധ്യ നൂററാണ്ടുകളിലെ ദൈവശാസ്ത്രജ്ഞന്മാരെല്ലാം തന്നെ വിശ്വാസവിഷയങ്ങളെ യുക്തികൊണ്ട് വിശദീകരിക്കാൻ ശ്രമിച്ചപ്പോഴൊക്കെ ഈദൃശ ന്യായങ്ങളാണ് നിരത്തിയിരുന്നത്. ആധുനിക ചിന്തകർക്ക് അവ തീർത്തും അസ്വീകാര്യങ്ങളാണ്.

പൗരോഹിത്യത്തിനുള്ള പുരുഷന്മാരുടെ നിയമനം--അതു ക്രിസ്തു നേരിട്ട് ചെയ്താലും, അപ്പസ്തോലന്മാരായാലും, സഭയായാലും-അതിനു സിദ്ധാന്തപരമായ യാതൊരു പ്രാധാന്യവുമില്ലെന്നു വാദിക്കുന്നവരാണ് ഇന്നത്തെ പണ്ഡിതന്മാരിലധികംപേരും. അതാതു കാലങ്ങളിലെ സാമൂഹിക ചിന്താഗതി അങ്ങനെ ചെയ്തുവെന്നേ പറയാനാവൂ. പക്ഷേ. ഇക്കാര്യം പ്രമാണരേഖ പലവട്ടം ആവർത്തിച്ച് നിഷേധിച്ചിട്ടുള്ളതാണ്. ക്രിസ്തു ഒരിക്കലും സ്ത്രീയെ അപ്പസ്തോലയായി സ്വീകരിച്ചിട്ടില്ല. ഇത്, സമകാലീന സാമൂഹ്യനിയമത്തെ അനുസരിക്കലു മാത്രമായിരുന്നില്ല...."ക്രിസ്തുവ ിന്റെ വർത്തനരീതി സാമൂഹിക സാംസ്കാരിക ആചാരങ്ങളാൽ നിവേശിതമായിരുന്നെന്ന് ആരും സ്ഥാപിച്ചിട്ടില്ല: സ്ഥാപിക്കാനാർക്കും സാധ്യവുമല്ല. ഗ്രീക്കുനാടുകളിലെ സാമൂഹികസാംസ്കാരിക വ്യവസ്ഥിതികൾ അപ്പസ്തോലന്മാരെ പ്രേഷിത വൃത്തി യിൽ നിന്നു പ്രതിനിവർത്തിപ്പിച്ചില്ല.

വിവാദത്തിലെ ഏററവും മർമ്മപ്രധാനമായ ആശയത്തിലേക്കാണു നാമിനി കടക്കുക. പ്രമാണരേഖ ഗൗരവമായി പരിഗണിച്ചാൽ, സ്ത്രീകളെ പൗരോഹിത്യത്തിൽനിന്ന് മാററിനിർത്തുന്നത് കേവലം സെക്സിനോടുള്ള മുൻവിധിയുടെ അടിസ്ഥാനത്തിലല്ല, മറിച്ച്, ചരിത്രപരമായ കാരണങ്ങളാലാണ് എന്ന് വ്യ

ക്തം. അതായത്, 'ക്രിസ്തു, സ്ത്രീകൾക്കു പൗരോഹിത്യം നല്കിയില്ല'—എന്നു മാത്രം. ഇതൊരു ചരിത്ര വസ്തുതയാണല്ലോ? ഈ വസ്തുതയെ മാനദണ്ഡമായി സ്വീകരിച്ച് ഇന്നു സമർത്ഥിക്കുന്നത്..."അതുകൊണ്ട് സ്ത്രീകൾക്ക് പട്ടംകൊടുത്തു കൂടാ." ഇവിടെയാണു പ്രശ്നം. ഈ വ്യാഖ്യാനം ശരിയോ? (ക്രിസ്തു ചെയ്തില്ല, അതുകൊണ്ട് നാമും ചെയ്തു കൂടാ!) ക്രിസ്തു ചെയ്യാതിരുന്നത് അക്കാലത്തെ സാമൂഹ്യധാരണകൾക്കൊത്ത് നീങ്ങിയതുകൊണ്ടു മാത്രമാണോ? അതോ ഒരു സിദ്ധാന്തമെന്നനിലയിൽ, പില്ക്കാലതലമുറകൾ സനിഷ്ക്കർഷം അനുസരിക്കാൻ വേണ്ടി, അവിടുന്നു സ്ഥാപിച്ച ഒരാദർശമായിരുന്നോ? പൗരോഹിത്യത്തോടു് അനുബന്ധിച്ചു കാണുന്ന 'പൗരുഷം' സഭാരംഭത്തിലെ സാമൂഹ്യവ്യവസ്ഥിതിയുടെ ഒരു യാദൃച്ഛിക സ്വഭാവമായിരുന്നുവോ? റോം പറയുന്നു, "അതു ബോധപൂർവ്വവും (Deliberate) സിദ്ധാന്തപരവും (Doctrinal) കൗദാശികവും (Sacramental) നിർണ്ണായകവു (Normative) മായിരുന്നെന്ന്. അതുകൊണ്ട് നിത്യകാലത്തോളം അചഞ്ചലമാണ്."

## മൂന്നു്

# പുരുഷ മേധാവിത്വം എങ്ങനെയുണ്ടായി?

വിവേചനകരംക്കെതിരായ നിയമം സ്ത്രീപുരുഷന്മാർക്കൊരുപോലെ അവസരസമത്വം നല്കിയിട്ടുണ്ടിന്നു്. ഇതു വലിയൊരുകാര്യമാണു്. പൂർവ്വകാലങ്ങളിൽ വളരെയേറെ അനീതകരം നടന്നിട്ടുണ്ടെന്നു് എല്ലാവർക്കുമറിയാം. ഇവയ്ക്കെതിരായി ഗവണ്മെൻറുകരം എടുത്തിട്ടുള്ള നടപടികരം ശ്ലാഘനീയങ്ങളാണു്.

മറുവശത്തുകൂടി ചിന്തിക്കുമ്പോരം 'സമത്വം' 'സമത്വം' എന്നതു് വളരെയേറെ അതിശയോക്തിപരമായി ഉപയോഗിക്കുന്നുണ്ടെന്നു കാണാം. സ്ത്രീകളും പുരുഷന്മാരും വ്യത്യസ്തർ തന്നെയാണു്. പ്രായോഗികമായി ചിന്തിച്ചാൽ വലിയചിന്തകരും കലാകാരന്മാരും രാഷ്ട്രീയ നേതാക്കന്മാരുമൊക്കെ പുരുഷന്മാരാണു്. ഇതു്, യാദൃച്ഛികം എന്നുമാത്രം പറയാവതല്ല. സ്ത്രീകളേക്കാരം ഉന്നതമാക്കിച്ചെയ്യുന്ന ഏതോഗുണങ്ങരം ജന്മനാ പുരുഷന്മാർക്കുണ്ടെന്നു് സമ്മതിക്കരുതോ? നേതൃത്വത്തിനു് സഹായകങ്ങളായ ഈ സ്വഭാവഗുണങ്ങളാലാവാം, പക്ഷേ, ക്രിസ്തുവും പുരുഷന്മാരെത്തന്നെ തൻെറ പുരോഹിത പ്രതിനിധികളായി നിയമിച്ചതു്.

വളച്ചുകെട്ടിയുണ്ടാക്കുന്ന ചില നിഗമനങ്ങളാണിവയെന്നു പറഞ്ഞുകൂടെങ്കിലും, പറഞ്ഞ എല്ലാ കാര്യ

ങ്ങളോടും യോജിക്കാനാവില്ല. ക്രിസ്തു എന്തുകൊണ്ട് പുരുഷൻമാർക്ക് മേധാവിത്വം നല്കിയെന്നു സുവിശേഷങ്ങളുടെ പശ്ചാത്തലത്തിൽ ചർച്ചചെയ്യുന്നതിനു മുമ്പ് സമുദായത്തിൽ അവർക്കുള്ള നേതൃത്വസ്ഥാനത്തെ അല്പം വ്യക്തമാക്കാം. തദ്വിഷയത്തിൽ വളരെയേറെ ഗവേഷണ പഠനങ്ങളും ചർച്ചകളും ഇതിനകം നടന്നിട്ടുണ്ട്.[26]

സ്ത്രീപുരുഷൻമാരുടെ വ്യത്യസ്തറോളുകൾ മുഖ്യമായും രണ്ടു ഘടകങ്ങളെ ആശ്രയിച്ചാണ് കാണുക. ഒന്ന്, ജന്മസിദ്ധാന്തപരമായത്. രണ്ട്, സാമൂഹികമായത്. സ്ത്രീയും പുരുഷനും ശരീരഘടനയിൽതന്നെ വ്യത്യാസമുള്ളവരാണ്. ഇത് വ്യത്യസ്ത കൃത്യ നിർവ്വഹണത്തിനു മുൻകൂട്ടിത്തന്നെ അവരെ തിരിച്ചു നിർത്തുന്നു. എന്നിരുന്നാലും നേതൃത്വം, അധീശത്വം എന്നിവ നിർണ്ണയിക്കപ്പെടുന്നത് മിക്കവാറും സമൂഹത്തിൻെറ പൊതുതാത്പര്യങ്ങളാലാണ്. "സാമൂഹ്യസങ്കല്പങ്ങൾ" എന്നു പറയാവുന്ന ഘടകങ്ങളാണു സമൂഹത്തിൻെറ നിയമങ്ങളും ലക്ഷ്യങ്ങളും ആചാരവിധികളും നിശ്ചയിക്കുക. ഇവ തന്നെയാണു സ്ത്രീപുരുഷൻമാരുടെ ഭാഗധേയത്വത്തെ നിർണ്ണയിക്കുന്നതും.

ഈ വിഷയത്തിൽ, ശാസ്ത്രീയ കണ്ടുപിടുത്തങ്ങൾ നിരത്തിവയ്ക്കുന്ന സംഭാവനകൾ അവതരിപ്പിക്കുകയാണീ അദ്ധ്യായത്തിൽ. തുടർന്നു വരുന്ന അദ്ധ്യായങ്ങളിൽ പ്രതിപാദിക്കാനിരിക്കുന്ന വേദപുസ്തകപരമായ പരാമർശങ്ങൾക്ക് ഒരാമുഖമായിരിക്കുമിത്.

## ജന്മസിദ്ധാന്തപരമായ അടിസ്ഥാനങ്ങളും ലൈംഗിക വ്യത്യാസങ്ങളും

സമത്വത്തെപ്രതി ഭ്രാന്തുപിടിച്ചു നടക്കുന്ന മനുഷ്യരുണ്ട്. ലിംഗവ്യത്യാസങ്ങളെക്കുറിച്ച് ഉത്കണ്ഠാ

കുലരാണവർ. എങ്ങനെയെങ്കിലും വ്യത്യാസങ്ങൾ പരിഹരിക്കാനാണവരുടെ വ്യഗ്രത. വസ്ത്രധാരണത്തിലും കേശാലങ്കാരത്തിലും ലിംഗഭേദം വെളിപ്പെടുത്താതിരിക്കാനുള്ള ഭ്രമം മുൻപറഞ്ഞ സത്യം തന്നെ സ്ഥാപിക്കുന്നു. ആണത്തം കൂടുതലുള്ള പെണ്ണുങ്ങളുടെയും, പെണ്ണത്തം കൂടുതലുള്ള ആണുങ്ങളുടെയും സമൂഹം, പക്ഷേ, കൂടുതൽ ആനന്ദപ്രദമായ ജീവിതത്തിനു കാരണമാക്കുമോ? സംശയിക്കണം. ഏതായാലും, ഇന്നത്തെ പരിശ്രമങ്ങൾ പരാജയമായിട്ടാണ് കാണുക. പുരുഷനും സ്ത്രീയും വ്യത്യസ്തർ തന്നെയാണ്, ശരീരഘടനാപരമായും മന:ശാസ്ത്രപരമായും. വ്യത്യസ്ത ധർമ്മങ്ങൾക്കു സഹായിക്കുന്ന വ്യത്യസ്ത ജന്മവാസനകൾ ഓരോരുത്തരിലുമുണ്ട്. ഈ പ്രത്യേകതകളെ പർവ്വതീകരിച്ചിട്ടാവശ്യമില്ലെങ്കിലും ഇവയെല്ലാം ഓരോരുത്തൻെറയും വ്യക്തിത്വ നിർമ്മാണത്തിൻെറ ഊടുംപാവുമാണെന്നു സമ്മതിക്കണം.

കടുപ്പവും ആയാസകരവുമായ ജോലികൾ ചെയ്യാൻ ഉതകുന്ന രീതിയിലാണ് പുരുഷൻെറ ശരീരഘടന. വിരിഞ്ഞ നെഞ്ചും ബലിഷ്ഠമായ കരങ്ങളും ഉറപ്പുള്ള ഉരങ്ങളും പുരുഷൻെറ പ്രത്യേകതകളാണ്. സ്ത്രീകളുടേതിനേക്കാൾ ഉറപ്പുള്ള മാംസപേശികളാണ് പുരുഷന്മാരുടേത്. ചുരുക്കത്തിൽ, പുരുഷൻ 'ശക്തി'യുടെ പ്രതീകമാണ്. മറിച്ച്, സ്ത്രീയുടെ ശരീരമാകട്ടെ, മാതൃത്വത്തിനിണങ്ങിയ മൃദുലതയോടുകൂടിയതാണ്. ഉദരമാണു സ്ത്രീത്വത്തിൻെറ മുഖ്യ ഘടകം. "A woman is what she is because of her womb" എന്ന ചൊല്ലു വളരെ അന്വർത്ഥമാണ്. അവളുടെ ശരീരം കാമ്യമാണ്; അജാതശിശുവിനെ സംരക്ഷിക്കാൻ ഉതകുന്ന സംവിധാനമാണ് ഉദരത്തിൻേറത്. ഈ പ്രത്യേകതകളും ഘടനകളും ശാരീരികമായും മന:ശ്ശാസ്ത്രപരമായും ഒരു സ്ത്രീയെ മാതൃത്വത്തിൻെറ തലത്തിൽ പ്രത്യേക ധർമ്മങ്ങൾ നിർവ്വഹിക്കുവാൻ സഹായിക്കുന്നു[27].

ശരീരഘടനയുടെ കാര്യം മാത്രമല്ല, മനഃശാസ്ത്രപരമായി നിരവധി പരീക്ഷണങ്ങൾ തെളിയിക്കുന്നത്, സ്ത്രീയും പുരുഷനും ജീവിതം തുടങ്ങുന്നതുതന്നെ വ്യത്യസ്തവൈകാരിക വാസനകളോടുകൂടിയാണെന്നാണ്. സമൂഹത്തിന്റെ സ്വാധീനത്താൽ നയിക്കപ്പെടുന്നതിനു മുമ്പേ ആൺകുട്ടികളും പെൺകുട്ടികളും അവരുടെ സാംസ്കാരിക സാഹചര്യങ്ങളോടു വ്യത്യസ്ത മാനസികാവസ്ഥകൾ പ്രകടിപ്പിക്കാറുണ്ട്. പൊതുവെ പറഞ്ഞാൽ, ആൺകുട്ടികൾ കളികളിലും പെരുമാററങ്ങളിലും തീരെ 'മയ'മില്ലാത്തവരായി കാണപ്പെടും. അവരിൽ ആക്രമണവാസനയും മർക്കടമുഷ്ടിയും കൂടുതലായി ഉണ്ടാകും. പെൺകുട്ടികളിൽ ശാലീനതയും സ്നേഹവാസനയും കാണുന്നു. മൂന്നു വയസ്സു പ്രായത്തിനുള്ളിൽ ഈ വ്യത്യാസങ്ങൾ ദൃശ്യമാണ്. വ്യത്യസ്ത സാമൂഹിക-സാംസ്കാരിക ചുററുപാടുകളിലുള്ള കുട്ടികളിൽ നടത്തിയ പഠനങ്ങളാണ് ഈ വിശദാംശങ്ങൾ നല്കുന്നത്[28].

കുരങ്ങുകളിൽ നടത്തിയ ഗവേഷണപഠനങ്ങൾ വളരെ വ്യക്തമായ നിഗമനങ്ങളിൽ നമ്മെ എത്തിക്കുന്നു. പരിണാമതലത്തിൽ മനുഷ്യരോട് ഏററവും അടുത്ത ഗറില്ലകൾ, ബാബൂൺ തുടങ്ങിയ കുരങ്ങുവർഗ്ഗങ്ങളിൽ ആണ് ഇവ വിജയപ്രദമായിരുന്നത്. ആൺ കുരങ്ങുകൾ അവയുടെ അധികാരം സ്ഥാപിക്കുന്നത് ആക്രമണസ്വഭാവത്താലാണ്. ഭക്ഷണം, ഇരിപ്പിടം എന്നീ കാര്യങ്ങളിൽ അവൻ മുൻഗണനയ്ക്കായി പരിശ്രമിക്കുന്നു. പെൺകുരങ്ങുകളുടെമേൽ അധീശത്വം സ്ഥാപിക്കുന്നതും അവൻ തന്നെ[29]. ശ്രദ്ധേയമായ ഒരു കണ്ടുപിടിത്തം ഈയിടെയുണ്ടായി. ഒരാൺകുരങ്ങിന്റെ സെക്സുഹോർമോൺ ചില പെൺകുരങ്ങുകളിൽ കുഞ്ഞുന്നാളിലെ കുത്തിവെച്ചതുമൂലം അവയെല്ലാം ആൺകുരങ്ങുകളുടെ ആക്രമണവാസനകൾ പ്രകടിപ്പിക്കാൻ തുടങ്ങി[30]. ഇത്തരം പരീക്ഷണങ്ങൾ എലികളിൽ നടത്തിയതിന്റെ ഫലവും ഇങ്ങനെതന്നെയായിരുന്നു. സെക്സുഹോർമോ

ണുകളാണ് ആൺ—പെൺ വർഗ്ഗങ്ങളുടെ പെരുമാററ രീതികളിൽ നിർണ്ണായകങ്ങളായ സ്വാധീനങ്ങൾ സൃഷ്ടിക്കുന്നതെന്നു വ്യക്തം[31]. മനുഷ്യന്റെ തന്നെ വ്യത്യസ്തപെരുമാററങ്ങളുടെ തോതിലും ശരീരത്തിലെ ഹോർമോൺ പ്രവർത്തനങ്ങൾ നിദാനങ്ങളാണ്. ആക്രമണപരമോ സംരക്ഷണപരമോ ആയ സ്വഭാവവാസനകളും വ്യത്യസ്തഹോർമോണുകളുടെ പ്രവർത്തനഫലം തന്നെ. ആൻഡ്രജൻ ഹോർമോണുകളുടെ അമിതമായ വർദ്ധനവ് ആൺകുട്ടികളിൽ, കൗമാരത്തിൽ പ്രകടമായ ആക്രമണസ്വഭാവം (പത്തു മുതൽ മുപ്പതു ഇരട്ടിവരെ) വർദ്ധിപ്പിക്കുന്നതായി തെളിഞ്ഞിട്ടുണ്ട്[32].

സമൂഹങ്ങളിൽ ഇന്നു നിലവിലിലുള്ള തൊഴിൽ വ്യത്യാസങ്ങളുടെ വെളിച്ചത്തിൽ, ഒരളവുവരെ ജന്മവാസനാവ്യത്യാസങ്ങളെ സ്ഥാപിക്കാൻ സാധിക്കും. മിക്കവാറും എല്ലാ പ്രാചീന സമൂഹങ്ങളിലും, ബുദ്ധിമുട്ടുള്ളതും ഏററുമുട്ടലുകൾ ആവശ്യമുള്ളതുമായ തൊഴിലുകൾ പുരുഷന്മാരാണു ചെയ്തിട്ടുള്ളത്. നായാട്ടും, മീൻപിടിത്തവും ലോഹപ്പണിയും ആയുധനിർമ്മാണങ്ങളുമെല്ലാം പുരുഷന്മാരാണു ചെയ്യുക. സ്ത്രീകളാകട്ടെ, വീട്ടിലിരുന്നു ധാന്യംപൊടിക്കുക, ഫലവർഗ്ഗങ്ങൾ ശേഖരിക്കുക, വസ്ത്രം തുന്നുക, അവയുടെ കേടുപാടുകൾ തീർക്കുക പാചകജോലികൾ ചെയ്യുക എന്നിവയും. ഇതു ഭാഗികമായി സംസ്കാരത്തിന്റെ നിർണ്ണയനം കൂടിയാണെന്നു പറയാം. സാമ്പത്തികമായി താഴ്ന്നതും, പുരാതനവുമായ 224 സമൂഹങ്ങളിൽ നടത്തിയ പഠനങ്ങൾ പറയുന്നു, ജോലിയുടെ വിഭജനം ഭാഗികമായി, സ്ത്രീപുരുഷന്മാരുടെ ശരീരഘടനയെയും ആശ്രയിച്ചിരിക്കുന്നുവെന്ന്[33]. അടുത്തകാലത്ത് ഇസ്രായേലിൽ നടത്തിയ ഒരു നിരീക്ഷണപഠനം ഇപ്പറഞ്ഞ സത്യത്തെ അരക്കിട്ട് ഉറപ്പിക്കുകയാണുചെയ്തത്. 'കിബുട്ട്സ്' സമൂഹങ്ങളിൽ ചെയ്ത പരീക്ഷണം, ഒരേ ജോലി തന്നെ സ്ത്രീകൾക്കും പുരുഷന്മാർക്കുമായി നൽ

കുകയായിരുന്നു. ഇരുവിഭാഗക്കാരും അധികം താമസിയാതെ പരമ്പരാഗതമായ തൊഴിൽവിഭജന നയത്തിലേക്കു തിരിച്ചുപോകുകയാണുണ്ടായത്. യുവതലമുറയിലും ഇതേ അനുഭവം തന്നെയുണ്ടായി. ഉത്പാദനപരമായ മണ്ഡലങ്ങളിൽ പുരുഷന്മാരും, സേവന–സംരക്ഷണപരമായ തുറകളിൽ സ്ത്രീകളും തത്പരരായി കണ്ടു[34].

## സ്ത്രീ കേന്ദ്രീകൃതമായ സമൂഹങ്ങൾ

ആക്രമണ പ്രധാനമായ സ്വഭാവമാണു പുരുഷനു സമൂഹത്തിൽ നേതൃത്വം നേടിക്കൊടുത്തത്. ആക്രമണത്തിൽ നിന്ന് അധീശത്വത്തിലേക്കുള്ള പ്രയാണം സാർവ്വത്രികമാണെന്നു പറഞ്ഞുകൂടാ. ഒരു ഉദാഹരണം, ചില പ്രാചീനവർഗ്ഗങ്ങളിൽ പ്രത്യേകിച്ച്, കായ്കനികളും ഫലമൂലാദികളും ശേഖരിച്ചു കഴിയുന്ന ഗോത്രങ്ങളിൽ പുരുഷനല്ല സ്ത്രീയാണു നേതൃസ്ഥാനത്ത്, കുടുംബത്തിൻെറയും ഗോത്രത്തിൻെറയും. ഈ ഗോത്രങ്ങളിൽ ക്രമേണയാണു പുരുഷമേധാവിത്വം സംജാതമായത്. അടുത്ത കാലം വരെയും, വേറെ ചില വർഗ്ഗങ്ങളിൽ മാതൃത്വകേന്ദ്രീകൃതമായ സംവിധാനങ്ങൾ നിലവിലുണ്ടായിരുന്നു.

പുരാതനമനുഷ്യരുടെയിടയിൽ ജീവൻെറയും ഉത്പാദനത്തിൻെറയും പ്രതീകം സ്ത്രീയാണ്. കാർഷികയുഗത്തിനുമുമ്പു പുരുഷബീജത്തിൻെറ ജീവശാസ്ത്രപരമായ ധർമ്മം പോലും മനുഷ്യനജ്ഞാതമായിരുന്നു. മാതാവായ ഭൂമിയാണ് ഉത്പാദനക്ഷമതയുടെ നിദാനമായി കരുതിയിരുന്നത്. പുതുജീവനും വളർച്ചയും ഭൂമിയിൽ മാത്രമാണല്ലോ ദൃശ്യമാകുന്നത്. ദേവീവിശ്വാസം അടിസ്ഥാനപരമായും ഇതിൽനിന്നുണ്ടായതാണെന്നു നിസ്സംശയം പറയാം. ഏറ്റവും പുരാതനമായ ഈശ്വരബോധത്തിൻെറ ഉറവിടവും ഇതല്ലാതിരിക്കാൻ വയ്യ. ഓഷ്യാന, ആഫ്രിക്ക, ഉത്തര ദക്ഷിണ അമേരിക്കൻ രാജ്യങ്ങൾ, പുരാതന മ

ദ്ധ്യപൂർവ്വ പ്രദേശങ്ങൾ, ഏഷ്യ എന്നിവടങ്ങളിൽ പ്രചാരത്തിലിരിക്കുന്ന പുരാണേതിഹാസങ്ങൾ ഈ സത്യം സ്ഥാപിക്കുന്നു[35]. പുരാവസ്തു ഗവേഷണഫലമായി കണ്ടെത്തിയിട്ടുള്ള നിരവധി സ്ത്രീപ്രതിമകൾ ഒരു 'മഹാമാതാവി'നെയൊ (Magna Mater) ഉത്പാദനാംബികയെയൊ പ്രതിനിധാനം ചെയ്യുന്നു. ഇവയിൽ ചിലത്, ബി.സി. 60,000 നു മുമ്പുള്ളവയാണെന്നു സ്ഥാപിക്കാൻ സാധിച്ചിട്ടുണ്ട്[36].

വളരെ ശ്രദ്ധാപൂർവ്വമായ പഠനങ്ങൾ നടത്തിയ 565 സമൂഹങ്ങളിൽ 20%ത്തിലും മാതൃമേധാവിത്വം നിലവിലിരുന്നുവെന്നു കാണാം. ഇവയിൽ കുടുംബാംഗത്വം സ്ത്രീയിലൂടെയാണു വരുംതലമുറയിലേക്കു വ്യാപിച്ചിരുന്നത്; പുരുഷനിലൂടെയല്ല. പേരും, ജന്മാവകാശവും, പിന്തുടർച്ചയുമൊക്കെ ഭാര്യയിലൂടെ മാത്രം. മരുമക്കത്തായം പ്രാബല്യത്തിലുണ്ടായ സമൂഹങ്ങളിൽ, വിവാഹാനന്തരം നവദമ്പതികൾ താമസിക്കുന്നതു വധുവിൻെറ വീട്ടിലാണ്. ഈ സാമൂഹ്യസമ്പ്രദായത്തിനു കാരണമായി നരവംശപണ്ഡിതന്മാർ ചൂണ്ടിക്കാണിക്കുന്നത് അന്നത്തെ സാമ്പത്തിക വ്യവസ്ഥിതിയാണ്. അതായത്, വധുവിൻെറ അവകാശമായി ലഭിക്കുന്നതു പറമ്പും പുരയിടവുമാണ്. അവയിൽ നിന്നു ശേഖരിക്കുന്ന ഫലവർഗ്ഗങ്ങളാണു ജീവിക്കാനുള്ള മാർഗ്ഗം. തന്മൂലം, ഫലസമൃദ്ധിയെ നിലനില്പിനുള്ള വ്യവസ്ഥയായും കണ്ടു. ചുരുക്കത്തിൽ സമൂഹത്തിൻെറ അച്ചുതണ്ടു സ്ത്രീയാണ്; അവളെ ആധാരമാക്കിയാണു ജീവിതവും തൊഴിലും ഭ്രമണം ചെയ്തിരുന്നത്[37].

### പുരുഷമേധാവിത്വം

ഇന്നു നമുക്കറിയാവുന്ന പരമ്പരാഗതമായ ഒട്ടുമിക്ക സമൂഹങ്ങളിലും പുരഷമേധാവിത്വമാണു നിലവിലുള്ളത്. സ്ത്രീകളുടെമേലുള്ള പുരുഷൻെറ മേധാവിത്വം മിക്കവാറും സാമ്പത്തികഘടകങ്ങളെ ആശ്ര

യിച്ചുള്ളതാണ്. സാഹചര്യങ്ങൾ തന്നെ വളരെ ശക്തമായ നേതൃത്വരൂപം ആവശ്യപ്പെട്ടു. ആക്രമണവാസനയുടെയും ശക്തിയുടെയും ജന്മശാസ്ത്രപരമായ ഘടകങ്ങളോടൊപ്പം, പുരുഷൻ മൃഗസംരക്ഷണത്തിലും, അദ്ധ്വാനം കൂടുതൽ ആവശ്യപ്പെടുന്ന കാർഷികരംഗങ്ങളിലും, നാഗരികതയിലും സ്വയം നേതൃത്വം ഏറ്റെടുത്തു. ഈ പുരുഷമേധാവിത്വം ക്രമേണ മതചിന്തകളിലും വ്യാപിച്ചുവെന്നു പറയണം.

ബി. സി. 10,000–ത്തിനു മുമ്പു പല മനുഷ്യസമൂഹങ്ങളും കാർഷികവൃത്തികളിൽ ഏർപ്പെട്ടു ചെറിയ പട്ടണങ്ങളിലായി ജീവിക്കാൻ തുടങ്ങി. ഇങ്ങനെ തുടങ്ങിയ ജീവിതമാററങ്ങളുടെ ദൂരവ്യാപകങ്ങളായ പരിണാമങ്ങളെ മുഴുവൻ ഗ്രഹിക്കാൻ പ്രയാസമാണ്. വെറുതെ ശേഖരിച്ചെടുക്കാവുന്ന പ്രകൃതിയിലെ ഫലങ്ങളിലും, നായാട്ടിലും മാത്രം ആശ്രയിക്കാതെ സ്ഥായിയായ ജീവിതത്തിനുവേണ്ടി നിരന്തരമായി അദ്ധ്വാനിക്കാൻ അവൻ നിർബന്ധിതനായി. ഉപയോഗപ്രദമായവിധത്തിൽ മൃഗങ്ങളെ മെരുക്കി വണ്ടിവലിക്കാനും, നിലം ഉഴാനും, വിനിയോഗിച്ചു. ഉറപ്പുള്ള വീടുകളുണ്ടാക്കി. ആയുധങ്ങളും മററുപകരണങ്ങളും കണ്ടുപിടിച്ചു. അവ വീട്ടുകാര്യങ്ങൾക്ക് ഉപകരിച്ചു; ശത്രുക്കളിൽ നിന്നു സംരക്ഷണം നല്കി. ഉയർന്നുവന്ന പട്ടണങ്ങളുടെ നിലനില്പും വളർച്ചയും അദ്ധ്വാനിക്കുന്ന പുരുഷൻെറ ശക്തിയെയും പടവെട്ടുന്ന യോദ്ധാവിൻെറ കരുത്തിനെയും ആശ്രയിച്ചിരുന്നു. സമൂഹത്തിൻെറ പുതിയ വികസനരൂപങ്ങളിൽ പുരുഷൻെറ കഴിവുകൾ സ്വയം സ്ഥാപിക്കുക തീർത്തും സ്വാഭാവികമാണ്[38].

മുമ്പു സൂചിപ്പിച്ച, പ്രത്യേകം പഠനവിധേയമാക്കിയ 565 പ്രാചീനസമൂഹങ്ങളിൽ 375 എണ്ണവും പുരുഷമേധാവിത്വത്തിന് ഉദാഹരണങ്ങളാണ്. അതായത്, വിവാഹാനന്തരം വരൻെറ ഭവനത്തിലാണു നവദമ്പതികൾ താമസിക്കുക; പുരുഷൻെറ പേരിനോടു ബന്ധപ്പെട്ടാണവർ പിന്നീട് അറിയപ്പെടുക; അവകാ

ശങ്ങരം ലഭിക്കുന്നതും ഭർത്താവിലൂടെ മാത്രമാണ്. ലോകത്തിലെ എല്ലാ പ്രധാനപ്പെട്ട സമൂഹങ്ങളിലും ഇപ്പറഞ്ഞ വിധമുള്ള സാമൂഹ്യബന്ധങ്ങളാണു നിലവിലുള്ളത്[39].

ഇപ്പറഞ്ഞവിധം മാറിയ സാമൂഹ്യവ്യവസ്ഥിതികരം പുതിയൊരു വിശ്വാസബോധവും, പുതിയൊരു ഈശ്വരധാരണയും മനുഷ്യനിൽ വരുത്തിയിട്ടുണ്ട്. പ്രപഞ്ചത്തെക്കുറിച്ചുള്ള സങ്കുചിതചിന്താഗതികളിൽ നിന്നു മാറി, ലോകത്തെ മുഴുവൻ ഒരു വിശ്വനഗരമായും ഒരു സമുന്നതശക്തിയുടെ നിർമ്മാണമായും കാണാൻ മനുഷ്യനു കഴിഞ്ഞിട്ടുണ്ട്. പൂർവ്വകാലങ്ങളിലെ സൃഷ്ടികഥകളിലെല്ലാം ശക്തനായ ഒരു പുരുഷദേവനെയാണു വരച്ചുകാട്ടുക.; ശൂന്യതയിൽ നിന്ന് എല്ലാററിനെയും സൃഷ്ടിക്കുന്നവനായിട്ടും, ചിലേടത്തു ധീരജേതാവായും ക്രമപാലകനായും ദൈവത്തെ ചിത്രീകരിക്കുന്നു. മെസപ്പൊട്ടാമിയൻ മർദൂക്കും, ജർമ്മാനിക്ക് വർഗ്ഗക്കാരുടെ വൊഡാനും (Wodan) ഈ പരമ്പരയിൽപ്പെട്ടവരാണ്. തുടർന്ന് ഉത്പാദനധാരണയിലും വ്യത്യാസങ്ങളുണ്ടായി. പെൺവർഗ്ഗമല്ല ബീജം വഹിക്കുന്നത്, ആൺവർഗ്ഗമാണ് എന്ന ബോധ്യം വന്നു. പശുവിനുപകരം കാളയെ ജീവദായകശക്തിയായി ആരാധിക്കാൻ തുടങ്ങി, മദ്ധ്യപൂർവ്വപ്രദേശങ്ങളിൽ[40].

സെക്സിനോടുള്ള സമീപനത്തിലും പുതിയ കാഴ്ചപ്പാടുകരം ദൃശ്യമായി. ബഹുഭാര്യാത്വം മിക്ക സമൂഹങ്ങളിലും പ്രചാരത്തിൽ വന്നു. 200 സമൂഹങ്ങളിലെ സാമ്പ്രദായികാചാരങ്ങളുടെ പഠനം തെളിയിച്ചത്, അവിടെയൊക്കെ പുരുഷന്മാർ ലൈംഗികവും വൈവാഹികവുമായ കാര്യങ്ങളിൽ കൂടുതൽ ആനുകൂല്യങ്ങരം അനുഭവിച്ചുവെന്നാണ്. സ്ത്രീകരംക്കു വളരെ കർശനമായ നിയമങ്ങളാണുണ്ടായിരുന്നത്[41]. ഇവിടെ, സാമൂഹികശാസ്ത്രജ്ഞന്മാർ, അസമത്വപരമായ ഈ പെരുമാററച്ചട്ടങ്ങളെ, സ്വേച്ഛാധിപത്യ യുഗത്തിൻെറ മുന്നോടിയായി ചൂണ്ടിക്കാട്ടുന്നു[42].

## സാമൂഹികസങ്കല്പങ്ങൾ

മനുഷ്യസമൂഹങ്ങളിൽ സാധാരണ ഗതിയിൽ ആരംഭിക്കുന്ന ചില ആചാരങ്ങൾ, ക്രമേണ പ്രചരിച്ച്, വളർന്നു, ശക്തിപ്പെട്ടു നൈയാമിക സ്വഭാവമുള്ള 'ചട്ട' ങ്ങളായി തീരുന്നു. ഇവയാണ്, പിന്നീടു ജീവിതത്തിലെ ആചാര സമ്പ്രദായങ്ങളെയെല്ലാം നീതീകരിക്കുന്നത്; നിർണ്ണയിക്കുന്നത്. (ഇങ്ങനെ, സങ്കല്പങ്ങളിൽ നിന്ന് ഉയിർകൊണ്ട 'ചട്ട'ങ്ങളെ നമുക്ക്, 'സാമൂഹികസങ്കല്പ'ങ്ങളെന്ന് (Social Myths) തത്കാലം വിളിക്കുക.) ഉദാഹരണത്തിന്, ഇൻഡ്യയിലെ വർണ്ണ (ജാതി) വ്യത്യാസങ്ങൾ എടുക്കുക. പലരും ഇപ്പോഴും ധരിച്ചുവെച്ചിരിക്കുന്നതു വിവിധജാതികളുടെ ഉത്ഭവകാരണം, മനുഷ്യർതന്നെ ഉന്നതരും അധമരും എന്നിങ്ങനെ വ്യത്യസ്തരായതുകൊണ്ടാണെന്നാണ്. മനുഷ്യരെ ബ്രാഹ്മണരും, ക്ഷത്രിയരും വൈശ്യരും, ശൂദ്രരും, സമൂഹഭ്രഷ്ടരുമായി തിരിച്ചിരിക്കുന്നതു ദൈവങ്ങളുടെയിടയിൽത്തന്നെയുള്ള വിഭാഗിക പ്രവർത്തനങ്ങളുടെ തലത്തിലാണത്രെ! ഓരോരുത്തന്റെയും യോഗ്യതകളനുസരിച്ച്, പുനർജന്മത്തിൽ ഉന്നതനോ അധമനോ ആയി ജനിക്കുമെന്നതും ഇപ്പറഞ്ഞ തരത്തിലുള്ള വിശ്വാസത്തിന്റെ ഭാഗമാണ്. ഉന്നത വർഗ്ഗങ്ങളെക്കുറിച്ചുള്ള പുരാതന കഥകൾ, അന്ധവിശ്വാസപരമായ ധാരണകൾ എന്നിവയും അസമത്വം നിലനിർത്താൻ വേണ്ടി മാത്രം മെനഞ്ഞുണ്ടാക്കിയവയാണ്. വീണ്ടും അയിത്തം, ഒരേ ജാതിയിലുള്ളവരുമായി മാത്രം വിവാഹം നടത്തുന്ന ആചാരം, ഓരോ വർഗ്ഗത്തിനുമുള്ള 'കുലദേവന്മാർ' അവർക്കുള്ള പ്രത്യേക ആചാരവണക്കങ്ങൾ ഇവയും, കേവലം സങ്കല്പങ്ങൾ മാത്രമാണ്. അപ്പോൾ, മേൽവിവരിച്ചവിധമുള്ള വിശ്വാസങ്ങളുടെയും, പാരമ്പര്യങ്ങളുടെയും, ബോധ്യങ്ങളുടെയും അകത്തുകയാണ് "സോഷ്യൽ മിഥ്"—"സാമൂഹ്യസങ്കല്പങ്ങൾ,"–ഇവ യാഥാർത്ഥ്യങ്ങളല്ല. പക്ഷേ, യാഥാർത്ഥ്യങ്ങളെക്കാൾ

ബോധ്യംപകരുന്ന കാര്യങ്ങളായി, അവ മനുഷ്യജീവിതത്തിൽ പ്രാബല്യം പുലർത്തുന്നു; മനുഷ്യൻ അവയെ അന്ധമായി ആദരിക്കുകയും ചെയ്യുന്നു[43].

ഇന്നത്തെ സാമൂഹ്യവ്യവസ്ഥിതിയുടെ മൂലക്കല്ലായി നില്ക്കുന്ന പുരുഷമേധാവിത്വവും ഇദൃശ മിഥ്യകളുടെ കഥ തന്നെയാണു പറയുക. വർണ്ണവിവേചനത്തെ പിന്താങ്ങിയ സാമൂഹ്യസങ്കല്പങ്ങൾ പരിത്യജിക്കപ്പെട്ടതുപോലെ, പുരുഷ മേധാവിത്വത്തെ കുടിയിരുത്തുന്ന സങ്കല്പങ്ങളും ദൂരീകരിക്കേണ്ടതു തന്നെ. കാരണം, അതും കാലഹരണപ്പെട്ട ചിന്താഗതിയിൽ നിന്ന് ഉയിർക്കൊണ്ടതാണ്. തെററിധാരണകളെ പരിഹരിക്കാനല്ല, ശാശ്വതീകരിക്കാനേ അതിനു സാധിക്കൂ. ഈ സങ്കല്പങ്ങൾ അവതരിപ്പിക്കുന്ന മൂല്യങ്ങൾ, ഇനിയുള്ള കാലത്ത്, നഗരസമൂഹങ്ങളിൽ ഒരിക്കലും വിലപ്പോവുകയില്ല.

## വ്യക്തികളുടെ വളർത്തലിലും സങ്കല്പ സ്വാധീനങ്ങൾ

വളരുന്നതോടൊപ്പം, ശിശുക്കളെ ഓരോ സമൂഹവും അതാതിന്റെ ചിന്താമാതൃകയിലാണു രൂപപ്പെടുത്തുക, പരിശീലിപ്പിക്കുക. മാതാപിതാക്കൾ, തങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുന്ന രീതിയിൽ അവരുടെ ആശയങ്ങൾ കുട്ടികളിൽ അടിച്ചേല്പിക്കുന്നു. സ്ത്രീയോടോ പുരുഷനോടോ ഉള്ള മനസ്ഥിതിയെ ഇതു ബാധിക്കും. പൗരുഷവും, സ്ത്രൈണവത്വവും, ചെറുപ്പത്തിലേതന്നെ കുട്ടികളിൽ അങ്കുരിക്കുന്ന ധാരണകളാണ്[44]. 110 സമൂഹങ്ങളിൽ നടത്തിയ ഗവേഷണ പഠനം തെളിയിച്ചു, കുട്ടികൾ നാലുവയസ്സു പ്രായം മുതൽ, ഭാവിയിലെ തങ്ങളുടെ കർത്തവ്യ നിർവ്വഹണത്തിന് ഉചിതമായ പ്രത്യേകാന്തരീക്ഷത്തിലാണു വളർത്തപ്പെടുകയെന്ന്. വലിയ നേട്ടങ്ങൾക്കുവേണ്ടി പരിശ്രമിക്കാനും, സ്വശക്തിയിൽ വിശ്വസിക്കാനുമുള്ള ആദർശങ്ങളാണു ഒട്ടുമിക്ക സമൂ

ഹങ്ങളിലും (85%) ആൺകുട്ടികൾക്കു നല്കുക. കുടുംബകാര്യങ്ങളിൽ ഉത്തരവാദിത്വവും (82%) സംരക്ഷണപരമായ കാര്യങ്ങളിൽ ശ്രദ്ധയും (61%) ആണു പെൺകുട്ടികളുടെ വളർത്തലിൽ സമൂഹം നോക്കുക. മുമ്പു സൂചിപ്പിച്ചതുപോലെ, സാധാരണ ആചാരധാരണകൾ 'ചട്ടങ്ങ'ളായിത്തീർന്ന്, അവ സ്ത്രീയുടെയും പുരുഷൻെറയും സ്വഭാവങ്ങളും, കൃത്യനിർവ്വഹണങ്ങളുംവരെ നിശ്ചയിക്കാൻ തുടങ്ങുന്നു!

## ഭാഷാപ്രയോഗങ്ങളും സങ്കല്പങ്ങളും

ഭാഷയിലെ പദപ്രയോഗങ്ങളിലൂടെ സാമൂഹ്യസങ്കല്പങ്ങളുടെ സ്വാധീനം എളുപ്പം ഗ്രഹിക്കാൻ സാധിക്കും. ഉദാഹരണത്തിന് 'മനുഷ്യൻ' (Man) എന്ന പദമെടുക്കുക. ഇതു 'പുരുഷൻ' എന്ന് ഒരു വ്യക്തിയെ സൂചിപ്പിക്കുന്നു; ഒപ്പം, മനുഷ്യവംശത്തേയും. ഇതിൽനിന്ന് 'പുരുഷനാ'ണ് മനുഷ്യ വംശത്തിൻെറ മാനദണ്ഡമായി നിർണ്ണയിക്കപ്പെടുക. അപ്പോൾ, സ്ത്രീയുടെ സ്വഭാവം എന്തോ പ്രത്യേകവും വ്യത്യസ്തവുമാണെന്നു നിഗമിക്കാം. അത് അളക്കപ്പെടുന്നതാകട്ടെ, 'പുരുഷ'നിലുള്ള 'മാനുഷിക'ത്വത്തിൻെറ പശ്ചാത്തലത്തിലും! ഇതേ സങ്കല്പമാണു, 'മനുഷ്യനായിരിക്കുക' (Being human) എന്ന പദപ്രയോഗത്തിലും കാണുക. സംസ്കൃതം, ഹീബ്രു, ലാററിൻ, ഗ്രീക്ക്, ഫ്രഞ്ചു ഭാഷകളിലും ഈ പ്രയോഗങ്ങൾ വ്യക്തമാണ്. "സ്ത്രീ ഒരു അപൂർണ്ണ മനുഷ്യൻ" (Woman is an incomplete man)[46] എന്ന ചില പാശ്ചാത്യരുടെ (അരിസ്റ്റോട്ടിൽ, അക്വിനാസ്) പ്രസ്താവങ്ങൾ, പല സംസ്കാരങ്ങളുടെയും അടിസ്ഥാനപരമായ ബോധ്യങ്ങൾ തന്നെയാണ്. സത്യത്തിൽ, ജീവശാസ്ത്രപരമായി പറഞ്ഞാൽ, പുതുജീവനുകളെ സംരക്ഷിക്കുന്നവൾ എന്ന നിലയിൽ സ്ത്രീയാണു പൂർണ്ണയായ വ്യക്തി. എങ്കിലും,

പലപ്പോഴും, രണ്ടാം കിടയിൽ പെട്ടതെന്നും, 'സെക്കൻറ് സെക്സ്' എന്നുമാണു സ്ത്രീയെ കരുതുക.

ഇംഗ്ലണ്ടിൽ, സാമൂഹ്യസങ്കല്പങ്ങൾ സ്ത്രീകളെയും പുരുഷന്മാരെയും വ്യത്യസ്ത ജോലികൾക്കായി തരംതിരിച്ചിട്ടുണ്ട്. ഗണിത ശാസ്ത്രജ്ഞരും, ഊർജ്ജതന്ത്രജ്ഞരും എൻജിനീയറന്മാരുമൊക്കെ പുരുഷേയ (Manly) ജോലികൾ നിർവ്വഹിക്കുന്നവരായിട്ടാണു വെയ്പ്. ഈ ജോലികൾ കൂടുതൽ അദ്ധ്വാനവും, ബുദ്ധിയും ആവശ്യപെടുന്നവയാണ്. നോവലിസ്ററുകളും കവികളും കലാകാരന്മാരും, പുരുഷന്മാരാണെങ്കിൽത്തന്നെയും കുറെ സ്ത്രൈണവസ്വഭാവമുള്ളവരാണെന്ന സങ്കല്പവും ഇല്ലാതില്ല. ഇവരാകട്ടെ, മൃദുലസ്വഭാവക്കാരും ഭാവനാസമ്പന്നരും, സൗഹൃദപ്രകൃതക്കാരുമാണത്രേ! ഈ സങ്കല്പങ്ങളാലാണു സ്ത്രീകൾ ചില ജോലികളിൽനിന്നു വേർതിരിക്കപ്പെട്ടിരിക്കുന്നത്. മൊത്തമെടുത്ത കണക്കിൽ, ഊർജ്ജതന്ത്രജ്ഞന്മാരുടെ കൂട്ടത്തിൽ അഞ്ചിലൊന്നും, രസതന്ത്രവിഭാഗത്തിൽ മുന്നൂറിലൊന്നും, ഇലക്ട്രിക്കൽ എൻജിനിയറിംഗ് വിഭാഗത്തിൽ അഞ്ഞൂറിലൊന്നും മാത്രമേ സ്ത്രീകളെ കണ്ടെത്തിയുള്ളു. ജോലിയുടെ സ്വഭാവമോ, അതുചെയ്യാനുള്ള കഴിവോ അല്ല ഈ തരംതിരിവു വരുത്തിയത്. പ്രത്യുത, സാമൂഹ്യബോധമാണെന്ന് വ്യക്തം. മിക്ക ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വ്യത്യസ്തങ്ങളായ ജോലികൾ നിർവ്വഹിക്കുവാൻ കഴിവുണ്ടെങ്കിലും, സാമൂഹ്യ സങ്കല്പങ്ങൾ വിലങ്ങു തടിയായി നില്ക്കുന്നതുകൊണ്ട്, മന:ശ്ശാസ്ത്രപരമായിത്തന്നെ, ചെറുപ്പത്തിലേ മറിച്ചു പരിശീലിക്കപ്പെടുകയാണ്[47].

**സാമൂഹികസങ്കല്പങ്ങളും മതവും**

ലൈംഗിക പെരുമാററരീതികൾ സംബന്ധിച്ച് അടുത്തകാലത്തു ഇററലിയിൽ നടത്തിയ ചില ഗവേഷണങ്ങൾ, പുരുഷന്മാരുടെയിടയിലെ ചില ദുരാ

ചാരങ്ങളെ വെളിച്ചത്തുകൊണ്ടുവന്നു. ചില നഗരങ്ങളിൽ, പ്രായപൂർത്തിയായ പുരുഷൻമാരിൽ 50% വ്യഭിചാരവൃത്തിയിൽ ഏർപ്പെടുന്നവരാണ്. ഇതു കേവലം മാനുഷിക ദുർബലതയാണെന്നു സമാശ്വസിക്കുന്നു! ഇവരിൽത്തന്നെ 75% പേരും, സ്ത്രീകളുടെ, വിവാഹത്തിനുമുമ്പുള്ള അവിഹിത ബന്ധങ്ങളെ നിശിതമായി വിമർശിക്കുന്നവരാണ്! അതിലുപരി, അവരെ ശപ്തരായി കരുതുകയും ചെയ്യുന്നു! പരസ്പര വിരുദ്ധമായ ഈ നിലപാടു വികലമായ ഒരു സാമൂഹ്യ മിഥ്യാസങ്കല്പത്തിൽ നിന്നുത്ഭവിച്ചതാണെന്നു പറയേണ്ടതില്ലല്ലോ.

പൊതുധാരണയിൽ സ്ത്രീകളെ രണ്ടുതരക്കാരായി തിരിക്കാം. ഒന്ന്: ലൈംഗികമായി ദൂഷിതരാകാത്തവർ; രണ്ട്: ലൈംഗികാസക്തിയിൽ മുഴുകി ദൂഷിതരായവർ. പല പുരുഷൻമാരും തങ്ങളുടെ ഭാര്യമാർ എപ്പോഴും നിർമ്മലരായിരിക്കാൻ ആഗ്രഹിക്കുന്നു. വ്യക്തിപരമായിട്ടോ, പരസംസർഗ്ഗത്തിൽ കാര്യമായ തെററു കാണാതെ, അതിൽ സംതൃപ്തി കണ്ടെത്തുന്നു. ഇതു മാനസികമായ ഒരു വൈകല്യവും ദാംഭികത്വവുമാണ്. ഈ സാഹചര്യം സ്ത്രീകളെ സംബന്ധിച്ചു വലിയ മാനസികസംഘട്ടനങ്ങൾക്കു വഴിതെളിക്കുന്നു[48].

ലൈംഗികത, ശുദ്ധത, ബ്രഹ്മചര്യം, വിവാഹം എന്നിവയെ സംബന്ധിച്ച ക്രിസ്തീയ ദൈവശാസ്ത്രം മുഴുവൻ നൂററാണ്ടുകളായി, വിവിധ സാംസ്ക്കാരിക സങ്കല്പങ്ങളിലൂടെ രൂപപ്പെട്ടുവന്നതാണെന്നു പൊതുവെ അംഗീകരിച്ചു കഴിഞ്ഞു. പിതാക്കൻമാരുടെ കാലഘട്ടത്തിലെ പല എഴുത്തുകാരെയും സംബന്ധിച്ചു ശരീരത്തോടു ബന്ധപ്പെടുത്തുന്നതെന്തും, ഒരളവുവരെ തിൻമയാണ്. മഹാനായ ഗ്രിഗറിയുടെ അഭിപ്രായത്തിൽ ലൈംഗിക സംയോഗത്തിൽ തിൻമയുടെ ഘടകങ്ങളുണ്ട്! അതു സംയോഗത്തിലെ സന്തോഷാനുഭൂതിയിൽ നിന്നുളവാകുന്നതാണത്രെ[49]!

സെൻറ് തോമസും സ്ക്കൊളാസ്ററിക്കുകളും വിവാഹത്തെ സാംസ്ക്കാരിക സങ്കല്പങ്ങളിലാണ് ആധാരമാക്കുന്നത്; ഈ സങ്കല്പങ്ങളാകട്ടെ, കാർഷിക പശ്ചാത്തലങ്ങളിലും. ഇതുമൂലം പുരുഷ ബീജം പരിപൂർണ്ണ മനുഷ്യവ്യക്തിയുടെ ചെറിയ പകർപ്പാണ്. അതിനാൽ 'ഓനനിസം', ഗർഭച്ഛിദ്രത്തിന് തുല്യമായി കരുതപ്പെട്ടു. അപ്പോഗം, പ്രത്യുത്പാദനത്തിൽ സ്ത്രീയുടെ പങ്കു തീർത്തും, 'കൃഷിഭൂമി'യുടേതു മാത്രമാണ്. അതായത്, പുരുഷബീജം സ്വീകരിച്ചു മുളപ്പിച്ചു വളർത്തിയെടുക്കുക. ഇതിൽ കവിഞ്ഞൊന്നും ഒരു സ്ത്രീയ്ക്കു ചെയ്യാനില്ല[50].

കഴിഞ്ഞ അദ്ധ്യായത്തിൻെറ അന്ത്യത്തിൽ സൂചിപ്പിച്ചതുപോലെ, സ്ത്രീ പൗരോഹിത്യം സംബന്ധിച്ചുള്ള വിവാദത്തിലെ മുഖ്യപ്രശ്നം ക്രിസ്തു തൻെറ അപ്പസ്തോല സമൂഹത്തിൽ സ്ത്രീകളെ പെടുത്താതിരുന്നതു അക്കാലത്തെ സാമൂഹ്യസങ്കല്പങ്ങളുടെ സമ്മർദ്ദത്താലോ മറേറതെങ്കിലും കാരണങ്ങളാലോ എന്നതാണ്. സാമൂഹ്യസാഹചര്യങ്ങളാണു കാരണമെങ്കിൽ, തീർച്ചയായും അവിടുന്നു സ്ത്രീപൗരോഹിത്യത്തെ ഒരിക്കലും എതിർത്തിട്ടില്ല. മറിച്ച്, ദൈവശാസ്ത്രപരമായ കാരണങ്ങളാലാണു പുരുഷന്മാരെമാത്രം നിയോഗിച്ചതെങ്കിൽ അതു കാലാതീതയാഥാർത്ഥ്യമായി എന്നും നിലനില്ക്കും. ഏതായാലും വൈകാരികമുൻവിധികഠം കൂടാതെ, നിഷ്പക്ഷമായ, വേദപുസ്തകാടിസ്ഥാനത്തിലുള്ള ഒരു പഠനം ആവശ്യമാണ്. ഇത് വിവാദവിഷയത്തിൽ നിർണ്ണായകമായ ഒരു തീരുമാനമെടുക്കാൻ നമ്മെ സഹായിക്കും.

## നാല്

# സാമൂഹ്യ സങ്കല്പങ്ങളോട് ക്രിസ്തു അനുരൂപപ്പെട്ടുവോ?

"ക്രിസ്തു തന്റെ അപ്പസ്തോലന്മാരിൽ ഒരാളായി യാതൊരു സ്ത്രീയെയും സ്വീകരിച്ചില്ല; ശരിയാണ്. ഇതുമൂലം സാമൂഹ്യാചാരങ്ങളോട് അവിടുന്ന് അനുരൂപപ്പെടുകയാണുചെയ്തതെന്നു പറയാനാവില്ല. കാരണം, ആ കാലഘട്ടത്തിന്റെ മന:സ്ഥിതിയിൽനിന്നു വ്യത്യസ്ഥമായ ഒരു നിലപാടാണ് അവിടുന്നു സ്വീകരിച്ചത്. സധൈര്യം, ബോധപൂർവ്വം പല സാമൂഹ്യാചാരങ്ങളെയും ക്രിസ്തു ഖണ്ഡിച്ചിട്ടുണ്ട്.

ഉദാഹരണത്തിനു, തന്റെ ശിഷ്യന്മാരെ വിസ്മയിപ്പിച്ചുകൊണ്ടു, യേശു സമറിയാക്കാരിയോടു ദീർഘനേരം പരസ്യമായി സംസാരിച്ചു (യോഹ. 4:27). നൈയാമികങ്ങളായ അശുദ്ധസങ്കല്പങ്ങളൊന്നും രക്തസ്രാവക്കാരിയുടെ കാര്യത്തിൽ കാണിച്ചില്ല (മത്താ. 9:20–22). ഫരിസേയ പ്രമാണിയായ സൈമണിന്റെ വീട്ടിൽ വിരുന്നിനിരുന്നപ്പോഴം പാപിനിയുമായി സംസാരിക്കുവാൻ ധൈര്യപ്പെട്ടു (ലൂക്കാ. 7:37). വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയോടു

ക്ഷമിച്ചു; തുടർന്ന് ഒരു വലിയ സത്യം അവിടുന്നു വെളിവാക്കി: അവരം സ്ത്രീയാണെന്ന കാരണത്താൽ കൂടുതൽ ക്രൂരതകാട്ടേണ്ട ആവശ്യമില്ല; പുരുഷൻെറ പാപത്തെക്കാരം പ്രത്യേക ഹീനത സ്ത്രീയുടേതിനില്ല (യോഹ. 8:11). വിവാഹ ഉടമ്പടിയുടെ കാര്യത്തിൽ മോസസിൻെറ നിയമത്തിന് ഒരു ഭേദഗതി അവിടുന്നു വരുത്തി; സ്ത്രീപുരുഷസമത്വം സ്ഥാപിക്കാനാണ് അവിടുത്തെ വ്യഗ്രതയെന്ന്, വിവാഹമോചനത്തെക്കുറിച്ചുണ്ടായ വിവാദത്തിൽ അവിടുന്നു തറപ്പിച്ചു പറഞ്ഞു (മർക്കോ. 10:2–9: മത്താ. 19:3–9).

യേശുവിൻെറ പരസ്യജീവിതകാലത്ത് അവിടുത്തെ അനുഗമിച്ചിരുന്ന സ്ത്രീകളെക്കുറിച്ചും വേദപുസ്തകത്തിൽ ധാരാളം പരാമർശങ്ങളുണ്ട്. ഏഴു ദുഷ്ടാത്മാക്കരം വിട്ടുപോയവളും മാഗ്ഡലിൻ എന്നു വിളിക്കപ്പെട്ടിരുന്ന മറിയവും ഹേറോസിൻെറ കാര്യസ്ഥനായ കൂസായുടെ ഭാര്യ യോഹന്നായും, സൂസന്നായും, തങ്ങളുടെ സമ്പത്തുകൊണ്ട് അവരെ ശുശ്രൂഷിച്ചിരുന്ന മററു പല സ്ത്രീകളും അവരോടൊപ്പമുണ്ടായിരുന്നു (ലൂക്കാ. 8:2–3). ക്രിസ്തുവിൻെറ ഉത്ഥാനത്തെ സംബന്ധിച്ച സാക്ഷീകരണം നല്കുന്നതു സ്ത്രീകളാണ്. യഹൂദാചാരത്തിൽ ഇതത്ര സാധാരണമല്ല; സ്വീകാര്യമേയല്ല (മത്താ. 28:7–10; ലൂക്കാ. 24:9–10; യോഹ. 20:11–18). ഈ സ്ത്രീകളുടെ സാക്ഷീകരണമാണ് അപ്പസ്തോലന്മാരുടെ ഔദ്യോഗിക സാക്ഷീകരണത്തിനു കാരണമായിഭവിക്കുന്നത്. ഇങ്ങനെയൊക്കെയാണെങ്കിലും അപ്പസ്തോലരാകാനുള്ള 'വിളി' സ്ത്രീകരംക്കില്ല തന്നെ''

(സ്ത്രീപൗരോഹിത്യം സംബന്ധിച്ചുള്ള പ്രമാണരേഖയിലെ പ്രസക്ത ഭാഗങ്ങൾ)

സ്ത്രീയെ സംബന്ധിച്ചുള്ള സമകാലീന ചിന്താഗതിയോടു ക്രിസ്തു ഇണങ്ങിയോ പിണങ്ങിയോ എന്ന പ്രശ്നത്തിനു റോമൻപ്രമാണരേഖ മുൻതൂക്കം കൊടുക്കുന്നത് അസ്ഥാനത്തല്ല. മുമ്പു പ്രസ്താവിച്ചതുപോലെ തർക്കവിതർക്കങ്ങളുടെയൊക്കെ കേന്ദ്രബിന്ദു മററൊന്നല്ല തന്നെ. തൻെറ അപ്പസ്തോലഗണത്തിൽ സ്ത്രീകളെ ഉൾപ്പെടുത്താതിരുന്നത് അന്നത്തെ സാമുദായികാചാരപ്രകാരമായിരുന്നെങ്കിൽ, മാറിയ പരിത:സ്ഥിതികളിലും അങ്ങനെ ചെയ്യാൻ മടിക്കുന്നതിൽ കഴമ്പില്ല. അന്നു നിലവിലിരുന്ന പുരുഷമേധാവിത്വമെന്ന സാമൂഹ്യാചാരത്തെ ക്രിസ്തു ധിക്കരിക്കുകയും അതേസമയം സ്ത്രീകളെ ശിഷ്യസമൂഹത്തിൽ പെടുത്താതിരിക്കുകയും ചെയ്തെങ്കിൽ, സനാതനമായ ഒരു മാനദണ്ഡം അവിടുന്ന് ആവിഷ്കരിക്കുകയായിരുന്നെന്നു വ്യക്തമായേനെ.

ഇവിടെ വ്യക്തിപരമായ അഭിപ്രായം അടുക്കടുക്കായി പ്രകടിപ്പിക്കണമെങ്കിൽ ആദ്യമേ തന്നെ മുന്നുദ്ധരിച്ച റോമൻ വാദഗതികളെ സൂക്ഷ്മപരിശോധന ചെയ്യേണ്ടി വരും. തത്ഫലമായി മാത്രമേ, ക്രിസ്തു അന്നു നിലവിലിരിന്ന സാമൂഹ്യാചാരങ്ങളെ ധ്വംസിച്ചതായി പ്രമാണരേഖ തെളിയിക്കുന്നില്ലെന്ന് എടുത്തു കാണിക്കാനാവൂ. കൂടാതെ സുവ്യക്തമായ തെളിവുകൾ ഹാജരാക്കുകയും ചെയ്യാം. ക്രിസ്തു പുരുഷമേധാവിത്വമെന്ന സമകാലീന സാമൂഹ്യസങ്കല്പത്തെ ആദരിച്ചതു നാലു പ്രകാരമാണ്.

a) 'പിതാവ്' എന്ന യഹൂദപ്രതീകത്തോടു ക്രിസ്തുവിനുണ്ടായിരുന്ന അടുപ്പവും താത്പര്യവും;

b) യഹൂദാചാരപ്രകാരമുള്ള 'ഭർത്താവി'ൻെറ ദൗത്യം ക്രിസ്തു അംഗീകരിച്ചു

c) യഹൂദർ സെക്സിനെ ഗ്രഹിച്ചിരുന്നതു ശരിയാണെന്ന വിധത്തിൽ ക്രിസ്തുവും സംസാരിച്ചു;

d) മതമണ്ഡലത്തിൽ സ്ത്രീകളെ രണ്ടാംതരക്കാരായി കരുതിയ അന്നത്തെ ധാരണകളോടു ക്രിസ്തുവും യോജിച്ചു.

മററു വാക്കുകളിൽ പറഞ്ഞാൽ, യഹൂദസമൂഹത്തിൽ പുരുഷൻ പുലർത്തിപ്പോന്ന ആധിപത്യസമ്പ്രദായത്തെ ക്രിസ്തു ചോദ്യം ചെയ്തില്ല തന്നെ. പ്രസ്തുത ആചാരത്തെ അംഗീകരിച്ചുറപ്പിക്കുകയും അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്തിരുന്നു.

### റോമൻ രേഖകളിലെ വാദഗതികൾ നിരീക്ഷകൻെറ കണ്ണാടിയിൽ

ക്രിസ്തു 'ബോധപൂർവ്വ'വും 'സധൈര്യ'വും സ്ത്രീയോടുണ്ടായിരുന്ന വിവേചനയെ തകർത്തതായി റോമൻ രേഖകൾ ചൂണ്ടിക്കാട്ടുന്നു. പക്ഷേ, അതിനു അവതരിപ്പിക്കുന്ന ഉദാഹരണങ്ങൾ വിശ്വാസ്യങ്ങളേയല്ല. യഹൂദാചാരങ്ങളിൽ നിന്നുള്ള ക്രിസ്തുവിൻെറ വ്യതിചലനം ഓരോ കാര്യത്തിലും, സ്ത്രീയുടെ നിലയെ (Status) സംബന്ധിച്ച വിധിതീർപ്പിനേക്കാൾ പാപപുണ്യങ്ങൾ സംബന്ധിച്ച വിധി പ്രസ്താവങ്ങളായിരുന്നു. സ്ത്രീകളോട് അവിടുന്നു കരുണ കാണിച്ച നാലു സംഭവങ്ങളാണുള്ളത്. സമറിയാക്കാരി, രക്തസ്രാവക്കാരി, പാദക്ഷാളനം നടത്തിയവൾ, വ്യഭിചാരിണി. ഈ നാലുസംഭവങ്ങളിലും പാപത്താൽ അവിശുദ്ധമായിഭവിച്ച വ്യക്തികളുടെ നേരെയുള്ള കരുണാമസൃണമായ സമീപനത്തിലെ ഒരു നൂതനതത്വമാണു ദൃശ്യമാവുക. അവർ സ്ത്രീകളായിരുന്നതുകൊണ്ടു കാരുണ്യം കൂടുതൽ കാണിച്ചുവെന്നല്ലാതെ കാരുണ്യത്തിൻെറ തരം മാറിയിട്ടില്ല. പാപികളായ പുരുഷന്മാരോടു—മേൽക്കൂരയി

ലൂടെ കട്ടിലിൽ ഇറക്കിയ തളർവാതരോഗി, സക്കേവൂസ്, കഫർനാഹോമിലെ കുഷ്ഠരോഗി, നല്ല കള്ളൻ തുടങ്ങിയവരോടു–ക്രിസ്തു പ്രദർശിപ്പിച്ച കാരുണ്യവും മറെറാന്നായിരുന്നില്ലല്ലോ ?

ശൂന്യമായ ശവകുടീര ദർശനത്തിനു ഭാഗ്യം ലഭിച്ചതും സ്ത്രീകൾക്കാണ്. പ്രമാണരേഖ സമ്മതിക്കുന്നതുപോലെ, അവരെ സാക്ഷികളായി പരിഗണിക്കാവതല്ല. ക്രിസ്തുവിൻെറ ഉത്ഥാനത്തിൻെറ സാക്ഷികളുടെ ഔദ്യോഗിക പട്ടികയിൽ (1 കോറി, 15:3–8) ഒററ സ്ത്രീപോലുമില്ലതന്നെ. ജറുസലത്തിനു സമീപം പ്രയോഗത്തിലിരുന്ന ദൈവാരാധനാവിധികളാവാം, പക്ഷേ, ശൂന്യകുടീരകഥയുടെ ഉറവിടം[51]. പലസ്തീനിലാണ് ഈ കഥയ്ക്കു നൈയാമികമായ സ്ഥാനം ലഭിച്ചത്. യഹൂദ ചിന്താഗതിയനുസരിച്ച്, ശിഷ്യന്മാർ ഔദ്യോഗിക സാക്ഷികളായി പരിഗണിക്കാൻ അന്നേതുടങ്ങിയിരക്കണം. (മത്താ. 28:1–10; യോഹ. 20:1–10). വ്യവസ്ഥാപിതമായ യഹൂദാചാരത്തിൽനിന്ന് ഭിന്നമായി ഒന്നും തന്നെ ഇവിടെ കാണാനില്ല.

വിവാഹമോചനം സംബന്ധിച്ചുള്ള ലിഖിതങ്ങളും ശ്രദ്ധേയങ്ങളാണ്. ഫരിസേയർ ചോദിക്കുന്നത് ഇങ്ങനെയാണ്: "ഏതെങ്കിലും കാരണത്താൽ പുരുഷൻ ഭാര്യയെ ഉപേക്ഷിക്കുന്നതു നിയമത്തിനു വിരുദ്ധമാണോ?" വിവാഹമോചനത്തിനു ഉപോദ്ബലകമായി ഉന്നയിക്കുന്ന ന്യായങ്ങളുടെ ഗൗരവം സംബന്ധിച്ച് യഹൂദരുടെയിടയിൽ വ്യത്യസ്തമായ കാഴ്ചപ്പാടുകൾ ഉണ്ടായിരുന്നു. എങ്കിലും യഥാർത്ഥമായ വിവാഹത്തിനു മോചനസാദ്ധ്യത പോലുമില്ലെന്നു യേശു അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു. ആ ചോദ്യത്തിൻെറ ശൈലി തന്നെ പുരുഷമേധാവിത്വം വിളിച്ചു പറയുന്നതാണല്ലോ? നിയമപ്രകാരം വിവാഹമോചനത്തിനുള്ള ഏകപക്ഷീയമായ അവകാശമാണു പുരുഷനുണ്ടായിരുന്നത്. പുരുഷനു ഭാര്യയെ ഉപേക്ഷിക്കാം; പക്ഷേ, ഭാര്യയ്ക്കു ഭർ

ത്താവിനെ ഉപേക്ഷിച്ചുകൂടാ! മത്തായി എഴുതിയ സുവിശേഷത്തിൽ വിവാഹമോചനത്തെ ക്രിസ്തു അംഗീകരിക്കുന്നില്ലെങ്കിലും പുരുഷൻെറ അവകാശമായി അതിനെ പരോക്ഷമായി വിവക്ഷിക്കുന്നു. “ഞാൻ നിങ്ങളോടു പറയുന്നു, പരസംഗം അല്ലാതെ മററൊരു കാരണത്താൽ ഭാര്യയെ ഉപേക്ഷിച്ച് മററൊരുവളെ വിവാഹം ചെയ്യുന്നവൻ വ്യഭിചാരം ചെയ്യുന്നു.” (മത്താ. 19:9)

ഒരു പക്ഷേ, ഇതു ക്രിസ്തു നല്തിയ മറുപടിയുടെ ചരിത്രപരമായ രീതിയാവാം. വിവാഹത്തിൻെറ കേന്ദ്രബിന്ദു പുരുഷനാണെന്ന യഹൂദചിന്താഗതിയോട് അവിടുന്നു പൊരുത്തപ്പെടുന്നതായും തെളിയിച്ചേക്കാം. “ആരെങ്കിലും ഭാര്യയെ ഉപേക്ഷിക്കുന്നപക്ഷം, അവൻ അവൾക്കു മോചനപത്രം കൊടുക്കട്ടെ’യെന്നു പറയുന്നുണ്ടല്ലോ? എന്നാൽ ഞാൻ പറയുന്നു, പരസംഗം നിമിത്തമല്ലാതെ ഭാര്യയെ ഉപേക്ഷിക്കുന്നവൻ അവളെ വ്യഭിചരണിയാക്കുന്നു....” (മത്താ. 5:31–32). ഇവിടെയും ഭർത്താവാണു കേന്ദ്രസ്ഥാനത്ത്. മാർക്കോസ് സുവിശേഷകൻെറ ഭാഷയിൽ (10:11–12) ഭാര്യ പുരുഷനെ ഉപേക്ഷിക്കുന്നതായി പറയുന്നതു റോമൻ ശ്രോതാക്കൾക്കിണങ്ങിയ വിധം അദ്ദേഹം, യേശുവിൻെറ ചിന്ത വിശദീകരിച്ചതാണെന്നു കരുതണം[52]. റോമൻ നിയമപ്രകാരം വിവാഹമോചനത്തിനുള്ള അവകാശം ഇരുവർക്കും തുല്യമായിരുന്നു. വേറെ വാക്കുകളിൽ പറഞ്ഞാൽ, സ്ത്രീകളുടെ അവകാശങ്ങളെ ക്രിസ്തു കണിശമായി അംഗീകരിച്ചിരുന്നുവെന്നതിനു തെളിവാണിത്. അല്ലാതെ, സാമൂഹ്യസങ്കല്പങ്ങളെ തച്ചുടക്കുന്നതിൻെറ ഉദാഹരണമല്ല.

സ്ത്രീകളോടുള്ള പെരുമാററത്തിൽ നൂതനമായ ഒരു സമീപനം ക്രിസ്തുവിനുണ്ടായിരുന്നുവെന്നത് അവിതർക്കിതമാണ്. (ഇതേപ്പററി അവസാന അദ്ധ്യായങ്ങളിൽ കൂടുതലായി പ്രതിപാദിക്കാം) ഇവിടെ ഉയർന്നുനില്ക്കുന്ന ഒരു ചോദ്യമുണ്ട്: ക്രിസ്തു

തൻെറ കാലഘട്ടത്തിലെ സ്ത്രീകളോടുള്ള ബന്ധു സംബന്ധിച്ചു സാമൂഹ്യാചാരങ്ങളെ 'സധൈര്യം ബോധപൂർവ്വം' മറികടന്നുവോ? ഇല്ല, ഒരിക്കലുമില്ല എന്നതാണുത്തരം. ഒന്നു രണ്ടു സംഭവങ്ങൾ സൂചിപ്പിക്കുന്നതുപോലെ, യഹൂദാചാര്യന്മാരുടെ പെരുമാററരീതിയിൽ നിന്നും വ്യത്യസ്തമായി ക്രിസ്തു ചരിച്ചതായി കാണുന്നുണ്ട്. കാരുണ്യം കാണിക്കേണ്ടിവന്നിടത്ത് അതും ചെയ്യുന്നുണ്ട്, തുറന്ന മനഃസ്ഥിതിയോടെ (മത്താ. 9:12-13). പക്ഷേ, സ്ത്രീകളെ തരംതാഴ്ത്തിയിരുന്നതിനെതിരായ ഒരു നടപടിയായി ഇതിനെ കാണിക്കാനാവില്ല. സാധുജനങ്ങൾക്കുവേണ്ടി അവിടുന്നു നിലകൊണ്ടിരുന്നതുപോലെ സ്ത്രീവിമോചനത്തിനായി അവിടുന്നു വിപ്ളവം മുഴക്കിയിട്ടില്ല. ശാബദാചരണം തുടങ്ങിയ സമ്പ്രദായികാചാരാനുഷ്ഠാനങ്ങളുടെ കാര്യത്തിൽ ഫരിസേയരെ യേശു എതിർത്തിട്ടുണ്ട്. സ്ത്രീമർദ്ധനത്തിനെതിരായ വാക്കുതർക്കങ്ങളൊന്നും അവിടുത്തെ പ്രതിപാദനങ്ങളിൽ കാണുന്നില്ല. സ്ത്രീവിമോചന പ്രശ്നം അന്ന് ഉദിച്ചിരുന്നില്ലെന്നു സിദ്ധം. അതിനുള്ളസാധ്യതകളേയില്ലായിരുന്നു. അതിനുള്ള സാമൂഹ്യപരിതോവസ്ഥ പാകമായിട്ടില്ലായിരുന്നു എന്നു വേണം കരുതാൻ.

## യേശുവും യഹൂദരുടെ 'പിതാവ്' എന്ന പ്രതീകവും

പുരുഷനാണു യഹൂദർക്കു കുടുംബത്തലവൻ. അത് അനിഷേധ്യമായ സത്യമാണ്. എല്ലാ ബന്ധങ്ങളും പുരുഷനെ കേന്ദ്രീകരിച്ചായിരുന്നുതാനും. ഭാര്യയും മക്കളും (ആൺമക്കൾ പ്രത്യേകിച്ച്) പുരുഷൻെറ വിലപ്പെട്ട സമ്പത്തുക്കളൊണ്.

> "നിൻെറ ഭവനത്തിൻെറ അകഭിത്തികളിൽ പടരുന്ന ഫലവത്തായ മുന്തിരിച്ചെടി പോലെയായിരിക്കും നിൻെറ ഭാര്യ;

ഒലിവു മരത്തിൻെറ ചുററുമുള്ള ശിഖരങ്ങൾ പോലെ ആയിരിക്കും, മേശയ്ക്കു ചുററും നിൻെറ പുത്രൻമാർ'' (സങ്കീ. 128: 3).

പിതാവിനാണു മക്കളുടെ മേൽ പൂർണ്ണാധികാരം ഉണ്ടായിരുന്നത്. അവരുടെ ഭാവി നിർണ്ണായകാവകാശവും അയാളുടേതുതന്നെ (ഉത്പ. 43:1–15; 2സാമു. 13:23–27). കുടുംബസ്വത്തുക്കൾ പൈതൃകമായി കിട്ടിയിരുന്നതു പുരുഷൻമാർ വഴിയാണ്, സ്ത്രീകളിലൂടെയല്ല. പുരുഷസന്തതികളാരുമില്ലാതിരുന്ന സന്ദർഭങ്ങളിൽ മാത്രമേ പെൺമക്കൾക്കു പൈതൃകം ലഭിച്ചിരുന്നുള്ളൂ (സംഖ്യ. 27:1–11; 36:1–12). കുടുംബത്തിൻെറ ഏകാധികാരിയെന്നനിലയിൽ ആൺമക്കൾക്കു സ്വത്തു വിഭജിച്ചു കൊടുത്തിരുന്നതു പിതാവു തന്നെ (നിയ. 21: 15–17). പിതാവിൻെറ അധികാരത്തെയും ആൺമക്കളോടും പെൺമക്കളോടുമുള്ള പെരുമാററത്തെയും മനോഹരമായി വർണ്ണിക്കുന്ന ഭാഗം താഴെ ഉദ്ധരിക്കാം:

> "നിനക്കു കന്നുകാലികളുണ്ടെങ്കിൽ അവയെ നീ പരിപാലിക്കുക; ഉപകാരപ്രദമെങ്കിൽ, അവയെ സംരക്ഷിക്കുക. നിനക്കു പുത്രൻമാരുണ്ടെങ്കിൽ അവരെ ഉപദേശിക്കുക; ചെറുപ്പം മുതൽ അവരെ അനുസരണമുള്ളവരായി വളർത്തുക. നിനക്കു പുത്രിമാരുണ്ടെങ്കിൽ അവരെ വിരക്തരായി പാലിക്കുക; പക്ഷേ, അമിതമായി ലാളിക്കരുത്. നിൻെറ മകളെ യഥായോഗ്യം വിവാഹംകഴിച്ചു കൊടുക്കുക; അത് ഒരു വലിയ കാര്യമാണ്. എന്നാൽ വിവേകമതിക്കേ അവളെ നല്കാവൂ'' (പ്രഭാ. 7:24–27).

പുതിയനിയമ കാലഘട്ടത്തിലും പുരുഷൻ തന്നെ കുടുംബത്തലവൻ എന്ന നൈയാമിക നിലപാടിനു വ്യതിയാനമൊന്നും ഉണ്ടായില്ല. അതൊരു വസ്തുതയായിത്തന്നെ ക്രിസ്തു അംഗീകരിക്കുന്നതായി കാ

ണാം. ധൂർത്തപുത്രൻെറ കഥയിൽ (ലൂക്ക. 15:11–32) പിതാവാണല്ലോ മക്കൾക്കു സ്വത്തു വീതിച്ചു കൊടുക്കുന്നത്. വയലിൽ ജോലി ചെയ്യാൻ മനസ്സു കാണിച്ച പുത്രനും, അല്ലാത്തവനും, (മത്താ. 21:28–31) അതു നിശ്ചയിച്ചുകൊടുക്കുന്നതും പിതാവുതന്നെയാണ്. ഫരിസേയരോടു സംസാരിച്ച വേളയിൽ പിതാവിൻെറ സ്ഥാനത്തെപ്പററി ക്രിസ്തു തീർത്തും ബോധവാനായിരുന്നു: “നിങ്ങരം നിങ്ങളുടെ പിതാവായ പിശാചിൽ നിന്നാണ്; അവൻെറ ഇഷ്ടമനുസരിച്ചു പ്രവർത്തിക്കുവാൻ നിങ്ങരം ആഗ്രഹിക്കുന്നു (യോഹ. 8:44). ദാവീദിൻെറ കുലത്തോടുള്ള ക്രിസ്തുവിൻെറ ബന്ധത്തെപ്പററിയുള്ള പരാമർശവും സ്മർത്തവ്യമാണ്. യൗസേപ്പു യേശുവിൻെറ യഥാർത്ഥ പിതാവായിരുന്നെങ്കിൽ എങ്ങനെയാണു ദാവീദിൻെറ പുത്രനാവുക? സഖറിയാസിൻെറയും എലിസബത്തിൻെറയും പൗരോഹിത്യകുലത്തിൽ നിന്നാണല്ലോ മേരിയുടെ ഉദ്ഭവവും ? (ലൂക്ക. 1:36) ഇതിനു സുവിശേഷം നല്കുന്ന പ്രത്യുത്തരം തീർത്തും യഹൂദവിധി പ്രകാരമാണ്; യൗസേപ്പ് യേശുവിൻെറ ശാരീരികപിതാവായിരുന്നില്ലെങ്കിലും മറിയത്തിൻെറ നൈയാമികഭർത്താവെന്ന നിലയിൽ യേശുവിൻെറ നൈയാമിക പിതാവാണ് (മത്താ. 1:13–25). ഇത്, യഥാർത്ഥത്തിൽ ദാവീദിൻെറ സുതനാണു യേശുവെന്നു യഹൂദരെ ബോധ്യപ്പെടുത്താൻ മതിയായതായിരുന്നു; പക്ഷേ, നമ്മെ സംബന്ധിച്ചിടത്തോളം, ഇത്ര സാധുവായ വിധിയല്ല തന്നെ.

ക്രിസ്തു പറഞ്ഞ അന്യാപദേശങ്ങളിലൊക്കെ കുടുംബത്തലവനായി പുരുഷനെ ദർശിച്ചിരുന്ന വീക്ഷണം ദൃശ്യമാണ്. 'വീട്ടുടമസ്ഥൻ' (ലൂക്ക. 22:11) എപ്പോഴും പുരുഷനായിരുന്നു. 'വീടു പണിയുന്ന' തും (മത്താ. 7:26–27) അയാരം തന്നെ. കവർച്ചക്കാരിൽ നിന്നു വീടുരക്ഷിക്കുന്നതും പുരുഷൻ(മത്താ.12:19); കൊള്ളക്കാരിൽ നിന്നു വീടു കാക്കുന്ന ജാഗ്രതയുള്ള ഗൃഹനാഥനും (മത്താ. 24:43) പുരുഷൻ. വീണ്ടും, സ

മ്പത്തു സംരക്ഷിക്കുന്നതും (മത്താ. 25: 14–30) ദാസൻമാരുടെ മേൽ അധികാരം പ്രയോഗിക്കുന്നതും (മത്താ. 24: 45–51) വീടിൻെറ കലവറക്കാര്യം നിയന്ത്രിക്കുന്നതും (മത്താ. 13:52) പുരുഷൻ തന്നെ.

## ഭാര്യാഭർത്താക്കൻമാരുടെ ദൗത്യം ക്രിസ്തുവിൻെറ ഭാഷയിൽ

യഹൂദചിന്താഗതിയനുസരിച്ചു ഭർത്താവിനു പൂർണ്ണമായ ഉടമസ്ഥാവകാശമാണു ഭാര്യയുടെ മേലുണ്ടായിരുന്നത് വസ്തുക്കളെപ്പോലെ അവളെ കൈകാര്യം ചെയ്യാൻപോലും അവനു കഴിഞ്ഞിരുന്നു. 'ഗുണവതിയായ ഭാര്യയാണ് ഏററവും നല്ല സ്വത്ത്' (പ്രഭാ. 26:3). 'മുത്തുകളുടെ വിലകൊണ്ടുപോലും അവളെ വാങ്ങാനാവില്ല' (സുഭാ. 31:10). എല്ലാവരും ആദരിക്കേണ്ട മനുഷ്യസമ്പത്തുകളിൽ ഒന്നായിട്ടാണു ഭാര്യയെ പത്തുകല്പനകളിൽ പ്രതിപാദിക്കുക: "അയൽക്കാരൻെറ ഭാര്യയെ മോഹിക്കരുത്, അന്യൻെറ അടിമകളെയോ, വേലക്കാരികളെയോ, കാളകളെയോ, കഴുതകളെയോ ഒന്നും മോഹിക്കരുത്" (പുറ. 20:17). നല്ലവരായ ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാരെ സ്നേഹിച്ചിരുന്നുവെന്നതിനു തർക്കമില്ല; അവരുടെ ബന്ധം കേവലം നൈയാമികവുമായിരുന്നില്ല; മറിച്ച്, കൂടുതൽ മാനുഷീകമായിരുന്നു. മാനുഷികാവകാശം "പാട്ടുകളുടെ പാട്ടി"ൽ (ഉത്തമഗീതം) വർണ്ണിക്കുന്നുണ്ട്. എന്നാലും, ഭാര്യയുടെ മേലുള്ള ഭർത്താവിൻെറ ഉടമസ്ഥാവകാശം നിയമാധിഷ്ഠിതമായിരുന്നു, നിയമത്തിൻെറ കണ്ണിയിലാണു വിവാഹമെന്ന ബന്ധം കോർത്തിരിക്കുന്നത്. ഏതു സന്ദർഭങ്ങളിലും ഭാര്യയെ ഉപേക്ഷിക്കുവാൻ ഭർത്താവിന് അവകാശം ഉണ്ടായിരുന്നു (ഉത്പ. 16:1–6; നിയ. 24:1–4). ചുരുക്കം ചില സന്ദർഭങ്ങളിൽ (ന്യായാധിപൻമാരുടെ പുസ്തകത്തിൽ വിവരിക്കുന്നതുപോലെ) ലേവായനായ മനുഷ്യൻ, ഗിബെയാ പട്ടണത്തിലെ പുരുഷൻമാരു

ടെ കാമപൂർത്തിക്കായി സ്വഭാര്യയെ കൊടുത്തതുപോലെ ചെയ്യേണ്ടതായിവരുന്നു; ഇങ്ങനെ നൽകപ്പെടുന്ന സ്ത്രീ, വിഷയലമ്പടന്മാരുടെ ദുരുപയോഗത്താൽ അപായപ്പെട്ടാൽ, പട്ടണവാസികളാണ് വിധിക്കപ്പെടുക. വെപ്പാട്ടിയാക്കപ്പെട്ട സ്ത്രീയുടെ ഭർത്താവ് ഒരിക്കലും കുററക്കാരനായി കരുതപ്പെട്ടിരുന്നില്ല(ന്യായ. 19:1-30).

വിവാഹബന്ധത്തെപ്പററി സംസാരിക്കുന്ന വേളയിൽ യഹൂദരുടെ പുരുഷകേന്ദ്രീകൃതമായ ശൈലിയാണു യേശു സംശയരഹിതമായി പ്രയോഗിക്കുന്നത്. സ്വപുത്രൻെറ വിവാഹവിരുന്നൊരുക്കിയ രാജാവിൻെറ കഥയിൽ രാജ്ഞിയുടെ കാര്യം സൂചിപ്പിക്കുന്നേയില്ല! (മത്ത. 22:1–14). വിരുന്നാഘോഷത്തിൽ വധുവല്ല, വരനാണു ബഹുമാനിതനാവുന്നത്. വിരുന്നിനെത്തിയവർ വരൻെറ സുഹൃത്തുക്കളായിട്ടാണു പരിഗണിക്കപ്പെടുക (മത്ത. 9:15). പത്തു കന്യകകൾ കാത്തുനില്ക്കുന്നതു വധുവിനെയല്ല, വരനെ എതിരേല്ക്കാനാണ്. വിവേകരഹിതരായ കന്യകമാരെ വിവാഹവിരുന്നിൽ നിന്ന് ഒഴിവാക്കുന്നതും അയാൾ തന്നെ (മത്ത. 25:1–13). വരനുവേണ്ടിയാണു വധുവെന്നു യേശു പറയുന്നതും, ഈ സാഹചര്യങ്ങളിൽ വളരെ സ്വാഭാവികമായിരുന്നു (യോഹ. 3:29). കടംബാധ്യത ഒഴിവാക്കാനായി ഭാര്യയെയും മക്കളെയും വില്ക്കുന്ന മനുഷ്യനെപ്പററി യേശു പറയുന്നുണ്ട് (മത്ത. 18:25). സ്വർഗ്ഗരാജ്യത്തെപ്രതി ഉപേക്ഷിക്കാനുള്ള ഭൗതിക വസ്തുക്കളുടെ കൂട്ടത്തിൽ ഭാര്യയെയും മക്കളെയും യേശു ഉൾപ്പെടുത്തുന്നു (ലൂക്ക. 18:29). ഇപ്പറഞ്ഞതിൽനിന്നെല്ലാം വ്യക്തമാകുന്നുണ്ടല്ലോ യേശു, താൻ ജീവിച്ചിരുന്ന കാലഘട്ടത്തിലെ സ്ത്രീപുരുഷബന്ധ ധാരണകളെ അതേപടി സ്വീകരിക്കയായിരുന്നുവെന്ന്.

ശ്ലീഹന്മാരുടെ പ്രബോധനങ്ങളും ഈ വസ്തുതയെ അരക്കിട്ടുറപ്പിക്കുന്നു. പുരുഷാധിപത്യത്തെ ക്രിസ്തു ചെറുത്തിരുന്നെങ്കിൽ എന്തുകൊണ്ട് അവിടുത്തെ ശിഷ്യർ ആ സാമൂഹ്യ സങ്കല്പത്തെ വളർത്തി

പ്പോററി? ക്രിസ്തുവിനെപ്പോലെ ശിഷ്യരും സ്വീകരിച്ച ഒരു വസ്തുതയുണ്ട്: പിതാവ്, ഭർത്താവ്, കുടുംബനാഥൻ എന്നീ നിലകളിൽ കുടുംബത്തിലെ പരമാധികാരി പുരുഷനാണെന്ന ധാരണ. ഭാര്യമാരോടു പരിഗണനയും ആദരവും ഭർത്തക്കാന്മാർക്കുണ്ടായിരിക്കണമെന്നു പത്രോസ് അനുശാസിക്കുന്നു (പത്രോ. 3:7). ഭർത്താവു ഭാര്യയെ സ്നേഹിക്കുകയും, തീററിപ്പോററുകയും, പരിരക്ഷിക്കുകയും ചെയ്യണമെന്നു സെൻറ് പോളും (എഫേ. 5:21–33) നിഷ്കർഷിക്കുന്നു. എങ്കിലും അവ൪ 'അബലയായ സഹകാരി'യാണ്. അതിനാൽ അവ൪ ഭർത്താവിനു വിധേയയായിരിക്കണം; വിശ്വസ്തയും നിഷ്ക്കളങ്കയുമായിരിക്കണം (1പത്രോ. 3:1–7). വീണ്ടും അപ്പസ്തോലൻ പറയുന്നു: "ഭാര്യ ഭർത്താവിനു വിധേയയായിരിക്കണം" (കൊളൊ. 3:18; എഫേ. 5:22). ചുരുക്കം ചിലേടത്ത്, ദൈവസന്താനം എന്ന നിലയ്ക്കു പുരുഷനോടു സമത്വമുള്ളവളായി അംഗീകരിക്കപ്പെടുന്നുണ്ടെങ്കിലും (ഗാല. 3:28) ഈ പ്രബോധനത്തിൻെറ സാമൂഹ്യ സംശ്ലേഷണം ഒരിക്കലും സാക്ഷാത്കരിക്കപ്പെട്ടിട്ടില്ല.

## യേശുവും യഹൂദരുടെ ജീവശാസ്ത്രജ്ഞാനവും

ലൈംഗികപ്രവൃത്തി സംബന്ധിച്ച തെററായ ധാരണയുടെ അടിസ്ഥാനത്തിലാണു യഹൂദർ പുരുഷനു പ്രാമുഖ്യം കൊടുത്തിരുന്നത്. ഗർഭപാത്രത്തിലെ പ്രജ സ്ത്രീപുരുഷ ബീജസങ്കലനം വഴിയാണ് ഉദ്ഭവിക്കുന്നതെന്ന് ഇന്നാർക്കുമറിയാം. പക്ഷേ, പൂർവ്വകാല യഹൂദർക്ക് അതറിയില്ലായിരുന്നു. പുരുഷബീജത്തെയാണവർ പ്രജയായി കണ്ടിരുന്നത്. പുരുഷബീജവും സന്തതിയും പര്യായങ്ങളായിരുന്നു അവർക്ക് (ഗാല. 3:16). പുരുഷൻ ഉത്പാദിപ്പിക്കുന്ന ജീവൻ കാത്തു സൂക്ഷിക്കാനുള്ള ഗർഭപാത്രത്തിൻെറ ഉടമസ്ഥ മാത്രമാണു സ്ത്രീ.

ലൈംഗിക ജൈവശാസ്ത്രം പഠിപ്പിക്കാൻ യേശു ഒരിക്കലും ഉദ്ദേശിച്ചിരുന്നില്ലെന്നു സ്പഷ്ടം. പക്ഷേ, വിവാഹത്തിൽ സ്ത്രീപുരുഷന്മാർക്കുള്ള ലൈംഗികഭാഗഭാഗിത്വത്തെപ്പററി പരാമർശിക്കുമ്പോൾ യേശുവിൻെറ ശൈലി യഹൂദരുടേതിൽ നിന്നു ഭിന്നമല്ലായിരുന്നുതാനും. അന്നു നിലവിലിരുന്ന ആശയഗതിയെ മാററിയെഴുതാൻ അവിടുന്ന് ശ്രമിച്ചിട്ടുമില്ല.

യേശുവിൻെറ വീക്ഷണത്തിലും, സ്വബീജം നല്കി സന്തതി ഉത്പാദിപ്പിക്കാനുള്ള ദൗത്യമാണു പുരുഷനുണ്ടായിരുന്നത്. തങ്ങൾ അബ്രാഹത്തിൻെറ നേരിട്ടുള്ള സന്തതികളാണെന്നും, ജാരസന്തതികളല്ലെന്നും യഹൂദർ വാദിക്കുന്നുണ്ടല്ലോ? (യോഹ. 8:39-41) മരണമടഞ്ഞ സഹോദരൻെറ ഭാര്യയെ വിവാഹം കഴിക്കുന്ന സമ്പ്രദായം ക്രിസ്തു സ്വീകരിക്കുന്നതായി കാണുന്നു. പക്ഷേ, സ്വർഗ്ഗത്തിൽ അങ്ങനെയല്ലെന്നും വ്യക്തമാക്കുന്നു (ലൂക്കാ. 20:27–36). സ്വയമായി ഷണ്ഡന്മാരാക്കുന്നതാണു ബ്രഹ്മചര്യമെന്ന് അവിടുന്നു വിശദീകരിക്കുന്നു; ഒപ്പം, ഉത്പാദനശക്തിയില്ലാത്തവനല്ല ബ്രഹ്മചാരിയെന്നും അത് ആയിരിക്കുന്ന വിധത്തിൽ സ്വീകരിച്ചു പരിരക്ഷിക്കുന്നതാണെന്നും തറപ്പിച്ചു പറയുന്നു (മത്ത.19:10–12). യേശുവിൻെറ ജനനം വിവരിക്കുമ്പോൾ സുവിശേഷകന്മാരും ഇതേരീതി അവലംബിക്കുന്നു. യേശു സാക്ഷാൽ ദൈവപുത്രനാണ്. കാരണം, കന്യാമേരി പുരുഷബീജം ധരിക്കാതെ ദൈവികശക്തി സ്വീകരിക്കയാണു ചെയ്തത്. "പരിശുദ്ധാത്മാവിനാൽ അവൾ ഗർഭം ധരിച്ചു" (മത്ത. 1:20) "അത്യുന്നതൻെറ ശക്തി അവളിൽ ആവസിച്ചു" (ലൂക്കാ. 1:35). ദൈവപുത്രസ്ഥാനം ലഭിക്കുന്നതിൻെറ ഉത്തമോദാഹരണമാണു യേശുവിൻെറ ജനനം. "അവൻ ജനിച്ചതുരക്തത്തിൽ നിന്നോ ശാരീരികാഭിലാഷത്തിൽ നിന്നോ പുരുഷൻെറ ഇച്ഛയിൽ നിന്നോ അല്ല; പ്രത്യുത, ദൈവത്തിൽ നിന്നത്രേ" എന്നു യോഹന്നാൻ യേശുവിൻെറ ജനനത്തെ വിശേഷിപ്പിക്കുന്നുണ്ട് (യോഹ. 1:13).

സ്ത്രീയുടെ പങ്കു വ്യക്തമാക്കുന്ന ഒരു പ്രസ്താവമാണ്. "നിന്നെ വഹിച്ച ഉദരവും, നിന്നെ പാലൂട്ടിയ മുലകളും ഭാഗ്യമുള്ളവ" (ലൂക്ക. 11:27). ഈ കാഴ്ചപ്പാടുതന്നെ യേശു സ്വീകരിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്. ജറൂസലേമിൻെറ ഭാവിദുരന്തത്തെപ്പററി വർണ്ണിക്കുമ്പോൾ പറയുന്നു: "വന്ധ്യകൾക്കും പ്രസവിക്കാത്ത ഉദരങ്ങൾക്കും പാലൂട്ടാത്ത സ്തനങ്ങൾക്കും ഭാഗ്യം" (ലൂക്ക. 23:29). ഗർഭം ധരിക്കാത്തവളാണു വന്ധ്യ. വിത്തുമുളയ്ക്കാത്ത ഊഷരഭൂമിപോലെയാണവളുടെ ഗർഭപാത്രവും. ഈ അർത്ഥത്തിലാണ് എലിസബത്തിനെ വന്ധ്യയെന്നു വിളിക്കുക (ലൂക്ക. 1:7,25,36). ആത്മീയ പുനർജന്മത്തെപ്പററി സംസാരിക്കുന്ന സന്ദർഭത്തിൽ നിക്കാദേമൂസ് ചോദിക്കുന്നു, "അമ്മയുടെ ഉദരത്തിൽ രണ്ടാമതും പ്രവേശിച്ച് ഒരു മനുഷ്യനു ജനിക്കുവാൻ സാധിക്കുമോ?" യേശു പ്രതിവചിച്ചു, "ദൈവരാജ്യത്തിൽ, മനുഷ്യൻ വെള്ളത്താലും പരിശുദ്ധാത്മാവിനാലും ജനിക്കുന്നു" (യോഹ. 3:4–8). ഉത്പാദനത്തെപ്പററിയുള്ള യഹൂദവീക്ഷണമാണു പീഡാനുഭവത്തെപ്പററി പ്രതിപാദിക്കുമ്പോഴും ക്രിസ്തു പ്രയോഗിക്കുക. അവിടുത്തെ മരണം ഭൂമിയിൽ വീണഴിയുന്ന ഗോതമ്പു മണിപോലെയാണ്. ഭൂമിയുടെ ഗർഭപാത്രത്തിൽ അഴിഞ്ഞ്, നിറഫലങ്ങളുമായി പുതുജന്മം വരിക്കുന്നു (യോഹ. 12:24). ശിശു പിറന്നുവീഴുമ്പോൾ പ്രസവത്തിൻെറ ആകുലതയും വേദനയുമൊക്കെ വിസ്മൃതമാകുന്നു (യോഹ. 16:21). ഇപ്പറഞ്ഞ പ്രസ്താവനകളൊക്കെ ലൈംഗിക പ്രവൃത്തി സംബന്ധിച്ച പ്രബോധനങ്ങളല്ലെങ്കിലും, അവ വിരൽ ചൂണ്ടുന്ന ഒരു യാഥാർത്ഥ്യമുണ്ട്: ലൈംഗിക കാര്യങ്ങളിൽ തൻെറ സമകാലീനരുടെ കാഴ്ചപ്പാടു തന്നെയാണു യേശുവിനുമുണ്ടായിരുന്നത്.

**സ്ത്രീയും ദൈവാരാധനയും**

പുരുഷ മേധാവിത്വമെന്ന സാമൂഹിക സങ്കല്പം പഴയനിയമ കാലത്തെ യഹൂദമത ബോധത്തിലും, മതാചാരങ്ങളിലും വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. മതകാര്യങ്ങളിൽ സ്ത്രീക്കും പുരുഷനും, ഒരേ സ്ഥാനമല്ല കല്പിച്ചിരുന്നത്. ദൈവത്തോടുള്ള ഉടമ്പടിയിലും അവർ തുല്യരല്ലായിരുന്നു. ഈ നിലപാടിന്റെ അർത്ഥം മനസ്സിലാക്കിത്തരാൻ പോരുന്ന ചില വസ്തുതകളുണ്ട്.

ജന്മത്തോടെ അസമത്വവും തുടങ്ങുന്നു. ഒരു ശിശു ജനിച്ചാൽ കുറെ നാളത്തേക്ക് അമ്മ അശുദ്ധയായി കരുതപ്പെടുന്നു. ശിശു ആൺകുട്ടിയാണെങ്കിൽ അവരം നാല്പതുദിവസത്തേക്കും, പെണ്ണെങ്കിൽ എൺപതു ദിവസത്തേക്കും അശുദ്ധയായിരിക്കും (ലേവ്യ 12:1–8). ആദ്യജാതൻ രക്ഷിക്കപ്പെടേണ്ടതു പ്രത്യേക ബലികരം വഴിയാണ്. പെൺകുഞ്ഞിനു ബലി ആവശ്യമില്ല (പുറ. 13:11–16). ജനിച്ച് എട്ടാം നാളിൽ ആൺകുഞ്ഞിനെ ഛേദനാചാരത്തിനു വിധേയനാക്കണം. ഉടമ്പടിയോടു വിശ്വസ്തത പുലർത്തുന്നതിന് അത്യന്താപേക്ഷിതമാണത്, സഭാംഗത്വത്തിനു ജ്ഞാനസ്നാനം പോലെ. എന്നാൽ തത്തുല്യമായ ഉപനയന (initiation) കർമ്മങ്ങളൊന്നുംതന്നെ സ്ത്രീയുടെ കാര്യത്തിൽ കാണുന്നില്ല (ഉത്പ. 17:9–14). ഇതെല്ലാം പ്രകടമായി പ്രദ്യോദിപ്പിക്കുന്നതു ദൈവം പുരുഷനുമായിട്ടാണ്–ഇസ്രായേൽപുത്രരോടാണ്–ഉടമ്പടി ചെയ്തത്. പരോക്ഷമായിട്ടു മാത്രമേ–തങ്ങളുടെ പിതാക്കളും, ഭർത്താക്കന്മാരും വഴി–സ്ത്രീകരം ഉടമ്പടിയിൽ ഭാഗഭാക്കുകളായിരുന്നുള്ളൂ.

മതകാര്യങ്ങളിൽ പൂർണ്ണവ്യക്തിയെന്ന നിലയിൽ സ്വതന്ത്രമായി വ്യാപരിക്കുവാൻ സ്ത്രീയ്ക്ക് അവകാശമില്ലായിരുന്നു. ഭർത്താവോ പിതാവോ സമ്മതിക്കാതെ സ്ത്രീകരളെടുക്കുന്ന പ്രതിജ്ഞകളൊന്നും നിയമസാധുത്വമുള്ളവയല്ലായിരുന്നു (സംഖ്യ. 40:2–17).

ബലികളർപ്പിക്കാൻ സ്ത്രീകൾക്കു പാടില്ലായിരുന്നു. ദേവാലയത്തിൽ ആരാധനയ്ക്കു പോകാൻ കടമയില്ല. ആണ്ടിൽ മൂന്നു പ്രാവശ്യം പുരുഷൻമാരെല്ലാം ദൈവസന്നിധിയിൽ എത്തണമെന്നായിരുന്നു നിബന്ധന (പുറ. 23:17). ജറുസലെം ദേവാലയത്തിന്റെ ഘടന തന്നെ സ്ത്രീകൾക്കു ദേവാലയത്തിന്റെ മുഖ്യസ്ഥാനങ്ങളിൽ പ്രവേശനമില്ലാത്ത രീതിയിലാണ്. പുരുഷൻമാർക്ക് ''ഇസ്രായേലിന്റെ കോടതി'' (Court of Israel) എന്നു പറയുന്ന മുഖ്യസ്ഥാനം വരെ പോകാമായിരുന്നു. ഇത്, ബലിപീഠത്തിനു സമീപം, ഹോമബലിയ്ക്കുള്ള അൾത്താരക്ക് അഭിമുഖമാണ്. സ്ത്രീകളാകട്ടെ, അവർക്കായുള്ള സ്ഥലത്തു മാത്രം നില്ക്കണമായിരുന്നു.

ഭരണകൂടം, പട്ടാളം, കുടുംബം, വ്യാപാരരംഗം എന്നിവയിലെന്നപോലെ, മതവും പുരുഷൻമാരുടെ മാത്രം പ്രവർത്തനമേഖലയായിരുന്നു. പുരുഷന്റെ രൂപമാണല്ലൊ യഹോവായ്ക്കു നല്കപ്പെട്ടത്. അവിടുത്തെ അഭിസംബോധനചെയ്യാൻ ഉപയോഗിച്ച പദങ്ങളും തീർത്തും പുരുഷാത്മകങ്ങളായിരുന്നു. ഉദാഹരണത്തിന് 'രാജാവ്', 'ഭരണാധിപൻ', 'യോദ്ധാവ്', 'വിധിയാളൻ' 'പിതാവ്' മുതലായവ. ഇസ്രായേലിനെ, മറുതലിക്കുന്ന അവിശ്വസ്തയായ ഭാര്യയായിട്ടും, യാഹ്‌വേയെ വിശ്വസ്തനായ ഭർത്താവായിട്ടും പ്രവാചകൻമാർ ചിത്രീകരിക്കാറുണ്ട് (ഹോസി. 3:1–5). ബിംബാരാധനയും പരദേവാരാധനയും വ്യഭിചാരവൃത്തിയായി ചിത്രീകരിച്ചിട്ടുണ്ട് (എസെ. 16:15–43). ചിലപ്പോഴൊക്കെ ദൈവത്തോടു പ്രാർത്ഥിക്കാനും ദൈവത്തിന്റെ വക്താക്കളായിരിക്കാനും (ദെബോറയെപ്പോലെ–ന്യായ. 4:1–9) ചില സ്ത്രീകൾക്കു കഴിഞ്ഞിട്ടുണ്ടെങ്കിലും, മതത്തിന്റെയും ദൈവാവിഷ്കാരത്തിന്റെയും സംഗമസ്ഥാനങ്ങൾ എപ്പോഴും ദൈവവും മനുഷ്യനും (പുരുഷൻ) തമ്മിൽ മാത്രമായിരുന്നു. ഈ ചൈതന്യം വ്യക്തമാക്കി കാണിക്കുന്ന ഒരു വാക്യമാണ്, ദൈവം ജോബിനോടു പറയുന്നത്:

''ഒരു പുരുഷനെപ്പോലെ അര മുറുക്കുക, ഞാൻ നി ന്നോടു ചോദിക്കും, നീ എനിക്കു പ്രത്യുത്തരം നല്കും'' (ജോബ് 38:3; 40:7).

ഇപ്പറഞ്ഞ മതാത്മക രംഗങ്ങളിൽ സ്ത്രീയെ ഒരു പുരോഹിതയായി ഒരിക്കലും വിഭാവനം ചെയ്തിട്ടില്ലെന്നു സ്പഷ്ടമാകുന്നുണ്ട്. മൂശെയുടെ നിയമപ്രകാരം അഹറോനും പുത്രന്മാർക്കുമായി പൗരോഹിത്യജോലി പരിമിതപ്പെടുത്തിയിരുന്നു. പുരുഷന്മാരായ പുരോഹിതന്മാരാണു യഹൂദർക്കാവശ്യമായിരുന്നത്. ഇതിനൊരപവാദവും പഴയനിയമത്തിൽ നിന്ന് ഉദ്ധരിക്കാനാവില്ല. പുരോഹിതരെപ്പററി പരാമർശിക്കുമ്പോഴൊക്കെ പുരുഷന്മാരാണ് ഉദ്ദേശിക്കപ്പെട്ടിരുന്നത്. സ്ത്രീ പുരോഹിതയായിക്കൂടെന്നു വ്യക്തമായി പ്രതിപാദിക്കുന്ന ചില സന്ദർഭങ്ങളുണ്ട്. പുരോഹിതൻെറ പരിശുദ്ധി നഷ്ടമാക്കുന്ന കാരണമായി സ്ത്രീസാമീപ്യത്തെ ചൂണ്ടിക്കാണിക്കുന്നു. പുരോഹിതൻ കന്യകയെ വിവാഹം കഴിക്കണം. വ്യഭിചാരിണിയെയോ, വിവാഹമോചനം നേടിയവളെയോ ഭാര്യയായി സ്വീകരിക്കുവാൻ പുരോഹിതന് അനുവാദമില്ലായിരുന്നു (ലേവ്യ. 21:7–9). പുരോഹിതൻെറ ഭാര്യയ്ക്കും പുത്രിമാർക്കും, മാംസമുൾപ്പെടെ ബലിയിടപ്പെട്ട ഭക്ഷണ സാധനങ്ങൾ കഴിക്കാം (ലേവ്യ. 22:13). പക്ഷേ, ചില ബലിവസ്തുക്കൾ പ്രത്യേകം പരിശുദ്ധങ്ങളാണ്; അവ പുരുഷന്മാർക്കേ ഭക്ഷിക്കാവൂ (സംഖ്യ. 18:8–10). ദാവീദും സഹചരന്മാരും വിശന്നു വന്നപ്പോൾ ബലിയിടപ്പെട്ട വിശുദ്ധ അപ്പം മാത്രമല്ലാതെ മററൊരു സാധനവും അവർക്കില്ലായിരുന്നു. പ്രധാനപുരോഹിതൻ ആ വിശുദ്ധ അപ്പം അവർക്കെടുത്തു കൊടുത്തതുതന്നെ, കുറെ ദിവസങ്ങളായി അവർക്കു സ്ത്രീ സമ്പർക്കം ഉണ്ടായിരുന്നില്ലെന്നു ഉറപ്പുവരുത്തിയിട്ടാണത്രേ! (1 സാമു. 21:4–6). ചുരുക്കത്തിൽ, ഈ ചിന്താലോകത്തിൽ സ്ത്രീയുടെ പൗരോഹിത്യവൃത്തി, അക്ഷരാർത്ഥത്തിൽ അചിന്തനീയമായിരുന്നു.

**യേശുവിനു പൊരുത്തപ്പെടേണ്ടിവന്നു**

യേശുവിൻെറ കാലത്തും ഈ നിയമങ്ങാം പ്രബല ങ്ങളായിരുന്നു. എല്ലാ മതാധികാരികളും—പുരോഹിതർ, നിയമജ്ഞർ, ഫരിസേയർ, റബ്ബികാം—പുരുഷന്മാരായിരുന്നു. അന്നത്തെ മതാന്തരീക്ഷം ഇതായിരുന്നെങ്കിൽ, ക്രിസ്തു സ്വശിഷ്യഗണത്തിൽ സ്ത്രീകളെ ഉാംപ്പെടുത്താതിരുന്നതിൽ എന്തിനാശ്ചര്യപ്പെടണം. അന്യഥാ പറയുന്ന പക്ഷം, പൌരോഹിത്യ ശുശ്രൂഷ സ്ത്രീകളെ ഏല്പിക്കാൻ തുനിഞ്ഞിരുന്നെങ്കിൽ വലിയൊരു സാമൂഹ്യ വിപ്ളവം അഴിച്ചുവിടേണ്ടി വരുമായിരുന്നു. അതു മതപരിഷ്കരണത്തേക്കാം വിപ്ളവാത്മകമായി ഭവിക്കുമായിരുന്നുതാനും. താൻ ജീവിച്ചിരുന്ന സാഹചര്യത്തിലെ സാമൂഹ്യഘടനയെ തച്ചുടയ്ക്കാൻ യേശു ആഗ്രഹിച്ചിരുന്നെങ്കിൽത്തന്നെയും ചുരുങ്ങിയ കാലത്തിനുള്ളിൽ അതു വിജയപ്രദമാകുമായിരുന്നോ എന്നും സംശയിക്കണം. നൂററാണ്ടുകളായി ഒരു ജനതയുടെ ജീവിതത്തിലും, ചിന്താഗതിയിലും ഊടുംപാവുമായി കിടന്നിരുന്ന സാമൂഹ്യ സങ്കല്പങ്ങാളെ പിഴുതെറിയാൻ എളുപ്പം സാധിക്കുമായിരുന്നില്ല. അടിയന്തിരമായ ഒരു സാമൂഹ്യ വിവേചനം യേശു ഉന്നം വച്ചില്ല. തൻെറ പ്രബോധനങ്ങളും രക്ഷാപ്രവർത്തനങ്ങളും രൂപംപൂണ്ട തത്വങ്ങാം, യഥാർത്ഥമായ സാമുഹ്യസമത്വത്തെ സാധ്യമാക്കിത്തീർക്കാൻ പോരുന്നവയായിരുന്നു; എങ്കിലും, യേശു പ്രകടമായ യാതൊരു സാമൂഹ്യവിപ്ലവത്തിനും തുനിഞ്ഞില്ല. സ്വാതന്ത്ര്യത്തിനായുള്ള രാഷ്ട്രീയ സമരത്തിലേക്ക് അവിടുന്നു വലിച്ചിഴക്കപ്പെടാൻ വിസമ്മതിച്ചു. താൻ ജീവിച്ച സമൂഹത്തിൽ സ്ത്രീവിവേചനം ഒരു സാമൂഹ്യ യാഥാർത്ഥ്യമായി അവിടന്നു സ്വീകരിച്ചു. സഭാപ്രവർത്തനങ്ങളിൽ നേതൃത്വം വഹിക്കാൻ ശിഷ്യരെ തിരഞ്ഞെടുത്തതിൽ സമകാലീന സമൂഹം തൻെറമേൽ ചെലുത്തിയ സാമുഹ്യ പരിമിതികാംക്കനുസരിച്ച് അവിടുന്നു പ്രവർത്തിക്ക മാത്രമാണുണ്ടായത്.

## അഞ്ച്

# വേദപുസ്തകം എന്തു സ്ഥാപിക്കുന്നു ?

വിശ്വാസ സത്യങ്ങൾ ഉൾക്കൊള്ളുന്ന ഏതിനം വിവാദങ്ങളിലും വേദപുസ്തകം ഉദ്ധരിക്കയാണ് എല്ലാ എഴുത്തുകാരും ചെയ്ക, താന്താങ്ങളുടെ നിലപാടു സ്ഥാപിക്കുവാൻ. വിരുദ്ധവാദഗതികളുള്ള ആളുതന്നെയും ചെയ്യുന്നത് ഇതുതന്നെയാണ്: ഒരു പടികൂടിക്കടന്ന്, ഒരേ വാക്യംതന്നെ, കടകവിരുദ്ധമായ രീതിയിൽ വ്യാഖ്യാനിക്കുക കൂടി ചെയ്യും. "പിശാചിനു പോലും വേദവാക്യം ഉദ്ധരിക്കാനാവും" എന്ന ചൊല്ല് ഓർത്തുപോകുന്നു! നൂററാണ്ടുകളിലൂടെ ഉടലെടുത്തിട്ടുള്ള ഭിന്നവിരുദ്ധ മതങ്ങളെല്ലാം അവയുടെ സിദ്ധാന്തങ്ങൾക്ക് ആധാരമായി വേദപുസ്തകം തന്നെയാണല്ലോ അവലംബമാക്കിയിട്ടുള്ളത്.

ഇവിടെ, സ്ത്രീപൗരോഹിത്യം സംബന്ധിച്ചുള്ള വിവാദത്തിലും, ഇരുകൂട്ടരും തങ്ങളുടെ നിലപാട് അംഗീകരിച്ചുകിട്ടാൻ ഒരേ ബൈബിൾ ഭാഗങ്ങൾ തുല്യ തീക്ഷ്ണതയോടെ നിരത്തുന്നു. ഒരോരുത്തർക്കും അവസരോചിതം വേദവാക്യങ്ങൾ വളച്ചൊടിക്കാമെങ്കിൽ ബൈബിൾ ഉദ്ധരിക്കുന്നതിൽ ഒരർത്ഥവുമില്ല. മത്സരക്കളികളിൽ റെഫറിയുടെ തീരുമാനം ഇരുകൂട്ടർക്കും അവ്യക്തമെങ്കിൽ, ഇരുകൂട്ടരും

തോന്ന്യാസം വ്യഖ്യാനിക്കുന്നെങ്കിൽ, അയാളുടെ ആവശ്യമെന്താണ്?... ബൈബിളിൻെറ വസ്തുനിഷ്ഠമായ പഠനങ്ങൾ തുറന്നമന:സ്ഥിതിയോടെ ഇരുകൂട്ടരും സ്വീകരിക്കാൻ മനസ്സായാലേ വിവാദത്തിൽ വിജയപ്രദമായ പുരോഗതിയുണ്ടാവൂ.

വേദപുസ്തകപണ്ഡിതന്മാർ സ്ഥാനത്തും അസ്ഥാനത്തും ബൈബിൾ ഉദ്ധരിക്കുന്നതു കാണുമ്പോൾ സാധാരണക്കാർ അമ്പരന്നു പോകാറുണ്ട്. ഒരു കൂട്ടം ദൈവശാസ്ത്രജ്ഞന്മാർ പറയും, ക്രിസ്തു പുരുഷന്മാരെ മാത്രം പുരോഹിതന്മാരായി തിരഞ്ഞെടുത്തതു ബോധപൂർവ്വമാണ്. മറെറാരുവിഭാഗം പറയും, അങ്ങനെ സംഭവിച്ചത് അക്കാലത്തെ സാമൂഹിക ആചാരത്തിൻെറ പശ്ചാത്തലത്തിൽ മാത്രമാണ്. ഇതിലേതാണു ശരി? ഏതാണു തെററ്? ഇതേപ്പററി അല്പം ചിന്തിക്കേണ്ടതു മുന്നദ്ധ്യായത്തിലെ വാദമുഖങ്ങളെ ഉറപ്പിക്കാൻ അത്യന്ത്യാപേക്ഷിതമാണ്.

പ്രകൃതത്തിൽ, വേദപുസ്തകം എന്താണെന്നും, അതിൻെറ സ്വഭാവമെന്താണെന്നും, അല്പമൊന്നു പരിചിന്തനം ചെയ്യുന്നത് അസ്ഥാനത്താവുകയില്ല. പലരും ധരിച്ചുവശായിരിക്കുന്നതുപോലെ, ദൈവികസന്ദേശം ലളിതവും സൈദ്ധാന്തികവുമായ വാചകങ്ങളിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ഒരു ഗ്രന്ഥം മാത്രമല്ല ബൈബിൾ. ദൈവവചനം മാനുഷികമായ ഭാഷയിലും, രൂപത്തിലും എഴുതപ്പെട്ടതാണത് എന്നു പറയുന്നതാവും ശരി. എഴുതപ്പെട്ട രൂപത്തിൽ നിന്നു ദൈവികസന്ദേശം വേർതിരിച്ചെടുക്കുക ദുസ്സാധമാണ്. പക്ഷേ. ദൈവശാസ്ത്രം അതു ചെയ്തേപററൂ. ചില പദപ്രയോഗം അഥവാ പ്രവൃത്തി അറിഞ്ഞുകൊണ്ടു തന്നെ പ്രയോഗിച്ചതാണെങ്കിൽ അതിനു ദൈവശാസ്ത്രപരമായി വലിയ അർത്ഥമുണ്ട്. പരിശുദ്ധ കന്യകയെ 'സ്ത്രീ'യെന്നു യേശു സംബോധനചെയ്തുകൊണ്ട് 'എനിക്കും നിനക്കും എന്ത്?' (യോഹ.

2:4) എന്നു ചോദിക്കുന്നതിൽ അവിടത്തെ ഉദ്ദേശ്യം ചികഞ്ഞു കണ്ടെത്തേണ്ടതുണ്ട്. ഇന്നു വളരെ പരുഷമായി തോന്നാവുന്ന ആ വാക്കുകൾക്ക് അന്ന് എന്തർത്ഥമാണുണ്ടായിരുന്നതെന്നു മനസ്സിലാക്കേണ്ടതാണ്.

ബൈബിൾ രചിതാക്കളുടെ പ്രഥമോദ്ദേശ്യം ദൈവത്തെപ്പററിയും, മനുഷ്യനു ദൈവത്തോടുള്ള ബന്ധത്തെപ്പററിയും പഠിപ്പിക്കുകയെന്നതായിരുന്നു. ഒരു പ്രത്യേക കാലഘട്ടത്തിൽ, സംസ്കാര പശ്ചാത്തലത്തിൽ, ജീവിച്ചിരുന്ന ജനങ്ങളോടാണ് അവർ സംസാരിച്ചിരുന്നത്. അന്നത്തെ മനുഷ്യരുടെ ചിന്താധാര സ്വീകരിച്ചുകൊണ്ടാണു ദൈവികസന്ദേശം പറഞ്ഞുകൊടുത്തത്. അത് അന്നത്തെ സാമൂഹിക സാംസ്കാരിക ചിന്താഗതിയുമായി അഭേദ്യം ബന്ധപ്പെട്ടാണു കിടക്കുന്നത്. എങ്കിലും ആവിഷ്കൃത സന്ദേശത്തെ വ്യതിരിക്തമായി മനസ്സിലാക്കേണ്ടതുണ്ട്. സാമൂഹികസങ്കല്പങ്ങളെ സന്ദേശമായിത്തന്നെ കണക്കാക്കിയാൽ അതബദ്ധമായിരിക്കും, തീർച്ച.

ഉദാഹരണത്തിന്, പുരാതന ഹീബ്രു ജനതയുടെ പ്രപഞ്ചദർശനമെടുക്കുക. 'പരന്നു കിടക്കുന്ന ഭൂമിയുടെ മുകളിലെ ആകാശം ദൈവത്തിൻെറ സിംഹാസനസ്ഥാനവും, ഭൂമിയുടെ അന്തരാളം മരണമടഞ്ഞവരുടെ വാസസ്ഥലവും ആണ്. ആകാശവീഥികളെ മിന്നിത്തെളിക്കുന്ന വഴിവിളക്കുകളാണത്രേ സൂര്യചന്ദ്രന്മാർ. സ്രഷ്ടാവായ ദൈവം പ്രപഞ്ചത്തെ ഇല്ലായ്മയിൽനിന്നു മെനഞ്ഞെടുത്തു; അനുദിന പരിപാലനയാൽ അവിടുന്ന് അതിനെ കാത്തുസൂക്ഷിക്കുകയും ചെയ്യുന്നു'... ഈ വിവരണം സാമൂഹിക സങ്കല്പങ്ങളാണെന്നു പറയേണ്ടതില്ലല്ലോ? ബൈബിൾ അവതരിപ്പിക്കുന്ന സന്ദേശമാണു പ്രധാനം—ദൈവം സ്ഥിതിചെയ്യുന്നു; അവിടുന്നാണു സമസ്തവും സൃഷ്ടിച്ചു പോററുന്നത്. എന്നാണ് ഈ പ്രപഞ്ചത്തെ അവിടന്നു സൃഷ്ടിച്ചത്? ഒററനിമിഷം കൊണ്ടോ അതോ ക്രമാനുഗതമായ പരിണാമത്തിലൂടെയോ? അതു വിശദീകരിച്ചുതരാൻ വേദപുസ്തകം വിവക്ഷിക്കുന്നില്ല.

ഈദൃശ വിശദീകരണങ്ങൾ ആവിഷ്കൃത സത്യങ്ങളുടെ ഭാഗമേയല്ല. സാമൂഹികസങ്കല്പങ്ങളാണതു നിർവ്വഹിക്കുക.

പരിണാമ സിദ്ധാന്തവാദം ഉയർന്നു വന്നപ്പോൾ സഭയ്ക്ക് ഏതാണ്ട് ഒരു നൂററാണ്ടുകാലം തന്നെ വേണ്ടിവന്നു, ഹീബ്രു ജനതയുടെ സൃഷ്ടിസങ്കല്പങ്ങളിൽ നിന്ന് ആവിഷ്കൃതസത്യത്തിൻെറ പൊരുൾ തിരിച്ചെടുക്കുവാൻ. കാരണമുണ്ടായിരുന്നു. അന്നോളം, വേദഗ്രന്ഥങ്ങളിലെ സന്ദേശവും സങ്കല്പങ്ങളും വേർതിരിച്ചു ഗ്രഹിച്ചിരുന്നില്ല. ഈ വ്യത്യാസം സഭ കാണാൻ തുടങ്ങിയതുതന്നെ പരിണാമ സിദ്ധാന്തം പൊതുവെ അംഗീകരിക്കപ്പെട്ടതിനു ശേഷമാണെന്നു പറയാം. ഇതെത്ര സങ്കീർണ്ണമാണെന്ന് അടിമത്തത്തെപ്പററിയുള്ള പ്രശ്നത്തിലേക്കു കണ്ണോടിച്ചാൽ മതി.

### അടിമത്തം–വേദപുസ്തക തെളിവുകൾ

അടിമത്തത്തെ നീതിമത്കരിക്കുന്ന ധാരാളംവേദപുസ്തക സൂചനകൾ ഉള്ളതായിട്ടാണു പ്രഥമ ദൃഷ്ട്യാ കാണുക. ഹീബ്രു നിയമ പ്രകാരം ഒരാൾക്കു മറെറാരാളെ അടിമയാക്കി വാങ്ങാൻ അവകാശമുണ്ടായിരുന്നു. ചിലകാര്യങ്ങളിൽ, അടിമകൾക്കു നിയമ സംരക്ഷണം ലഭിച്ചിരുന്നു (പുറ. 21:20,21; 26–27: നിയ. 23:16–17). അടിമ യഹൂദരിൽ ആരുടെയെങ്കിലുമാണെങ്കിൽ, സ്വതന്ത്രരാക്കപ്പെടാനുള്ള സാധ്യത വളരെ കൂടുതലാണ്, മററുള്ളവരുടേതിൽ നിന്ന് (ലേവ്യ. 25:39-46; പുറ. 21:2; ജെറ; 34:14). അടിമത്തമെന്ന വ്യവസ്ഥിതി ഒരിക്കലെങ്കിലും ചോദ്യം ചെയ്യപ്പെടുന്നതായി എങ്ങും കാണുന്നില്ല. അടിമകളോടു യജമാനന്മാർ എങ്ങനെ പെരുമാറണമെന്നു നിർദ്ദേശിക്കുന്നതിനുമുമ്പു (പ്രഭാ. 33:24–31) സ്വതന്ത്രനും അടിമയും തുല്യരല്ലെന്നു ദൈവം നിശ്ചയിക്കുന്നതായി പ്രഭാഷകൻ സമർത്ഥിക്കുന്നു (പ്രഭാ. 33:7–15).

മതാത്മ പക്ഷത്തുനിന്നു നോക്കുമ്പോൾ, അടിമകൾക്കു ചില ആനുകൂല്യങ്ങൾ അനുവദിച്ചിരുന്നു.

ശാബദനാളിൽ അടിമയ്ക്കും വീട്ടുജോലി ചെയ്യുന്നവർക്കും വിശ്രമം നല്കണമെന്നു വ്യവസ്ഥയുണ്ടായിരുന്നു, കാളകൾക്കും കഴുതകൾക്കും നല്കുന്ന രീതിയിൽത്തന്നെ (പുറ. 20:10; നിയ. 5:14). സമാധാന കാഴ്ചകളുടെ അന്ത്യത്തിലുള്ള സദ്യയിലും (നിയ. 12:18) പെസഹാഘോഷത്തിലും (പുറ. 12:44) പന്തക്കുസ്താദിനത്തിലും കൂടാരപ്പെരുന്നാളിലും (നിയ. 16:11-14) അടിമകൾക്കു പങ്കുകൊള്ളാൻ അനുവാദമുണ്ടായിരുന്നു.

മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധത്തെ ചിത്രീകരിക്കാൻ പോരുന്ന വിധത്തിൽ അടിമത്തമെന്ന ആശയം പ്രബലമായിരുന്നു. പ്രപഞ്ചനാഥനായി യാഹ്വേയെ പരിഗണിച്ചിരുന്നു: 'കർത്താക്കളുടെ കർത്താവായ അവിടന്നാണു സർവ്വലോകങ്ങളുടെയും മനുഷ്യരുടെയും ഉടമ' (സങ്കീ. 96:1-18; 10:14-17). സമ്പൂർണ്ണ അനുസരണത്താൽ ദൈവത്തെ സേവിക്കുവാൻ കടപ്പെട്ട അടിമകളാണു മനുഷ്യർ (സങ്കീ. 123:1-4; ഏശ. 5:2-7; പ്രഭാ. 2:1-6; 3:17-24; 10:8-18). അടിമത്തം സർവ്വസാധാരണമായിരുന്നു എന്നതിന് ഉത്തമോദാഹരണമാണ് ഈ സങ്കീർത്തനവാക്യം: "ദാസൻെറ കണ്ണുകൾ നാഥൻെറ പക്കലേയ്ക്കെന്നപോലെ ഞങ്ങളുടെ നയനങ്ങൾ അവിടുന്നു കാരുണ്യം കാണിക്കുന്നതുവരെ ദൈവമായ കർത്താവിൽ പതിഞ്ഞിരിക്കുന്നു" (സങ്കീ. 123:2).

ക്രിസ്തുവിൻെറ കാലത്തും ഇപ്പറഞ്ഞ അടിമത്തത്തിൻെറ തിന്മ നിലവിലുണ്ടായിരുന്നു. യേശു ഇതിനെ അപലപിക്കുന്ന ഒരു സംഭവവും കാണുന്നില്ല. മറിച്ച്, അന്യാപദേശങ്ങളിൽ താരതമ്യത്തിനായി അടിമകളെ പരാമർശിക്കുന്നുമുണ്ട്. യജമാനൻ വീട്ടിലില്ലാത്തപ്പോൾപോലും ദാസർ വിശ്വസ്തരായിരിക്കേണ്ടതുപോലെ, നാമും വിശ്വസ്തരായിരിക്കണമെന്ന് അവിടുന്നു പഠിപ്പിക്കുന്നു (ലൂക്ക. 12:42-48). അടിമത്ത സമ്പ്രദായത്തിലുള്ള ഹീനതയുടെ നേരെ യേശു കണ്ണടയ്ക്കുന്നതായിട്ടാണു കാണാനാവുക. അവിട

ന്നു പറയുന്നു: “നിങ്ങളുടെ ഒരു ദാസൻ ഉഴുകയോ ആടുമേയ്ക്കുകയോ ചെയ്തിട്ടു വയലിൽ നിന്നു തിരിച്ചു വരുമ്പോഴ് അയാളോട്, നീ ഉടനെവന്നു ഭക്ഷണത്തിനിരിക്കുക എന്നു നിങ്ങളിലാരെങ്കിലും പറയുമോ? എനിക്കു ഭക്ഷണം തയ്യാറാക്കുക, ഞാൻ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നതുവരെ നിൻെറ അരമുറുക്കി എന്നെ പരിചരിക്കുക, അതിനുശേഷം നിനക്കു തിന്നുകയും കുടിക്കുകയും ചെയ്യാം എന്നല്ലേ നിങ്ങൾ പറയുക. കല്പിക്കപ്പെട്ടതു ചെയ്തതുകൊണ്ട് ആ ദാസനോടു നിങ്ങൾ നന്ദി പറയുമോ? ഇതുപോലെതന്നെ നിങ്ങളും കല്പിക്കപ്പെട്ടവയെല്ലാം ചെയ്തതിനുശേഷം ഞങ്ങൾ പ്രയോജനമില്ലാത്ത ദാസന്മാരാകുന്നു, കടപ്പെട്ടവയെ ചെയ്തിട്ടുള്ളു എന്നു പറയുവിൻ” (ലൂക്ക. 17:7-10). ക്രിസ്തു, അടിമത്തത്തെ ഒരു യാഥാർത്ഥ്യമായിത്തന്നെയാണു കണ്ടത്, സംശയമില്ല.

ആദിമസഭയിലും ഈ മന:സ്ഥിതി തന്നെയാണുണ്ടായിരുന്നത്. ക്രിസ്തീയരായ അടിമകളോട്, യജമാനന്മാർക്കു കീഴ്വഴങ്ങി ജീവിക്കാൻ ശിഷ്യന്മാർ ഉപദേശിച്ചിരുന്നു; മറുതലിക്കരുതെന്നു നിഷ്കർഷിച്ചിരുന്നു: “ദാസന്മാരേ, നിങ്ങളുടെ യജമാനന്മാർ നല്ലവരോ, ശാന്തരോ, ദുഷ്ടരോ ആരായിരുന്നാലും, ഉചിതമായ ആദരവോടെ അവർക്കു വിധേയരായിരിക്കുവിൻ. അന്യായമായി പീഡിപ്പിക്കപ്പെടുമ്പോൾ ദൈവസ്മരണയോടെ വേദനകൾ ക്ഷമാപൂർവ്വം സഹിക്കുന്നുവെങ്കിൽ, അത് അനുഗ്രഹകാരണമാകും. തെററുചെയ്തിട്ട് അടിക്കപ്പെടുമ്പോൾ ക്ഷമയോടെ സഹിക്കുന്നെങ്കിൽ നിങ്ങൾക്ക് എന്തു മഹത്വമാണുള്ളത്? നിങ്ങൾ നന്മചെയ്തിട്ടു പീഡകൾ സഹിക്കേണ്ടിവന്നാൽ അതു ദൈവസന്നിധിയിൽ പ്രീതികരമാണ്” (1 പത്രോ. 2:18-20). “ദാസന്മാരേ, നിങ്ങളുടെ ലൗകിക യജമാനന്മാരെ എല്ലാക്കാര്യങ്ങളിലും അനുസരിക്കുവിൻ; ഇതു മനുഷ്യപ്രീതിക്കുവേണ്ടി മററുള്ളവരെ കാണിക്കാനായി ചെയ്യുന്നതാകരുത്;

പ്രത്യുത, കർത്താവിനെ ഭയപ്പെട്ടുകൊണ്ട്, ആത്മാർത്ഥയോടെ ചെയ്യുന്നതാകണം. നിങ്ങളുടെ ജോലി എന്തുതന്നെയായാലും, മനുഷ്യനെയല്ല, ദൈവത്തെ സേവിക്കുന്നതുപോലെ ഹൃദയ പരമാർത്ഥതയോടെ ചെയ്യുവിൻ. നിങ്ങൾക്കു പ്രതിഫലമായി കർത്താവിൽനിന്ന് അവകാശം ലഭിക്കുമെന്ന് അറിഞ്ഞുകൊള്ളുവിൻ. കർത്താവായ ക്രിസ്തുവിനെത്തന്നെയാണല്ലോ നിങ്ങൾ ശുശ്രൂഷിക്കുന്നത് (കൊളോ. 3:22-25). "ദാസന്മാരേ, നിങ്ങളുടെ ലൗകികയജമാനന്മാരെ ക്രിസ്തുവിനെയെന്നപോലെ ഭയത്തോടും ബഹുമാനത്തോടും ആത്മാർത്ഥതയോടും കൂടി അനുസരിക്കണം....ഓരോ മനുഷ്യനും, അവൻ അടിമയോ സ്വതന്ത്രനോ ആയിക്കൊള്ളട്ടെ, നല്ല പ്രവൃത്തികൾക്ക് ഉചിതമായ പ്രതിഫലം കർത്താവിൽനിന്നു ലഭിക്കും എന്നറിഞ്ഞു കൊള്ളുവിൻ..." (എഫേ. 6:5-8). 1 തിമോ. 6:1–2ലും, തീത്തോ. 2:9–10ലും ഇതേ ആശയങ്ങൾതന്നെ കാണാവുന്നതാണ്. 'അടിമത്തം' എന്ന പദപ്രയോഗം മതാത്മകപ്രതീകങ്ങൾ പ്രകടിപ്പിക്കുവാനും ഉപയോഗിച്ചിരുന്നു. 'രക്ഷ'യെന്നത് പാപത്തിൻെറ അടിമത്തത്തിൽ നിന്നുള്ള വിമോചനമായി മനസ്സിലാക്കിയിരുന്നു (റോമ. 6:6; യോഹ. 8:34 തുടങ്ങിയവ). 'ക്രിസ്തുവിൻെറ അടിമകൾ' എന്നത്രേ ക്രിസ്ത്യാനികൾ വിളിക്കപ്പെട്ടിരുന്ന് (ഗാല. 4:5; 3:13; റോമ. 1:1 തുടങ്ങിയവ). മനുഷ്യാവതാരംതന്നെ നിർവ്വചിക്കപ്പെടുന്നതു ദൈവപുത്രൻ ദാസൻെറ രൂപമെടുത്തുവെന്ന തലത്തിലാണല്ലോ (ഫിലി. 2:7).

ഇക്കണ്ട വേദപുസ്തകവിവരണങ്ങൾ വച്ചുകൊണ്ട്, അടിമത്തമെന്ന വ്യവസ്ഥിതി ആവിഷ്കൃതസത്യത്തിൻെറ ഒരു ഭാഗമാണെന്നു, വേണമെങ്കിൽ വാദിക്കാം. ദൈവം തന്നെ ആവശ്യപ്പെടുന്ന ഒരു പ്രതിഭാസമാണോയിത്?..."കർത്താവു തൻെറ സർവ്വജ്ഞതയാൽ അവരെ അതുല്യരാക്കുന്നു; വ്യത്യസ്ത മാർഗ്ഗങ്ങളിലൂടെ അവരെ വ്യതിരക്തരാക്കുന്നു" (പ്ര

ഭാ. 33·11). ക്രിസ്തു അടിമത്തത്തിനെതിരെ ഒന്നും ശബ്ദിച്ചുമില്ലല്ലോ? അവിടുന്ന് അത് അംഗീകരിച്ചതുകൊണ്ടാവാം, ശിഷ്യന്മാരും, അടിമകളും സ്വതന്ത്രരും എന്ന വ്യത്യാസം സ്വീകരിച്ചത്! പാരമ്പര്യദൈവശാസ്ത്രത്തിലെ ഇത്തരം വാദമുഖങ്ങളുടെ പിൻബലത്തോടെയാണ് അടുത്ത കാലം വരെയും അടിമത്തം നിലനിന്നത്. മാറിവന്ന കാലസാഹചര്യങ്ങൾ സഭയെ നിർബന്ധിച്ചു, പ്രസ്തുത വിഷയത്തിലുള്ള അവളുടെ പഠനം പുനഃപരിശോധനചെയ്യുവാൻ.

## മിഥ്യകൾ വഴിമാറുന്നു; പുതുയുഗം പിറക്കുന്നു

അടിമത്തം സംബന്ധിച്ച സഭയുടെ മനോഭാവം ദീർഘനാൾ നിലനിന്നു; പക്ഷേ, ഇന്ന്, മിഥ്യാധാരണകൾ നീങ്ങാനും, പുതിയ ഉൾക്കാഴ്ചകൾ സ്വീകരിക്കാനും കാലതാമസം എടുത്തുമില്ലയെന്നതു വിസ്മയം ജനിപ്പിക്കുന്ന കാര്യങ്ങളാണ്. 1866–ൽ പരിശുദ്ധ സിംഹാസനത്തിൽ നിന്നുള്ള ഒരു പ്രബോധനം വഴിയാണ് അടിമത്തം സാധൂകരിക്കപ്പെട്ടത്. നീഗ്രോ അടിമവ്യാപാരം സഭ പലപ്പോഴും നിരോധിച്ചിരുന്നെന്ന്, വിവാദത്തിലിരിക്കുന്ന ഔദ്യോഗിക രേഖ സൂചിപ്പിച്ചശേഷം, അതു തുടർന്നു പറയുന്നു:

> "അടിമത്തം അതിൻെറ കാതലായ സ്വഭാവത്തിൽ പരിഗണിച്ചാൽ, ദൈവികവും സ്വാഭാവികവുമായ നിയമത്തിനു വിരുദ്ധമല്ലതന്നെ. ദൈവശാസ്ത്ര പണ്ഡിതരും, നിയമവ്യാഖ്യാതാക്കളും ഇത് അനുകൂലിക്കുന്നു. ഒരടിമയെ വില്ക്കാനോ, വാങ്ങാനോ, കൈമാററം ചെയ്യാനോ സ്വഭാവികവും ദൈവികവുമായ നിയമങ്ങൾ നിരോധിക്കുന്നില്ല"[53].

അങ്ങനെ അടിമത്തത്തെ വേദപുസ്തകം അംഗീകരിക്കുന്നതായി പരിശുദ്ധ സിംഹാസനം പ്രഖ്യാപിച്ചു. കാൽ ശതാബ്ദത്തിനുശേഷമാണ് 1891–ൽ പ

തിമൂന്നാം ലിയോ മാർപ്പാപ്പ "റേരും നൊവാരും" എന്ന സാർവ്വത്രിക ലേഖനം പുറപ്പെടുവിച്ചത്. അതിൽ നിയമപരമായ സാധൂകരണം അടിമത്തത്തിനില്ലായെന്നു സൂചിപ്പിച്ചിട്ടുണ്ട്. 1918-ൽ ഇറക്കിയ പുതിയ കാനൻ നിയമം (കാന. 2354) അടിമക്കച്ചവടക്കാർക്കു സഭാപരമായ ശിക്ഷ തന്നെ നല്കിയിട്ടുണ്ട്. 1965ൽ വത്തിക്കാൻ കൗൺസിൽ തീരുമാനിച്ചതിപ്രകാരമാണ്:

> "മനുഷ്യ മഹാത്മ്യത്തെ മുറിപ്പെടുത്തുന്ന എന്തും....മനുഷ്യോചിതമല്ലാത്ത ജീവിതസാഹചര്യങ്ങൾ, അന്യായമായ ജയിൽശിക്ഷകൾ, നാടുകടത്തൽ, അടിമത്തം, വേശ്യാവൃത്തി, സ്ത്രീകളെയും കുഞ്ഞുങ്ങളെയും വില്ക്കൽ...എന്നിവയെല്ലാം നിന്ദ്യവും ശിക്ഷാർഹവുമായ കുററങ്ങളാണ്. ഇവ മനുഷ്യസംസ്കാരത്തിലാണു വിഷം സംക്രമിപ്പിക്കുന്നത്....ഈ തിന്മകൾ അവ സഹിക്കുന്നവർക്കെന്നതിനെക്കാൾ അവയുടെ കർത്താക്കൾക്കാണു കൂടുതൽ ഉപദ്രവം ചെയ്യുന്നത്. കൂടാതെ അവ സ്രഷ്ടാവിനോടു കാണിക്കുന്ന പരമനിന്ദയുമാണ്[54].

ഈ ചരിത്രസംഭവങ്ങളുടെ പിന്നിൽ, ചിന്താരീതിയിലുണ്ടായ തീർത്തും നാടകീയമായ ഒരു പരിണാമം ദൃശ്യമാണ്. ആധുനികസാമൂഹ്യവിമോചനം ഇതിനെ ത്വരിതപ്പെടുത്തിയിട്ടുണ്ട്. അടിമത്തത്തെ സാമാന്യപ്രതിഭാസമായി ജീവിതത്തിൽ സ്വീകരിച്ചുപോന്നതിൽനിന്നു ഭിന്നമായ ഒരു വീക്ഷണം വാർന്നുവീണു. ഇതു മനുഷ്യവ്യക്തിത്വത്തിനെതിരായ അനീതിയായി ബോധ്യപ്പെട്ടു; വേദഗ്രന്ഥത്തെ തെററായി ഗ്രഹിച്ചുപോയെന്നും മനസ്സിലായി. ക്രിസ്തു അടിമത്തത്തെ ഒരു യാഥാർത്ഥ്യമായി അംഗീകരിച്ചെങ്കിലും അതു നൈയാമിക നടപടിയായി സമ്മതിച്ചിരിക്കയില്ല.

ക്രിസ്തുവിൻെറ രക്ഷാപ്രവൃത്തി, വ്യാപകമായ അർത്ഥത്തിൽ, എല്ലാ സൃഷ്ടികൾക്കും വേണ്ടി

യുള്ളതാണ്. എല്ലാ മനുഷ്യരും അടിസ്ഥാനപരമായി സമന്മാരാണ് (മാർക്കോ. 16:15). അവിടുന്നു സാധിച്ച പരിത്രാണം എല്ലാവിധ അടിമത്തത്തിൽനിന്നുള്ള വിമോചനമാണ്. മനുഷ്യനുംമനുഷ്യനും തമ്മിലുള്ള എല്ലാവിധ ഉച്ചനീചത്വങ്ങളും ധ്വംസിക്കപ്പെട്ടു. നിഷ്കൃഷ്ടാർത്ഥത്തിൽ ക്രൈസ്തവന് അടിമയായിരിക്കുക സാധ്യമല്ല...ഇതെല്ലാം ക്രൈസ്തവസന്ദേശത്തിന്റെ കാതലാണെന്ന് ഇന്നു നാം മനസ്സിലാക്കുന്നു. അടിമത്തത്തെ അവിടുന്ന് അംഗീകരിച്ചില്ല. ഇതിൽ നിന്ന് ഒരു കാര്യം വ്യക്തമാകുന്നു: വേദഗ്രന്ഥരചയിതാക്കൾ തങ്ങളുടെ കാലഘട്ടത്തിലെ സാമുദായികാചാരസങ്കല്പങ്ങളിൽ നിന്നുകൊണ്ടു സംസാരിക്കുമ്പോൾ നാം അതീവശ്രദ്ധാലുക്കളായിരിക്കണം. സങ്കല്പങ്ങളെ സിദ്ധാന്തങ്ങളായി തെററിദ്ധരിക്കരുത്, കൂട്ടിക്കുഴയ്ക്കരുത്; മിഥ്യകളൊരിക്കലും തത്വത്തിന്റെ ഭാഗങ്ങളല്ല.

## ദൈവശാസ്ത്രജ്ഞന്മാർ കണ്ണു തുറക്കുന്നു

നമുക്കു വിഷയത്തിലേക്കു മടങ്ങി വരിക. ദൈവശാസ്ത്രജ്ഞന്മാരുടെ കഥയും മറെറാന്നല്ല. സ്ത്രീപൗരോഹിത്യത്തെ വേദഗ്രന്ഥം വിലക്കുന്നതായ വാദമുഖങ്ങൾ എടുത്തു കാട്ടുന്ന ചില പണ്ഡിതന്മാരുണ്ട്. അവരിൽ ചിലരാണ്, പി.ദെലായ് (Ph. Delhaye-1972), എഫ് പി. ഷൻഡർലൻ (F. P. Chenderlin 1972), ജെ.ഗലോ (J. Galot-1973)[55] എന്നിവർ. പഴയചിന്താഗതി മുറുകെപ്പിടിക്കുന്നവർ തങ്ങളുടെ നിലപാടിന് ആധാരമായ ആശയങ്ങൾ പ്രകടമാക്കാൻ അത്ര താത്പര്യം കാണിക്കുന്നില്ല, സ്ത്രീപൗരോഹിത്യത്തെ അനുകൂലിക്കുന്നവരെപ്പോലെ.

ദൈവശാസ്ത്രരംഗം നിരീക്ഷിക്കുന്ന ആർക്കും നിഷേധിക്കാനാവാത്ത ഒരു കാര്യം കാണാം: പണ്ഡിതന്മാരുടെയിടയിൽ ത്തന്നെ ബൈബിൾഭാഗങ്ങൾ പുതിയ രീതിയിൽ മനസ്സിലാക്കാനുള്ള ബദ്ധപ്പാ

ട്. റവതന്ത്രമായി നടത്തിയ ഒരു ഗവേഷണം ഒരേ അനുമാനത്തിൽ എത്തിക്കുന്നു: 'യേശു തൻെറ കാല ഘട്ടത്തിൻെറ ആചാരങ്ങളെ സ്വീകരിച്ചു; സ്ത്രീപൗ രോഹിത്യം സംബന്ധിച്ചു നിയതമായ ഒരു മാനദ ണ്ഡം അവിടുന്നു കുറിച്ചിട്ടില്ല....' മററു പല കാര്യ ങ്ങളിലുമെന്നപോലെ ഇക്കാര്യത്തിലും ദൈവശാസ്ത്രം കണ്ണുതുറന്നു കാണാൻ തുടങ്ങിയിരിക്കുന്നു.

**പലരും പലതും**

ഡെൻവർ (Denver) രൂപതയുടെ മെത്രാനും, "സ്ത്രീ സഭയിലും സമൂഹത്തിലും" എന്ന വിഷയം സംബന്ധിച്ചു പഠിക്കാനുള്ള അമേരിക്കൻമെത്രാന്മാ രുടെ ഉപസമിതിയംഗവുമായ ജി. ആർ. ഇവാൻസ് എഴുതുന്നു (1972):

> "ക്രിസ്തുവിൻെറ കാലത്തെ സാമൂഹ്യസാം സ്കാരിക ഘടന നാം മറക്കരുത്. ക്രിസ്തു എന്തുകൊണ്ട് ഒരടിമയെ അപ്പസ്തോല സംഘ ത്തിലേക്ക് എടുത്തില്ല? അങ്ങനെ ചെയ്തി രുന്നെങ്കിൽ, അടിമകൾക്കു പട്ടം കൊടുക്കരു തെന്ന സഭാനടപടി നിരാകരിക്കപ്പെട്ടേനെ. എ ന്തുകൊണ്ടു പുറജാതികളെ ശിഷ്യസമൂഹത്തി ലേക്കു സ്വീകരിച്ചില്ല? സ്വീകരിച്ചെങ്കിൽ, ആ ദിമ സഭയിലെ ചൂടേറിയ വിവാദങ്ങൾ ഒഴിവാ ക്കാമായിരുന്നു. അന്നു നിലവിലിരുന്ന കാ കാര്യങ്ങൾ നിരീക്ഷിച്ച്, അതു സംബന്ധ മായ അവകാശങ്ങൾ ഉണ്ടായിരുന്നെന്ന് അനുമി ക്കാവതല്ല. ഒരു വസ്തുതയുടെ ആധാരകാ ര്യം അവകാശത്തിൻെറ വിഷയമായിക്കൊള്ളണ മെന്നില്ല"[56].

ക്രിസ്തു, സ്ത്രീകളെ തിരഞ്ഞെടുത്തില്ല എന്ന കാര്യത്തിൽനിന്ന്, അവിടുത്തെ മനസ്സും ആഗ്രഹ വും സ്ത്രീപൗരോഹിത്യത്തിനു പ്രതികൂലമായിരു ന്നുവെന്നു പറഞ്ഞുകൂടാ.

''...ക്രിസ്തു ജീവിച്ചിരുന്ന കാലഘട്ടത്തിലെ സ്ത്രീപുരുഷന്മാരുടെ സാമൂഹ്യപദവി എന്തായിരുന്നുവെന്നു നാം ഗ്രഹിച്ചു; വേറെ സാമൂഹ്യസാംസ്കാരിക മാനദണ്ഡങ്ങളുണ്ടായിരുന്ന സമൂഹത്തിലായിരുന്നു അവിടുന്നു ജീവിച്ചിരുന്നതെങ്കിൽ അവിടുത്തെ ശിഷ്യന്മാരുടെ തിരഞ്ഞെടുപ്പിൽ വ്യക്തമായ ചില വ്യത്യാസങ്ങൾ ഉണ്ടാകുമായിരുന്നില്ലേ? പിതൃകേന്ദ്രീകൃതമായ ആചാരങ്ങൾ നിലവിലിരുന്ന യഹൂദസമൂഹത്തിൽ, സ്ത്രീകളോടുള്ള സമീപനത്തിൽ പുത്തൻ മനോഭാവം സ്വീകരിക്കപ്പെടുമായിരുന്നുവോ?'' (H. M. Legrand 1977)[57]

''....ഒരു പടികൂടി കടന്ന്, ആറു പുരുഷന്മാരെയും ആറു സ്ത്രീകളെയുമാണു ശിഷ്യസമൂഹത്തിൽ എടുത്തിരുന്നതെങ്കിൽ സമകാലീനരെ അതു കൂടുതൽ കോപാക്രാന്തരാക്കിയേനെ. എങ്കിൽ, അവിടുത്തെ പ്രവർത്തനങ്ങളുടെ തുടക്കം തന്നെ ആകെ അലങ്കോലപ്പെടുമായിരുന്നു!'' (G. O. Collins, 1974)[58]

''വസ്തുതയിതാണ്; പുരുഷന്മാരെമാത്രമേ യേശു തൻെറ ശിഷ്യന്മാരായി തിരഞ്ഞെടുത്തുള്ളൂ. എന്തുകൊണ്ടാണങ്ങനെ ചെയ്തതെന്നു നാം ചിന്തിച്ചു വിവേചിച്ചറിയണം. പുരുഷന്മാരെ മാത്രമേ അപ്പസ്തോലിക ദൗത്യനിർവ്വഹണത്തിനു (സുവിശേഷ പ്രഘോഷണത്തിനും, ദൈവാരാധനാനിർവ്വഹണത്തിനും, സമൂഹഭരണത്തിനും) മെത്രാന്മാരായും പുരോഹിതന്മാരായും നിയമിക്കാൻ ദൈവം തിരുമനസ്സായുള്ളൂ എന്നു പറയുന്നത് അതിരുകടന്നതാണ്. യേശു അങ്ങനെ ചെയ്യാൻ കാരണം, അന്നത്തെ സാംസ്കാരികപശ്ചാത്തലത്തിൽ പുരുഷന്മാർക്കേ നേതൃത്വദൗത്യം നിർവ്വഹി

ക്കാമായിരുന്നുള്ളൂ. ഇതായിരിക്കും കൂടുതൽ യുക്തിസഹം. എന്നാൽ ഈ സാമൂഹ്യപശ്ചാത്തലവും മാറാവുന്നതാണെന്നു നാമറിയണം; അതോടൊപ്പം, പുരുഷന്മാർക്കു മാത്രമായിരുന്ന വൈദികശുശ്രൂഷാദൗത്യവും''(E.C. Meyer 1976)[59].

ഈ ചിന്താഗതിക്ക് ആക്കം കൊടുക്കുന്ന ദൈവശാസ്ത്രപഠനങ്ങൾ വർഷം ചെല്ലുന്തോറും വർദ്ധിച്ചുവരികയാണ്. 1970–നു ശേഷമുള്ള ചുരുക്കം ചില ദൈവശാസ്ത്രജ്ഞന്മാരുടെ അഭിപ്രായങ്ങളും കൂടി അവതരിപ്പിക്കാം; ചിലരുടെ പേരുകളും[60]. 1970ൽ കൊൺഗാർ സംശയനിലയിൽ എഴുതി, ''സ്ത്രീകളെ ഉൾപ്പെടുത്താതിരുന്നതു ദൈവികനിയമമായിരുന്നോയെന്നു തീർച്ചയില്ല''[61]. '71–ൽ ഇങ്ങനെ ഭേദഗതിചെയ്തു: ''സ്ത്രീവിരോധം ദൈവികനിയമമല്ല... പക്ഷേ, ഒരു കാര്യം കൂട്ടിച്ചേർക്കുകയാണ്; ഈ വിവേചന സാമൂഹിക സാംസ്കാരിക സ്വഭാവമാണെന്നു പറയാൻ എന്താണ് ആധികാരികതയുള്ളത്? തറപ്പിച്ചു പറയാൻ ആർക്കും കഴിയില്ലെന്നാണെൻെറ അഭിപ്രായം''[62]. കാർഡിനൽ ഡനിയേലു സ്ത്രീപൗരോഹിത്യത്തെ വിലക്കുന്നതു ദൈവശാസ്ത്രപ്രതിബന്ധങ്ങളല്ലെന്നു തുറന്നു പ്രസ്താവിക്കുന്നു[63]. കാറാനറിൻെറ അഭിപ്രായമിതാണ്: ''കത്തോലിക്കാസഭയിൽ സ്ത്രീകളെ പൗരോഹിത്യത്തിലേക്കു സ്വീകരിക്കുന്നില്ലെന്ന നടപടിക്കു ദൈവശാസ്ത്രപരമായ യാതൊരു ന്യായവുമില്ല. ഒരു കാലത്തെ ഒരാചാരം വിശ്വാസസത്യമായിക്കൊള്ളണമെന്നില്ല. അത് മനുഷ്യൻെറ ചരിത്രപരമായ വിചിന്തനത്തിൽ തീർത്തും അധിഷ്ഠിതമാണ്. ഒരിക്കൽ സാമൂഹിക സാംസ്കാരികപരിതോവസ്ഥകളിൽ സാധുവായിരുന്നത് അതിവേഗം മാറിമറയുന്നതായി നാം കാണുന്നു''[64].

എന്തുകൊണ്ടാണു ദൈവശാസ്ത്രജ്ഞന്മാർ ഇക്കാര്യത്തിൽ ചേരിതിരിഞ്ഞു നില്ക്കുന്നത്? അവർ

ഭിന്നവശങ്ങരം പിടിക്കുമ്പോരം, വേദപുസ്തകം സാക്ഷ്യം അവ്യക്തമെന്നല്ലേ കരുതേണ്ടത്? ഈ പ്രശ്നം തന്നെയാണ് ഇവിടെ പ്രതിപാദ്യം.

കുറെ കാലത്തേക്കു കൂടി ഈ വിവാദം തുടരുക ആവശ്യമുണ്ട്; അതു സ്വാഭാവികവുമാണ്. പഴയ ആശയഗതികരം അത്രയെളുപ്പം തിരസ്ക്കരിക്കപ്പെടുകയില്ല. സുചിന്തിതമായ പഠനത്തിനും, സൂക്ഷ്മമായ പര്യന്വേഷണത്തിനും ശേഷമേ നവമായ വേദഗ്രന്ഥ വീക്ഷണം സാർവ്വത്രികമായി സ്വീകരിക്കപ്പെടൂ. ദൈവശാസ്ത്രം, സ്വതേ സാവധാനത്തിലേ നീങ്ങൂ. ഏതാണ്ട് ഇരുപതാം നൂററാണ്ടിൻെറ മദ്ധ്യം വരെ കത്തോലിക്കാ ദൈവശാസ്ത്രജ്ഞന്മാർ അടിമത്തത്തെ അംഗീകരിച്ചിരുന്നതായി കാണാം.[65]. അടിമത്തത്തിന് എതിരായി വാദിച്ച എ. കൊഷാനിൻെറ (A. Coshan 1861) അഭിപ്രായഗതികരം പ്രകൃതത്തിലും പ്രസക്തമാണ്:

> "പാരമ്പര്യത്തെ കണ്ണടച്ച് ആദരിക്കാൻ പണ്ടേ വശായവർക്കും, ആ നിലയിൽ സുരക്ഷിതത്വം കാണുന്ന ദൈവശാസ്ത്രജ്ഞന്മാർക്കും ഭൂതകാലത്തോടു ബന്ധപ്പെടാനാണു വ്യഗ്രത. നേരത്തെ പ്രാബല്യത്തിലിരുന്ന സിദ്ധാന്തങ്ങളാണവർ എളുപ്പം സ്വീകരിക്കുക. വിശ്വാസം ചോദ്യം ചെയ്യപ്പെടുമ്പോരം ഈ നിലപാട് അത്യന്താപേക്ഷിതമാണ്. പക്ഷേ, മററു പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം ഈ മനോഭാവം ആപത്കരമാണ്. കാരണം, തുറന്ന പ്രശ്നങ്ങളുടെ ഉത്തരങ്ങരം പലതാകാം; അവ പുരോഗതിക്കു വിധേയവുമാണ്. അവർ ഇന്നലെയും മിനിയാന്നും പഠിപ്പിച്ചിരുന്ന അതേ ആശയമാണ് അടിമത്തം സംബന്ധിച്ച് ഇപ്പോഴും പഠിപ്പിക്കുക. എന്നാൽ ഇന്ന് അവ, വൈദികരോ, വിശ്വാസികളോ ഒട്ടു വിശ്വസിക്കാത്തവയുമാണുതാനും."[66].

മററൊരു വിധത്തിൽ പറഞ്ഞാൽ, പുതിയ ഗവേഷണാധിഷ്ഠിതങ്ങളായ കാഴ്ചപ്പാടുകളെ ചില ദൈവശാസ്ത്രജ്ഞന്മാർ തിരസ്കരിക്കുന്നതിൽ അദ്ഭുതപ്പെടാനില്ല. ഇതിൽ, ഏതെങ്കിലും തീർപ്പു കല്പിക്കുമ്പോഠം കണക്കിലെടുക്കേണ്ടതു വേദഗ്രന്ഥന്യായങ്ങളുടെ തന്നെ വിലയാണ്. വ്യാഖ്യാനം, ഗവേഷണം, സംവാദം എന്നിവ സംബന്ധിച്ച് അഭിപ്രായഭിന്നതകഠം ഉണ്ടെന്ന കാരണത്താൽ ബൈബിഠം സാക്ഷ്യം അസ്ഥാനത്താവുകയില്ല. വേദഗ്രന്ഥഭാഗങ്ങളെ നവമായി നിരീക്ഷിക്കാനും, പുത്തൻ ചോദ്യങ്ങഠം ഉന്നയിക്കാനുമുള്ള ആത്മധൈര്യമാണു നമുക്കുണ്ടാകേണ്ടത്.

## ആറ്

# സെൻറ് പോഠം നെററി ചുളിക്കുന്നു

...."ശിരോവസ്ത്രധാരണം പോലുള്ള (1കോറി. 11:26–16) നിസ്സാരമായ ശിക്ഷണ സമ്പ്രദായങ്ങഠംക്കു നിയമപരമായ മൂല്യം ഇല്ലതന്നെ. എന്നാൽ സമൂഹത്തിൽ സ്ത്രീകഠം 'സംസാരിക്കുന്ന' വിഷയം (1 കോറി. 14:34–35; 1 തിമോ. 2:12) ഒന്നു പ്രത്യേകമാണ്. വ്യാഖ്യാതാക്കഠം ഇതിനു നല്കുന്ന വിശദീകരണം ഇങ്ങനെയാണ്: മററു പലേടത്തും ശ്ലീഹാ അംഗീകരിച്ചിട്ടുള്ളതുപോലെ, സമൂഹത്തിനു വേണ്ടിയുള്ള അവരുടെ പ്രവാചകദൗത്യം ഇതുവഴി അദ്ദേഹം നിഷേധിക്കുന്നില്ല; ക്രൈസ്തവസമൂഹങ്ങളിൽ ആധികാരികമായി പഠിപ്പിക്കുന്നതാണു നിഷിദ്ധം:

സെൻറ് പോളിനെ സംബന്ധിച്ച് ഈ നിയമം ദൈവത്തിൻെറ സൃഷ്ടികർമ്മവുമായി ബന്ധപ്പെട്ടതാണ് (1കോറി. 11:7; ഉത്പ. 2:18–24); സംസ്കാരസംബന്ധമായ യാതൊന്നും കണ്ടെന്നുവരില്ല. ക്രിസ്തുവിൽ ദൈവമക്കളെന്ന നിലയിൽ സ്ത്രീയും പുരുഷനും അടിസ്ഥാപരമായി ഒന്നാണെന്നുള്ള പുതിയ നിയമത്തിലെ ഓജസ്സുററ പരാമർശം സെൻറ് പോഠം നല്കുന്നുണ്ടെന്ന വസ്തുതയും നമുക്കു വിസ്മരിച്ചുകൂടാ (ഗലാ. 3:28). അതുകൊണ്ട്,

അദ്ദേഹത്തിനു 'സ്ത്രീവിരോധി' എന്ന ലേബൽ നല്കുന്നതു യുക്തി പൂർവ്വകമായിരിക്കയില്ല...." ('സ്ത്രീ പൗരോഹിത്യം'–പ്രമാണരേഖ).

ദൈവവിജ്ഞാനീയത്തിനു വേദവാക്യങ്ങളെ എത്രമാത്രം വളച്ചൊടിക്കാമെന്നതിന് ഒന്നാംതരം ഉദാഹരണമാണു നമുക്കിവിടെ ലഭിക്കുക. സത്യത്തിൽ, സെൻറ് പോൾ, സ്ത്രീകൾ സമൂഹത്തിൽ സംസാരിക്കുകയോ, ആധികാരികമായി പഠിപ്പിക്കുകയോ ചെയ്യുന്നതിനെ മുടക്കിയട്ടുണ്ട്. അതു യഹൂദാചാരത്തിൻെറ ചുവടുപിടിച്ചു കൊണ്ടായിരുന്നു ദൈവശാസ്ത്രപരമായ 'ന്യായീകരണ'ങ്ങളാൽ (Rationalisation) ഈ നിലപാട് അദ്ദേഹം സാധൂകരിക്കുകയും ചെയ്യുന്നു. എന്നാൽ, സെൻറ് പോളിൻെറ ഈ മുടക്കു കല്പനയോ, അതു സംബന്ധിച്ച ദൈവശാസ്ത്ര ന്യായവാദങ്ങളോ ഇന്നു ബാധകമല്ല. സ്ഥലകാല സാഹചര്യങ്ങൾക്കൊത്തു മാറിക്കൊണ്ടിരിക്കുന്ന ഒരു ആചാരത്തിലേക്കാണ് ഈ കല്പന വിരൽചൂണ്ടിയത്. അതു സംബന്ധിച്ച വിചിന്തനമാകട്ടെ, അന്നത്തെ ആവശ്യങ്ങളെ മുൻനിറുത്തിക്കൊണ്ടുള്ളതുമായിരുന്നു. അതു പൗലോസിൻെറ പ്രാമാണികമായ പഠനങ്ങളെ ഉൾക്കൊള്ളുന്നുമില്ല.

ഇവിടെ 'ന്യായീകരണം' പ്രത്യേകമായ അർത്ഥത്തിലാണ് ഉപയോഗിക്കുക. വൈകാരികമായ ഒരു മനോഭാവത്തെ ബുദ്ധികൊണ്ടു പിന്താങ്ങി സാധൂകരിക്കാൻ ശ്രമിക്കുന്നു എന്ന അർത്ഥത്തിലാണീ പ്രയോഗം. ഈ ആശയം ചില ഉദാഹരണങ്ങൾ കൊണ്ടു വ്യക്തമാക്കാം: വെള്ളക്കാർ പലരും നൈസർഗ്ഗികമായി കറുത്തവർഗ്ഗക്കാരെ വെറുക്കുന്നു; അവിശ്വസിക്കുന്നു. ഇതൊരു മുൻവിധിയാണ്. ഈ മുൻവിധിയെ താത്വികമായ കാരണങ്ങൾ പറഞ്ഞു ന്യായീകരിക്കാൻ ശ്രമിക്കയാണവർ. ചിലരുടെ വിശ്വാസവഞ്ചനാപരമായ ഒററപ്പെട്ട ചില പ്രവർത്തനങ്ങൾ അവർ ചൂണ്ടിക്കാട്ടും. എന്നാൽ യഥാർത്ഥത്തിൽ അവ

രുടെ അവിശ്വാസം തീർത്തും വൈകാരികം മാത്രമാണ്; നിറത്തിന്റെ പേരിൽത്തന്നെയാണു വിവേചനം. ഇക്കാര്യം തുറന്നു പറയാൻ പററില്ലല്ലോ! മറെറാരുദാഹരണം പറഞ്ഞാൽ, സ്വാഭാവികമായി പ്രവർത്തനോന്മുഖരായ മനുഷ്യർ (Activists) കൂടുതൽ ജോലികൾ ഏറെറടുക്കും; എല്ലാം ഭംഗിയായി നിർവ്വഹിക്കാനാവാതെ വരുമ്പോൾ, 'പുറത്തുനിന്നുള്ള സമ്മർദ്ദത്താലാണ് അധികം ജോലികൾ ഏററത്, അക്കാരണത്താലാണു കാര്യക്ഷമത കുറഞ്ഞത്', എന്നവർ 'മുട്ടാപ്പോക്ക്' പറയും; ഇതും 'ന്യായീകരണം' തന്നെ. ഇനിയും, സ്വാഭാവികമായ കാരണങ്ങളാൽ ഒരു പുരുഷനെ വെറുക്കുന്ന സ്ത്രീ, ഈ മനഃസ്ഥിതിയെ സാധൂകരിക്കാൻ ന്യായങ്ങൾ അവതരിപ്പിക്കും: 'അയാൾ സ്നേഹമില്ലാത്തവനാണ്, പരിഗണന തീരെയില്ല', എന്നൊക്കെ. സത്യത്തിൽ, അവൾക്ക് അയാളോടു വൈകാരികമായി അടുക്കാനാവുകയില്ല. ഇവിടെയും ബുദ്ധിപരമായ കാര്യങ്ങളാണവൾ അവലംബിക്കുക. അങ്ങനെ സ്വയം ബോധ്യപ്പെടുകയും മററുള്ളവരെ ബോധ്യപ്പെടുത്താൻ ശ്രമിക്കുകയും ചെയ്യും. ഇപ്രകാരം ന്യായീകരണത്തിനു പല അവതരണങ്ങളുണ്ടാവാം.

ഇമ്മാതിരി ന്യായീകരണങ്ങൾ വി. ഗ്രന്ഥത്തിലും കാണാൻ കഴിയും. അതിനെ യഥാതഥം മനസ്സിലാക്കിയില്ലെങ്കിൽ ആധികാരികമായ പഠനങ്ങൾ പ്രയാസമാകും. ഏഴാം ദിവസം വിശുദ്ധമായി ആചരിക്കുന്ന സാമൂഹികവഴക്കത്തിനു ബൈബിളിൽ യുക്തിപരമായ വ്യാഖ്യാനമുണ്ട്:...''എന്നാൽ ദൈവം ആറുദിവസം കൊണ്ട് ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ള സമസ്ത വസ്തുക്കളും സൃഷ്ടിച്ചു; ഏഴാം ദിവസം അവിടുന്നു വിശ്രമിച്ചു; അതിനാൽ ഏഴാം ദിവസത്തെ ദൈവം അനുഗ്രഹിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്തു (പുറ. 20:11; ഉത്പ. 2:1–3 ഉം കാണുക). ഈ ന്യായീകരണവാദം പ്രാബല്യത്തിൽ വരുന്നതിന് ആയിരം വർഷം മുമ്പേ സാബത്താചരണം ഒരു സാമൂഹിക സമ്പ്ര

ദായമായി നിലനിന്നിരുന്നു! ആറുദിന സൃഷ്ടികർമ്മം, അക്ഷരാർത്ഥത്തിൽ ഒരു ചരിത്രവസ്തുതയായും, സാബത്താചരണം അതിൽനിന്ന് ഉടലെടുത്ത ഒരു കടമയായും മനസ്സിലാക്കാൻ ഇടയുണ്ട്. എന്നാൽ, യാഥാർത്ഥ്യം നേരെമറിച്ചാണ്: സാബത്താചരണം വലിയ പ്രാധാന്യമുള്ള ഒന്നായി കണ്ടതുകൊണ്ട്, വി. ഗ്രന്ഥകർത്താവ് അതിൽനിന്ന് ഇങ്ങനെയൊരു നിഗമനം എടുത്തതാകണം. അതിനുള്ള ന്യായങ്ങൾ... ''മറ്റെല്ലാ ദിവസവും ദൈവം അദ്ധ്വാനിച്ചു, ഏഴാം ദിവസം വിശ്രമിച്ചു, അതിനെ വിശുദ്ധീകരിച്ചു'... എന്നൊക്കെ കണ്ടുപിടിക്കുകയും ചെയ്തു!

### ദൈവം രക്തദാഹിയോ?

ഇതേ ആശയങ്ങൾ സ്പഷ്ടമാക്കുന്ന ഒരു സംഭവം ദാവീദിൻെറ ജീവിതത്തിലുണ്ട്. മൂന്നുവർഷം ദീർഘിച്ച കഠിനമായ ഒരു ക്ഷാമം രാജ്യത്തുണ്ടായി. ദാവിദ് പ്രാർത്ഥിച്ചു. കാരണം വിശദീകരിക്കുന്ന ഒരു രഹസ്യ വെളിപാടുണ്ടായി. സാവൂൾ, ഗിബയോൻകാരെ വധിച്ചതിനാൽ, പ്രതികാരം ചെയ്യാൻ കഴിവില്ലാതിരുന്ന അവർക്കുവേണ്ടി ദൈവം വരുത്തിയ വിനയാണിത്. ''കർത്താവ് അരുളിച്ചെയ്തു, സാവൂളും അയാളുടെ കുടുംബവും രക്തപങ്കിലമാണ്'' (2സാമു. 21:1). പ്രതികാരത്തിനു ദാഹിക്കുന്ന ഗിബയോൻകാരുടെ നിർദ്ദേശപ്രകാരം, സാവൂളിൻെറ വംശത്തിൽപ്പെട്ട നിർദ്ദോഷികളായ ഏഴുപേരെ കുരിശിൽ തറച്ചു കൊല്ലാൻ ദാവീദ് കല്പന കൊടുത്തു. കല്പന നിർവ്വഹിക്കപ്പെട്ടപ്പോൾ ക്ഷാമവും നിലച്ചു. 'അതിനുശേഷം ദൈവം അവരുടെ പ്രാർത്ഥന ചെവിക്കൊണ്ടു' (2 സാമു. 21:14).

ഈ സംഭവത്തെ വളരെ ഉപരിപ്ലവമായി എടുക്കുന്ന ഒരാൾക്കു കിട്ടുന്ന ധാരണ, ബൈബിൾ, ദൈവത്തെ ശിക്ഷണ നടപടികൾ എടുക്കുന്നവനായി ചിത്രീകരിക്കുന്നതായിട്ടാണ്; ഗിബയോൻകാർക്ക് പ്രതികാരം

ചെയ്യാൻ കഴിയാത്തതിൽ ദൈവം അസംതൃപ്തനാണ്; അതിനാൽ അവിടുന്നു രാജ്യത്തെ മുഴുവൻ ക്ഷാമം കൊണ്ടു ശിക്ഷിക്കുന്നു; സാവൂളിൻെറ വംശത്തിലെ ഏഴുപേരുടെ കഥ കഴിക്കുന്നതുവരെ അവിടുന്നു ക്ഷാമം തുടരുന്നു. ഇവിടെ ധാരാളം പ്രശ്നങ്ങൾ ഉദിക്കുന്നുണ്ട്: ദൈവം ഇത്ര ക്രുദ്ധനായിരുന്നെങ്കിൽ എന്തുകൊണ്ടു ശിക്ഷാനടപടികൾ എടുക്കാൻ വൈകി? തെററുകാരൻ മരിച്ചു വർഷങ്ങളായിട്ടും, അയാൾക്കുവേണ്ടി എന്തിനീ രാജ്യം മുഴുവൻ ശിക്ഷിക്കപ്പെടണം? എന്തുവിലകൊടുത്തും സംരക്ഷിക്കേണ്ട ധാർമ്മികപ്രാധാന്യമുള്ള ഒരാചാരമാണോ രക്തപ്രതികാരം? ഏഴു നിർദ്ദോഷികളെ വധിച്ചു വകവരുത്തുന്നതിൽ ദൈവം ആനന്ദം കൊള്ളുകയല്ലേ? മറിച്ച്, മുൻനിയമങ്ങളിൽ വേറെ വകുപ്പുകൾ കാണുകയും ചെയ്യുന്നു. ''മക്കൾക്കുവേണ്ടി പിതാക്കന്മാരോ, പിതാക്കന്മാർക്കുവേണ്ടി മക്കളോ കൊല്ലപ്പെടരുത്; ഓരോരുത്തരും തന്താങ്ങളുടെ പാപത്തിനു മരണശിക്ഷ അനുഭവിക്കണം (ആവ. 24:16).

ഉദ്ധൃത വേദഗ്രന്ഥഭാഗം മുഴുവൻ 'ന്യായീകരണത്തിൻെറ വ്യക്തമായ മാതൃകയാണ്. എന്തെങ്കിലും അത്യാഹിതമുണ്ടായാൽ, അതിൽ ദൈവകോപം കാണുക യഹൂദജനത്തിനു പതിവാണ്. ക്ഷാമത്തിൻെറ കാരണമന്വേഷിച്ചു പോയപ്പോഴാകണം, ഗിബയോൻകാരുടെ പ്രതികാരത്തിൻെറ കാര്യവും, അതോടനുബന്ധിച്ചു ദൈവകോപവും കണ്ടെത്തിയത്. ഏഴുപേരുടെ വധം കഴിഞ്ഞ ഘട്ടത്തിലാണു മഴയും സമൃദ്ധിയും ഉണ്ടായത്. തീർച്ചയായും, അപ്പോഴതു ദൈവത്തിൻെറ ഭാഗത്തു നിന്നുള്ള അനുരഞ്ജനത്തിൻെറ ആരംഭമായി എടുത്തു. ഈദൃശ 'ന്യായീകരണ'ങ്ങൾ, തീർത്തും, മാനുഷികവും, മനസ്സിലാക്കാവുന്നതുമാണ്. പക്ഷേ, ഇവയിലെല്ലാം ദൈവത്തിൻെറ തിരുമനസ്സും, അവിടുത്തെക്കുറിച്ചുള്ള പഠനവും കണ്ടെത്താൻ ശ്രമിക്കുന്നതും സൂക്ഷിച്ചു വേണമെന്നു മാത്രം.

ശിരോവസ്ത്രത്തെപ്പററി

ക്രൈസ്തവർ സമ്മേളിക്കുന്ന പൊതുരംഗങ്ങളിൽ സ്ത്രീകറം ശിരോവസ്ത്രം ധരിക്കണമെന്നു സെൻറ് പോഠം ആവശ്യപ്പെട്ടിട്ടുണ്ട്. ഇതൊരു യഹൂദാചാരമാണ്. എന്നാൽ, കോറിന്തിലെ ചില സ്ത്രീകറം ഇതിനപവാദമായി പ്രവർത്തിച്ചിരുന്നു. അതിനെതിരായി അദ്ദേഹം, സുദീർഘവും ദൈവശാസ്ത്രപരവുമായ ന്യായീകരണങ്ങറം ഒന്നിനു പുറകെ ഒന്നായി നിരത്തുന്നുണ്ട്: പുരുഷനു ശിരോവസ്ത്രത്തിൻെറ ആവശ്യമില്ല, കാരണം അവൻ കൂടുതലായി ക്രിസ്തുവിനോടു നേരിട്ടു ബന്ധമുള്ളവനാണ്. പുരുഷൻ ദൈവത്തിൻെറ പ്രതിച്ഛായയാണ്; ദൈവമഹത്വം അവനിൽ പ്രതിബിംബിക്കുന്നു; അവനാണ് ആദ്യമായി സൃഷ്ടിക്കപ്പെട്ടത്. സ്ത്രീ ഇക്കാര്യത്തിലെല്ലാം പുരുഷനെ ആശ്രയിച്ചു കഴിയുന്നു. ഇമ്മാതിരിയുള്ള ദൈവശാസ്ത്ര വിചിന്തനത്തിൻെറ പോരായ്മകറം സെൻറ് പോളിനുതന്നെ ബോധ്യമാണ്! അദ്ദേഹമതു തുറന്നു പറയുന്നുണ്ട്: ''അഭിപ്രായ വ്യത്യാസമുള്ളവരോട് എനിക്കു പറയാനുള്ളത്, ഞങ്ങറക്കോ ദൈവത്തിൻെറ സഭകറക്കോ ഇപ്പറഞ്ഞതൊഴികെ മറെറാരു സമ്പ്രദായവും ഇല്ല എന്നതാണ് (1കോറി. 11:16).

പുതിയനിയമത്തിലെ ഏററവുംവലിയ ദൈവവിജ്ഞാനികളിൽ ഒരാളാണു പോഠം. സ്ത്രീകളുടെ ശിരോവസ്ത്രധാരണം എന്ന പൊതുവായ ആചാരത്തെ നീതിമത്കരിക്കാനുള്ള ശ്രമത്തിൽ, അദ്ദേഹം, ദൈവശാസ്ത്രവാദങ്ങളാൽ സ്വയം വലിച്ചിഴക്കപ്പെടുവാൻ അനുവദിക്കുന്നു. ഈ ആചാരങ്ങറം ക്രൈസ്തവമല്ല, തീർത്തും യാഹൂദികമാണ്. അന്നത്തെ യഹൂദ ദൈവശാസ്ത്രം ഇന്നു നിലവിലില്ലാത്ത സ്ഥിതിക്ക് സെൻറ് പോളിൻെറ പല വാദഗതികളും നമുക്ക് അനുഗ്രാഹ്യമാണ്. പ്രാർത്ഥിക്കുമ്പോഠം ശിരസ്സു മൂടുന്നതുകൊണ്ടു പുരുഷൻ എങ്ങനെയാണു ശിരസ്സിനെ അനാദരിക്കുക? അതുപോലെതന്നെ, ശിരോവ

സ്ത്രമില്ലാത്തതുകൊണ്ടു സ്ത്രീയും? മാലാഖമാരോടു ബഹുമാനം കാണിക്കാൻ സ്ത്രീകൾ എന്തിനു തലമൂടണം? വി. അപ്പസ്തോലൻ ഇവിടെ വിഷമസന്ധിയിലാണ്. അദ്ദേഹത്തിൻെറ വാദഗതികൾ വളരെ ദുർബലങ്ങളാണ്. അവയെ ഗൗരവമായി വീക്ഷിക്കുന്നതുതന്നെ അദ്ദേഹത്തോടു നീതി പുലർത്തുകയല്ല; അതു ശരിയായ ദൈവശാസ്ത്ര വിചിന്തനവുമല്ല. യഹൂദരുടെ പുരുഷമേധാവിത്വമുള്ള സാമൂഹ്യാചാരവുമായി അദ്ദേഹം എത്രമാത്രം ഇഴുകിച്ചേർന്നുവെന്ന് ഈ ന്യായീകരണങ്ങൾ കാണിക്കുന്നു.

## സഭയിൽ പ്രസംഗിക്കുന്നതിനെക്കുറിച്ച്

ഇതേ ഇനത്തിൽപെടുന്ന മറെറാരു പൊളെളൻ സിദ്ധാന്തമാണു സ്ത്രീകൾ പൊതു സമ്മേളനങ്ങളിൽ പ്രസംഗിക്കുന്നതു (സംസാരിക്കുന്നതു) സംബന്ധിച്ചുളളത്. സമൂഹത്തിൽ പ്രാർത്ഥിക്കുന്നതോ, പ്രവചിക്കുന്നതോ സ്ത്രീകൾക്ക് (തലമൂടിക്കൊണ്ട്) അനുവദനീയമായി അദ്ദേഹം കാണുന്നുണ്ട് (1 കോറി. 11:5). അവരെത്തന്നെ പ്രസംഗിക്കുവാൻ അദ്ദേഹം മുടക്കുന്നു:

> ''വിശുദ്ധരുടെ എല്ലാ സഭകളിലും പതിവുളളതുപോലെ സമ്മേളനങ്ങളിൽ സ്ത്രീകൾ മൗനമായിരിക്കണം. സംസാരിക്കുവാൻ അവർക്ക് അനുവാദമില്ല. നിയമം അനുശാസിക്കുന്നതുപോലെ അവർ വിധേയത്വമുളളവരായിരിക്കട്ടെ. അവർ എന്തെങ്കിലും പഠിക്കുവാൻ ആഗ്രഹിക്കുന്നെങ്കിൽ വീട്ടിൽവച്ചു ഭർത്താക്കന്മാരോടു ചോദിച്ചുകൊളളട്ടെ. സഭയിൽ സംസാരിക്കുന്നതു സ്ത്രീക്ക് ഉചിതമല്ല'' (1കോറി. 14:34–35).
>
> ''സ്ത്രീ നിശബ്ദമായും വേണ്ടത്ര വിധേയത്വത്തോടുകൂടിയും പഠിക്കട്ടെ; പഠിപ്പിക്കുവാ

നോ. പുരുഷന്മാരുടെമേൽ അധികാരം നടത്തുവാനോ സ്ത്രീയെ ഞാൻ അനുവദിക്കുന്നില്ല. അവരം മൗനം പാലിക്കേണ്ടതാണ്. എന്തെന്നാൽ ആദ്യം സൃഷ്ടിക്കപ്പെട്ടത് ആദമാണ്; പിന്നീട് ഹാവായും. ആദം വഞ്ചിക്കപ്പെട്ടില്ല; എന്നാൽ സ്ത്രീ വഞ്ചിക്കപ്പെടുകയും നിയമം ലംഘിക്കുകയും ചെയ്തു'' (1 തിമോ. 2:11–14).

സഭയിൽ സ്ത്രീകരംക്കു യാതൊരു അധികാരവും നല്കാതിരിക്കാൻ അടിസ്ഥാനമായ തെളിവുകളായി ഈ പരാമർശങ്ങളാണു സ്ക്കൊളാസ്ററിക്ക് തിയോളജിയിൽ ചൂണ്ടിക്കാട്ടുന്നത്. 1616–ൽ പണ്ഡിതനായ കൊർണേലിയസ് ലാപിഡ് (Cornelius a Lapide) പറഞ്ഞു, ''സ്ത്രീകരംക്കുള്ള ഈ നിരോധനം പൂർണ്ണമായും, അചഞ്ചലവും സാർവ്വത്രികവുമാണ്.'' ഇതിന് അദ്ദേഹം അഞ്ചു ന്യായങ്ങളാണു നിരത്തിവയ്ക്കുക:

1. ''അതു സ്ത്രീസ്വഭാവത്തിൽ നിന്നും ദൈവത്തിൻെറ കല്പനയിൽ നിന്നും ഉദ്ഭവിക്കുന്നു (ഉത്പ. 3:16).
2. പുരുഷൻെറ സാന്നിധ്യത്തിൽ മൗനം അവലംബിക്കുക സ്ത്രീത്വത്തിൻെറ വിനയത്തിന് മാററുകൂട്ടുന്നതാണ്.
3. കൂടുതൽ മെച്ചമായ ചിന്താശക്തിയും, വിവേചനാ വൈഭവവും നല്ല തീരുമാനങ്ങളും സ്ത്രീയെക്കാരം പുരുഷനാണുള്ളത്.
4. സ്ത്രീയുടെ സംസാരം, പുരുഷനെ പാപത്തിലേക്ക് നയിക്കാം.
5. എല്ലാക്കാര്യങ്ങളെക്കുറിച്ചും സ്ത്രീകരം അറിയണമെന്നില്ല; അത്യാവശ്യമില്ലാത്തവയെക്കുറിച്ച് അജ്ഞരായിരിക്കുന്നതാണു സ്ത്രീകരംക്കു നല്ലത്. സഭയിൽ വിഡ്ഢിത്തങ്ങരം ചോദിച്ചു മററുള്ളവർക്ക് ഉതപ്പു നല്കാനിടയുണ്ട്''[67].

കൊർണേലിയസിൻെറ ഈ വ്യാഖ്യാനം തീർച്ചയായും മുൻവിധി നിറഞ്ഞതാണ്. വേദവാക്യത്തിൻെറ വ്യാഖ്യാനത്തിൽ അതിർ കടന്നു പോയിട്ടുമുണ്ട്. കാരണം, നേരത്തെയുള്ള താൻെറ വിശ്വാസം ഉറപ്പിച്ചെടുക്കാനുള്ള വ്യഗ്രതയിലാണ് അദ്ദേഹം. റോമൻ പ്രമാണരേഖയുടെ ശൈലി തന്നെയാണിവിടെയും കാണുക. ഒന്നിനെ തരം താഴ്ത്തിയാൽ മറേറതിനെയും അപ്രകാരം ചെയ്യേണ്ടിവരും. സ്ത്രീകൾക്കു പൗരോഹിത്യം നിഷേധിക്കുന്ന ഒരു അവലംബവാക്യം കണ്ടുപിടിക്കുന്ന വ്യഗ്രതയിൽ പ്രസ്തുത പ്രമാണരേഖ അതിൻെറ പ്രാധാന്യം മുഴുപ്പിച്ചു കാണിക്കുന്നില്ലേ? എന്തുകൊണ്ടു ശിരോവസ്ത്രധാരണം എന്ന ആചാരം, സഭയിൽ സംസാരിക്കുന്നതിനേക്കാൾ പ്രാധാന്യം കുറഞ്ഞതായി പരിഗണിക്കപ്പെടണം? വാസ്തവത്തിൽ ശിരോവസ്ത്രാചാരത്തെക്കുറിച്ചാണു സെൻറ് പോൾ കൂടുതൽ ദീർഘമായി പ്രതിപാദിച്ചിരിക്കുന്നത്. തലമൂടിക്കൊണ്ടുവേണം സദസ്സിൽ സന്നിഹിതരാകാൻ എന്ന അദ്ദേഹത്തിൻെറ നിർദ്ദേശം സമയബദ്ധമാണെന്നു പറയുന്നു; അവയ്ക്ക് വ്യതിയാനമുണ്ടാകാമത്രേ! എന്നാൽ എന്തുകൊണ്ട്, സ്ത്രീകൾ, സഭയിൽ സംസാരിക്കുന്നതു സംബന്ധിച്ച വിഷയത്തെ, പൗരോഹിത്യം നിഷേധിക്കാൻ മാത്രം തുല്യപ്രാധാന്യമുള്ളതാക്കിത്തീർക്കുന്നു? ഇത്ര പ്രാധാന്യമർഹിക്കുന്ന ഈ വ്യത്യാസം വി. ഗ്രന്ഥത്തിൽ നിന്നു സ്ഥാപിക്കപ്പെട്ടതാകുമോ? സംശയിക്കണം.

റോമൻ പ്രമാണരേഖയുടെ ഔദ്യോഗിക വ്യാഖ്യാനങ്ങളിൽ ഒരു പ്രത്യേക ശൈലി കാണുന്നുണ്ട്. അതു മദ്ധ്യകാല ദൈവശാസ്ത്രത്തിൽ പരമ്പരാഗതമായി ഉപയോഗിച്ചു ശീലിച്ച് ഉറപ്പിച്ചതാണെന്നു വിശ്വസിക്കാൻ നിർബന്ധിക്കപ്പെടുന്നു. കൊർണേലിയൂസിൻെറ വ്യാഖ്യാനവുമായുള്ള ഇതിൻെറ ബന്ധം കേവലം യാദൃച്ഛികമല്ല. സ്ത്രീകൾക്കു പഠിപ്പിക്കുവാനോ ഭരിക്കുവാനോ അധികാരമില്ലെന്നു വിശദീകരിക്കുവാൻ ദൈവശാസ്ത്രജ്ഞന്മാർ, കോറിന്ത്യർക്കും, തി

മോത്തിയ്ക്കുമുള്ള ലേഖനഭാഗങ്ങൾ (1 കോറി. 14:34-35; 1 തിമോ. 2:11–14) ധാരാളമായി ഉപയോഗിച്ചിട്ടുണ്ട്. 'സ്ത്രീ വ ധേയത്വമുള്ളവളായിരിക്കണം; കാരണം, അവൾ പുരുഷനുശേഷം സൃഷ്ടിക്കപ്പെട്ടവളും ആദിപാപത്തിനു കാരണക്കാരിയുമാണെന്ന് സെൻറ് തോമസ് പ്രസ്താവിക്കുമ്പോൾ, തിമോത്തിക്കുള്ള ലേഖന ഭാഗം 1 തിമോ. 2:11–14 അതേപടി ആവർത്തിക്കുകയാണു ചെയ്യുക[68]. സെൻറ് തോമസിനേയും കൊർണേലിയൂസിനേയും പോലെയുള്ള ദൈവശാസ്ത്രജ്ഞന്മാർ ഈ അർത്ഥത്തിൽ വേദവാക്യം മനസ്സിലാക്കിയതുകൊണ്ട്, നാമും അതേവിധം മനസ്സിലാക്കിക്കൊള്ളണമെന്നത്രേ പ്രമാണരേഖയുടെ വാദം! എന്നാൽ മുൻപ്രസ്താവിച്ചതുപോലെയും പ്രമാണരേഖയിൽ കാണുന്നതുപോലെയും മദ്ധ്യകാലഘട്ടത്തിലെ ദൈവശാസ്ത്ര പണ്ഡിതന്മാർ സ്ത്രീകളെ സംബന്ധിച്ചു മുൻവിധിയുള്ളവരും ഈ വാചകങ്ങളിൽ നിന്നു തെററായ നിഗമനത്തിൽ എത്തിച്ചേർന്നവരുമായിരുന്നു. വി. അക്വിനാസിനു സെക്സ് സംബന്ധമായി വിചിത്രമായ ആശയങ്ങളാണുണ്ടായിരുന്നത്. 1 കോറി. 11-ാമദ്ധ്യായം വ്യാഖ്യാനിച്ചുകൊണ്ട് അദ്ദേഹം പറയുന്നു, 'വ്രതമെടുക്കുന്ന കന്യാസ്ത്രീകൾ പുരുഷന്മാരുടെ പദവിയിലേക്ക് ഉയർത്തപ്പെടുന്നു' വെന്ന്[69]. ഇങ്ങനെയെങ്കിൽ, ഈ സാഹചര്യത്തിൽ, സെൻറ് തോമസിനെ വി. ഗ്രന്ഥവ്യാഖ്യാനത്തിൽ ഒരു നല്ല നിയന്താവായി സ്വീകരിക്കാനൊക്കുമോ? മററുവാക്കിൽ, 1 തിമോ. 2:11–14-നെ സംബന്ധിക്കുന്ന ആധുനിക വ്യാഖ്യാനങ്ങൾ സെൻറ് തോമസ് അറിഞ്ഞിരുന്നെങ്കിൽ സ്ത്രീകളുടെ പൗരോഹിത്യം സംബന്ധിച്ചുള്ള അദ്ദേഹത്തിൻെറ നിലപാടു മാററുമായിരുന്നില്ലേ? സ്ത്രീകൾക്കു പൗരോഹിത്യം നല്കിക്കൂടാ എന്നു പറയുവാൻ അദ്ദേഹത്തെ പ്രേരിപ്പിക്കുന്ന കാരണമിതാണ്: 'സ്ത്രീവർഗ്ഗം വിധേയത്വ സ്വഭാവമുള്ളവരാകയാൽ അവർക്കു സ്ഥാനൗന്നത്യം കാ ഠ്പിക്കുക വയ്യ[70]. ദുർഗ്രഹങ്ങളായ ഈ വാക്യങ്ങൾ

വ്യാഖ്യാനിക്കുന്നതിൽ സ്ക്കൊളാസ്ററിക് ചിന്തകർ ഒരു പ്രത്യേകവിഭാഗക്കാരായി നിലകൊള്ളണം. കാരണം, പുരുഷമേധാവിത്വം നിലനിന്നിരുന്ന ഒരു സാമൂഹികാന്തരീക്ഷത്തിലാണ് അവർ ജീവിച്ചിരുന്നത്.

## സൃഷ്ടികർമ്മത്തിലധിഷ്ഠിതമോ?

സ്ത്രീകൾ സഭയിൽ സംസാരിക്കുന്നതു സംബന്ധിച്ചും പരാമർശിക്കുന്ന പ്രമാണരേഖ എടുത്തുപറയുന്നുണ്ട്. "ഈ നിയമം വി. പൗലോസിനെ സംബന്ധിച്ചു സൃഷ്ടി കർമ്മവുമായി ബന്ധമുള്ളതാണ്; (1 കോറി. 11:7; ഉത്പ.2:18–24) മനുഷ്യസംസ്കാരവുമായി യാതൊരു ബന്ധവും ഇവിടെ കാണാൻ കഴിഞ്ഞെന്നു വരില്ല." ഈ വാചകത്തിൽ അന്തർലീനമായിരിക്കുന്ന പ്രാമാണികതയും പ്രബോധനത്തിന്റെ മുൻതൂക്കവും പരിഗണിച്ചാൽ, സ്ത്രീപൗരോഹിത്യനിരോധനം ഏതെങ്കിലും ദൈവശാസ്ത്രപരമായ കാരണങ്ങളിൽ അധിഷ്ഠിതമാണെന്നു പറയാൻ പററുമോ? അങ്ങനെയെങ്കിൽ ശിരോവസ്ത്രധാരണം സംബന്ധിച്ച പൗലോസിന്റെ പ്രസ്താവത്തെപ്പററി എന്തു പറയണം? അതിനും അതേ ദൈവശാസ്ത്ര കാരണങ്ങളില്ലെന്നോ? ഹവ്വായ്ക്കു മുമ്പാണ് ആദം സൃഷ്ടിക്കപ്പെട്ടത് എന്ന സത്യത്തെ ആധാരമാക്കി, സ്ത്രീകൾ ശിരോവസ്ത്രം ധരിക്കണമെന്നും, അവർ സഭയിൽ മൗനമായിരിക്കണമെന്നും തെളിയിക്കാൻ പൗലോസ് ശ്രമിക്കുന്നുണ്ട് (1 കോറി. 11:8-10; 1 തിമോ. 2:12–13). ഈ രണ്ടു സംഗതികളേയും ഒരു പോലെ വിധിച്ചുകൂടെ?

സഭയിൽ പഠിപ്പിക്കുവാൻ സെൻറ് പോൾ സ്ത്രീകളെ അനുവദിച്ചില്ലയെന്നത് ഒരു ചരിത്രവസ്തുത തന്നെയാണ്. ആദിമ ക്രൈസ്തവരിൽ പലരും ഒന്നുകിൽ യഹൂദരോ അല്ലെങ്കിൽ മതം മാറിയവരോ ആയിരുന്നു. അതുകൊണ്ടു പ്രബോധനാധികാരം സ്ത്രീകൾക്കു നല്കുന്നതു സന്ദർഭോചിതമോ സാധ്യമോ ആ

യിരുന്നില്ല. 'ശിരോവസ്ത്രത്തിലെന്നപോലെ ഇവിടെയും ദൈവശാസ്ത്രപരമായ 'ന്യായീകരണ'ത്തിന്റെ അതിപ്രസരം കാണാൻ കഴിയും. കൂടാതെ തനി യഹൂദശൈലിയുടെ അനുകരണവുമുണ്ട് (തൊട്ടതിനൊക്കെ ''നിയമത്തിൽ പറയപ്പെട്ടിരിക്കുന്നതുപോലെ''...എന്നു പറഞ്ഞുകൊണ്ടാണ് ഏതുകാര്യവും സ്ഥാപിക്കുക). ഹാവായ്ക്കു മുമ്പ് ആദം സൃഷ്ടിക്കപ്പെട്ടുവെന്ന സൃഷ്ടി വിവരണത്തിലേക്കും അദ്ദേഹം വിരൽ ചൂണ്ടുന്നു. എന്നുവരികിലും ഇമ്മാതിരി ന്യായീകരണത്തിനു സിദ്ധാന്തപരമായ ഒരു പ്രബോധനത്തിന്റെ ആഴവും തൂക്കവും ഉണ്ടെന്നു പറയുക വയ്യ. മോസസ്സിന്റെ നിയമം ക്രിസ്തു തുടച്ചുമാററിയെന്നു സെൻറ് പോാം പലപ്രാവശ്യം എടുത്തു പറയുന്നുണ്ട്. സൃഷ്ടിയിൽ ആദ്യം ആരുണ്ടായി എന്ന ചോദ്യം യഹൂദ പണ്ഡിതന്മാരുടെയിടയിൽ സാധാരണമായിരുന്നു. ഇതാണ്, ക്രിസ്തുവിനെ ആദത്തോട് ഉപമിക്കാൻ പോളിനെ പ്രേരിപ്പിച്ചത് (1 കോറി. 15:45–49). മേൽപ്രസ്താവിച്ച മുടക്ക്, 'സെൻറ് പോളിനെ സംബന്ധിച്ചു ദൈവത്തിന്റെ സൃഷ്ടികർമ്മവുമായി ബന്ധപ്പെട്ടതാണ്' എന്നു റോമൻ പ്രമാണരേഖ പറയുമ്പോാം, ഉദ്ധൃതവാക്യത്തിന് അനർഹമായ പ്രാധാന്യവും കനവും കല്പിക്കുകയായിരിക്കും ചെയ്ക. അതുകൊണ്ട്, പ്രസ്തുതവാക്യത്തിന് (''സ്ത്രീ സഭയിൽ പഠിപ്പിച്ചു കൂടാ; യാതൊരധികാരവും വിനിയോഗിച്ചു കൂടാ, കാരണം, ദൈവസൃഷ്ടിയിൽ അവ്വിധമാണവരാം...'') അനാവശ്യമായ പ്രബോധനമൂല്യം ആരോപിക്കാതിരിക്കുന്നതാണു വിവേകം. സെൻറ് പോാം ഒരു വലിയ പ്രേഷിതൻ എന്ന നിലയിലാണു പഠിപ്പിച്ചിരുന്നത്. സാധാരണ യഹൂദറബ്ബികളേപ്പോലെ നർമ്മരസവും അതിശയോക്തിയും ചേർത്ത് അദ്ദേഹം തന്റെ പഠനങ്ങാം അവതരിപ്പിച്ചിരുന്നുവെന്നു പറയുന്നതായിരിക്കയില്ലേ കൂടുതൽ ശരി?

ഏഴ്

# ക്രിസ്തുവിൻെറ പൗരോഹിത്യം

'സ്ത്രീകളെ പിന്താങ്ങുന്നതുംമററും നന്ന്: പക്ഷേ, ക്രിസ്തുവിൻെറ പൗരോഹിത്യത്തിന് അനുരൂപയാകുവാൻ സ്ത്രീക്കു സാധിക്കുമോ? എന്തൊക്കെപ്പറഞ്ഞാലും, ക്രിസ്തു പുരുഷനായിരുന്നു. ബലിയർപ്പിക്കുന്ന പുരോഹിതൻ സമൂഹത്തിലെ ക്രിസ്തുവിൻെറ പ്രതിരൂപമാണ്. പുരുഷനു സാധിക്കുന്നതുപോലെ സ്ത്രീയ്ക്ക് അൾത്താരയിൽ നിന്നുകൊണ്ടു ക്രിസ്തുവിനെ പ്രതിനിധാനം ചെയ്യാൻ സാധിക്കുമോ?

തങ്ങൾക്കും പൗരോഹിത്യ യോഗ്യതയുണ്ടെന്നു കരുതുന്ന ചില സ്ത്രീകളുണ്ടാവാം. അവർക്കു പട്ടം കൊടുക്കുന്നതു മൂലം സ്ത്രീത്വത്തെ ഉയർത്താനും, ആധുനികയുഗത്തിൽ സഭയ്ക്കു കൂടുതൽ ജനസമ്മതി ഉണ്ടാക്കാനും ഇടയാകും. എന്നാൽ മാനുഷികമായ ഈ ആവശ്യങ്ങളുടെ പേരിൽ പൗരോഹിത്യപ്രതീകമൂല്യങ്ങളെ ബലികഴിക്കാൻ തുനിയണമോ? ചിലരുടെ അപ്രീതി സമ്പാദിച്ചാലും, സഭ, ക്രിസ്തുവിൻെറ പൗരോഹിത്യത്തെ കേവലം ഒത്തുതീർപ്പിനായി ഉപയോഗിക്കേണ്ടതല്ല'.

ഇപ്പറഞ്ഞതരം വൈകാരിക ചിന്തകൾ, ഇത്രയും വ്യക്തമായിട്ടല്ലെങ്കിലും, റോമൻ പ്രമാണരേഖയിലും കാണാൻ സാധിക്കും. ക്രിസ്തുവിൻെറ പൗരോഹി

ത്യത്തെപ്പററിത്തന്നെ ചിന്തിക്കുവാൻ ഇതു നമ്മെ നിർബന്ധിക്കുന്നു. സ്ത്രീ ഈ പൗരോഹിത്യത്തിൽ ഭാഗഭാക്കാവുന്നതുമൂലം, അതിന് എന്തെങ്കിലും ഇടിവു തട്ടുമോ? ഒരുവൻ പുരുഷനായതുകൊണ്ടു മാത്രം ക്രിസ്തുവിൻെറ പുരോഹിതശുശ്രൂഷ ചെയ്യുവാൻ കൂടുതൽ യോഗ്യനാണെന്നു കരുതണമോ? പുരുഷഭാവം പൗരോഹിത്യത്തിൻെറ അവശ്യഘടകമാണോ? പ്രമാണരേഖ പറയുന്നു...."ലിംഗവ്യത്യാസം, നരവർഗ്ഗവ്യത്യാസത്തെക്കാൾ ആഴമായ സ്വാധീനം ചെലുത്തുന്നുണ്ട്; മനുഷ്യവ്യക്തിയെ ആഴമായി സ്പർശിക്കുന്നുണ്ട്. ക്രിസ്തു പുരുഷനാണ് എന്ന വസ്തുത നമുക്കു വിസ്മരിച്ചുകൂടാ. അതുകൊണ്ട്, ദൈവാവിഷ്ക്കരണ പദ്ധതിയിൽ ഈ (പുരുഷ) പ്രതീകത്തിൻെറ പ്രാധാന്യം നാം അവഗണിക്കുന്നില്ലെങ്കിൽ, ആ സ്ഥാനം പുരുഷൻ തന്നെ അലങ്കരിക്കണം".

ക്രിസ്തുവിൻെറ പൗരോഹിത്യത്തിന് ഈ ലിംഗവ്യത്യാസം അവശ്യഘടകമായി വി. ലിഖിതം എടുത്തു പറയുന്നില്ല എന്നതാണു വാസ്തവം. യേശു പഴയനിയമത്തിലെ ആചാരപ്രധാനമായ പൗരോഹിത്യത്തിനു പകരം പ്രസാദവരത്തിൽ അധിഷ്ഠിതമായ കൗദാശിക പൗരോഹിത്യമാണു സ്ഥാപിച്ചത്. മാമ്മോദീസായിൽ ലിംഗവ്യത്യാസം ബാധകമല്ല; എന്നാൽ ഇതു പൗരോഹിത്യത്തിനു ബാധകമാണ് എന്നു പറയുന്നതു യുക്തിസഹജമായിരിക്കയില്ല. ജീവിതത്തിൽ ഓരോ ക്രൈസ്തവനും ക്രിസ്തുവിനെ പ്രകാശിപ്പിക്കുന്നുവെങ്കിൽ ദിവ്യകാരുണ്യബലിക്ക് അവിടുത്തെ പ്രതിനിധാനം ചെയ്യാൻ എല്ലാ ക്രൈസ്തവരെയും അനുവദിച്ചു കൂടായെന്നു പറയുന്നതും യുക്തിക്കു ചേർന്നതല്ല. പൗരോഹിത്യത്തിൻെറ കൗദാശികചിഹ്നം അഭിഷിക്തപുരോഹിതൻെറ മനുഷ്യവ്യക്തിത്വമാണ്, പുരുഷനായാലും സ്ത്രീയായാലും. സ്ത്രീക്കു പട്ടം കൊടുക്കാമെന്നും വി. ഗ്രന്ഥം വ്യക്തമായി പഠിപ്പിക്കുന്നില്ല. എന്നാൽ ക്രിസ്തുവിൻെറ പൗരോഹിത്യത്തിൻെറ സ്വഭാവത്തിൽ നിന്നും, കൗദാശിക പൗ

രോഹിത്യത്തിൽ സ്ത്രീകൾക്കും പങ്കുപററാമെന്നു ന്യായമായ നിഗമനത്തിലെത്താവുന്നതാണ്.

## ലൗകികവും അലൗകികവും പൗരോഹിത്യത്തിൽ

യേശു ഒരു സാമൂഹ്യ പരിഷ്ക്കർത്താവായിരുന്നില്ല. സാമൂഹ്യവിപ്ളവങ്ങളിൽ അവിടുന്നു സജീവമായി പങ്കെടുത്തുവെന്നും പറയാൻ പററില്ല. പക്ഷേ, മതകാര്യങ്ങളിലുള്ള അവിടുത്തെ നിലപാട് ഇതായിരുന്നില്ല. സമകാലീന സാമൂഹികചട്ടക്കൂടിനോട് ഒരുതരം സഹിഷ്ണുത കാണിച്ചപ്പോഴും മതത്തിൻെറ ചട്ടക്കൂടു തകർക്കാനാണ് അവിടന്നു ശ്രമിച്ചത്. ഈ മണ്ഡലത്തിൽ അവിടുത്തെ പ്രവൃത്തി, അവിടുന്നു പ്രകടമാക്കിയതിൽകൂടുതൽ കഠിനതരമാകാനില്ല. തിരിച്ചു പറഞ്ഞാൽ, പഴയനിയമത്തിൽ കരുതപ്പെട്ടിരുന്ന പൗരോഹിത്യം അപ്പാടെ തുടച്ചു നീക്കുകയാണ് അവിടുന്നു ചെയ്തത്.

ഇവിടെ,യേശുവിൻെറ മന:സ്ഥിതി എന്തായിരുന്നുവെന്നു മനസ്സിലാക്കാൻ പഴയനിയമത്തിലെ പൗരോഹിത്യം എന്തായിരുന്നുവെന്നു നാം ഗ്രഹിക്കണം. ആ കാലഘട്ടം ജീവിതയാഥാർത്ഥ്യങ്ങളെ 'ലൗകികം' (Profane) 'അലൗകികം' (Sacred) എന്നിങ്ങനെ വ്യവച്ഛേദിച്ചു കണ്ടിരുന്ന ഒരു തത്വശാസ്ത്രത്തിൽ അധിഷ്ഠിതമായിരുന്നു. വീട്, കന്നുകാലി, തീററ, കുടി, വിശ്രമം, വ്യാപാരം തുടങ്ങിയ അനുദിനയാഥാർത്ഥ്യങ്ങൾ വെറും സാധാരണമോ, 'ലൗകിക'മോ ആയി കരുതപ്പെട്ടു. ദൈവം യഥാർത്ഥത്തിൽ ഈ വക കാര്യങ്ങളിൽ നേരിട്ടു സന്നിഹിതനല്ല. ലോകത്തിലെ മററു യാഥാർത്ഥ്യങ്ങളിൽ ദൈവത്തിൻെറ സാന്നിധ്യം കൂടുതൽ സ്പഷ്ടമാണ്. അക്കാരണങ്ങളാൽ അവ വിശുദ്ധങ്ങളുമാണ്. വിശുദ്ധമായ സ്ഥലം (ദേവാലയം), വിശുദ്ധദിവസം (സാബത്ത്, തിരുനാൾ ദിവസങ്ങൾ), വിശുദ്ധ വസ്തുക്കൾ (പൂജാപാത്രങ്ങൾ), വിശുദ്ധ വ്യക്തികൾ (പുരോഹിതർ), തുട

ങ്ങടിയവയുടെ ഉദ്ഭവം ഇങ്ങനെയാണ്. ഒരു തിങ്കളാഴ്ചയെക്കാരം സാബത്തുദിവസം വിശുദ്ധമായിരിക്കുന്നതുപോലെ, അഥവാ, ബേത്സൈദ കുളത്തെക്കാരം ദേവാലയം വിശുദ്ധമായിരിക്കുന്നതുപോലെ പഴയനിയമകാലത്തെ പുരോഹിതനെ മററു മനുഷ്യരിൽ നിന്നും വേർതിരിച്ചു കണ്ടു. പുരോഹിതൻ 'ലൗകായതികത്വം'നിറഞ്ഞ ഈ ലോകത്തിൽ ദൈവസാന്നിധ്യത്തിൻെറ മൂർത്തീഭാവമായും കരുതപ്പെട്ടു.

'വിശുദ്ധ'മെന്നു പണ്ടു കരുതപ്പെട്ടിരുന്നവയ്ക്കു വിശുദ്ധിയുടെ പുതിയ പരിവേഷം നല്കുകയല്ല യേശു ചെയ്തത്; മറിച്ച് ഒരു പടികൂടി അവിടുന്നു മുന്നോട്ടുപോയി; 'ലൗകിക'മെന്നും, 'വിശുദ്ധ'മെന്നുമുള്ള വ്യത്യാസം തന്നെ അവിടുന്നു നിർമ്മാർജ്ജനം ചെയ്തു. ഇത് ഒരു പക്ഷേ, പഴയനിയമ പശ്ചാത്തലത്തിൽ ചിന്തിക്കുന്ന ഇന്നത്തെ ക്രൈസ്തവരെ അമ്പരപ്പിച്ചേക്കാം. പുതിയനിയമം പഴയനിയമത്തിൻെറ പരിഷ്ക്കരിച്ച പതിപ്പായി അവർ മനസ്സിലാക്കിയേക്കാം. നമ്മുടെ പള്ളികരം ജറുസലെം ദേവാലയത്തിൻെറ പതിപ്പുകളായും, നമ്മുടെ ഞായറാഴ്ചകരം സമ്പത്തായും, നമ്മുടെ പൂജാപാത്രങ്ങരം ജറുസലെം ദേവാലയവസ്തുക്കളായും, പുതിയനിയമ പുരോഹിതൻ പഴയനിയമ പുരോഹിതൻെറ പുതിയ പതിപ്പായും അവർ കാണുന്നു. ഈ തെററിധാരണകരം—വേർതിരിവുകരം—ഭാഗികമായി സഭയ്ക്കുള്ളിൽത്തന്നെ ചരിത്രപരമായി തുടരുകയും ചെയ്തിട്ടുണ്ട്. ഇന്നും ഈ മന:സ്ഥിതി വച്ചുപുലർത്തണമെന്നു പറയുമ്പോരം, അതു തീർത്തും, പഴയനിയമമന:സ്ഥിതിയിലേക്കുള്ള ഒരു തിരിച്ചുപോക്കാണ്. ഇതു പുതിയനിയമ പഠനങ്ങരംക്കു നേരെ വിരുദ്ധവുമാണ്.

'വിശുദ്ധസ്ഥലം' ഉദാഹരണത്തിനെടുക്കാം. യഹൂദർക്കു ബലിയർപ്പിക്കാൻ ദേവാലയം മാത്രമേ അനുവദിക്കപ്പെട്ടിരുന്നുള്ളു (നിയ. 12:1–14). ദേവാലയത്തിനുള്ളിൽത്തന്നെയും അതിൻെറ മദ്ധ്യഭാഗം കൂടുതൽ വിശുദ്ധമായിരുന്നു. മദുബഹയ്ക്കുള്ളിലെ

പേടകം അതിവിശുദ്ധമായിരുന്നു. അവിടെ ആണ്ടി ലൊരിക്കൽ മഹാപുരോഹിതൻ മാത്രമാണു കയറിയി രുന്നത് (ഹെബ്രാ. 9:7). ഇത്തരം വിശുദ്ധ സ്ഥല ങ്ങളെ ക്രിസ്തു അംഗീകരിക്കുന്നില്ല. അവിടുന്ന് എല്ലാ സ്ഥലവും വിശുദ്ധമാക്കിച്ചെയ്തു; വിശു ദ്ധമായിക്കണ്ടു. അവിടുത്തെ രാജ്യത്തിൽ ജറുസല ത്തും മലമുകളിലും മാത്രമല്ല 'സത്യത്തിലും അരൂപി യിലും' എവിടെയും ആരാധന നടത്താൻ സാധിക്കും (യോഹ. 4:20–24). പുതിയ ദേവാലയം അവിടുത്തെ ശരീരമാണ്, അതു ലോകം മുഴുവനിലുമായി നില നിലകൊള്ളുന്നു (യോഹ. 2:21). ഒടുവിലത്തെ അ ത്താഴത്തിൽ ക്രിസ്തു ആദ്യമായി വിശുദ്ധ ബലി അർപ്പിച്ചത് ഒരു സാധാരണവീടിന്റെ മുകറത്തട്ടിലെ മുറിയിലായിരുന്നു. (മർക്കൊ. 14:12–16). ഇതിനെ ല്ലാം മകുടമായി, താൻ ലോകത്തിനുവേണ്ടി ആത്മബ ലിയർപ്പിച്ചതു ദേവാലയപീഠത്തിലല്ല, മറിച്ച്, ഏററ വുംഹീനമായി കരുതപ്പെട്ടിരുന്ന വധശിക്ഷയുടെ കു ന്നിൻമുകളിലായിരുന്നു (ഹെബ്രാ. 14:12). ക്രിസ്തു വിന്റെ മരണത്തോടെ 'ലൗകികം' എന്നും 'ആദ്ധ്യാത്മി ക'മെന്നുമുള്ള വ്യത്യാസം നാമാവശേഷമായി. സു വിശേഷങ്ങളിൽ പറയുന്നതു പോലെ, ദേവാലയ ത്തിലെ അതിവിശുദ്ധ സ്ഥലത്തിനു മുമ്പിലിട്ടി രുന്ന തിരശ്ശീല രണ്ടായി കീറി, അടിമുതൽ മുടിവരെ (മർക്കോ. 15:37). ആദിമസഭ ഇതു മനസ്സിലാക്കി യിരുന്നു. അവർക്കു ദേവാലയങ്ങളോ, ശ്രീകോവി ലുകളോ, കപ്പേളകളോ ഉണ്ടായിരുന്നില്ല. എവിടെയൊ ക്കെ അവർ ഒരുമിച്ചു കൂടിയോ അവിടെയെല്ലാം അവർ പ്രാർത്ഥിക്കുകയും ബലിയപ്പം മുറിക്കുകയും ചെ യ്തിരുന്നു. നാലാംനൂററാണ്ടു മുതലാണു പ്രാർത്ഥ നയ്ക്കായി പ്രത്യേകസ്ഥലം നീക്കിവയ്ക്കുന്ന പ തിവ് ആരംഭിച്ചതു തന്നെ.

'വിശുദ്ധ ദിവസങ്ങളെ'പ്പററിയും ഇതുതന്നെ പ റയാം. യഹൂദർക്കു സാബത്ത് ദൈവത്തിനു സമർ പ്പിത ദിനമായിരുന്നു. മനുഷ്യന് അന്ന് ജോലിചെ

യ്യാൻ അനുവാദമുണ്ടായിരുന്നില്ല. ഇതേച്ചൊല്ലി യേശു വിന് ഫരിസേയരുമായി പലപ്പോഴും മല്ലടിക്കേണ്ടി വന്നിട്ടുണ്ട്. കാരണം, അവിടുന്ന് തൻെറ പ്രേഷിത വൃത്തിക്കു സാബത്തിൽ മുടക്കുവരുത്തുവാൻ ഇഷ്ട പ്പെട്ടില്ല. തൻെറ ശിഷ്യന്മാർ ഗോതമ്പു കതിരുകൾ പറിച്ചുതിന്നപ്പോഴും (മത്താ. 12:1–8) കൈ ശോഷി ച്ച മനുഷ്യനെ യേശു സിനഗോഗിൽവെച്ച് സുഖപ്പെ ടുത്തിയപ്പോഴും (മർക്കോ. 13:6), മഹോദര രോഗിക്ക് ആശ്വാസമരുളിയപ്പോഴും (ലൂക്ക. 14:1–6), അന്ധ നു കാഴ്ചകൊടുത്തപ്പോഴും (യോഹ. 9:1–16) സം ഘർഷങ്ങളുണ്ടായിരുന്നു. അപ്പോഴൊക്കെ വിപ്ളവാ ത്മകമായ യേശുവിൻെറ നിലപാട് ഇതായിരുന്നു: ''മനുഷ്യൻ സാബത്തിനുവേണ്ടിയല്ല; സാബത്ത് മനു ഷ്യനുവേണ്ടിയാണ്'' (മർക്കോ. 2:27). മററു വാ ക്കിൽ, സാബത്തിൻെറ പരിശുദ്ധിയും മൂല്യവും അതിൽതന്നെയല്ല, ഒരു വിശുദ്ധ ദിവസമെന്നതിലു മല്ല, പ്രത്യുത, മനുഷ്യൻെറ ആവശ്യങ്ങൾ നിറവേററി ക്കൊടുക്കുന്നതിലാണ്, അടങ്ങിയിരിക്കുന്നത്.

പഴയനിയമ പുരോഹിതർ പ്രത്യേകമായി നി ശ്ചയിക്കപ്പെട്ട വിശുദ്ധ സമയങ്ങളിൽ ബലിയർ പ്പിച്ചിരുന്നപ്പോൾ യേശു തൻെറ സമ്പൂർണ്ണബലിവ ഴി സമയത്തെ സാകല്യമായി വിശുദ്ധീകരിച്ചു (ഹെ ബ്രാ. 9:25–28). അവിടുത്തെ മരണത്തോടെ സാബ ത്തും വിശുദ്ധകാലങ്ങളും അർത്ഥരഹിതങ്ങളായി (ഗാല. 4.8:11). അതുമുതൽ ഏതു ദിവസവും പ്രാർ ത്ഥനയ്ക്കും തിരുനാൾ ആഘോഷങ്ങൾക്കും കൊ ള്ളാമെന്നായി. ആഴ്ചയിലൊരിക്കൽ, ഞായറാഴ്ച, ചൊല്ലുന്ന കുർബാനയുടെ ഉദ്ഭവം, ക്രിസ്തുവി ൻെറ ഉയിർപ്പ് ആഴ്ചയുടെ ആദ്യദിവസമായ ഞായ റാഴ്ചയായിരുന്നുവെന്ന വസ്തുതയിലാണ് അധി ഷ്ഠിതമായിരിക്കുന്നത് (യോഹ. 20:1). എന്നാൽ ഞായറാഴ്ച പുതിയ സാബത്തായി കണക്കാക്കപ്പെ ട്ടിരുന്നില്ല. പില്ക്കാലത്ത് ഫരിസേയരുടെ രീതി യിൽ ഞായറാഴ്ച ആചരണം ഉണ്ടായതിൻെറ പി

ന്നിൽ (പ്രത്യേകിച്ച് പ്രൊട്ടസ്റ്റൻറു സഭകളിൽ) ഈ പഴയ നിയമത്തിലേക്കുള്ള നിർഭാഗ്യകരമായ തിരിച്ചുപോക്ക് കാണുവാൻ സാധിക്കും.

വിശുദ്ധ കാലത്തോടും സ്ഥലത്തോടുമുള്ള ക്രിസ്തുവിൻെറ മനോഭാവം എന്തെന്നു മനസ്സിലാക്കിയശേഷം വിശുദ്ധ പൗരോഹിത്യത്തോടുള്ള അവിടുത്തെ മനോഭാവത്തിൽ നമുക്ക് ആശ്ചര്യം തോന്നുകയില്ല. പരിശുദ്ധ സ്ഥാപനമായ പൗരോഹിത്യത്തെ അവിടുന്ന് തച്ചുടച്ചു. അഹറോൻെറ പൗരോഹിത്യത്തിലെ ഒരു അംഗമായിരുന്നില്ല അവിടുന്ന്. എല്ലാ മനുഷ്യരുടേയും പ്രതിനിധിയായ അവിടുന്ന് ഒരു വംശത്തിനു മാത്രം പൗരോഹിത്യപദവി നല്കുന്നതിനെ എതിർത്തു. 'അനശ്വരജീവൻെറ ശക്തി' യിൽ അധിഷ്ഠിതമായ പൗരോഹിത്യത്തെയാണ് അവിടുന്ന് സ്ഥാപിച്ചത് (ഹെബ്രാ. 7:16). പഴയ ഉടമ്പടിയിലെ പൗരോഹിത്യാശയത്തിൽനിന്ന് അവിടുന്ന് അകന്നിരുന്നു; അതുകൊണ്ടായിരിക്കണം, 'പുരോഹിതൻ' എന്ന സംജ്ഞ സ്വയമേയോ, തൻെറ ശിഷ്യൻമാർക്കോ അവിടുന്ന് നല്കാതിരുന്നത്. ഹെബ്രായർക്കുള്ള ലേഖനത്തിൽ മാത്രമാണു ക്രിസ്തുവിൻെറ 'പൗരോഹിത്യ'ത്തെപ്പററി വ്യക്തമായ പ്രതിപാദനമുള്ളത്. തദ്വിഷയത്തിൽ താരതമ്യപഠനമുള്ളതും ഈ ഭാഗങ്ങളിൽ മാത്രമാണ് (ഹെബ്രാ. 5:1–4; 7:26–28). യേശു തൻെറ അപ്പസ്തോലർക്കും അനുയായികൾക്കും ഒരു പ്രത്യേക ദൗത്യം നല്കി. പരിശുദ്ധിയുടെ ലേബലുള്ള ഒരു പ്രത്യേക വിഭാഗത്തിൻേറതായിട്ട് അവിടുന്ന് ഇത് കണ്ടിട്ടില്ല. സഭയിൽ പിന്നീടുണ്ടായ വികാസപരിണാമങ്ങൾ ഇത്തരമൊരു വിഭജനത്തിനു കാരണമായി. തിരുവസ്ത്രങ്ങളും, വൈദികപദവിയും, ആനുകൂല്യങ്ങളും മററും പുരോഹിതരെ മററുള്ളവരിൽനിന്ന് അകററിനിറുത്തി. ഇത് ക്രിസ്തുവിനെ അമ്പരപ്പിക്കുകയും ദുഃഖിപ്പിക്കുകയും ചെയ്തിട്ടുണ്ടാവണം.

## എല്ലാവരും പങ്കുപററുന്ന പൗരോഹിത്യം

യേശു കാൽവരിയിൽ സ്വയം സമർപ്പിച്ചുകൊണ്ടും, താദൃശമായ ആത്മസമർപ്പണത്തിന് ആഹ്വാനം നല്കിക്കൊണ്ടുമാണ് തൻെറ പൗരോഹിത്യകർമ്മം അനുഷ്ഠിച്ചത്. ഈ രണ്ടു ഘടകങ്ങളും തൻെറ അനുയായികളിൽ അന്വർത്ഥമാവണം— അവർ സ്വന്തം കുരിശുവഹിച്ചുകൊണ്ട് അവിടുത്തെ അനുഗമിക്കണം. (മത്താ. 16:24); സഹനത്തിലൂടെ, കുരിശുമരണത്തിലൂടെ അവിടുത്തേക്ക് സാക്ഷ്യം വഹിക്കുകയും ചെയ്യണം (മത്താ. 10;16–22). ഈ വിധത്തിലാണ് എല്ലാ ക്രൈസ്തവരും യേശുവിൻെറ രാജകീയ പൗരോഹിത്യത്തിൽ പങ്കുപററുക (1 പത്രോ. 2:5–9). 'തൻെറ പിതാവായ ദൈവത്തിനു ബലിയർപ്പിക്കുന്ന പുരോഹിതരാണ' നാമെല്ലാവരും' (വെളി. 1:6)– 'ദൈവപിതാവിൻേറയും രക്ഷകനായ ക്രിസ്തുവിൻേറയും പുരോഹിതർ' (വെളി. 20:6). നാമെല്ലാവരും ഒന്നടങ്കം 'നമ്മുടെ ദൈവത്തിന് രാജ്യവും പൗരോഹിത്യവും' സ്ഥാപിക്കുന്നു (വെളി. 5:10).

ജ്ഞാനസ്നാനംവഴിയാണ് ഈ പൊതുവായ പൗരോഹിത്യം നമുക്കു ലഭിക്കുക. എന്നാൽ ഒരേ ജ്ഞാനസ്നാനം ഓരോ മനുഷ്യവ്യക്തിക്കുമാണ് ലഭിക്കുക എന്ന സത്യം നമുക്ക് വിസ്മരിച്ചുകൂടാ. സ്ത്രീകൾക്ക് നല്കുന്ന ജ്ഞാനസ്നാനത്തിന് പ്രത്യേകതയൊന്നുമില്ല. ക്രിസ്തുവിൻെറ ജ്ഞാനസ്നാനം മനുഷ്യരിലുള്ള സാമൂഹിക വ്യത്യാസങ്ങളെയെല്ലാം മറികടക്കുകയും തുടച്ചുനീക്കുകയും ചെയ്യുന്നുവെന്ന് സെൻറ് പോൾ തറപ്പിച്ചു പറയുന്നു: 'ഈശോമിശിഹായിലുള്ള വിശ്വാസംമൂലം നിങ്ങളെല്ലാവരും ദൈവത്തിൻെറ മക്കളാകുന്നുവല്ലോ? എന്തുകൊണ്ടെന്നാൽ മിശിഹായിൽ മാമോദീസ സ്വീകരിച്ച നിങ്ങൾ മിശിഹായെ ധരിച്ചിരിക്കുന്നു. യൂദനെന്നില്ല, പുറജാതിയെന്നില്ല, പുരുഷനെന്നില്ല, സ്ത്രീയെന്നില്ല, അടിമയെന്നില്ല, സ്വതന്ത്രനെന്നില്ല നിങ്ങളെല്ലാവരും

ഈശോമിശിഹായിൽ ഒന്നാകുന്നു. നിങ്ങൾ മിശിഹായ്ക്കുള്ളവരാണെങ്കിൽ അബ്രാഹത്തിന്റെ സന്തതികളും ഉടമ്പടിപ്രകാരം അവകാശികളുമാകുന്നു' (ഗാല. 3:26-28). മാമ്മോദീസായിൽ നല്കപ്പെട്ടിരിക്കുന്ന ബലിയുടെയും പ്രവാചകത്വത്തിന്റേയും അടിസ്ഥാപരമായ പങ്കുപററലിന്റെ വികാസമാണ് കൗദാശിക പൗരോഹിത്യം എന്നു പറയാം. ജ്ഞാനസ്നാനത്തിൽ സ്വീകരിക്കുന്ന ശക്തികളുടെ പ്രവർത്തനങ്ങളോട് ഒരു പുതിയ മാനം, ശുശ്രൂഷാപൗരോഹിത്യം (Ministerial Priesthood) കൂട്ടിച്ചേർക്കുന്നതുമൂലം, അത് മാമ്മോദീസായേക്കാൾ മഹത്തരമാണെങ്കിലും അതിനോട് കാതലായവിധം ബന്ധപ്പെട്ടാണിരിക്കുന്നത്.

> 'അളവിൽ മാത്രമല്ല, സത്താപരമായിത്തന്നെയും ഇവ വ്യത്യസ്തങ്ങളാണെങ്കിലും, വിശ്വാസികളുടെ പൊതുവായ പൗരോഹിത്യവും ശുശ്രൂഷാപൗരോഹിത്യവും പരസ്പരം ഉന്നംവെയ്ക്കുന്നത് ഒരേ കാര്യമാണ്. ഓരോന്നും ക്രിസ്തുവിന്റെ ഏക പൗരോഹിത്യത്തിൽ പങ്കുപററുന്നു.''[71]

കൗൺസിൽ പറയുന്നുണ്ട്: 'തിരുപ്പട്ടംവഴി ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ ഭാഗഭാക്കാകുന്നത് സത്താപരമായി വ്യത്യാസപ്പെട്ടതാണെന്ന്. അങ്ങനെയെങ്കിൽ മാമ്മോദീസ, തന്നിൽത്തന്നെ, പഠിപ്പിക്കുവാനോ ഭരിക്കുവാനോ, ക്രിസ്തുവിന്റെ നാമത്തിൽ ബലിയർപ്പിക്കുവാനോ ഉള്ള അധികാരം നല്കുന്നില്ലെന്നാണർത്ഥം.' എന്നാൽ ഇവയേക്കാൾ വ്യത്യസ്തമായ ഒരുപിടി മൂല്യങ്ങൾ തിരുപ്പട്ടത്തിലുൾക്കൊള്ളുന്നുവെന്ന് അതിനർത്ഥമില്ല.

പൗരോഹിത്യ പദവിക്ക് മറെറന്തൊക്കെ ആവശ്യമായാലും അത് ഒരുവനെ മറെറാരുവനേക്കാൾ ആന്തരികമായി ശ്രേഷ്ഠനാക്കുന്നത് ഏതോ ചില അപൂർവ്വ വിശുദ്ധ യാഥാർത്ഥ്യങ്ങളാണെന്ന് പറഞ്ഞുകൂടാ. രണ്ടാം വത്തിക്കാൻ ഇക്കാര്യം സ്പഷ്ടമായി പറയുന്നുണ്ട്:

"ക്രിസ്തുവിലുള്ള പുനർജന്മംവഴി ലഭിക്കുന്ന ഈ മഹത്വം എല്ലാ അംഗങ്ങൾക്കും പൊതുവായിട്ടുള്ളതാണ്. പുത്രസ്വീകാര്യത്തിന്റെ ദാനവും, പരിപൂർണ്ണതയ്ക്കായുള്ള വിളിയും എല്ലാവർക്കും പൊതുവായിരിക്കുന്നു. ഒന്നേയുള്ളൂ നിത്യരക്ഷ; പ്രത്യാശയും ഒന്നുമാത്രം; അവിഭാജ്യമായ സ്നേഹവും അങ്ങനെതന്നെ. അതുകൊണ്ട്, ക്രിസ്തുവിലും സഭയിലും വംശം, രാഷ്ട്രം, സാമൂഹ്യപരിത:സ്ഥിതികൾ, ലിംഗവ്യത്യാസങ്ങൾ എന്നിവ അടിസ്ഥാനമാക്കി യാതൊരു അസമത്വവുമില്ല... ക്രിസ്തുവിന്റെ അഭീഷ്ടാനുസരണം ചിലരെ മററുള്ളവർക്കുവേണ്ടി ഉപദേഷ്ടാക്കളായും ദിവ്യരഹസ്യങ്ങളുടെ വിതരണക്കാരായും അജപാലകരായും നിയമിച്ചിരിക്കുന്നു.എങ്കിലും എല്ലാവരും തുല്യമാഹാത്മ്യമുള്ളവരാണ്. ക്രിസ്തുവിന്റെ ശരീരത്തെ വളർത്തുകയെന്ന ചുമതലയിലും എല്ലാവിശ്വാസികളും സമൻമാരാണ്"[72].

വിശുദ്ധ കാര്യങ്ങൾ പരികർമ്മം ചെയ്യുന്നതിന് ലിംഗവ്യത്യാസം അതിർവരമ്പുകൾ കെട്ടുന്നില്ലെങ്കിൽ, മാമ്മോദീസായ്ക്കു മുമ്പുള്ള അസമത്വത്തിന്റെ അവശിഷ്ടമായി അത് പുന:സ്ഥാപിക്കപ്പെടുന്നില്ലെങ്കിൽ, കൗദാശിക പ്രതീകങ്ങളുടെ തലത്തിൽ അതിനെന്തെങ്കിലും ചെയ്യാൻ കഴിയുന്നതെങ്ങനെ? പുതിയ വിലക്കുകൾ ഉണ്ടാക്കാനാവുമോ?

## സ്നേഹത്തിന്റെ പൗരോഹിത്യം

യേശു പുരുഷനായിരുന്നതുകൊണ്ട്, ഒരു പുരുഷന് അവിടുത്തെ കൂടുതൽ മെച്ചമായി പ്രതിനിധാനം ചെയ്യാൻ സാധിക്കും എന്ന നിലപാട് വിശുദ്ധ ഗ്രന്ഥത്തിൽനിന്ന് സ്ഥാപിക്കാൻ സാധ്യമല്ല. റോ

മൻ പ്രമാണരേഖയിൽ കൊടുത്തിരിക്കുന്ന വാദഗതി കൂടുതലും താത്വികമാണ്. 'സൗകര്യത്തെ ഉദ്ദേശിച്ചുള്ള വിശദീകരണ,' എന്നേ ഇതിനെ പറയാവൂ. ഡിക്രിയിൽത്തന്നെയും അതിനെ വിശദീകരിക്കുന്നത് 'ദൈവശാസ്ത്രവിചിന്തനം കണ്ടുപിടിച്ച ഏററവും ആഴപ്പെട്ടതും യോഗ്യവുമായ വാദം' എന്നാണ്. പ്രസ്തുത വാദത്തിന്റെ അന്തർധാര സെൻറ് തോമസിനെ ആശ്രയിച്ചുള്ളതുമാണ്. അദ്ദേഹം പറയുന്നു: "കൗദാശിക ചിഹ്നങ്ങൾ സ്വാഭാവിക സാദൃശ്യങ്ങൾവഴി, അവ സൂചിപ്പിക്കുന്നതിനെ പ്രതിനിധാനം ചെയ്യുന്നു." ഇതേ സാദൃശ്യങ്ങൾ വസ്തുക്കൾക്കെന്നപോലെ വ്യക്തികൾക്കും ആവശ്യമാണ്. ക്രിസ്തുവും അവിടുത്തെ ശുശ്രൂഷിയും തമ്മിലുണ്ടാകേണ്ട സ്വാഭാവികസാമ്യം ദിവ്യബലിയിൽ, പുരുഷൻ അവിടുത്തെ പ്രതിനിധാനം ചെയ്യുന്നില്ലെങ്കിൽ, ഉണ്ടാവുക വിഷമമാണ്. കാരണം, ക്രിസ്തു പുരുഷനായിരുന്നു, ഇപ്പോഴും അങ്ങനെതന്നെ'.

ഈ വാദം തെററാണ്: കാരണം, അതു വേരൂന്നിയിരിക്കുന്ന തത്വസംഹിത തെററാണ്. തെററായ ലൈംഗിക തത്വശാസ്ത്രം പ്രചരിപ്പിക്കുന്ന സ്ക്കൊളാസ്ററിക്കുകളുടെ പ്രബോധനത്തിലാണ് ഇത് അടിയുറച്ചിരിക്കുന്നത്. യാതൊരു ക്രൈസ്തവനും ഇതു സ്വീകരിക്കാവതല്ല. സെൻറ് ബൊനവെഞ്ചർ പറഞ്ഞു, പുരുഷനിൽ മാത്രമേ ദൈവത്തിന്റെ ഛായയുള്ളൂവെന്ന്[73]; കാരണം 'സ്ത്രീ അപൂർണ്ണ മനുഷ്യനാണ്'[74]. അതുകൊണ്ട് അവർക്ക് യഥാർത്ഥത്തിൽ ഔന്നത്യം ഉണ്ടാവുക വയ്യാ[75]. സെൻറ് തോമസിന്റെ നിഗമനമിതായിരുന്നു. 'അവർക്ക് ക്രിസ്തുവിന്റെ പ്രതിനിധിയാവാനോ, അവിടുത്തെ സാദൃശ്യം വഹിക്കാനോ സാധ്യമല്ല'.

ഇത്തരം ചിന്താഗതി വിശുദ്ധലിഖിതത്തിന് കടകവിരുദ്ധമാണ്. മനുഷ്യമാഹാത്മ്യത്തെപ്പററിയുള്ള തത്വശാസ്ത്രത്തിന്റെ കാര്യം പോകട്ടെ; വേദഗ്രന്ഥംതന്നെ ഏററവും സ്പഷ്ടമായി ഈ സത്യം വെളി

വാക്കുന്നുണ്ടല്ലോ! "ദൈവം മനുഷ്യനെ അവിടുത്തെ ഛായയാൽ സൃഷ്ടിച്ചു; ദൈവത്തിൻെറ സാദൃശ്യത്തിൽ അവിടുന്ന് അവനെ സൃഷ്ടിച്ചു; പുരുഷനും സ്ത്രീയുമായി അവരെ അവിടുന്ന് സൃഷ്ടിച്ചു (ഉത്പ. 2:27). സെൻറ് പോഠം പറയുന്നു, എല്ലാവരും-പുരുഷനെന്നോ സ്ത്രീയെന്നോ വ്യത്യാസമില്ല-ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു" (ഗാല. 3:27). "എന്നാൽ നാമെല്ലാവരും മൂടാത്ത മുഖങ്ങൾകൊണ്ട്, കർത്താവിൻെറ മഹത്വം സ്ഫടികസമാനം കാണുന്നു; നാം നിരന്തരം വളരുകയും കർത്താവിൻെറ സാദൃശ്യത്തിലേക്ക് രൂപാന്തരപ്പെടുകയും ചെയ്തിരിക്കുന്നു. അരൂപിതന്നെയായ കർത്താവിൻെറ പ്രവൃത്തികളാണിവ" (2 കോറി. 3:18).

ദൈവത്തെപ്പററി പഴയനിയമത്തിലെ പ്രതീകങ്ങളും, ക്രിസ്തുവിനെപ്പററി പുതിയനിയമത്തിലെ 'മണവാളൻ' തുടങ്ങിയവയും, അടിസ്ഥാനപരമായി യഹൂദ പശ്ചാത്തലങ്ങളിൽ നിന്നുള്ളവയാണ്. ക്രിസ്തുവിൻെറ പൗരോഹിത്യത്തിന് അവ ആവശ്യമാണെന്ന് വരുന്നില്ല. മാത്രമല്ല, വിശുദ്ധ ഗ്രന്ഥം തന്നെ ഒന്നിലധികം പ്രാവശ്യം പുരുഷ പ്രതീകത്തെ മറികടക്കുന്നുണ്ട്. ദൈവത്തിൻെറ അനുകമ്പാസ്വഭാവത്തിന് സ്ത്രൈണഭാവം ആരോപിച്ചിട്ടുള്ള ഉദാഹരണങ്ങൾ പലതുണ്ട്, ബൈബിളിൽ. അവിടുത്തെ അനന്തമായ വിശ്വസ്തതയെ ഒരമ്മയ്ക്ക്, തൻെറ മക്കളോടുള്ള സ്നേഹത്തോടാണ് ഉപമിക്കുക (ഏശ.49:15) ക്രിസ്തുവിനെ മൃദുലഹൃദയനായി പരാമർശിക്കുന്ന ചിത്രം ഹെബ്രായർക്കുള്ള ലേഖനത്തിൽ കാണാം (ഹെബ്രാ. 5:2). കുഞ്ഞുങ്ങളെ ചിറകിൻകീഴ് സംരക്ഷിക്കുവാൻ ആഗ്രഹിക്കുന്ന പിടക്കോഴിയെപ്പോലെ ആകാംക്ഷയുള്ളവനത്രേ അവിടുന്ന്. (മത്താ. 23:37). വിശുദ്ധ പൗലോസും ഒരു അമ്മയോട് സ്വയം ഉപമിക്കുന്നു (1 തെസ. 2:7; ഗാല. 4:19)

പൗരോഹിത്യത്തിൻെറ അവശ്യഘടകമായി പുരുഷത്വത്തെ നാം കണക്കാക്കിയാൽ ക്രിസ്തുവിൻെറ

പൗരോഹിത്യത്തിൻെറ വില കുറയ്ക്കുകയല്ലേ ചെയ്ക? യേശുവിൻെറ സാന്നിധ്യത്തിന് പരമപ്രധാനമെന്നു വിശുദ്ധ ഗ്രന്ഥം വിവരിക്കുന്ന ഘടകങ്ങൾ ഏവ? മുഖ്യ പുരോഹിതനായ ക്രിസ്തുവിൻെറ ഗുണങ്ങളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന കാര്യങ്ങൾ അവിടുത്തെ പൗരോഹിത്യത്തിൽ വളരെ പ്രാധാന്യമുള്ളതെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും.

1. ദൈവത്താൽ പ്രത്യേകം വിളിക്കപ്പെടുക (ഹെബ്രാ 5:4)
2. സ്വയം സഹനത്തിന് വിധേയനായിക്കൊണ്ട്, പരീക്ഷിക്കപ്പെടുന്നവരെ സഹായിക്കുവാൻ പ്രാപ്തനാവുക (ഹെബ്രാ. 5:1-2)
3. മനുഷ്യരുടെ ബലഹീനതകളെ അനുകമ്പാപൂർവ്വം വീക്ഷിക്കുന്നതിന് സാധിക്കുക (ഹെബ്രാ. 4:14–16)
4. അറിവില്ലാത്തവരോടും വഴിതെററിപ്പോകുന്നവരോടും സൗഹാർദ്ദപൂർവ്വം പെരുമാറാൻ കഴിയുക (ഹെബ്രാ. 5:1–10).

ഒരു പുരോഹിതൻ അഹറോൻെറ (പുരുഷ) പിന്തുടർച്ചക്കാരൻ ആയിരിക്കുക എന്നതിൽനിന്നും വളരെ വ്യത്യസ്തമായ കാഴ്ചപ്പാടാണിവിടെ കാണുന്നത്. ഇവ വ്യക്തമായും പുതിയ പൗരോഹിത്യ മാനദണ്ഡങ്ങളാണ്. ഒപ്പം, ഇവയ്ക്ക് തനതായ നിയമപ്രാബല്യവുമുണ്ട്. (ഹെബ്രാ. 7:11–12).[76]

ക്രിസ്തു ആവശ്യപ്പെടുന്ന അടയാളം സ്നേഹമാണെന്ന് അവിടുത്തെ വാക്കുകൾ ശ്രദ്ധിക്കുമ്പോൾ നമുക്ക് മനസ്സിലാകുന്നു. സ്നേഹിതർക്കു വേണ്ടി സ്വന്തം ജീവൻ സമർപ്പിച്ചുകൊണ്ട് അവിടുന്ന് തൻെറ സ്നേഹം വ്യക്തമാക്കി (യോഹ. 15:12–13). ഇത്തരത്തിലുള്ള സ്നേഹം മൂലമാണ് യഥാർത്ഥ ആട്ടിടയൻ കൂലിക്കാരനിൽനിന്നു തിരിച്ചറിയപ്പെടുന്നത്. (യോഹ. 10:11–15). സേവിക്കുന്നതിനുള്ള സന്നദ്ധതയാണ്, മററുള്ളവരുടെമേൽ കർത്തൃത്വത്തി

നുള്ള അധികാരമല്ല ഒരുവനെ ക്രിസ്തുവിനേപ്പോലെ യാക്കുന്നത് (മത്താ. 20:24–28) മേശയ്ക്കു ചുററു മിരിക്കുമ്പോാം നായകത്വം വഹ ക്കുന്നതുകൊണ്ടു മാത്രമല്ല, മററുള്ളവരുടെ പാദങ്ങാം കഴുകുന്നതുകൊണ്ടു കൂടിയാണ് ഗുരുവിനെ തിരിച്ചറിയുക (യോഹ. 13: 12–16). വെറും ധാർമ്മികമായ ഒരാവശ്യകതയെപ്പററി യുള്ള പ്രതിപാദനമല്ല ഇവിടെയുള്ളത്; മറിച്ച്, പ്രതീകാത്മക മൂല്യമുള്ള ഒരു അംവശ്യഘടകത്തെപ്പററി യുള്ളതാണ്. "നിങ്ങാംക്ക് പരസ്പര സ്നേഹമുണ്ടെങ്കിൽ, അതുമൂലം, നിങ്ങാം എൻെറ ശിഷ്യൻമാരാണെന്ന് എല്ലാവരും അറിയും" യോഹ. 13:35). ഒരു പ്രമാണമെന്ന നിലയിൽ സ്നേഹത്തെക്കുറിച്ച് പഠിപ്പിക്കുമ്പോഴാണ് യേശു തൻെറ ശിഷ്യന്മാരെ പുരോഹിതരായി നിയമിക്കുന്നത്. 'ഇത് എൻെറ ഓർമ്മയ്ക്കായി ചെയ്യുവിൻ' എന്ന് അവിടുന്ന് ആവശ്യപ്പെടുമ്പോാം ഉദ്ദേശിക്കുന്നത് തൻെറ ശിഷ്യൻമാരെ തിരിച്ചറിയാനുള്ള ഇടയനടുത്ത സ്നേഹമാണ്. ശ്ലൈഹികദൗത്യം പത്രോസിനെ ഏല്പിക്കുന്നതിനുമുമ്പ് അവിടുന്ന് ആവശ്യപ്പെടുന്നതും ഇത്തരം സ്നേഹം തന്നെയാണല്ലോ? (യോഹ. 21:15-17).

സ്ത്രീകാംക്കും പുരോഹിതരാകാം എന്ന് മേൽപ്പറഞ്ഞ വസ്തുതകാം വ്യക്തമായി തെളിയിക്കുന്നില്ല. എന്നിരുന്നാലും, കൗദാശിക അടയാളത്തിൻെറ തലത്തിൽപോലും വിശുദ്ധഗ്രന്ഥം കാര്യമായിക്കരുതുന്നത് അനുകമ്പ, കരുണ, സേവനം, സ്നേഹം തുടങ്ങിയ മൂല്യങ്ങളാണ് എന്ന് തെളിയുന്നു. അല്ലാതെ, പുരുഷനായിരിക്കുക എന്നപോലെയുള്ള മുഖ്യമല്ലാത്ത സംഗതികളേയല്ല. ക്രിസ്തുവിൻെറ അജപാലനപരമായ സ്നേഹംകൊണ്ട് നിറഞ്ഞ ഒരു സ്ത്രീയായിരിക്കും, അതില്ലാത്ത പുരുഷനേക്കാാം, പക്ഷേ, അവിടുത്തെ മനഃസ്ഥിതിയോട് കൂടുതൽ അടുപ്പവും യോജിപ്പും പുലർത്തുക എന്ന് ചിന്തിക്കരുതോ?

## എട്ട്

# ഭാവിയിലേക്കൊരു എത്തിനോട്ടം
# ലൂക്കായുടെ സുവിശേഷത്തിൽ

ഇന്നത്തെ എല്ലാ പ്രശ്നങ്ങളെയും അവയ്ക്കുള്ള പ്രതിവിധികളെയും വേദപുസ്തകത്തിൽ കണ്ടെത്താൻ ശ്രമിക്കുന്നത് ശരിയല്ലെന്ന് നാമോർക്കണം. എങ്കിലും, സഭയിലും സമുദായത്തിലും സ്ത്രീക്കുള്ള സ്ഥാനമെന്തെന്ന്, വിലയിരുത്താനുള്ള നമ്മുടെ പരിശ്രമങ്ങൾ സുവിശേഷത്തിൽ വേരുറച്ചതാണെന്ന് അറിയുക തീർച്ചയായും ഉത്തേജനകരമാണ്. യേശു വനിതകളുടെ കാര്യത്തിൽ തത്പരനായിരുന്നുവെന്നും അവിടുത്തെ വാക്കുകളും പ്രവൃത്തികളും വനിതാവിമോചനത്തിനുവേണ്ടി, ഒരളവുവരെ, വാദിക്കുന്നവയായിരുന്നുവെന്നും സ്ഥാപിക്കാൻ സാധിച്ചാൽ നമ്മുടെ ശ്രമങ്ങൾ ചാരിതാർത്ഥ്യജനകങ്ങളാണ്. എന്നാൽ യേശു പറഞ്ഞതോ ചെയ്തതോ ആയ യാതൊന്നും സ്ത്രീപൗരോഹിത്യത്തിൻെറ സാധ്യതയിലേക്ക് യാതൊരു പ്രകാരത്തിലും വിരൽ ചൂണ്ടുന്നതായിട്ടില്ലെന്നോ?

സ്ത്രീത്വത്തെയും സ്ത്രീകളെയും വിലമതിക്കാൻ പോരുന്ന നിരവധി പ്രതിപാദനങ്ങൾ സുവിശേഷങ്ങളിലുണ്ട്. പ്രത്യേകിച്ച്, ലൂക്കായുടെ സുവിശേഷഭാഗങ്ങൾ സ്ത്രീകളുടെ സ്ഥാനത്തെ കാര്യമായിത്തന്നെ കണക്കിലെടുക്കുന്നതാണ്. മററു മണ്ഡലങ്ങളിലെന്നപോലെ ഇവിടെയും, ക്രിസ്തു, കേവലമൊരു സാമുഹ്യപരിഷ്ക്കർത്താവായിട്ടല്ല പ്രത്യ

ക്ഷപ്പെടുക. എങ്കിലും അവിടുത്തെ വാക്കുകളും പ്രവൃത്തികളും പരിശോധിച്ചാൽ പൗരോഹിത്യ ശുശ്രൂഷയിലുള്ള സ്ത്രീകളുടെ ഭാഗഭാഗിത്വം തന്റെ മനഃസ്ഥിതിക്ക് ഒരിക്കലും നിരക്കാത്തതായിരുന്നില്ല എന്നു തെളിയുന്നു.

ഇതുവരെ കണ്ട ന്യായവാദങ്ങൾ മിക്കവാറും വേദപുസ്തകത്തെ ആസ്പദമാക്കിയുള്ളവയായിരുന്നു. അവയൊക്കെയും വിമർശകരുടെ സൂക്ഷ്മപരിശോധനയെ അതിജീവിക്കുന്നവിധത്തിൽ ദൈവശാസ്ത്രപരമായിട്ടാണ് നിരത്തിയിരിക്കുന്നത്. പ്രകൃതത്തിൽ അത് തീർത്തും അനിവാര്യവുമാണ്. ഈ വാദഗതികൾ യഥാർത്ഥമായ തെളിവുകളിന്മേൽ അടിസ്ഥാനമാക്കിയുള്ളവയാണ്; തെളിവുകളാകട്ടെ, അനിഷേധ്യങ്ങളായ സാക്ഷ്യങ്ങളിന്മേലും. വാദപ്രതിവാദങ്ങളിൽ ഇരുപക്ഷത്തിനും സ്വീകാര്യമായ പ്രമേയത്തിൽനിന്ന് വിട്ടുപോകാനാവില്ല. അവിടെ തന്റെ എതിരാളിക്ക് ബോധ്യം വരുത്തുന്ന ഒരു പ്രത്യേക യുക്തിവിചാരവുമായിട്ട് ഒരുവൻ ബന്ധിക്കപ്പെടുന്നു. അപഗ്രഥനാത്മകവും നിയന്ത്രിതവുമായ ഒരു പ്രത്യേക ചിന്താഗതിക്കുള്ളിൽനിന്നുകൊണ്ടു മാത്രമേ വാദപ്രതിവാദം സാധ്യമാവൂ. ഈ അദ്ധ്യായത്തിൽ അത്തരം യുക്തിവാദങ്ങളെക്കാൾ വിചിന്തനപ്രധാനമായ മാർഗ്ഗത്തിലൂടെ സുവിശേഷത്തെ സമീപിക്കുവാനാണ് മുതിരുക. അങ്ങനെ അതിന്റെ അന്തഃസത്തയിലേക്ക് കടന്നുചെല്ലാനും, സ്പഷ്ടമായ പ്രസ്താവനകൾ വഴിയും, സൂചനകൾ വഴിയും ആന്തരാശയത്തിനു ശ്രദ്ധാപൂർവ്വം ചെവികൊടുക്കാനും നമുക്ക് ശ്രമിക്കുക.

**മഗ്ദലേന മറിയം**

വി. ലൂക്കായുടെ സുവിശേഷത്തിലേക്ക് നമുക്കൊന്നു തിരിയാം; മഗ്ദലേന മറിയത്തിന്റെ കഥയൊന്നു പരിശോധിക്കാം. പാപ ജീവിതം നയിച്ചിരുന്ന ഒരു സ്ത്രീയാണവൾ. യേശു അവളെ മാനസാന്ത

രപ്പെടുത്തി–'ഏഴു പിശാചുക്കാം പുറപ്പെട്ടുപോയ മഗ്ദലേനായിലെ മേരി' എന്നറിയപ്പെട്ടിരുന്നു, അവാം. (ലൂക്ക. 8:2). യേശുവിൻെറ പ്രേഷിതപര്യടനത്തിൽ അവിടുത്തെ അനുഗമിച്ചിരുന്ന സ്ത്രീകളിൽ ഒരുത്തിയായിരുന്നു അവാം എന്ന് ലൂക്ക് പ്രസ്താവിക്കുന്നു (ലൂക്ക 8:1–3). അവളെ സംബന്ധിച്ച സുവിശേഷകൻെറ മററു പ്രസ്താവനകാം ഇങ്ങനെയാണ്: 'മററു ശിഷ്യരോടൊപ്പം, അവളും യേശുവിൻെറ കുരിശുമരണത്തിന് സാക്ഷിയും, അവിടുത്തെ തിരുശരീരസംസ്ക്കാരത്തിൽ സഹായിയുമായിരുന്നു' (ലൂക്ക 23:49 55–56). ഈസ്ററർ പ്രഭാതത്തിൽ യേശുവിൻെറ ഉയിർപ്പിനെക്കുറിച്ച് ആദ്യമായി അറിയുന്നവരിൽ ഒരാാം മറിയമായിരുന്നു (ലൂക്ക. 24:1–11). 'ശ്ലീഹന്മാരുടെ നടപടി'യിൽ അപ്പസ്തോലഗണത്തിൽ, യൂദാസിനുപകരം, ഒരാളെക്കൂടി ഉാംപ്പെടുത്താൻ ആവശ്യമായ വ്യവസ്ഥയിൽ ലൂക്കാസുവിശേഷകൻ, വി. പത്രോസിനെക്കൊണ്ട് പറയിക്കുന്നത് ഇപ്രകാരമാണ്: 'കർത്താവായ യേശുവിൻെറ പുനരുത്ഥാനത്തിന് ഒരാാം ഞങ്ങളോടൊപ്പം സാക്ഷിയായിരിക്കണം. യോഹന്നാൻെറ ജ്ഞാനസ്നാനം മുതൽ നമ്മിൽനിന്ന് ഉന്നതങ്ങളിലേക്ക് എടുക്കപ്പെട്ട ദിവസംവരെ യേശു നമ്മോടൊപ്പം സഞ്ചരിച്ചിരുന്ന കാലം മുഴുവനും നമ്മുടെകൂടെയുണ്ടായിരുന്നവരിൽ ഒരുവനായിരിക്കണം അയാാം'' (നട. 1:21–22). ഇത് പ്രാധാന്യമർഹിക്കുന്ന ഒരു വ്യവസ്ഥയാണെങ്കിൽ, മറിയം മഗ്ദലേനായും യോഗ്യയായിരുന്നു. പന്ത്രണ്ടുപേരിൽ ഒരാളായി തിരഞ്ഞെടുക്കപ്പെടാൻ. യേശുവിൻെറ പരസ്യജീവിതത്തിനും പീഡാനുഭവങ്ങാംക്കും ഉത്ഥാനത്തിനും സാക്ഷ്യം വഹിച്ചവളാണു മറിയം. ഇവിടെ, അന്ത്യഅത്താഴനേരത്ത് അവാം സന്നിഹിതയായിരുന്നില്ലായെന്നൊരു എതിർവാദം ഉന്നയിക്കാം. ശരിയാണ്; എങ്കിൽ, യൂദാസിൻെറ സ്ഥാനത്ത് തിരഞ്ഞെടുക്കപ്പെട്ട മത്തിയാസിനെസംബന്ധിച്ചുംഅങ്ങനെതന്നെയായിരുന്നല്ലോ?

മുമ്പ് നാം കണ്ട സാമൂഹികമായ ആചാരങ്ങളാലാണ് മഗ്ദലേനായ്ക്ക് ഒരു അപ്പസ്തോലയുടെ സ്ഥാനം ലഭിക്കാതെ പോയത്. അല്ലാതെ, അതിനുള്ള സുവിശേഷ വ്യവസ്ഥ പാലിക്കപ്പെടാത്തതിനാലല്ല. ഒരു പ്രത്യേക കാലഘട്ടത്തിലെ സാമൂഹികമായ പരിമിതികളെ കവച്ചുവയ്ക്കുന്ന ചില സാധ്യതകളിലേക്ക് ഒരെത്തിനോട്ടം ഇവിടെ വി. ലൂക്കായുടെ സുവിശേഷത്തിൽ ഉണ്ടെന്നാണ് നാം വിശ്വസിക്കേണ്ടത്. ഫരിസേയൻെറ ഭവനത്തിൽ ഭക്ഷണത്തിനിരിക്കുന്ന യേശുവിൻെറ പാദത്തിനരികെ പശ്ചാത്താപംകൊണ്ട് വിങ്ങിക്കരയുന്ന പാപിനിയായ സ്ത്രീയുടെ കഥ നമുക്ക് അനുസ്മരിക്കുക (ലൂക്ക. 7:36–50). ചരിത്രപരമായി അവരം മഗ്ദലേനായിലെ മറിയംതന്നെയായിരിക്കണം. (ലൂക്ക 8:1–3 മായി ഇതിനുള്ള ബന്ധം നോക്കുക). അവളെക്കുറിച്ച് യേശുപറയുന്നു: "താങ്കരം ഈ സ്ത്രീയെ കാണുന്നില്ലേ? ഞാൻ താങ്കളുടെ വീട്ടിൽ പ്രവേശിച്ചു; എൻെറ കാലുകരം കഴുകാൻ താങ്കളെനിക്ക് വെള്ളം തന്നില്ല. എന്നാൽ, ഇവരം കണ്ണീരുകൊണ്ട് എൻെറ കാലുകരം കഴുകുകയും തലമുടികൊണ്ട് തുടയ്ക്കുകയും ചെയ്തു. താങ്കളെന്നെ ചുംബച്ചില്ല: എന്നാൽ ഞാൻ ഇവിടെ പ്രവേശിച്ചതുമുതൽ എൻെറ പാദങ്ങരം ചുംബിക്കുന്നതിൽനിന്ന് ഇവരം വിരമിച്ചിട്ടില്ല. താങ്കരം എൻെറ തലയിൽ തൈലം പൂശിയില്ല: ഇവളോ എൻെറ പാദങ്ങളിൽ സുഗന്ധതൈലം പൂശിയിരിക്കുന്നു' (ലൂക്ക 7:44–46).

ഇതേ ശൈലിയിൽ, നൂററാണ്ടുകരംക്കിപ്പുറത്തുള്ള നമ്മോട് യേശു ഇന്നും സംസാരിക്കുന്നതായി തോന്നിപ്പോകുന്നു: 'വനിതാ പൗരോഹിത്യത്തെക്കുറിച്ചുള്ള ഈ ചർച്ചകളൊക്കെയെന്തിന്? എൻെറ അരംത്താരയിലും വിശുദ്ധസ്ഥലത്തുംനിന്ന് അവരെ ഞാൻ അകററി നിറുത്തുമെന്ന് ചിന്തിക്കാൻ നിങ്ങളെ പ്രേരിപ്പിക്കുന്നതെന്ത്? അപ്രധാനമായവയെക്കാരം സ

ത്താപരമായവയ്ക്ക് പ്രാധാന്യം കൊടുക്കാൻ ഞാനെപ്പോഴും ഊന്നിപ്പറഞ്ഞിട്ടുള്ളതാണല്ലോ? ഞാൻ, ഫരിസേയനായ സൈമണിൻെറ വീട്ടിലായിരുന്നപ്പോൾ പാദക്ഷാളനശുശ്രൂഷ നടത്തിയ പാപിനിയായ ആ സ്ത്രീയെ ശ്ളാഘിച്ചില്ലേ? അവളുടെ നിലയോ, മുൻപാപകർമ്മങ്ങളോ അല്ല, മറിച്ച്, അവളുടെ സ്നേഹമായിരുന്നു എൻെറ ദൃഷ്ടിയിൽ വിലപ്പെട്ടത്. അഭിവാദനത്തിൻേറതായ അവളുടെ ചുംബനം വഴിയും, തൈലാഭിഷേകത്താലുള്ള കാഴ്ച വഴിയും, അവിടെ കൂടിയിരുന്ന മറെറല്ലാവരേക്കാളധികമായി അവളായിരുന്നു എൻെറ ശുശ്രൂഷക! ഇതുപോലെ എൻെറ സഭാശരീരത്തെ ശുശ്രൂഷിക്കുന്ന ഒരുത്തിയെയും അവളുടെ പ്രവൃത്തിയിൽനിന്ന് അകററുവാൻ ഞാൻ തുനികയില്ല. അപ്പംമുറിക്കൽ ശുശ്രൂഷയിലും, ജ്ഞാനസ്നാനം, രോഗീലേപനം തുടങ്ങിയ ശുശ്രൂഷകളിലും നിന്ന് എന്തിനവരെ ഒഴിച്ചുനിർത്തണം? സമൂഹത്തിൽ അവർ ന്യായമായി അർഹിക്കുന്ന സ്ഥാനങ്ങൾ നല്കുന്നതിൽ ഞാനൊരിക്കലും മടിക്കുന്നില്ല. ഈ വിധം ഈ കാലഘട്ടത്തിൽ, സഭയ്ക്കുവേണ്ടി ഒരു സ്ത്രീയ്ക്കു ചെയ്യാവുന്ന മഹത്തായ ഈ സേവനസംഭാവനകൾ ഞാൻ ഏററവും വിലമതിക്കുന്നു'.

വേദപുസ്തകം ഇവ്വിധം മനസ്സിലാക്കുന്നതു ശരിയാണോ? മഗ്ദലേനമറിയത്തെ സംബന്ധിക്കുന്ന വിശുദ്ധ ഗ്രന്ഥഭാഗങ്ങൾ സ്ത്രീപൗരോഹിത്യ ശുശ്രൂഷയ്ക്ക് ഒരു പുത്തൻദർശനം നല്കാൻ ഉദ്ദേശിച്ചുള്ളതാണോ? അഥവാ, അത്തരമൊരു വിശദീകരണം വെറുമൊരു അഭിലാഷചിന്ത മാത്രമാണോ? ഇതിന് ഉചിതമായ മറുപടി ലഭിക്കുവാൻ ലൂക്കായുടെ ദൈവശാസ്ത്രം സംബന്ധിച്ചും അല്പം പറയേണ്ടതുണ്ട്.

ഈശോയുടെ ദ്വിതീയാഗമം ഉടനടി സംഭവിക്കുമെന്ന സമകാലീനരുടെ അതിശയോക്തിപരമായ ആകാംക്ഷാമനോഭാവത്തെക്കുറിച്ചു ലൂക്ക് ദത്തശ്രദ്ധനാണ്. ഈ പ്രത്യാഗമനത്തിനുമുമ്പുള്ള ഇടവേളയെ 'സഭയുടെ കാലഘട്ട'(Period of the Church)മായി നാം പരിഗണിക്കണമെന്ന് അദ്ദേഹം പഠിപ്പിക്കുന്നു. ഈ സഭായുഗത്തിൽ പുത്തനായുള്ള സംഭവവികാസങ്ങൾ നാം പ്രതീക്ഷിക്കണമെന്ന സംഗതിയും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. യേശുവിന്റെ സന്ദേശം അതിൽത്തന്നെ, ഈ നവ്യവികാസരൂപങ്ങളെ ഉൾക്കൊള്ളുന്നില്ലെങ്കിലും അവയ്ക്കുമുണ്ടു ദൈവികമായ ഉറവിടം. സഭയ്ക്കുള്ളിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനഫലമായിട്ടാണവ ഉദ്ഭവിക്കുന്നത് എന്ന സത്യം നമുക്കു വിസ്മരിച്ചുകൂടാ.

വീണ്ടും, ഈ വികാസങ്ങളധികവും പരോക്ഷമായിട്ടെങ്കിലും യേശുവിന്റെ പഠനങ്ങളും പ്രവർത്തനങ്ങളും ഉൾക്കൊള്ളുന്നവയാണെന്നുമാണു ലൂക്കായുടെ ബോധ്യം. തന്റെ സുവിശേഷത്തിൽ, യേശുവിന്റെ ജീവിതത്തിലെ പല സംഭവങ്ങളിലും വരാനിരിക്കുന്നവയെക്കുറിച്ചുള്ള ദർശനം അദ്ദേഹം കാണുന്നുണ്ട്.

പൗരോഹിത്യത്തിനു പുതിയ ശുശ്രൂഷാരൂപങ്ങൾ നല്കുക ആദിമസഭയുടെ സ്വഭാവത്തിൽപ്പെട്ടതായിരുന്നുവെന്ന വസ്തുതയും അദ്ദേഹം ഊന്നിപ്പറയുന്നുണ്ട്. തന്റെ പ്രതിപാദനങ്ങളിൽ വനിതകളെ മുൻപന്തിയിലേക്കു കൊണ്ടുവന്നുകൊണ്ട് വരും കാലത്തു വൈദികശുശ്രൂഷയിൽ അവരെക്കൂടി ഭാഗഭാക്കുകളാക്കാനുള്ള സാധ്യതയിലേക്കും അദ്ദേഹം വിരൽ ചൂണ്ടുന്നുണ്ട്.

ഈ പരിശ്രമം ദുർഘടം പിടിച്ചതാണെങ്കിലും ബുദ്ധിമുട്ടിനു ഫലമുണ്ടാകാതിരിക്കയില്ല. ഇവിടെ ലൂക്ക് വളർന്നുവരുന്ന സഭയിൽ, പുതിയ ചക്രവാളങ്ങൾ—പ്രത്യേകിച്ച്, പൗരോഹിത്യത്തിൽ—നിദർശിക്കുകയും, വനിതാമഹത്വത്തെ ഉയർത്തിക്കാണിക്കുകയും ചെയ്യുമ്പോൾ, നാം അദ്ദേഹത്തിന്റെ വീക്ഷ

ണങ്ങളെയും ദർശനങ്ങളെയും അവഗണിക്കുന്നതു ശരിയല്ല. അദ്ദേഹത്തിൻെറ ഉൾക്കാഴ്ചകളെ ആഴപ്പെട്ട വിചിന്തനങ്ങൾക്കു വിഷയമാക്കേണ്ടതുണ്ട്. സ്ത്രീ പൗരോഹിത്യപ്രശ്നം ദൈവനിവേശനത്തോടു കൂടിയാണ് അദ്ദേഹം കൈകാര്യം ചെയ്യുക. സുവിശേഷങ്ങളിൽ വ്യക്തമായി പറഞ്ഞിട്ടില്ലെങ്കിലും, ഇന്നത്തെ സാഹചര്യത്തിൽ പൗരോഹിത്യത്തിൽ പങ്കുചേരാൻ വനിതകളെയും അനുവദിക്കണമോ എന്നു ചോദിച്ചാൽ സെൻറ് ലൂക്കിൻെറ ഉത്തരം "തീർച്ചയായും വേണം" എന്നുതന്നെയായിരിക്കും.

**സഭയ്ക്ക് സ്ഥാനമില്ലേ?**

യേശുവിൻെറ ഉത്ഥാനാനന്തരം ഒരു പുത്തൻ യുഗത്തിൻെറ പിറവിയെക്കുറിച്ച് മനസ്സിലാക്കാൻ അപ്പസ്തോലസമൂഹം ഒട്ടേറെ സമയമെടുത്തു.

ആദിമക്രൈസ്തവരിൽ വളരെപ്പേർ യേശുവിൻെറ ദ്വിതീയാഗമനം അത്യാസന്നമാണെന്ന് ധരിച്ചിരുന്നു, "ദൈവരാജ്യം സമാഗതമാകുന്നതുവരെ മരണം ആസ്വദിക്കയില്ലാത്ത ചിലർ ഇവിടെ നില്ക്കുന്നവരിലുണ്ട്" (മർക്കോ. 9:1) എന്ന യേശുവിൻെറ പ്രസ്താവം, ചുരുങ്ങിയ വർഷങ്ങൾക്കുള്ളിൽ, ലോകാവസാനമുണ്ടാകുമെന്ന സൂചനയായി വ്യാഖ്യാനിക്കപ്പെട്ടു. ക്രിസ്താബ്ദം 51-ൽ സെൻറ് പോൾ തെസ്സലോനിയാക്കാർക്കെഴുതിയ കത്തിൽ നിന്ന്, അദ്ദേശവാസികളിലധികംപേരും, യേശുവിൻെറ രണ്ടാമത്തെ ആഗമനംവരെ ജീവിച്ചിരിക്കുമെന്ന് കരുതിയതായി സൂചനയുണ്ട് (1 തെസ്സ. 4:15). എ.ഡി. 57-ൽ കോറിന്ത്യർക്കെഴുതിയ കത്തിലും ഇതേ ധ്വനിയാണുള്ളത് (1 കോറി. 15:51). "നിങ്ങൾ ആദ്യം വിശ്വസിച്ചിരുന്നതിനേക്കാൾ തുലോം ആസന്നവും സമാഗതവുമാണ് രക്ഷ" (റോമ. 13:11) എന്ന റോമാക്കാർക്കുള്ള ലേഖനത്തിലെ മുന്നറിയിപ്പും ശ്രദ്ധാർഹമാണ്. ഉത്കണ്ഠയോടുകൂടിയ ഈ കാത്തിരിപ്പ് ക്രിസ്തീയ ജീവിതത്തിൽ അനാശാസ്യമായ ദുഷ്ഫല

ങ്ങൾ ഉളവാക്കിയെന്നത് സ്പഷ്ടം. തെസലോനിക്കയിലെ ചില ക്രൈസ്തവർ തങ്ങളുടെ അനുദിന ജോലികൾപോലും പൂർണ്ണമായും ഉപേക്ഷിച്ച്, അലസരായി അന്ത്യദിനവും പാർത്തിരുന്ന സംഭവങ്ങളുണ്ട്. ഇവിടെ, അപ്പസ്തോലൻ, അതിരുകടന്ന വ്യാഖ്യാനത്തെ നിരസിക്കുകയും, അതിനു വഴിതെളിച്ച രഹസ്യ വെളിപാടുകാരെ ശാസിക്കുകയും ചെയ്യുന്നുണ്ട് (2 തെസ. 2:2). തങ്ങൾ പ്രതീക്ഷിച്ച വേഗത്തിൽ ക്രിസ്തു സമാഗതനായില്ലെന്നു കണ്ടപ്പോൾ തങ്ങൾ വഞ്ചിക്കപ്പെട്ടുവെന്നുകരുതി നിരാശരായിത്തീർന്നവരും കുറവല്ല. 'അവിടുത്തെ ആഗമത്തെക്കുറിച്ചുള്ള വാഗ്ദാനമിപ്പോൾ എവിടെ?'' എന്ന് അവർ ചോദിക്കാൻ തുടങ്ങി. ഈ പ്രശ്നത്തിന് ദീർഘമായൊരു മറുപടി നല്കാൻ പീററർ ശ്രമിച്ചിട്ടുണ്ട്, അദ്ദേഹത്തിൻെറ രണ്ടാംലേഖനത്തിൽ (2 പത്രോ. 3:3-10).

ഒരു കാര്യം ശരിയാണ്, ലോകാവസാനം ഏതുനിമിഷവും സംഭവിക്കാമെന്ന വിശ്വാസം ജീവിതത്തിൽ മുന്നിട്ടു നില്ക്കുന്നിടത്തോളംകാലം, യാതൊരു ക്രൈസ്തവനും താൻ ജീവിക്കുന്ന ലോകത്തെ പണിതുയർത്തുവാൻ സാധിക്കയില്ല. അക്ഷരാർത്ഥത്തിൽ ആകാശത്തിലേക്ക് നോക്കിയിരിക്കുന്നവരാണവർ. ഭൂമിയിൽ തങ്ങൾക്ക് ചില കടമകൾ നിർവ്വഹിക്കാനുണ്ടെന്ന് അവർ വിസ്മരിക്കുന്നു. അത്തരംതെററായ മനോഭാവം തിരുത്തിക്കുറിപ്പിക്കുന്നതിൽ ദത്തശ്രദ്ധനാണ് വി. ലൂക്ക. അദ്ദേഹം വിവരിക്കുന്ന സ്വർഗ്ഗാരോഹണരംഗത്തെ നിരൂപണം ശ്രദ്ധിക്കുക: ''ഗലീലേയരായ മനുഷ്യരേ, നിങ്ങൾ ആകാശത്തിലേക്ക് നോക്കിനില്ക്കുന്നതെന്ത്? യേശു സ്വർഗ്ഗാരോഹണം ചെയ്തത് നിങ്ങൾ കണ്ടവിധം തന്നെ അവിടുന്ന് വീണ്ടും സമാഗതനാകും'' (നട. 1: 11). മററുവാക്കുകളിൽ പറഞ്ഞാൽ, 'അവിടുന്ന് സ്വമേധയാവന്നുകൊള്ളും. സ്വശക്തിയാൽ, താനുദ്ദേശിക്കുന്ന സമയത്ത്. അതിനാൽ, എപ്പോൾ എങ്ങനെവരും എന്ന് ചിന്തിച്ച് ഉത്ക്കണ്ഠാകുലരാകേണ്ടാ. സമയംപാഴാക്കാ

തെ, ക്രിസ്തു നിങ്ങളിൽ നിന്ന് പ്രതീക്ഷിക്കുന്ന കൃത്യനിർവ്വഹണങ്ങളിൽ വ്യാപൃതരാവുക.'

ക്രിസ്തുവിൻെറ ദ്വിതീയാഗമത്തെ സംബന്ധിച്ചുള്ള അതിരുകടന്ന ശ്രദ്ധയെ ലൂക്ക് തൻെറ സുവിശേഷത്തിൽ പലവുരു അധിക്ഷേപിച്ചിട്ടുണ്ട്. അവിടുത്തെ ആഗമദിനത്തെക്കുറിച്ച് പരാമർശിക്കുമ്പോഴൊക്കെ നാം നിർവഹിക്കേണ്ട കാര്യങ്ങളെക്കുറിച്ചും അദ്ദേഹം എടുത്തു കാട്ടുന്നു. യേശു ജറൂസലേമിലേക്ക് പ്രവേശിച്ച അവസരത്തിൽ, ഉടൻതന്നെ ദൈവരാജ്യം സമാഗതമാകുമെന്ന് ചിലർ കരുതിയതായി അദ്ദേഹം രേഖപ്പെടുത്തുന്നു (ലൂക്ക. 19:11). തലേന്തുകളുടെ ഉപമയിലൂടെ യേശു ഇക്കൂട്ടർക്കൊരു തിരിച്ചടിയാണ് നല്കുക. അതായത്, അന്ത്യം അത്യാസന്നമല്ല; മറിച്ച് ഓരോരുത്തർക്കും ഏല്പിക്കപ്പെട്ടിട്ടുള്ള ഉത്തരവാദിത്വങ്ങൾ ഉടൻ ഏറെറടുത്ത് നിർവ്വഹിക്കണം (ലൂക്ക. 19:12-27) എന്നത്രേ അവിടുന്ന് പഠിപ്പിക്കുക. മതമർദ്ദനങ്ങളും, വിപ്ളവങ്ങളും ജറുസലേമിൻെറ നാശംപോലും അവസാന നാളുകളുടെ സൂചനയല്ല (ലൂക്ക. 12:7). അന്തിമനാളുകളെക്കുറിച്ചു ജിജ്ഞാസുക്കളായ അപ്പസ്തോലന്മാർക്കു യേശു നല്കുന്ന മറുപടിയും നമുക്കറിയാം; ആ ദിവസത്തെയും സമയത്തെയും കുറിച്ച് ആരും അറിയേണ്ടാ; പകരം, ലോകത്തിൻെറ അതിർത്തികൾ വരെ തനിക്കു സാക്ഷ്യം വഹിക്കുന്നതിന് അപ്പസ്തോലന്മാർ തയ്യാറാകണമെന്നാണ് അവിടുന്നു നിഷ്ക്കർഷിച്ചത് (നട.1:6-8). ആദിമ ക്രൈസ്തവരുടെ കാലത്തുതന്നെ ദൈവരാജ്യം സമാഗതമാകുമെന്ന യേശുവിൻെറ ഗൂഢാർത്ഥപരമായ പ്രസ്താവനകളോടു ബന്ധപ്പെടുത്തിയാണു ലൂക്കാസുവിശേഷകൻ വ്യാഖ്യാനിക്കുന്നത്. അതായത് "ദൈവരാജ്യം എപ്പോൾ വരുമെന്നു നിങ്ങൾക്കു നിരീക്ഷിക്കുവാൻ സാദ്ധ്യമല്ല, 'നോക്കൂ അത് ഇവിടെയാണ്', അഥവാ, അവിടെയാണ് എന്നൊന്നും ആരും പറയുകയില്ല. കാരണം, യഥാർത്ഥത്തിൽ ദൈവരാജ്യം നിങ്ങളിൽത്തന്നെയാണ്" (ലൂക്ക. 17:20-21).

**സഭയും പരിശുദ്ധാത്മാവും**

സമയത്തിന്റെ സമാപ്തി സംജാതമാകുന്നതിനു മുമ്പേ തിരുസ്സഭയുടേതായ ഒരു കാലഘട്ടം വേണമെന്ന് ക്രിസ്തു മനസ്സായി[77]. ഇക്കാര്യം വളരെ പ്രാധാന്യമർഹിക്കുന്നതാണെന്ന് ലൂക്ക മനസ്സിലാക്കി. ഈ ഉദ്ദേശ്യത്തോടുകൂടിയാണ് ശ്ലീഹന്മാരുടെ നടപടിയെന്ന ഗ്രന്ഥത്തിന് അദ്ദേഹം രൂപംകൊടുത്തത്. യേശുവിന്റെ ജീവിതവുമായി ക്രൈസ്തവ ചരിത്രത്തെ താദാത്മ്യപ്പെടുത്തുക അടിസ്ഥാനപരമായൊരു തെററാണെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു. കാരണം യേശുവിന്റെ രക്ഷണീയകർമ്മത്തിനുശേഷവും പരിശുദ്ധാത്മാവിലൂടെ ദൈവം തന്റെ പ്രവർത്തനം തുടരുകയാണല്ലോ? 'പരിശുദ്ധാത്മാവിന്റെ സുവിശേഷ'മെന്ന് നടപടി ഗ്രന്ഥത്തെ വിളിക്കുന്നത് തീർത്തും ശരിയാണ്. എന്തെന്നാൽ, പരിശുദ്ധാത്മാവ് എങ്ങനെയാണ് ക്രിസ്ത്വനുഗാമികളെ ഒരു വിശ്വാസസഭയാക്കിത്തീർത്തതെന്ന് ഈ ഗ്രന്ഥത്തിൽ ഉടനീളം പരാമർശിക്കുന്നുണ്ട്. അതിന്റെ ഒന്നാമദ്ധ്യായത്തിൽ പരിശുദ്ധാരൂപിയെക്കുറിച്ചുള്ള യേശുവിന്റെ വാഗ്ദാനങ്ങളും, രണ്ടാമത്തേതിൽ പന്തക്കുസ്താനുഭവവുമാണ് പ്രധാനമായി വിവരിക്കുന്നത്.

സഭയുടെ സ്വതന്ത്രമായ ധർമ്മത്തെ അംഗീകരിച്ചുകൊണ്ട് അതിപ്രധാനമായ ഒരു ദൈവശാസ്ത്രവസ്തുതയിലേക്കും വി. ലൂക്ക നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു. തന്റെ സഭയിൽ നടക്കേണ്ട സകലതിനേയും സംബന്ധിച്ച് യേശു അന്തിമതീരുമാനങ്ങൾ എടുത്തുവച്ചിരിക്കയല്ല ചെയ്തത്. മറിച്ച്, നവീനവും അപ്രതീക്ഷിതവുമായ പല പരിഷ്ക്കാരങ്ങളും നീക്കങ്ങളും ഇനിയും ഉണ്ടാകാം. പക്ഷേ, ഇവയ്ക്കെല്ലാം ദൈവികമായ ഒരാരംഭമുണ്ട് എന്നത് വാസ്തവമാണ്. സഭയ്ക്കുള്ളിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനഫലമായി രൂപംകൊള്ളുന്നവയാ

ണവ. യേശുവിൻെറ സ്പഷ്ടമായ നിർദ്ദേശങ്ങളെ ന്നപോലെതന്നെ ഇവയും വിധേയത്വഭാവത്തോടുകൂടി സ്വീകരിക്കുകയാണ് നാം ചെയ്യേണ്ടത്. അവിടുത്തെ വാക്കുകളും പ്രവൃത്തികളും അരൂപിയുടെ പ്രചോദനങ്ങളും തമ്മിൽ വൈരുദ്ധ്യമുണ്ടാവുക സാധ്യമല്ല. ഇവയെല്ലാം ആന്തരികമായ ഒരു ശക്തിധാര ഉൾക്കൊള്ളുന്നവയാണ്. ഈ ശക്തീധാരയാണ്, പിൽക്കാല സഭാഘടനയിൽ പ്രകടമാവുകയും ദൂരവ്യാപകങ്ങളായ തീരുമാനങ്ങൾക്ക് പ്രേരകങ്ങളായി വർത്തിക്കുകയും ചെയ്യുന്നത്.

ഒരു ഉദാഹരണം എടുക്കാം. ആദിമസഭ യഹൂദരല്ലാത്തവരെ എങ്ങനെയാണ് സ്വസമൂഹത്തിലേക്ക് സ്വീകരിക്കാൻ തുടങ്ങിയത്? കോർണേലിയൂസിൻെറയും കുടുംബാംഗങ്ങളുടേയും ജ്ഞാനസ്നാനമാണ് യഥാർത്ഥത്തിൽ ഒരു തുടക്കം കുറിച്ചത്. അതിനുമുമ്പ് യഹൂദരല്ലാത്തവർ ആദ്യം പരിച്ഛേദനത്തിലൂടെ യഹൂദമതാവലംബികളാവുകയും പിന്നീട് ക്രിസ്തുമതത്തിലേക്ക് ജ്ഞാനസ്നാനത്തിലൂടെ ആനീതരാവുകയും ചെയ്കയായിരുന്നു മുറ. ഇതിനൊരു അപവാദം കൊർണേലിയൂസിൻെറ കാര്യത്തിലാണ് ഉണ്ടായത്. അദ്ദേഹം റോമൻ ആയിരുന്നു. അദ്ദേഹത്തിൻെറ ക്രിസ്തുമതാശ്ലേഷം ദൈവത്തിൻെറ പ്രവൃത്തിയായിരുന്നെന്ന് ലൂക്ക തറപ്പിച്ചു പറയുന്നു. പത്രോസിന് ആളെ അയക്കുവാൻ ദൈവദൂതൻ കൊർണേലിയൂസിനെ പ്രേരിപ്പിച്ചു. (നട. 10: 1-8). ദൈവം ശുദ്ധമാക്കിയതൊന്നും അശുദ്ധമായി കണക്കാക്കരുതെന്ന് ദർശനത്തിലൂടെ പത്രോസിന് താക്കീതു ലഭിച്ചു (നട. 10:1-16). ഒടുവിൽ പത്രോസ് സുവിശേഷം പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ കൊർണേലിയൂസും കുടുംബാംഗങ്ങളും പരിശുദ്ധാരൂപിയാൽ നിറഞ്ഞു (നട. 10:17-44). പരിച്ഛേദനമാർഗ്ഗത്തിലൂടെയല്ലാതെയും വിജാതീയർക്കു നേരിട്ടു ക്രൈസ്തവരാകാമെന്ന് പത്രോസിനു ബോധ്യം നൽകിയതു പരിശുദ്ധാത്മാവിൻെറ സ്പ

ഷ്ടമായ പ്രേരണയായിരുന്നു (നട. 10:45-48). ജറൂസലത്തെ സഭാസമൂഹത്തിൽ, പത്രോസ് തന്റെ തീരുമാനത്തെ എങ്ങനെ നീതിമത്കരിച്ചുവെന്ന് ലൂക്കാ തുടർന്ന് വിവരിക്കുന്നുണ്ട് (നട. 11:1-18). അതുപോലെതന്നെ, ഔദ്യോഗികമായി അനാഗതരെ സഭയിലേക്കു സ്വീകരിക്കുവാൻ സാർവ്വത്രികമായി അംഗീകരിക്കപ്പെട്ട ഒരു സൂനഹദോസിലേക്ക് നയിച്ചുവെന്നും നാം കാണുന്നു. ഈ പ്രഥമ കൗൺസിലാണു മൂശെയുടെ നിയമത്തിന് അതീതമായിട്ടു പരിച്ഛേദനത്തെ മറികടന്നു പുതിയ പ്രഖ്യാപനംചെയ്തത് (നട. 15:1-12).

ഈ തീരുമാനം, യേശു നിശ്ചയിക്കാതിരുന്ന, എന്നാൽ തിരുസഭയെടുത്ത, സുപ്രധാനമായ ഒരു കാര്യമാണ്. ഒരു വിധത്തിൽ അവിടുത്തെ വർത്തനരീതിയിൽനിന്നു വിഭിന്നമായ ഒന്നായിരുന്നു ഇത്. ഇതോടനുബന്ധിച്ച്, ആരംഭത്തിൽ പൊട്ടിപ്പുറപ്പെട്ട വാദകോലാഹലങ്ങൾ ഇതു വ്യക്തമാക്കുന്നു. ഇവിടെ യേശുവിന്റെ നിർദ്ദേശങ്ങൾ എന്നതിനേക്കാൾ, അവിടുത്തെ അരൂപിയുടെ വ്യാഖ്യാനമാണു പ്രസക്തമായി കാണുന്നത്. വീണ്ടും ക്രിസ്തുവിന്റെ പരസ്യജീവിതം (പൗരോഹിത്യശുശ്രൂഷ) യഹൂദർക്കിടയിൽ മാത്രം ഒതുക്കി നിറുത്തിയെന്നു നാം കാണുന്നു. അവിടുന്നു ശിഷ്യരോട് അരുളിച്ചെയ്തു: "നിങ്ങൾ വിജാതീയരുടെ പക്കലേക്കു പോവുകയോ ശമ്രായരുടെ പട്ടണങ്ങളിൽ പ്രവേശിക്കുകയോ അരുത്. എന്നാൽ ഇസ്രായേലിന്റെ നഷ്ടപ്പെട്ട ആടുകളുടെയിടയിലേക്കു ചെല്ലുവിൻ" (മത്താ. 10:5). "ഇസ്രായേൽ ഭവനത്തിലെ നശിച്ചുപോയ ആടുകളുടെയിടയിലേക്ക്, അവരുടെ പക്കലേക്കു മാത്രമാണു ഞാൻ അയക്കപ്പെട്ടിരിക്കുന്നത്" (മത്താ. 15:24). യഹൂദരല്ലാത്തവർ അതേവിധം (പരിച്ഛേദനം കൂടാതെ, നട. 15;1 നോക്കുക) സഭയിലേക്കു സ്വീകരിക്കപ്പെടാമോ എന്ന വാഗ്വാദത്തിൽ യഹൂദരായ ക്രൈസ്തവരിൽ ചിലർ യേശുവിന്റെ ഈ പ്രസ്താവനകൾ ഉദ്ധരിച്ചിരിക്കാമെന്നതു തീർച്ചയാണ്. യേശുവിന്റെ രക്ഷാകർമ്മ

ത്തിന്റെ ഫലങ്ങൾക്കർഹരാകുന്നതിന് അവിടുത്തെ വാക്കുകളെക്കുറിച്ചുള്ള അവരുടെ സങ്കുചിതമായ വ്യാഖ്യാനത്തിൽ തറപ്പിച്ചു പറഞ്ഞിട്ടുണ്ടാവും. അതിനാൽ അവ കേവലം വാച്യാർത്ഥത്തിൽ എടുക്കാതെ, അതിൽനിന്നു വിട്ടുമാറി നില്ക്കേണ്ടതാവശ്യമാണെന്നും ആദിമ ക്രൈസ്തവർക്കു ബോധ്യമുണ്ടായിരുന്നു. സർവ്വോപരി, യേശുവിന്റെ മനഃസ്ഥിതി മനസ്സിലാക്കുവാൻ, ബാഹ്യമായ വാക്കുകളും പ്രവൃത്തികളും മറികടക്കുക ആവശ്യമാണ്. അപ്പോഴേ പ്രവാചകദൗത്യത്തിന്റെ മാനങ്ങൾ നമുക്കു ഗ്രഹിക്കാനാവൂ.

ഈ വെളിച്ചത്തിൽ ലൂക്കായുടെ സുവിശേഷം വായിക്കുകയാണെങ്കിൽ അന്തർദർശനത്തിന്റെയും പ്രവാചകമാനത്തിന്റെയും മൂല്യം അദ്ദേഹമെങ്ങനെ കൈകാര്യം ചെയ്യുന്നുവെന്നു കാണാൻ കഴിയും. കണ്ടുകൂടാത്തവരും തൊട്ടുകൂടാത്തവരുമായി യഹൂദർ കരുതിയിരുന്ന ശമ്രായരോടുള്ള യേശുവിന്റെ മനോഭാവം എന്തായിരുന്നുവെന്നതിനെക്കുറിച്ചു ലൂക്കാ വിചിന്തനം ചെയ്യുന്നുണ്ട്. തന്നെ സ്വീകരിക്കാതെയും പാർപ്പിടം നല്കാതെയുമിരുന്ന ശമ്രായഗ്രാമത്തെ യേശു ശപിച്ചില്ല(ലൂക്കാ. 10:29–37). കഫർനാമിലെ ശതാധിപനെക്കുറിച്ച് അവിടുന്ന് അരുൾ ചെയ്തു: "ഇസ്രായേലിൽ പോലും ഇതുപോലൊരു വിശ്വാസം ഞാൻ കണ്ടിട്ടില്ല" (ലൂക്ക. 7:9). ഇത്തരം സംഭവങ്ങളിലെല്ലാം യഹൂദരല്ലാത്തവരോടുള്ള യേശുവിന്റെ മനോഭാവം, മൂശെയുടെ നിയമത്തിന് അതീതമാണെന്നു വരുന്നു. യഹൂദരെപ്പോലെ തന്നെ ശമ്രായർക്കും റോമാക്കാർക്കും മറേറതു ദേശക്കാർക്കും പൂർണ്ണമായ സംതൃപ്തിയോടെ കഴിയാനുതകുന്ന ഒരു സഭയുടെ ദർശനമാണു ക്രിസ്തുവിന്റെ ഭാവനയിൽ കുടികൊണ്ടിരുന്നത്.

വൈദിക ശുശ്രൂഷയുടെ പുതിയ മേഖലകളിലേക്കു വിരൽചൂണ്ടുക ലൂക്കായുടെ വ്യക്തമായ ഉദ്ദേശ്യമാണ്. ആദിമസഭയിൽ അപ്പസ്തോലിക പിന്തു

ടർച്ചാവാദം അത്ര എളുപ്പം പരിഹൃദമായിരുന്നില്ല. ക്രിസ്തു പ്രത്യേകവിധം തെരഞ്ഞെടുക്കുകയും പരിശീലിപ്പിക്കുകയും ചെയ്തവരാണു പന്ത്രണ്ട് അപ്പസ്തോലന്മാർ. അവരുടെ അധികാരം ഒന്നു പ്രത്യേകമായിരുന്നു. വേറെയാരും അതിനർഹരാവുക എളുപ്പമായിരുന്നില്ല. എന്നിരുന്നാലും, സഭയുടെ വളർച്ചക്കും തുടർച്ചക്കും അപ്പസ്തോലിക സ്വഭാവം അനിവാര്യമായിരുന്നു. ക്രിസ്തുവിൻെറ നേരിട്ടുള്ള നിയമനം കൂടാതുള്ളവരിലും, യഹൂദേതര പശ്ചാത്തലങ്ങളിൽ നിന്നു മാനസാന്തരപ്പെട്ടു വന്നവരിലും കൂടി വേണമായിരുന്നു ഇപ്പറഞ്ഞ ശ്ലൈഹികസ്വഭാവം തുടരുവാൻ. അല്ലാതെ മററു മാർഗ്ഗമില്ലായിരുന്നു.

അപ്പസ്തോല നടപടി ഗ്രന്ഥം എഴുതുമ്പോൾ, അതിൻെറ ആരംഭത്തിലെ തന്നെ സെൻറ് ലൂക്കിന് ഈ പ്രശ്നം കൈകാര്യം ചെയ്യേണ്ടതായി വന്നു. യൂദാസിനു പകരം മത്തിയാസിനെ തെരഞ്ഞെടുത്തതിലാണതു വ്യക്തമാകുന്നത്. "പന്ത്രണ്ട അപ്പസ്തോലന്മാരിൽ അയാളും എണ്ണപ്പെട്ടു" (നട. 1:26). ജറുസലത്തെ ഗ്രീക്കു സംസാരിക്കുന്ന ക്രിസ്തീയ വിഭാഗങ്ങൾ അവഗണിക്കപ്പെട്ടുവെന്ന പരാതി പരിഗണിച്ചാണ് ഏഴുപേർ ഡീക്കൻ സ്ഥാനത്തേക്കു നിയമിതരായത് (നട 6:1–6). തുടക്കത്തിൽ, ഭൗതികവസ്തുക്കളുടെ നടത്തിപ്പിനുവേണ്ടിയാണു ഡീക്കൻ പദവി ആരംഭിച്ചതെങ്കിലും, പിന്നീട് (സ്ററീഫൻെറയും ഫിലിപ്പിൻെറയും കാര്യത്തിൽ) മററു ശ്ലീഹന്മാരെപ്പോലെ തന്നെ സുവിശേഷപ്രഘോഷണത്തിൽ ഇവരും വ്യാപൃതരാകുന്നതായി കാണാം. പക്ഷേ, കൈവയ്പ്പു പ്രാർത്ഥനമൂലം പരിശുദ്ധാരൂപിയെ നല്കുവാൻ ഇവർക്കുസാധിച്ചിരുന്നില്ല. എന്നാൽ, സെൻറ് പോളിൻെറയും ബർണ്ണബാസിൻെറയും കാര്യത്തിൽ അന്ത്യോക്കൻസഭാസമൂഹം ഒന്നാകെ ഈ പ്രേഷിതരുടെമേൽ കൈവയ്പ്പുപ്രാർത്ഥന നടത്തുകയും പരിശുദ്ധാരൂപിയെ ആവസിപ്പിച്ചു പ്രേഷിതവേലക്ക് അവരെ പ്രാപ്തരാക്കുകയും ചെയ്തു(നട.14:1–3). ഇവരു

ടെ ഔദ്യോഗിക പദവി ജറുസലെം കൗൺസിൽ സ്ഥിരീകരിച്ചിട്ടുണ്ട് (നട. 15:12). ഇതുമൂലം അനേകർ ഈദൃശ പുരോഹിതശുശ്രൂഷയിലേക്ക് ആനീതരായി. തിമോത്തി, ടൈററസ്, അപ്പോളോ, എപ്പാഫ്രാൻസ് തുടങ്ങിയ പലരും ഉദാഹരണങ്ങളാണ്.

യേശുവിൻെറ പ്രവർത്തനങ്ങളിൽ ഭാവി ഉന്നം വച്ചുള്ള ഒരു വീക്ഷണം ലൂക്ക് ദർശിക്കുന്നുണ്ട്. അത് ആദിമസഭയിൽ പ്രകടമാവുകയും ചെയ്തിട്ടുണ്ട്. പന്ത്രണ്ട് അപ്പസ്തോലന്മാരെ കൂടാതെ എഴുപത്തിരണ്ടു പേരെ അവിടുന്നു തെരഞ്ഞെടുക്കുകയും പ്രേഷിതവൃത്തിക്ക് അയയ്ക്കുകയും ചെയ്യുന്നതായി കാണാം. പന്ത്രണ്ടുപേരുടെ കാര്യം ചുരുക്കമായും (ലൂക്ക. 9:1–6) എഴുപത്തിരണ്ടുപേരുടേതു വിസ്തൃതമായും (ലൂക്ക. 10:1–24) ആണു പ്രതിപാദിക്കുക. ആദ്യത്തേത് ഇസ്രായേൽ ഗോത്രങ്ങളെയും രണ്ടാമത്തേത്, പ്രതീകാത്മകമായി, ഭൂമിയിലെ എല്ലാ രാഷ്ട്രങ്ങളെയും പ്രതിനിധാനം ചെയ്യുന്നു. ഇവർക്കു നല്കുന്ന നിർദ്ദേശങ്ങളിലാണ് "നിങ്ങളെ കേൾക്കുന്നവർ എന്നെ കേൾക്കുന്നു, നിങ്ങളെ നിരസിക്കുന്നവർ എന്നെ നിരസിക്കുന്നു" (ലൂക്ക. 10:16) എന്ന് അവിടുന്നു പ്രസ്താവിച്ചത്. പക്ഷേ, എന്തുകൊണ്ടോ പലയിടത്തും പന്ത്രണ്ടു പേരെക്കുറിച്ചുള്ള പ്രതിപാദനത്തിനാണ് ഈശോയുടെ ജീവിതത്തിൽ പ്രാമുഖ്യം കാണുക; മററതു മിക്കവാറും വിസ്മരിക്കപ്പെട്ടതുപോലെയും! ലൂക്കിനെ സംബന്ധിച്ചിടത്തോളം, എഴുപത്തിരണ്ടുപേരുടെ സംഭവത്തിനു പ്രവാചകമൂല്യമുള്ളതായി കാണുന്നു. ഭാവിസഭയിൽ എന്തു നടക്കാനിരിക്കുന്നുവെന്ന സൂചനയുണ്ട്. പന്ത്രണ്ടു പേരെ ഏല്പിച്ച ദൗത്യം തന്നെ എഴുപത്തിരണ്ടു പേരിലൂടെയും നിർവ്വഹിക്കപ്പെട്ടത് ഒരിക്കലും യേശുവിൻെറ മനഃസ്ഥിതിക്കു വിരുദ്ധമായിരുന്നില്ല തന്നെ.

**സ്ത്രീകളെക്കുറിച്ചുള്ള കാഴ്ചപ്പാട് ലൂക്കിന്റെ സുവിശേഷത്തിൽ**

യേശുവിന്റെ ജീവിതത്തിൽ സ്ത്രീകൾ പ്രത്യേകമായ പങ്കു നിർവ്വഹിച്ചിരുന്നുവെന്ന് എല്ലാ സുവിശേഷകരും രേഖപ്പെടുത്തുന്നുണ്ട്; ലൂക്ക് ഇക്കാര്യത്തിൽ, എല്ലാവരേക്കാൾ കൂടുതലായും. മററുള്ളവരുടെ പ്രതിപാദനങ്ങളിൽ ഇല്ലാത്ത പല സംഭവങ്ങളും അദ്ദേഹം വിവരിച്ചിട്ടുണ്ട്. ഉദാഹരണത്തിന്, എലിസബത്ത് (ലൂക്ക. 1:5–45), പ്രവാചികയായ അന്നാ (ലൂക്കാ. 2:36–38), നായിം പട്ടണത്തിലെ വിധവ (ലൂക്ക. 7:11–17), യേശുവിനെ ശുശ്രൂഷിച്ച സ്ത്രീകൾ (ലൂക്ക. 8:1–3), കൂനിയായ സ്ത്രീ (13:38–42), യേശുവിന്റെ സഹനയാത്രയിൽ വിലപിച്ച ജറുസലെം സ്ത്രീകൾ (ലൂക്ക. 23:27–31) തുടങ്ങിയവ. അതുപോലെ സ്ത്രീകളോടു ബന്ധപ്പെട്ട രണ്ട് അന്യാപദേശങ്ങൾ — നാണയം നഷ്ടപ്പെട്ട കുടുംബനാഥയുടെയും (ലൂക്ക. 15:8–10) നീതി നടത്തിപ്പിനുവേണ്ടി നിരന്തരം യാചിച്ചുകൊണ്ടിരുന്ന വിധവയുടെയും (ലൂക്ക. 18:1–8)—അദ്ദേഹം ശ്രദ്ധാപൂർവ്വം വിവരിക്കുന്നു. കൂടാതെ മററു സുവിശേഷകർ രേഖപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ തന്നെ, കൂടുതൽ പ്രധാന്യം കൊടുത്തു പ്രതിപാദിക്കുന്നുണ്ട് ഉദാ: മേരി മാഗ്ഡലിൻ (ലൂക്ക. 7:36–50), മേരിയും മാർത്തയും (ലൂക്ക. 10: 38–42), ദേവാലയഭണ്ഡാരത്തിൽ നാണയത്തുട്ടു നിക്ഷേപിച്ച പാവപ്പെട്ട വിധവ. ചുരുക്കത്തിൽ, വനിതകളോടുള്ള ക്രിസ്തുവിന്റെ ആഭിമുഖ്യം തീർത്തും വ്യക്തമായ ഒരു വിഷയമായി അദ്ദേഹം എടുത്തുകാട്ടുന്നു.

എന്തുകൊണ്ടു ലൂക്ക ഇക്കാര്യം പ്രത്യേകം എടുത്തുകാട്ടുന്നു? മററു പലയിടത്തുമെന്നപോലെ ആദിമസഭയുടെ ആവശ്യത്തെ മുൻനിറുത്തിയാണ് ഇങ്ങനെ ചെയ്തത്. പല ക്രൈസ്തവസമൂഹങ്ങളിലും സ്ത്രീകൾക്കു മുഖ്യപങ്കു വഹിക്കാനുണ്ടായിരുന്നു.

എഫേസൂസിൽവച്ചുളള അപ്പോളോയുടെ മാനസാന്തരത്തിൽ അകപീലായയോളം തന്നെ മുന്തിയ പങ്ക് പ്രസ്സീല്ലായയ്ക്കുമുണ്ടായിരുന്നു (നട 18:18–26). കോറിന്തിലെ സഭാപ്രശ്നം സംബന്ധിച്ചു പൗലോസിന് അറിവു കിട്ടുന്നത് 'ക്ലോയെ' എന്ന വനിതയുടെ ബന്ധുക്കൾ വഴിയാണ് (1 കോറി. 1:11). കാൺക്രിയായെ സ്സഭയിൽ ഡീക്കൻസ്ഥാനം വഹിച്ചിരുന്ന ഒരു സ്ത്രീയുണ്ടായിരുന്നു; "നമ്മുടെ സഹോദരി പെവുബെ" (റോമ. 16:1–2) എന്നാണ് അവരെക്കുറിച്ച് പറഞ്ഞിട്ടുളളത്. ദീർഘകാലം ലൂക്കാസുവിശേഷകൻെറ പ്രേഷിതരംഗമായിരുന്ന ഫീലിപ്പോസ്പട്ടണത്തിൽ പ്രമുഖരായ മൂന്നു വനിതകൾ ഉണ്ടായിരുന്നതായി പറയുന്നുണ്ട്. അതിലൊന്നാമത്തെയാൾ പട്ടുവസ്ത്രവില്പനക്കാരിയായിരുന്ന ലിഡിയായായാണ്. അവരുടെ ഭവനത്തിൽ പ്രാദേശികസഭ ഇടയ്ക്കിടെ സമ്മേളിച്ചിരുന്നു (നട. 16:14–15). മററു രണ്ടുപേർ എവോദിയായും സീൻഡിക്കെയുമാണ്. "സുവിശേഷപ്രചാരണത്തിനുവേണ്ടിയുളള എൻെറ കഷ്ടപ്പാടുകളിൽ പങ്കുകൊണ്ട സ്ത്രീകൾ" എന്ന് അവരെക്കുറിച്ചു പൗലോസിനു പറയാൻ സാധിച്ചു (ഫിലി. 4:2–3). ഇവരും പേരു രേഖപ്പെടുത്തിയിട്ടില്ലാത്ത മററനേകം സ്ത്രീകളും സഭാസമൂഹത്തിലുളള അവരുടെ പങ്കിനെക്കുറിച്ചു ബോധമതികളായിരുന്നുവെന്നത് അനിഷേധ്യമായൊരു സത്യമാണ്.

യേശുവിൻെറ ജീവിതത്തിൽ സ്ത്രീകൾ ഉൾപ്പെടുന്ന സംഭവങ്ങളെ അനുസ്മരിക്കുന്ന അവസരങ്ങളിൽ പ്രത്യേകമായൊരു സന്ദേശമാണു ലൂക്ക് നല്കുന്നത്. അദ്ദേഹത്തിൻെറ വീക്ഷണത്തിൽ, യേശുവിൻെറ പ്രസാദവരത്തിൽ തുല്യപങ്കാളിത്തം സ്ത്രീകൾക്കുമുണ്ട്. പുരുഷന്മാരെപ്പോലെ തന്നെ അവർക്കുമുണ്ടു മാനസാന്തരത്തിൻെറ ആവശ്യം (മേരി മാഗ്ഡലിൻ); അവരും യേശുവിൻെറ വചനം ശ്രവിക്കണം (മർത്തായും മറിയവും); സ്ഥിരതയോടുകൂടി നിരന്തരം പ്രാർത്ഥിക്കണം (വിധവ); കുരിശിലും സഹ

നത്തിലും അവരും പങ്കുകാരാകണം (ലൂക്ക. 23:49). മാതൃത്വത്തിൻെറ ദു:ഖ-സന്തോഷങ്ങളോടുകൂടിയ ധർമ്മം സുവിശേഷത്തിലെ വനിതകളിൽ പ്രതിഫലിക്കുന്നുണ്ട്. അതിന് ഉദാഹരണമാണു നായിമിലെ വിധവയും എലിസബത്തും കന്യാമേരിയുമൊക്കെ. സ്ത്രീകളുടെ അനുദിനജീവിതചര്യകളിൽ നിന്ന് യേശു പ്രതീകങ്ങഠം സ്വീകരിക്കുന്നുണ്ട്. കിണററിൽ നിന്നു വെള്ളം കോരുന്ന, ധാന്യം പൊടിക്കുന്ന, വീട് അടിച്ചുവാരുന്ന, ധാന്യപിണ്ഡത്തിൽ പുളിമാവു ചേർക്കുന്ന, അതിഥികഠംക്കു ഭക്ഷണമൊരുക്കുന്ന... ജോലികളെല്ലാം അവിടുന്ന് ഉപയോഗിച്ച പ്രതീകങ്ങളാണ്. യേശു സ്ത്രീകളുടെ ഈ ജോലികഠം നിരീക്ഷിക്കുകയും അവയിൽ പലതിനെയും ഉദാത്തമായ ആശയങ്ങഠം ഉഠംക്കൊള്ളുന്ന പ്രതീകങ്ങളായി മാററുകയും ചെയ്തു. മററു പല വിധത്തിലും സ്ത്രീകളെ സംബന്ധിച്ച ലൂക്കായുടെ സുവിശേഷഭാഗങ്ങഠം പ്രതീകങ്ങളുടെയും, വിചിന്തനങ്ങളുടെയും കലവറ തന്നെയാണ്.

എന്നാൽ സഭയിലെ സ്ത്രീകളുടെ ശുശ്രൂഷാധർമ്മത്തിലേക്കു ലൂക്ക് ശ്രദ്ധ തിരിച്ചിരുന്നുവോ? യേശുവിൻെറ പ്രബോധനങ്ങളും പ്രവൃത്തികളും അവതരിപ്പിക്കുമ്പോഠം ഗാർഹികവേലയിലുള്ള സ്ത്രീകളുടെ പങ്കാളിത്വത്തെക്കുറിച്ചു മററുള്ളവരെ ബോധവാന്മാരാക്കാൻ അദ്ദേഹം ഉദ്ദേശിച്ചിരുന്നുവോ? ക്രൈസ്തവ സമൂഹങ്ങളിൽ സ്ത്രീകഠംക്കു കൂടുതൽ ഉത്തരവാദിത്വമേറിയ ചുമതലകഠം ഏല്പിച്ചു കൊടുക്കുന്നതിനെക്കുറിച്ചുള്ള വീക്ഷണം അദ്ദേഹത്തിൻെറ സുവിശേഷങ്ങഠം ഉഠംക്കൊള്ളുന്നുണ്ടോ?

## വനിതകളുടെ ഭാവിപ്രേഷിതദൗത്യം

ഈ ചോദ്യങ്ങളുടെ വെളിച്ചത്തിൽ ലൂക്കായുടെ സുവിശേഷത്തിലെ മററു ചില ഭാഗങ്ങഠം വലുതായ പ്രസക്തി ഉഠംക്കൊള്ളുന്നവയാണ്. തൻെറ അപ്പ

സ്തോലവേലയിൽ വനിതകൾ എപ്രകാരമാണ് യേശുവിനെ പിഞ്ചെന്നതെന്നു ലൂക്ക വിവരിക്കുന്നതു ശ്രദ്ധിക്കുക:

> "അതിനുശേഷം അവർ പട്ടണങ്ങളിലും ഗ്രാമങ്ങളിലും ചുററിസഞ്ചരിച്ചു പ്രസംഗിക്കുകയും ദൈവരാജ്യത്തിൻെറ സുവിശേഷം അറിയിക്കുകയും ചെയ്തു. പന്ത്രണ്ടുപേരും അവരോടുകൂടി ഉണ്ടായിരുന്നു; അശുദ്ധാത്മാക്കളിൽ നിന്നും, മററു വ്യാധികളിൽ നിന്നും, വിമുക്തരാക്കപ്പെട്ട ചില സ്ത്രീകളും, ഏഴു ദുഷ്ടാത്മാക്കൾ വിട്ടുപോയവളും മഗ്ദലന എന്നു വിളിക്കപ്പെട്ടവളുമായ മറിയവും, ഹേറോദേസിൻെറ കാര്യസ്ഥനായ കൂസായുടെ ഭാര്യ മറിയവും യോഹന്നായും സൂസന്നായും, തങ്ങളുടെ സമ്പത്തുകൊണ്ട് അവരെ ശുശ്രൂഷിച്ചിരുന്ന മററു പല സ്ത്രീകളും അവരോടൊപ്പമുണ്ടായിരുന്നു" (ലൂക്ക. 8:1–3).

അക്കാലത്തെ സ്ത്രീകളുടെ സാമൂഹികനിലവച്ചുനോക്കുമ്പോൾ, അപ്പസ്തോലസമൂഹത്തിലേക്ക് അവരെ കൊണ്ടുവരുവാൻ യേശുവിനു സാധിച്ചില്ല എന്നു ലൂക്കിന് അറിയാമായിരുന്നു. അതുപോലെ തന്നെ, സഭാരംഭത്തിൽ വൈദികശുശ്രൂഷയിലുള്ള തുല്യ പങ്കാളിത്തവും അവർക്ക് അനിഷേധ്യമായിരുന്നു. യേശുവിൻെറ പ്രേഷിതവൃത്തിയുടെ ഈ രംഗം പ്രത്യേകം എടുത്തു കാണിക്കുന്ന ഏകസുവിശേഷകൻ ലൂക്ക് മാത്രമാണ്. അപ്പോൾ മേൽപ്പറഞ്ഞ സംഭവം രേഖപ്പെടുത്തിയ അദ്ദേഹം അതിൻെറ പ്രവാചകമൂല്യം മുന്നിൽ കണ്ടുകൊണ്ടാണ് അപ്രകാരം ചെയ്തതെന്നു വ്യക്തം. യേശുവിൻെറ പ്രേഷിതപര്യടനങ്ങളിൽ വനിതകൾ അവിടുത്തോടു ഗാഢബന്ധം പുലർത്തിയിരുന്നു. ലൂക്കാ സുവിശേഷകനെ സംബന്ധിച്ചിടത്തോളം 'സഭായുഗത്തിൽ സ്ത്രീകളുടെ ഭാഗഭാഗിത്വത്തിനുള്ള സാധ്യതയിലേക്കു നമ്മുടെ ശ്ര

ദ്ധ തിരിക്കുന്നതാണ് ഈ സംഭവം. ബർണ്ണബാസിന്റെയോ, പോളിന്റെയോ, പ്രേഷിതവേല പൂർണ്ണമായവിധം ഏറ്റെടുക്കാൻ ഒരു സ്ത്രീയോടു പറഞ്ഞാൽ ലൂക്കാ സുവിശേഷകന് അതിൽ അദ്ഭുതമുണ്ടാവില്ല. കാരണം, ഈ പുതുവികസനത്തിന്റെ മുൻരൂപം, തങ്ങൾക്കുണ്ടായിരുന്നതെല്ലാം യേശുവിനും ശിഷ്യർക്കുമായി പങ്കുവച്ച ആ ചെറുഗണം വനിതകളിൽ കാണാൻ അദ്ദേഹത്തിനു കഴിയുമായിരുന്നുവെന്നതുതന്നെ.

ഇനി, പ്രവാചികയായ അന്നായെക്കുറിച്ച് എന്തു പറയണം ? അവരെ സംബന്ധിച്ചു പരാമർശിക്കുന്ന ഒരേ വ്യക്തിയും ലൂക്ക് തന്നെ. അദ്ദേഹത്തിന്റെ വിവരണമനുസരിച്ച് "എമ്പത്തിനാലു വയസ്സുവരെ" ഒരു വിധവയായി തനിയെ താമസിച്ചിരുന്ന, വളരെ പക്വമതിയായ ഒരു സ്ത്രീയായിരുന്നു അവർ. അവരുടെ പ്രായത്തെ സൂചിപ്പിക്കുന്ന 'എമ്പത്തിനാല്" (പന്തീരേഴ്) എന്ന സംഖ്യ തന്നെ വിശ്വാസത്തിൽ പൂർണ്ണത പ്രാപിച്ച, പ്രായപൂർത്തി വന്ന ഒരു ക്രൈസ്തവവനിതയെയാണു സൂചിപ്പിക്കുക. ദൈവത്തിനു സമ്പൂർണ്ണസമർപ്പണം ചെയ്ത ഒരു വ്യക്തിയാണവർ. 'ഉപവാസത്തിലും പ്രാർത്ഥനയിലും ദിനരാത്രങ്ങൾ കഴിച്ചിരുന്ന അവർ സദാനേരവും ദേവാലയത്തിൽതന്നെയായിരുന്നു. യേശുവിനെ സന്ദർശിച്ച അവർ അവിടുത്തെ സാക്ഷിയായി മാറി. 'ജറുസലേമിന്റെ മോചനം കാത്തുകഴിഞ്ഞിരുന്നവരോടെല്ലാം ആ ദിവ്യശിശുവിനെക്കുറിച്ച് അവർ പറഞ്ഞു' (ലൂക്ക. 2:36–38).

'പക്വമാർന്ന' 'സമർപ്പിതയായ' 'യേശുവിനെ മററുള്ളവർക്കു വെളിപ്പെടുത്തിക്കൊടുത്ത, ആ പ്രവാചിക' എന്നിങ്ങനെ എന്തുകൊണ്ടു ലൂക്കാ അവരുടെ ചിത്രം വരച്ചു കാട്ടി? വരാനിരിക്കുന്ന ചില കാര്യങ്ങൾ അവരിൽ ദർശിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞതുകൊണ്ടല്ലേ? സമകാലീന കാലത്തു നടക്കാനാവാത്ത വനിതകൾക്കായി മാററിവയ്ക്കപ്പെട്ട ഒരു പ്രേഷിത

ന്ത്യം ഈ വനിതയുടെ സാക്ഷീകരണത്തിൽ ലൂക്ക മുൻകൂട്ടി കണ്ടു; പ്രവചനം ചെയ്തു. യേശുവിൻെറ കാലത്തു സഭയെ സംബന്ധിച്ച എല്ലാക്കാര്യങ്ങളും തീരുമാനിക്കപ്പെട്ടിട്ടില്ലെന്നും, പരിശുദ്ധാരൂപിയുടെ പ്രേരണയിൽ തീർത്തും നവംനവങ്ങളായ വികസനങ്ങൾ പില്ക്കാലയളവിൽ സംഭവിക്കണമെന്നും കാണിക്കുകയാണു ലൂക്കായുടെ നിരന്തരവും ശ്രദ്ധേയവുമായ പരിശ്രമം.

പ്രകൃതത്തിൽ, ലൂക്കായുടെ സുവിശേഷത്തിൽ കന്യാമറിക്കുള്ള സ്ഥാനത്തെക്കുറിച്ചും നമുക്ക് ആരായാം. ദൈവപുത്രൻെറ മാതാവായി താൻ തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നുവെന്ന സദ്വാർത്തയോടൊപ്പം എലിസബത്തിനെക്കുറിച്ചുള്ള ഒരു വാർത്തയും അവൾ സ്വീകരിച്ചു. എലിസബത്ത് ഗർഭവതിയാണെന്നു ദൈവദൂതനിൽ നിന്ന് അറിഞ്ഞ മറിയം ഉടനെ യാത്ര പുറപ്പെട്ടു (ലൂക്ക. 1:35–36). അവരുടെ വീട്ടിലെത്തി എലിസബത്തിനെ അഭിവാദനം ചെയ്തു. മറിയത്തിൻെറ അഭിവാദനം ശ്രവിച്ചപ്പോൾ അവളുടെ ശിശു ഉദരത്തിൽ കുതിച്ചു ചാടി; പരിശുദ്ധാത്മാവുകൊണ്ട് അവൾ നിറയുകയുംചെയ്തു(ലൂക്ക1:41).

പരിശുദ്ധാത്മാവിനെ പ്രദാനം ചെയ്യുകയെന്നതു തീർച്ചയായും ശ്ലൈഹികമായ ഒരു വിശേഷാധികാരമാണ്. സമറിയായിൽ ഡീക്കനായ ഫിലിപ്പ് സുവിശേഷപ്രഘോഷണം നടത്തിയപ്പോൾ അദ്ദേഹം ജ്ഞാനസ്നാനം നല്കി. പക്ഷേ, പരിശുദ്ധാത്മാവിനെ പ്രദാനം ചെയ്യാൻ സാധിച്ചില്ല. കൈവയ്പ്പു പ്രാർത്ഥനമൂലം ആത്മാവിനെ നല്കാൻ പത്രോസും യോഹന്നാനും ജറുസലേമിൽ നിന്നു പോരേണ്ടി വന്നു(നട. 8:14–17). എഫേസൂസിലെ ക്രൈസ്തവരും പരിശുദ്ധാരൂപിയെ പ്രാപിച്ചിരുന്നില്ല, പൗലോസു വന്ന് അവരുടെമേൽ കൈവെച്ച് പ്രാർത്ഥിക്കുന്നതുവരെ (നട. 19:6). ചില അവസരങ്ങളിൽ ശ്ലീഹന്മാർ ഏതെങ്കിലും ഭവനത്തിൽ പ്രവേശിച്ചു കർത്താവിൻെറ വചനം സംസാരിച്ചാൽ മാത്രം മതി

യായിരുന്നു അരൂപിയുടെ ആഗമനത്തിന്; ഉദാഹരണമായി, പത്രോസ് കൊർണേലിയൂസിൻെറ ഭവനത്തിൽ പ്രവേശിച്ചു യേശുവിനെക്കുറിച്ചു പ്രസംഗിച്ചത്. പത്രോസിനെ ശ്രവിച്ചുകൊണ്ടിരുന്ന എല്ലാവരുടെയും മേൽ പരിശുദ്ധാരൂപി എഴുന്നള്ളിവന്നുവെന്നു നടപടി 10: 44–ൽ കാണുന്നു. ആദിമക്രൈസ്തവർക്കു വ്യക്തമായ അവബോധം നല്കിയ ഒന്നായിരുന്നു പരിശുദ്ധാരൂപിയുള്ള ജ്ഞാനസ്നാനം. തൻെറ സ്വർഗ്ഗാരോഹണാവസരത്തിൽ യേശു അരുളംചെയ്തു: നിങ്ങൾ എന്നിൽനിന്നുകേട്ട പിതാവിൻെറ വാഗ്ദാനം പ്രതീക്ഷിച്ചിരിക്കുവിൻ; യോഹന്നാൻ വെള്ളംകൊണ്ടു ജ്ഞാനസ്നാനം നല്കി; എന്നാൽ നിങ്ങൾ പരിശുദ്ധാത്മാവുകൊണ്ടു ജ്ഞാനസ്നാനം സ്വീകരിക്കും'' (നട. 1:4–5). യേശുവിൻെറ പൗരോഹിത്യശുശ്രൂഷയുടെ പ്രത്യേക അടയാളം അതായിരുന്നു. ''ഞാൻ നിങ്ങളെ ജലംകൊണ്ടു സ്നാനപ്പെടുത്തും...അവൻ നിങ്ങളെ അരൂപികൊണ്ടും അഗ്നികൊണ്ടും സ്നാനപ്പെടുത്തും''(ലൂക്ക. 3:16).

## പരിശുദ്ധ കന്യകയുടെ പ്രേഷിതത്വം

പരിശുദ്ധാത്മാവിനാൽ ജ്ഞാനസ്നാനം നല്കുക ശ്ലീഹന്മാരുടെ ജോലിയായിരുന്നു. എലിസബത്തിൻെറ ഉദരസ്ഥശിശുവിന് ഈ സ്നാനം നല്കുവാനാണു കന്യകാമേരി അവരുടെ പക്കലേക്ക് അയയ്ക്കപ്പെട്ടത്. ''ഇതാ, നിൻെറ അഭിവാദനത്തിൻെറ സ്വരം എൻെറ ചെവികളിൽ എത്തിയപ്പോൾ ശിശു എൻെറ ഉദരത്തിൽ വലിയ സന്തോഷത്തോടെ കുതിച്ചുചാടി''(ലൂക്ക. 1:44). ദൈവദൂതൻ സ്കറിയായോടു ചെയ്ത പ്രവചനം ഇവിടെ പൂർത്തിയായി. അതായതു നിൻെറ ഭാര്യയായ എലിസബത്ത് ഒരു പുത്രനെ ഗർഭം ധരിക്കും...അവൻ പിറവിയിലെ പരിശുദ്ധാത്മാവിനാൽ നിറഞ്ഞവനായിരിക്കും''(ലൂക്ക1:15. ഇതേ ആത്മാവിനാൽ മറിയവും യേശുവിനെ ഗർഭം

ധരിക്കുകയും ഉദരത്തിൽ വഹിക്കുകയും ചെയ്തു. ദൈവം എലിസബത്തിനു പരിശുദ്ധാത്മാവിനെ നല്കിയതു മറിയത്തിൻെറ മാദ്ധ്യസ്ഥ്യംവഴിയാണ്. അവളുടെ ആഗമനം, സ്വരം, വ്യക്തിപരമായ സാന്നിധ്യം എന്നിവ വഴിയാണ്. മറിയത്തിൻെറ രക്ഷാകരമായ ഈ സാന്നിധ്യം എലിസബത്തിൻെറ പ്രത്യുത്തരത്തിൽ സ്പഷ്ടമാകുന്നുണ്ട്: "എൻെറ രക്ഷകൻെറ അമ്മ എന്നെ സന്ദർശിക്കുവാനുള്ള ഈ ഭാഗ്യം എനിക്ക് എവിടെ നിന്നുണ്ടായി?"(ലൂക്ക. 1:43). മറിയവും തൻെറ സ്വന്തം നിലപാട് ഇങ്ങനെ വിശദീകരിച്ചു പറയുന്നു: "...എന്തെന്നാൽ, അവിടുന്നു തൻെറ ദാസിയുടെ വിനയത്തെ തൃക്കൺപാർത്തു; ഇതാ, ഇപ്പോഠം മുതൽ സകല തലമുറകളും എന്നെ ഭാഗ്യവതിയെന്നു പ്രകീർത്തിക്കും; ശക്തനായവൻ എനിക്കു വലിയ കാര്യങ്ങഠം ചെയ്തിരിക്കുന്നു(ലൂക്ക. 1:48–49).

പരമ്പരാഗതമായ കത്തോലിക്കാവിശ്വാസം മറിയത്തിൻെറ ദൈവമാതാവെന്ന ഉന്നതസ്ഥാനത്തെ അത്രമാത്രം ആദരിച്ചിട്ടുണ്ട്. ഇതു രക്ഷാകർമ്മത്തിൽ മാത്രമല്ല, വരപ്രസാദദാനത്തിലും അവഠംക്കുള്ള വലുതായ പങ്കിനെ എടുത്തു കാണിക്കുന്നു. അതുവഴി മറിയത്തിലുള്ള പൗരോഹിത്യവൃത്തിയുടെ അന്ത:സത്തയെ അറിഞ്ഞ് അംഗീകരിക്കുകയാണു ചെയ്തത്. രണ്ടാംവത്തിക്കാൻ കൗൺസിൽ ഇപ്രകാരം പറയുന്നു: "അവഠം (മറിയം) ക്രിസ്തുവിനെ ഗർഭം ധരിച്ചു പ്രസവിച്ചു വളർത്തി; ദേവാലയത്തിൽ അവിടുത്തെ പിതാവിനു സമർപ്പിച്ചു. കുരിശിൽ മരിച്ച തൻെറ പുത്രൻെറ സഹനത്തിൽ അവളും പങ്കുകൊണ്ടു. ഇങ്ങനെ തീർത്തും ഏകതാനമായ വിധത്തിൽ, ആത്മാക്കഠംക്കു സ്വഭാവാതീതമായ ജീവൻ പ്രദാനം ചെയ്യുന്നതിൽ ദിവ്യരക്ഷകൻെറ ജോലിയിൽ തൻെറ അനുസരണത്താലും, വിശ്വാസത്താലും, പ്രത്യാശയാലും, തീക്ഷ്ണതരമായ സ്നേഹത്താലും അവഠം പങ്കുകൊണ്ടു. അതിനാൽ വരപ്രസാദത്തിൻെറ നിലയിൽ അവഠം നമുക്ക് അമ്മയാണ്"[78].

വീണ്ടും മറിയത്തെപ്പോലെ ക്രിസ്തുവിന്റെ ബലിയോട് ഇത്രയേറെ അടുത്ത ഒരു പുരോഹിതൻ എന്നെങ്കിലുമുണ്ടായിട്ടുണ്ടോ? അവളുടെ പ്രവചനധർമ്മത്തെക്കുറിച്ചു വത്തിക്കാൻ പറയുന്നതു ശ്രദ്ധിക്കുക: "ദൈവമാതാവു തന്റെ ആദ്യജാതനെ ആട്ടിടയന്മാർക്കും രാജാക്കന്മാർക്കും സന്തോഷ സമേതം കാണിച്ചുകൊടുത്തു. കാനായിലെ വിവാഹവിരുന്നിൽ നേരിട്ട വിഷമസന്ധിയിൽ ആർദ്രചിത്തയായ അവൾ തന്റെ മാദ്ധ്യസ്ഥ്യംവഴി, രക്ഷകനെന്ന നിലയിലുള്ള സ്വപുത്രന്റെ ആദ്യഅദ്ഭുതം നടക്കാൻ ഇടയാക്കി[79]. കാനായിലെ മറിയത്തിന്റെ ആ കരിസ്മാററിക്ക് ഇടപെടൽ വഴി വെള്ളം വീഞ്ഞാക്കി പകർത്തിയപ്പോൾ, പരിശുദ്ധ കുർബാനയിലെ കൗദാശികമായ പ്രതീകത്തിനു തന്റെ മാദ്ധ്യസ്ഥ്യംവഴി അവൾ രൂപംനല്കുകയായിരുന്നു ചെയ്തത്.

യേശു ശ്ലീഹന്മാർക്കു നല്കിയ പൗരോഹിത്യധർമ്മം കന്യകാമേരി നിർവ്വഹിച്ചിട്ടില്ലെന്നു നമുക്കറിയാം. ബലിമേശയിലെ അപ്പം മുറിക്കൽ ശുശ്രൂഷയ്ക്കും അവൾ ആദ്ധ്യക്ഷ്യം വഹിച്ചിരിക്കയില്ല. സുവിശേഷപ്രസംഗത്തിനും, ജ്ഞാനസ്നാനം നല്കുന്നതിനും, കൈവെപ്പുകർമ്മം നിർവ്വഹിക്കുന്നതിനുമായി അവൾ യാത്ര ചെയ്തിട്ടില്ല. സമകാലീന സാമുദായികാന്തരീക്ഷത്തിൽ അത്തരം പ്രവൃത്തികളെല്ലാം സ്ത്രീകളെക്കാൾ പുരുഷന്മാരായിരുന്നു നിർവ്വഹിച്ചിരുന്നത്. ക്രിസ്തു ഈ സാമൂഹിക വസ്തുത അംഗീകരിച്ചു പ്രവർത്തിച്ചതുപോലെ മറിയവും ചെയ്തു. എന്നാൽ സുവിശേഷകർ, പ്രത്യേകിച്ച്, ലൂക്ക് മറിയത്തിന്റെ പ്രമുഖസ്ഥാനത്തെക്കുറിച്ചു സവിസ്തരം പ്രതിപാദിക്കുകയും ഏതു വ്യക്തിയെയുംകാൾ കൂടുതലായി അവളെ സ്തുതിക്കുകയും ചെയ്യുന്നുവെന്ന വസ്തുത സർവ്വോപരി ശ്രദ്ധിക്കപ്പെടേണ്ടതുണ്ട്. സഭയിൽ ആവിർഭവിക്കാനിരിക്കുന്ന നവീനവസ്തുതകളെ മുൻകൂട്ടിക്കണ്ട ലൂക്ക വനിതകൾക്കു പ്രചോദനം പകരാനായി ബോധ

പൂർവ്വം മറിയത്തിലേക്കു ശ്രദ്ധ തിരിക്കുകയായിരു ന്നില്ലേ? അവരം 'മഞ്ഞിഫിക്കാത്ത്'' കീർത്തനം ആല പിച്ചപ്പോരം ഒരു സ്ത്രീയെന്ന നിലയിൽത്തന്നെ മ റെറല്ലാ സ്ത്രീകരംക്കും വേണ്ടിയല്ലേ അങ്ങനെ ചെ യ്തത്? ഹൃദയവിചാരത്തിൽ അഹങ്കാരികളായവരെ യും, സിംഹാസനസ്ഥരായ രാജകീയാധികാരികളെ യും, വെറും കൈയോടെ പറഞ്ഞുവിടപ്പെട്ട ധനികരെ യും കുറിച്ച് അവരം പറയുമ്പോരം, പുരുഷൻെറ ഔ ദ്ധത്യത്തിലേക്കും, 'തനിക്കു താൻപോന്ന മനഃസ്ഥി തി'യിലേക്കും വിരൽ ചൂണ്ടുകയല്ലേ ചെയ്തത്? വി നീതരെ ഉയർത്തുകയും വിശക്കുന്നവരെ തീററി തൃ പ്തരാക്കുകയും ചെയ്യുന്ന ദൈവത്തിൻെറ അദ്ഭുതക രമായ വഴികളെക്കുറിച്ചു പറയുന്ന മറിയം, പുരുഷ ന്മാരാൽ അവഗണിക്കപ്പെട്ട സ്ത്രീകരംക്കു ദൈവം സുപ്രധാനമായ സ്ഥാനങ്ങരം നല്കുന്നതെങ്ങനെയെ ന്നുകൂടി സൂചിപ്പിക്കുന്നില്ലേ? വിജയമഹത്വം ബാറാ ക്കിനല്ല, മറിച്ച്, ഒരു വനിതയ്ക്കാണ് എന്നു പറയു ന്ന ദെബോറായുടെ കീർത്തനത്തിൻെറ മാറെറാലിയാ ണു നാമിവിടെ കേരംക്കുക:

> "കീന്യനായ ഹേബറിൻെറ ഭാര്യ ജായേൽ സ്ത്രീജനങ്ങളിൽ ഏററവും അനുഗൃഹീതയാ ണ്. അവളുടെ കൂടാരത്തിൽ അവരം വിശി ഷ്ടയാണ്. അവൻ വെള്ളം ചോദിച്ചു, അവ ളാകട്ടെ നല്ല പാലുകൊടുത്തു; രാജോചിതമായ പാത്രത്തിൽ അവരം വെണ്ണയും കൊടുത്തു. ഇ ടതുകൈയിൽ ആണിയും വലതുകൈയിൽ ചുററികയും എടുത്തു. സീസെറയുടെ ചെ ന്നിയിൽ അവരം ആണി തറച്ചു; അവനെ തകർ ത്തു പാദാന്തികത്തിൽ നിപതിപ്പിച്ചു" (ന്യായ. 5:24-26). "നിനക്കും സ്ത്രീക്കുമിടക്കു ഞാൻ ശത്രുതയുളവാക്കും: നിൻെറയും അവ ളുടെയും സന്താനങ്ങരംതമ്മിലും" (ഉത്പ.3:15) ഈ വാക്കുകരം മറിയത്തെ സംബന്ധിച്ചായി

രുന്നില്ലേ? ഇത് അവളിൽ എങ്ങനെ അനവർത്ഥമായി എന്നും നാമറിയുന്നു.

വനിതാസ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള സമരത്തിൽ മറിയത്തെ മുൻനിരയിൽ നിറുത്താൻ ഇവിടെ ശ്രമം നടത്തുന്നില്ല അതു ശരിയായിരിക്കുകയുമില്ല. എന്നാൽ അവളുടെ വ്യക്തിത്വവും, രക്ഷാകരകർമ്മത്തിൽ അവരംക്കുള്ള സ്ഥാനവും, ദൈവദൃഷ്ടിയിൽ സ്ത്രീകരംക്കുള്ള സമത്വത്തെ സ്ഥിരീകരിക്കുന്നുവെന്നതു ദൈവശാസ്ത്രപരമായി തീർത്തും സത്യമാണ്; സഭാചിന്താഗതിക്കു യോജിക്കുന്നതുമാണ്. ഈ സമത്വം സ്ത്രീപൗരോഹിത്യത്തെ, ക്രിസ്തുവിൻെറ നാമത്തിൽ ബലിയർപ്പിക്കുന്നതിനും പാപമോചനം നല്കുന്നകിനും ഇടയാക്കണം. സ്ത്രീകളെക്കുറിച്ചുള്ള വി. ലൂക്കായുടെ വിവരണങ്ങരം വനിതകളുടെ സഭാതലത്തിലുള്ള ശുശ്രൂഷാവൃത്തങ്ങളിൽ കൂടുതൽ പ്രത്യാശയും, ദൈവശാസ്ത്രവിചിന്തനത്തിനുള്ള സാധ്യതയും നല്കുന്നതാണ്.

## ഉപസംഹാരം

ഈ അദ്ധ്യായത്തിൻെറ ആരംഭത്തിൽ സൂചിപ്പിച്ചതുപോലെ, അവാസാനഭാഗങ്ങളിൽ, വേദപുസ്തകപരമായ വ്യാഖ്യാനങ്ങരംക്കാണു നാം പ്രാധാന്യം കൊടുത്തത്. പക്ഷേ, അതൊരിക്കലും സങ്കുചിതമായ വ്യാഖ്യാനരീതിയായിരുന്നില്ല. വിശുദ്ധഗ്രന്ഥാധിഷ്ഠിതമായ വിചിന്തനങ്ങളാണ് അവതരിപ്പിച്ചത്. കേവലമായ യുക്തിവാദത്തിൽ നഷ്ടപ്പെട്ടേക്കാവുന്ന വിലപ്പെട്ട പലതും ഇവിടെ കാത്തുസൂക്ഷിക്കാൻ സാധിച്ചിട്ടുണ്ട്; പല ഉരംക്കാഴ്ചകളും ഉരുത്തിരിഞ്ഞു വന്നിട്ടുണ്ട്. പ്രകടമായ പ്രസ്താവനകളിലൂടെയെന്നതിനേക്കാരം കൂടുതലായി വ്യംഗ്യങ്ങളിലൂടെയും സൂചനകളിലൂടെയുമാണു ദൈവം ബൈബിളിൽ സംസാരിക്കുക. ബൈബിളിനും ദർശനത്തിൻേറതായ വ

ശമുണ്ട്. ഭാവിയെ സംബന്ധിക്കുന്ന അസ്പഷ്ടമായ ഒരു വശമാണത്. ഇവിടെ നിരത്തിവച്ച വീക്ഷണങ്ങളോടു വിയോജിപ്പും എതിർപ്പും ഉള്ളവരുണ്ടാകാം.

നമ്മുടെ വാദഗതിയുടെ ആക്കം ഒരിക്കൽ കൂടി ആവർത്തിക്കട്ടെ: പ്രശ്നമിതാണ്. വനിതാപൗരോഹിത്യത്തെ ക്രിസ്തു നിഷേധിച്ചിട്ടുണ്ടോ? ഇതിനുള്ള ഉത്തരം "ഇല്ല" എന്നുമാത്രമാണ്. തന്റെ അപ്പസ്തോലഗണത്തിൽ പ്രവർത്തിക്കുവാൻ പുരുഷന്മാരെ മാത്രമേ ക്രിസ്തു തിരഞ്ഞെടുത്തുള്ളൂ എന്ന വസ്തുത ഏതെങ്കിലും പ്രത്യേക മുൻഗണന വച്ചുകൊണ്ടല്ല; മറിച്ച്, സമകാലീന സമുദായത്തിന്റെ സ്വാധീനത്താൽ മാത്രമായിരുന്നു. ആ പ്രത്യേക സാഹചര്യത്തിൽ പൗരോഹിത്യത്തിലേക്കു സ്ത്രീകളെ നിയമിക്കുക ക്രിസ്തുവിന് എളുപ്പമായിരുന്നില്ല. എന്നാൽ സ്ത്രീപൗരോഹിത്യത്തിനുള്ള സാധ്യതയെ അവിടുന്നു യാതൊരു വിധത്തിലും നിരാകരിച്ചിട്ടില്ല. യേശു സ്ഥാപിച്ച പൗരോഹിത്യം അതുവരെ ഉണ്ടായിരുന്ന എല്ലാ മാനുഷിക പരിമിതികളെയും, നിയമങ്ങളെയും മറികടക്കാൻ പോരുന്ന സ്വഭാവത്തോടു കൂടിയതായിരുന്നു.

അതിനാൽ, സ്ത്രീകൾക്കു പട്ടം കൊടുക്കണമോ വേണ്ടയോ, വേണമെങ്കിൽ എപ്പോൾ എന്നെല്ലാമുള്ള കാര്യങ്ങൾ സഭയുടെ തീരുമാനത്തെ ആശ്രയിച്ചാണിരിക്കുന്നത്. പരിശുദ്ധാത്മാവിനാൽ പ്രേരിതയായി സഭ ഇക്കാര്യത്തിൽ ധീരമായ ചില നടപടികൾ എടുക്കുമെന്നു നാം വിശ്വസിക്കുക. നമ്മുടെ ഈ കാലഘട്ടം ദ്രുതഗതിയിൽ നീങ്ങുകയാണ്. ഒച്ചിന്റെ ഇഴച്ചിലും ഒട്ടകത്തിന്റെ നടത്തയും ഇന്നത്തെ ദൈവശാസ്ത്രഗതിയുടെ സ്വഭാവമല്ല. ഏതെങ്കിലും പ്രശ്നത്തെക്കുറിച്ച് ഒരിക്കൽ അവബോധമുണ്ടായാൽ, വിവാദം തുടങ്ങിയാൽ, പിന്നെ തിരുമാനങ്ങളെടുക്കാൻ നൂററാണ്ടുകൾ കാത്തിരിക്കേണ്ട ആവശ്യമില്ല. പഴയ

ദൈവശാസ്ത്രത്തിന്റെ പക്ഷപാതത്താൽ വൈകാരികമുറിവുകളേററ ക്രൈസ്തവ വനിതകൾ നഷ്ടധൈര്യരായിട്ടാവശ്യമില്ല. അരൂപിയുടെ കാററ് ആഞ്ഞടിച്ചുകൊണ്ടിരിക്കയാണ്. അതു കെടുത്തിക്കളയുവാൻ ലോകത്തിലുള്ള യാതൊരു ശക്തിക്കും സാധ്യമല്ലതന്നെ.

# NOTES

1 First Vatican Council, Constitutio de fide Catholica CH. 4, Enchiridion Symbolorum, ed, H. DENZINGER, freinourg Herder, 1955 (30 ed), No. 1795—1800.

2 രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ (1968) (ധർമ്മാരാം) P. 53.

3 F. A. SULLIVAN. De Ecclesia vol. 1, Rome 1963, P. 355—357.

4 രണ്ടാം വത്തി. പ്രമാണരേഖകൾ, P. 409, No 8; 1671 ജനു 29-ലെ 'അജപാലനപ്രബോധനം' Nos. 26, 125 എന്നിവയിലും ഈ ആശയം കൂടുതൽ ഊന്നിപ്പറയുന്നുണ്ട്.

5 രണ്ടാം വത്തി. പ്രമാണരേഖകൾ, P. 476, No 62.

6 K. RAHNER, 'Magisterium' in Sacramentum Mundi, London (1969) vol. III P. 357.

7 K. RAHNER, Ibd.

8 രണ്ടാം വത്തി. പ്രമാണരേഖകൾ P 241, 'സന്യാസജീവിതം' No. 14.

9 Ibd, P. 365, 'എക്യുമേനിസം' No. 6.

10 1966 ഒക്ടോബർ 2-ലെ 'ഒസർവത്തോരെ റൊമാനോ' യിൽ, ലത്തീനിൽ പ്രസിദ്ധീകരിച്ചതാണ് ത്. പിന്നീട്, 'Christ to the World'-ൽ (1967) ഇംഗ്ലീഷിലുമുണ്ടായിരുന്നു.

11 G. BAUM, The Magisterium in a Changing Church, Concilium 1 (1967) No. 3, P. 34-42 പ്രസക്തഭാഗം P. 42.

12 'Decretum de Authentia Textus I Jn. 5:7' Acta Sancta Sedis 29 (1896—1897) P. 637.

13 E. MANGENOT, Dictionnaire dela Bible, vol. III, Paris 1898 Col. 1197, M. Hetzenauer, Novum Testamentum Greaco-Latinum, Innsbruck 1898 vol. II P. 387.

14 പ്രസ്തുതവാക്യം സംബന്ധിച്ചു നടന്ന *പാമാണികമായ ചർച്ചയെക്കുറിച്ച് കൂടുതൽ അറിവു ലഭിക്കുവാൻ കാണുക: SIMONDORANDO, Praelectiones ad usum Scholarum, Novum Testamentum, vol. II, Mandrid 1952, P. 440-442.

15 A. LOISY, Memoires pour servir a l' Histoire Religieuse de notre Temps vol. I, Paris 1930, P. 437.

16 Letter to Wilfred Ward, Published in the Guardian of June 9, 1897.

17 ഇവരിൽ ശ്രദ്ധേയരായവർ: A. BLUDEAU, K. KUNSTLE

18 ചില സ്വകാര്യ ദൈവശാസ്ത്രപണ്ഡിതന്മാരുടെ ധിക്കാരത്തെ നിയന്ത്രിക്കാൻവേണ്ടി മാത്രമായിരുന്നത്രേ, ഈ ഡിക്രി പുറപ്പെടുത്തിയത്. അല്ലാതെ, ആരെയും നിരോധിക്കാനോ വിലക്കാനോ നേരിട്ട് ഉദ്ദേശിച്ചില്ലായിരുന്നു!

19 S. LYONNET–ന്റെ പ്രബന്ധത്തിൽ ഈ പ്രശ്നത്തിന്റെ വിപുലമായ പശ്ചാത്തലവിവരണങ്ങളുണ്ട്. ഇത് പ്രസിദ്ധീകൃതമല്ലാത്ത ഒരു കൈയെഴുത്തുപ്രതിയാണെന്നാണ് അറിയുക.

20 J. KAHL 'The Church as Slave-Owner', in the Misery of Christianity, Penguin 1971, P. 28-33.

21 LEANDER, Quaestiones Morales Theologicae, Lyons 1668–1692.

22 BARTHOLOMEW DE LAS CASAS, discourse against Juan Queredo, Bishop of Darien, 1519 in L. Hanke, Aristotle and American Indians, Newyork 1956, P. 17

23 J. F. MAXWELL ഈ വിഷയം സംബന്ധിച്ച് വളരെ വിപുലമായ വിവരണങ്ങൾ നൽകുന്നുണ്ട്. Cfr. 'The development of Catholic Doctrine Concerning Slavery', World Justice II (1969–70) P. 147–192. ഇദ്ദേഹം പറയുന്നു, 18, 19 നൂറ്റാണ്ടുകളിൽപോലും, അംഗീകാരം സിദ്ധിച്ച ഒട്ടുമിക്ക സാന്മാർഗ്ഗിക ദൈവശാസ്ത്രജ്ഞന്മാരും, പരമ്പരാഗതമായ ദൈവശാസ്ത്രന്യായങ്ങൾ പിടിച്ചുകൊണ്ട് അടിമത്തത്തെ സാധൂകരിച്ചിട്ടുണ്ട്.

24 രണ്ടാം വത്തി. പ്രമാണരേഖകൾ–P. 441, 'സഭ ആധുനികയുഗത്തിൽ' 29.

25 'Declaration on the Question of the Admission of Women to the Ministerial Priesthood' Acta Apostolicae Sedis 55 (1963) P. 267–268; Briefing 7 (1977) No. 5 & 6.

26 ഈ അദ്ധ്യായത്തിലെ ആശയം മൂലഗ്രന്ഥകാരൻ മുന്നൊരിക്കൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. Cfr. J. N. M. WIJNGAARDS, 'The Ministery of Women and Social Myth' in Ministeries in the Church in India, Ed. D. S. AMALORPAVADAS, New Delhi 1976, P. 221–250.

27 F. J. J. BUYTENDIJK, De Vrouw, Utrecht (1961), P. 81, 162–64.

28 R. SCHEIFLER, Zur Psychologie Der Geschlechter, Spielinteressen Des Schulalters, Z. F. Ang. Psych. 8 (1914), P. 124–44;
F. HATTWICK, 'Sex Differences in Behaviour of Nursery School Children', Child Development 8 (1937) P. 343–55;
J. CUMMINGS, 'The Incidence of Emotional Symptoms in School Children', Brit. Journ. Psych. 14 (1944) 1, P. 151–61;
N. G. BLURTON-JONES, 'An Ethological Study of Some Aspects of Social Behaviour of Children in Nursery School' in Primate Ethology, Ed. D. MORRIS, London, Weidenfield Nicholson 1967.

29 I. DE VORE, Primate Behaviour, Newyork: Holt Rinehart & Winston, 1965.

30 W. C. YOUNG, R. W. GOY and C. H. PHOENIX, 'Hormones and Sexual Behaviour', Science 13(1964) P. 212-218;
D. A Hamburg and D. T. Lurde, Sex Hormones in the Development of Sex Differences in Human Behaviour', Ed. E. E. MACCOBY, Tavistock, London 1967.

31 C.W. HARRIS and S. LEVINE 'Sexual Differentiation of the Brain and its Experimental Control, J. Phys. 181 (1966) P. 379-400.

32 L. TIGER and R. FOX, 'The Imperial Animal', St. Albans, (1974) P. 136.

33 R. G. D'ANDRADE, 'Sex Differences and Cutural Institutions', in the Development of Sex Differences Ed. E. E. MACCOBY, Tavistock London 1967, P. 174-204.

34 M. E, SPIRO, Kibbutz: Venture in Utopia, Harward Univ. Press 1956.

L. TIGER and J. SHEPHER, Women in the Kibbutz, Harcourt Brace Jovanowich 1975.

35 M. F. Ashley-Montague, Ignorance of Physiological Paternity in Secular Knowledge and Orthodox belief of the Australian Aboriginees, Oceania 12(1240-42), P. 72-78. M. ELIADE Traite' D'historie does Re'-ligions, Payot, paris 1956, P. 221-31.

36 H. KUHN, De kunst Van Het Oude Europa, Pictura, Utrecht 1959, P. 20-22: 31-33; 50-58.

37 R. G. D' ANDRADE, Sex Differences and Cultural Institutions, I BD (See Note 33) P. 182-86.

38 For the Urban Revolution, Seethe Excellent and Discription in V. GORDON CHILD, 'Man Makes Himself', Mentor, Newyork, 1951, P. 114-42,

39 R. G. D'ANDRADE, I BD, P. 174-204.

40 M. ELIADE, Traite' etc, (See Note 35) I BD. 47 ff.

41 C. S. FORD and F. BEACH, Patterns of Sexual Behaviour, Harper and Row, Newyork 1951, P. 103, 110, 123, etc

42 W. N. STEPHENS, The Family in Cross-Cultural Pespective, Holt, Rinehart and Winston, 1963, P. 256-58.

43 'മിഥ്' സംബന്ധിച്ച് കൂടുതൽ അറിവ് നല്കുന്നതാണ്, P. MARANDA (ed) യുടെ Mythology എന്ന ഗ്രന്ഥം , Penguin 1972.

44 E. E. MACCOBY യുടെ മുന്നുദ്ധരിച്ച ഗ്രന്ഥത്തിൽ (Note 33) L. KOHLBERG–ൻെറ ലേഖനം കാണുക.

45 H. BARRY, M.K. BACON and I. I. CHILD, A Cross-Cultural Survey of some Sex Differences in Socialization, J. Abnorm. So. Psychol. 55 (1967) P. 837-853.

46 ARISTOTLE, De Generatione Animalium, II 3; THOMAS, Summa Theol. I Q 92, Art II; I Bd. Q 99 Art 2 Ad 1.

47 L. HUDSON, Frames of Mind. Ability, Perception, And Self–Perception in Art and Sciences; Penguin 1970, P. 32-33; 46-47; 86-90.

48 G. PARCE, Le Italiane Se Confessano, Florence 1959. F. SULTANI, Mentalita' e Comportimento Del Maschic Italiano, Milan 1965.

49 J. T. NOONAN JR. Centraception, A History of its Treatment by the Catholic Theologians and Canonists, Harward Uuiv. Press 1965, P. 46-49; 76-81; 150-51.

50 R. NOWELL, Sex and Marriage, in 'On Human Life' (ed) P. HARRIS, London, Burns & Oates 1968, P. 45-71.

51 J. DELORME, 'Resurrection Et Tombeau De Je'sus', in La Resurrection Du Christ Et L'exegese Modorne ed. P. DE SURGY Paris 1969' P. 105-51.

52 H. C. KEE and F. W. YOUNG, The Living Word of The New Testament, London 1960, P. 111-12.

53 MAXWELL-ൻെറ ഗ്രന്ഥത്തിൽ ഉദ്ധരിച്ചിരിക്കുന്നത് (efr. Note 23) P. 306 ff.

54 രണ്ടാം വത്തി. പ്രമാണരേഖകൾ P. 440, 'സഭ ആധുനിക യുഗത്തിൽ' No. 27.

55 Ph. DELHAYE, 'Retrospective and Prospective Des Ministeres Faminines Dans L'Eglise' Rev. Theol. De Louvan 3 (1972) P. 55-75.

F. P. CHENDERLIN, 'Women as Ordained Priests? Should Women be Allowed to Consecrate? Hom and Past. Review 72 (1972) No. 8, P. 25–32; 'Women Priests–More Thoughts But No Second Thought' I BD, 73 (1973) No. 5. P. 13–22.

J. GALOT, La Donna e i Ministeri Nella Chiesa Assisi 1973.

56 G. R. EVANS, Ordination of Women, 'Hom. and Past' Review 73 (1672), No. 1, P. 29-32.

57 H. M. LEGRAND, 'Views on the Ordination of Women, Origins, Jan. 6 1977. Reprinted in Briefing 7 (1977), No. 6, P. 22-35; here P. 27.

58 G. O'COLLINS, Ordination of Women', Tablet 288 (1974) P. 175-76; 213-15.

59 E. C. MEYER, 'Are there theological reasons why the church should not ordain women priest'? Rev. for Religious 34 (1975/76), P. 957-67.

60 J. L. ACEBAL, 'El laicado feminino; Missiones y ministerious,' Ciencia Tomista 98 (1971), P. 55-71.

J. J. BEGLEY-ARMBRUSTER, Women and Office in the Church,' Am. Eccl. Review 165 (1971) P. 145-57

R. GRYSON, Le ministere des Femmes dans l'Eglise ancienne, Gembloux 1972.

I. RAMING, Der Ausschluss der Frau vom priesterlichen Amt, Cologne 1973.

J. M. FORD, Biblical Material relevant to the Ordination of Women,' Journal of Ecum. Studies 10 (1973), P. 669-94; synopsised in Theology Digest 22 (1974) P. 21-28.

R. METZ, 'L'accession des femmes aux ministeres ordonnees,' Effort diaconal, Jan-June (1974) P. 21-30.

F. KLOSTERMANN, Gemeinde Kirche der Zukunft, Freiburg 1974, especially P. 269-70.

J. M. AUBERT, Antifeminisme et christianisme, Paris 1975, esp. P. 156-77.

61 Y. CONGAR, Eclaircissements sur la question des ministeres, Maison Dieu 103 (1970), P. 116.

62 Y. CONGAR, in the preface to E. GIBSON, Femmes et Ministeres dans l'Eglise, Paris 1971' P. 12.

63 J. DANIELOU; most recent statements quoted in Informations Catholiques Internationales No 400 (15 Jan 1972) P. 22; Revue Theologique de Louvain 3 (1972) P. 204; see also J. DANIELOU, Le ministere des femmos dans l'Eglise ancenne.' Maison Dieu (1961) P. 70-96.

64 K. RAHNER, 'Letter to Pastor Bogdam of the Lutheran Synod of Bavaria.' La Croix, 20 April 1974; ciled by H. M. LEGRAND o.c (note 57) P. 24.

H. VAN DER MEER'S book (Innsbruck 1962) was published in English as Women Priests in the Catholic Church? Philadelphia 1973.

65 J. F. MAXWELL, I C. (note 53) P. 315.

66 A. COCHIN L'Abolition de l'Esclavage, Paris 1861, vol. II, P. 442-43: quoted in J. F. MAXWELL, l.c. P. 305.

67 CORNELIUS A LAPIDE, Commentaria in Scripturam Sacram (Antwerp 1616) Paris 1868, vol. 18.P. 353, 396. Cf V. E. HANNON, The Question of Women and the Priesthood, London 1967, P. 26-31.

68 Briefing (1977) No. 6, P. 9.

69 Quoted by H. VAN DER MEER, Priestertum der Frau? Freibourg 1969, P. 150.

70 THOMAS AQUINAS, Summa Thelogica, III Suppl., Q. 39, art 1; English transl. Burns and Oates, London 1922, vol. Third Part Q. 34-68,P. 52.

71 രണ്ടാം വത്തി. പ്രമാണരേഖകൾ P. 37 തിരുസഭ No. 10.

72 രണ്ടാം വത്തി. പ്രമാണരേഖകൾ P. 60, No. 30.

73 BONAVENTURE, Quartum Librum Sententiarum dist. 25, a. 2, qu. 1; Omnia Opera, ed. Quaracchi 1889 vol IV. P. 649-55. Cf V. E. HANNON, o.c. (note 67), P. 37.
74 Cf note 46.
75 Cf note 70.
76 J. M. FORD, o.c. (note 60) Theology Digest 22 (1974) P. 27.
77 For a g^od background study of this theme of Luke's, see H. CONZELMANN, The Theology of Saint Luke, Faber and Faber 1960 (from the German of 1953).
78 രണ്ടാം വത്തി. പ്രമാണരേഖകൾ, P. 89, No. 61.
79 രണ്ടാം വത്തി. പ്രമാന്നരേഖകൾ, P. 87 Nos. 57-58.

ACHARYA PALACKAL JEEVASS KENDRAM
LIBRARY